**നിയമനിർമ്മാണ കാര്യം:**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

വെറ്ററിനറി സർവ്വകലാശാലയിൽ സംവരണതത്വം ഉറപ്പാക്കാനാണ് ഈ ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയപ്പോഴും ഇതിനകത്ത് സംവരണതത്വം

പാലിക്കുവാൻ വേണ്ടിയുള്ള ഭാഗത്തെ ഞങ്ങൾ പൂർണ്ണമായും സ്വാഗതം ചെയ്യുതാണ്. സർവ്വകലാശാലകളിൽ വരാൻ പോകുന്ന ആശാസ്യമല്ലാത്ത പ്രവണതകളെയും ഇന്ന് വെറ്ററിനറി സർവ്വകലാശാല നേരിടുന്ന പൊതുവായ മറ്റുവിഷയങ്ങളെയും ചൂണ്ടിക്കാട്ടിയാണ് ഞങ്ങൾ വിയോജനം രേഖപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് സാമൂഹ്യനീതിയും അവസരസമത്വവും എല്ലാ അർത്ഥത്തിലും ഉറപ്പാക്കുവാൻ ഇത്തരത്തിലുള്ള സംവരണമടക്കമുള്ള കാര്യങ്ങൾ തീർച്ചയായും അനിവാര്യമായി വന്നിരിക്കുകയാണ്. പ്രസ്തുത വിഷയം നമ്മുടെ മുമ്പിൽ നിൽക്കുമ്പോൾത്തന്നെ നമ്മുടെ സർവ്വകലാശാലകൾ ലക്ഷ്യംവയ്ക്കുന്നത്, അവയിലൂടെ നല്ല വിദ്യാഭ്യാസം നൽകുകായെന്നതാണ്. നമ്മുടെ ബൗദ്ധിക നിലവാരം മെച്ചപ്പെടുത്തുവാനും നമ്മുടെ സാമൂഹ്യഘടനയെ നവീകരിക്കുവാനും കഴിയുന്ന നിലയിലുള്ള ഒരു വിദ്യാഭ്യാസ സംവിധാനത്തിലേയ്ക്ക് നമുക്ക് വരേണ്ടതായിട്ടുണ്ട്. നിർഭാഗ്യവശാൽ നമ്മുടെ സർവ്വകലാശാലകളിലേയ്ക്ക് വന്നുകഴിയുമ്പോൾ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിലുണ്ടാകുന്ന ന്യൂനതകൾ പലപ്പോഴും എടുത്ത് ചർച്ച ചെയ്യപ്പെടുന്ന സന്ദർഭങ്ങളാണുണ്ടാകുന്നത്. ഇന്ന് നമ്മൾ നേരിടുന്ന

പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്നായി എനിക്കുതോന്നുന്നത്, വലിയരീതിയിലുള്ള മതാന്ധതയാണ്. വലിയ രീതിയിലുള്ള വർഗ്ഗീയ ധ്രുവീകരണം ഇന്ന് നമ്മുടെ സംസ്ഥാനത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അടുത്തകാലത്തായി വന്ന പല വിവാദ വിഷയങ്ങളിലേയ്ക്കും ഒന്ന് തിരിഞ്ഞുനോക്കിയാൽ ഇത്തരത്തിലുള്ള ധ്രുവീകരണം നമ്മളിൽ അടിച്ചേൽപ്പിക്കുകയാണെന്ന് മനസിലാകും. അതുണ്ടാക്കുന്ന പ്രത്യാഘാതമെന്ന് പറയുന്നത് വളരെ മോശമായിരിക്കുമെന്ന് ഞാൻ പറയാതെതന്നെ അറിയാവുന്നതുമാണ്. വിദ്യാഭ്യാസംവഴി നാം ലക്ഷ്യംവയ്ക്കുന്നത് എന്താണ്? സാമൂഹ്യതുല്യത, സാമൂഹ്യനീതി എന്നിവയുടെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുവരുമ്പോൾ മനുഷ്യനെ മനുഷ്യനായി കാണാനുള്ള നല്ലൊരു സാമൂഹ്യ അന്തരീക്ഷത്തെ സൃഷ്ടിച്ചെടുക്കുവാൻ സാധിക്കുമെന്നതുകൊണ്ടുതന്നെ നമ്മുടെ വിദ്യാഭ്യാസത്തിന് കൂടുതൽ അർത്ഥം വരുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സർവ്വകലാശാലകളിൽനിന്നും ശാസ്ത്രീയമുന്നേറ്റങ്ങൾ എത്രമാത്രമുണ്ടാകുന്നുവെന്ന് നാം ആലോചിക്കേണ്ടതാണ്. വെറ്ററിനറി സർവ്വകലാശാലയെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുമ്പോഴും അതിന്റെ

നിയമത്തിൽ ഒരു ഭേദഗതി ബഹുമാനപ്പെട്ട ഗവൺമെന്റ് ഇന്ന് സഭയിൽ കൊണ്ടുവരുമ്പോഴും പ്രസ്തുത സർവ്വകലാശാലയിൽ വരുന്ന മാറ്റങ്ങൾ എത്രമാത്രമാണെന്നുകൂടി ആലോചിക്കണം. ഗവേഷണ മേഖലയിൽ എത്രമാത്രം മുന്നേറാൻ കഴിഞ്ഞുവെന്ന അവലോകനംകൂടി ഈ സന്ദർഭത്തിൽ നടത്തേണ്ടതായിട്ടുണ്ട്. വെറ്ററിനറി സർവ്വകലാശാലയടക്കം മറ്റേത് സർവ്വകലാശാലകളിലായാലും ശരി അവിടെ നമ്മുടെ വിദ്യാർത്ഥികളെ കരിയർ ഓറിയന്റഡായി വാർത്തെടുക്കാൻ സാധിക്കണം, അവരെ പ്രൊഡക്ടീവാക്കാൻ കഴിയണം. ആ പ്രൊഡക്ടിവിറ്റി നമ്മുടെ നാടിന്റെ മുന്നേറ്റത്തിനും നാടിന്റെ പുരോഗതിക്കും വിനിയോഗിക്കാൻ കഴിയണം. എന്നാൽ അതുണ്ടാകുന്നില്ലെന്നത് ഞാൻ പറയാതെതന്നെ നിങ്ങൾക്കെല്ലാമറിയാം. വർത്തമാനകാലത്ത് നാം ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്നത് നമുക്ക് നഷ്ടപ്പെട്ടുപോകുന്ന പുതു തലമുറയെക്കുറിച്ചാണ്. ഇന്ന് നല്ല വിദ്യാഭ്യാസം തേടി പോയ്ക്കൊണ്ടിരിക്കുന്ന സാഹചര്യം കേരളത്തിൽ സംജാതമായിക്കൊണ്ടിരിക്കുകയാണ്. അത് വലിയരീതിയിൽ ആശങ്കയുളവാക്കിക്കൊണ്ടിരിക്കുന്നതാണ്. അറുപത് ശതമാനത്തിനുമുകളിൽ എഞ്ചിനീയറിംഗ് ബിരുദധാരികൾ ഇന്ന് തൊഴിലെടുക്കുന്നത് പ്രസ്തുത

ബിരുദം ആവശ്യമില്ലാത്ത മേഖലകളിലാണെന്നത് വാസ്തവമാണ്. പല ഡിഗ്രി കോഴ്സുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നത് മറ്റൊരു വാസ്തവമാണ്. ഇത്തരത്തിലുള്ള അനവധി വിഷയങ്ങൾ ഇന്ന് സർവ്വകലാശാലകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മുടെ മുമ്പിൽ വരുന്നുണ്ട്. വെറ്ററിനറി മേഖല ധാരാളം സാദ്ധ്യതകളുള്ളതാണ്. നേരത്തെപറഞ്ഞതുപോലെ കരിയർ ഓറിന്റഡായി മുമ്പോട്ടുപോകാൻ ഇവിടെയും നമുക്ക് സാധിക്കണം. വെറ്ററിനറി സർവ്വകലാശാലയെ സംബന്ധിച്ച് ഞാൻ പരിശോധിച്ചപ്പോൾ 2015-നുശേഷം പുതിയ ഒരു കോഴ്സും പ്രസ്തുത സർവ്വകലാശാലയിൽ ആരംഭിച്ചിട്ടില്ല. ഇന്ന് നമ്മൾ 2022 -ൽ എത്തിനിൽക്കുമ്പോഴും ആദ്യം നൽകിക്കൊണ്ടിരുന്ന കുറേ കൺവെൻഷണൽ കോഴ്സുകൾ ഇപ്പോഴുമുണ്ട് എന്നതൊഴിച്ചാൽ പുതിയ കോഴ്സുകൾ ഒന്നുംതന്നെ ആരംഭംകുറിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഗവേഷണമേഖലയിൽ ഇന്നും നമ്മൾ വളരെ പിന്നിലാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കള്ളിംഗിനെക്കുറിച്ചും പന്നികളെ ഇറാഡിക്കേറ്റ് ചെയ്യുന്നതിനെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ഇന്ന് ഒരു രോഗം വന്നുകഴിയുമ്പോൾ രോഗാവസ്ഥയിൽവരുന്ന മൃഗങ്ങളെ ഇറാഡിക്കേറ്റ്

ചെയ്യുകായെന്ന ഏറ്റവും എളുപ്പമാർഗ്ഗമാണ് നമ്മൾ അവലംബിച്ചുവരുന്നത്, മറിച്ച് അത് എങ്ങനെ മറികടക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ചല്ല ചിന്തിക്കുന്നത്. കോഴികളെയും താറാവിനെയും മറ്റ് പക്ഷിമൃഗാദികളെയും എത്രയും പെട്ടെന്ന് ഇറാഡിക്കേറ്റ് ചെയ്യുകായെന്ന നിലയിലേക്കാണ് നമ്മൾ വരുന്നത്. അതിനുശേഷം അതിന്റെ ഇൻഷ്വറൻസ് പരിരക്ഷയെക്കുറിച്ച് നമ്മൾ സംസാരിക്കും. നമ്മൾ ഇപ്പോഴും ഇൻഷ്വറൻസിനെക്കുറിച്ചും ആ രീതിയിലുള്ള മറ്റ് കാര്യങ്ങളെക്കുറിച്ചുമാണ് പറയുന്നത്. ശാസ്ത്രീയമായി എങ്ങനെ ഇത്തരത്തിലുള്ള രോഗാവസ്ഥകളെ തടയിടാൻ കഴിയുമെന്നാണ് ചിന്തിക്കേണ്ടത്. നമുക്കറിയാം, കേരളത്തിൽ ക്ഷീരമേഖലയിൽ ധാരാളം കർഷകരുണ്ട്. കോഴി കർഷകരുണ്ട് പാലിനും ഇറച്ചിക്കുമായി മൃഗങ്ങളെ വളർത്തുന്ന ധാരാളം കർഷകരുണ്ട്. കേരളത്തിലുള്ളപ്പോൾ തീർച്ചയായും ഈ മേഖലയിൽ നമ്മൾ ഇപ്പോഴും വളരെ പിന്നിൽ നിൽക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ വകുപ്പിൽ 561 തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്. അതുകൊണ്ടുതന്നെ പലപ്പോഴും മൃഗാശുപത്രികളിൽ ആവശ്യമായ സ്റ്റാഫുകളുടെ അഭാവമുണ്ടാകുന്നുവെന്നതാണ്. മൃഗാശുപത്രി ആധുനിക

വൽക്കരിക്കപ്പെടണ്ടേ; കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി എന്റെ നിയോജകമണ്ഡലത്തിൽ ഒരു പുതിയ മോഡേൺ ക്ലിനിക് ഉദ്ഘാടനം ചെയ്തു. ഒരിടത്തായതുകൊണ്ട് ആകുന്നില്ല. എല്ലാം ഒരുമിച്ച് ചെയ്യാൻ കഴിയുമെന്നുള്ള ഒരു ധാരണയും എനിക്കില്ല. പക്ഷെ ഘട്ടംഘട്ടമായിട്ടെങ്കിലും നമ്മൾ മുന്നോട്ടുവരണം. പൊതുജനാരോഗ്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ മൃഗങ്ങളുടെ പരിരക്ഷയും...., ആ മേഖലയിൽ എത്തിപ്പെടേണ്ടതായ കാര്യങ്ങളിൽ നമ്മൾ ഇപ്പോഴും ബഹുദൂരം പിന്നിൽ നിൽക്കുന്നുവെന്നാണ് ഞാൻ സൂചിപ്പിച്ചത്. വെറ്ററിനറി ഹോസ്പിറ്റലിൽ നമുക്കാവശ്യമായ സർജറി സൗകര്യങ്ങളുണ്ടാകണം. അതിനനുസൃതമായ എക്യുപ്മെന്റ്സും നമുക്ക് ലഭ്യമാക്കാൻ കഴിയണം, അങ്ങനെയുള്ള ചിന്തകൾ തീർച്ചയായിട്ടും ഈ സന്ദർഭത്തിലുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. വെറ്ററിനറി മെഡിസിൻസിന്റെ വില വർദ്ധിച്ചത് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. വലിയ രീതിയിൽ അതിന്റെ വില വർദ്ധിച്ചിട്ടുണ്ട്. ഒപ്പംതന്നെ അവയിലബിലിറ്റി കുറഞ്ഞുവെന്നത് മറ്റൊരു വിഷയമാണ്. സാധാരണ കർഷകരെ സംബന്ധിച്ച് അത് വലിയ രീതിയിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് ചൂണ്ടിക്കാണിക്കുവാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ഇവിടെ പറഞ്ഞുവന്നത്, നമ്മുടെ ഈ മേഖലയിൽ ഒരുപാട് സാധ്യതകളും ഈ മേഖലയെ ആശ്രയിച്ച് നിൽക്കുന്ന ഒരുപാട് കർഷകരുമുള്ളപ്പോൾത്തന്നെ കൂടുതൽ ഗവേഷണങ്ങളും പഠനങ്ങളും ഈ മേഖലയിൽ കൊണ്ടുവരണമെന്നുള്ളതാണ്. ഇപ്പോൾ ഇവിടെ ഇതുമായി ബന്ധപ്പെട്ട് നോക്കിയപ്പോൾ, തിരുവനന്തപുരത്ത് ഡയറി സയൻസ് കോളേജ് ഇപ്പോഴും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൂന്ന് ഡയറി സയൻസ് കോളേജുകൾക്ക് ഇപ്പോഴും ഗവേഷണ കൗൺസിലിന്റെ അംഗീകാരം നേടാൻ കഴിഞ്ഞിട്ടില്ല. അതിനാൽത്തന്നെ ഇവിടെനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള സാധ്യതകളില്ലാതെ പോകുകയാണ്. അങ്ങയുടെ ശ്രദ്ധയിലുള്ള പ്രധാന വിഷയമാണ്, ഞാൻ പറഞ്ഞില്ലെങ്കിലും അത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥലപരിമിതി, അത് വളരെ വർഷങ്ങളായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽവരെ ഈ വിഷയത്തെ സംബന്ധിച്ച് ഇടപെടലുകളും ചർച്ചകളും നടത്തി. പക്ഷെ ഇപ്പോഴും സ്ഥിതിവിശേഷങ്ങൾക്ക് മാറ്റമുണ്ടായിട്ടില്ല. നേരത്തെ പറഞ്ഞ ഗവേഷണമാണെങ്കിലും പുതിയ

മേഖലകളിലേയ്ക്ക് കടക്കേണ്ടതാണെങ്കിലും ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഭൗതിക സാഹചര്യങ്ങൾ, ആ ഭൗതിക സാഹചര്യങ്ങളിലേയ്ക്ക് ഇപ്പോഴും കടന്നുവന്നിട്ടില്ലായെന്നുള്ളതാണ്. സർവ്വകലാശാലയ്ക്ക് അർഹമായ സ്ഥലങ്ങൾപോലും ലഭ്യമാക്കാൻ കഴിയുന്നില്ല. രണ്ട് വകുപ്പുകൾ തമ്മിലുള്ള ശീത യുദ്ധമാണോ അല്ലാതെയാണോ; നിങ്ങൾ ഒരേ പാർട്ടിയാണ്, ഒരേ മുന്നണിയാണ്. കാർഷിക സർവ്വകലാശാലയാണ് ലാൻഡ് വിട്ടുതരേണ്ടതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ സംഭവിക്കുന്നത് അവരുടെ ഡെവലപ്മെന്റിനുള്ള യാതൊരു സാധ്യതയും ഉണ്ടാകുന്നില്ലായെന്നതാണ്. ഞാൻ പറഞ്ഞല്ലോ; രണ്ടായിരത്തോളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. പക്ഷേ, പല വിദ്യാർത്ഥികളും ഇന്ന് കോഴ്സുകൾക്കുവേണ്ടി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. ഏറ്റവും കൂടുതൽ പോകുന്നത് കർണ്ണാടക, രാജസ്ഥാൻ, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലാണ്. അവിടത്തെ കോഴ്സുകൾ നോക്കുമ്പോൾ നമ്മളിൽനിന്ന് വ്യത്യസ്തമായ 21-ഓളം പുതിയ കോഴ്സുകൾ ഈ സംസ്ഥാനങ്ങളിലുണ്ട്. അപ്പോൾ വെറ്ററിനറി സയൻസിന് താൽപ്പര്യമുള്ള വിദ്യാർത്ഥികൾ പലപ്പോഴും തെരഞ്ഞെടുക്കുന്നത് മറ്റ് സംസ്ഥാനങ്ങളിലെ

കോഴ്സുകളും യൂണിവേഴ്സിറ്റികളും ആണെന്നത് ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ്. ഇവിടെ സ്ഥലത്തിന്റെ പരിമിതിയും മറ്റ് ഒരുപാട് വിഷയങ്ങളും അതുമായി ബന്ധപ്പെട്ടുണ്ട്. വെറ്ററിനറി സർവ്വകലാശാലയ്ക്ക് ആതറൈസ് ചെയ്ത സ്ഥലത്താണ് കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലറുടെ ക്വാർട്ടേഴ്സ് ഇപ്പോൾ നിൽക്കുന്നത്. എത്ര പരിമിതമാണ് സാഹചര്യങ്ങളെന്ന് ചിന്തിക്കേണ്ടതുണ്ട്. ഞാനതിൽ ചെറിയൊരു ഉദാഹരണം ചൂണ്ടിക്കാട്ടി എന്നേയുള്ളൂ. സ്ഥല പരിമിതി വളരെ പ്രധാനപ്പെട്ട വിഷയമായി നിലകൊള്ളുകയാണ്. ഇത് ഏത് രീതിയിൽ മാറ്റിക്കൊണ്ടുവരാൻ കഴിയുമെന്നും അതിനെക്കുറിച്ചുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഏറ്റവും അടിയന്തരമായി നടത്തണമെന്നുമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തസ്തികകളുടെ അഭാവമുണ്ട്. അവിടെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ കുറവുണ്ട്. ഇവിടെ ഭേദഗതിയോടെ സംവരണ തത്വങ്ങൾ പാലിക്കാൻ നാം കൊണ്ടുവരുമ്പോൾ അവിടെ നിലവിലുള്ള തസ്തികകളിൽ പലപ്പോഴും ആവശ്യത്തിനുള്ള അദ്ധ്യാപകരുടെ അഭാവം കടന്നുവരുന്നുവെന്നത് നമുക്ക് കണ്ടില്ലായെന്ന് നടിക്കാൻ കഴിയുമോ? അവിടെ അദ്ധ്യാപകരുടെ നിയമനങ്ങൾ എത്രയും പെട്ടെന്ന്

കൊണ്ടുവരണ്ടേ; അദ്ധ്യാപകരുടെ നിയമനങ്ങൾ കൊണ്ടുവരുമ്പോഴാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയത്തിലേയ്ക്ക് വരുന്നത്. അദ്ധ്യാപകരുടെ നിയമനങ്ങൾ കൊണ്ടുവരുമ്പോൾ അത് സുതാര്യമാക്കുവാൻ കഴിയണം. ഇവിടെ പലപ്പോഴും സർവ്വകലാശാലകളിലുള്ള ഇന്റർവ്യൂകളെ സംബന്ധിച്ചാണ് ആക്ഷേപങ്ങൾ ഉയരുന്നത്.... കാലടി സർവ്വകലാശാലയിലും കാലിക്കറ്റ് സർവ്വകലാശാലയിലുമൊക്കെ ആക്ഷേപങ്ങൾ ഉയരുന്നത് എന്തുകൊണ്ടാണ്; ഈ ഇന്റർവ്യൂവിനൊന്നും യാതൊരു ട്രാൻസ്പരൻസിയും ഇല്ലാത്തതുകൊണ്ടാണ്. ഏതെങ്കിലും സ്വാധീനത്തിന്റെ പുറത്ത് ആർക്കെങ്കിലും എവിടെയെങ്കിലും പോസ്റ്റിംഗ് ലഭിക്കുന്ന നിലയിലേയ്ക്ക് വരുമ്പോൾ പഠിച്ചിറങ്ങി വരുന്ന അല്ലെങ്കിൽ ക്വാളിഫൈഡായി വരുന്ന ഉദ്യോഗാർത്ഥിക്ക് അയാളുടെ കഴിവുകൾ വിനിയോഗിക്കപ്പെടുന്നില്ല എന്നൊരു ചിന്ത കടന്നുവന്നിരിക്കുകയാണ്. താൻ പഠിച്ച തന്റെ അറിവുകളും തന്റെ കഴിവുകളും പരിഗണിക്കപ്പെടുന്നില്ലെന്നൊരു ചിന്ത ഇന്നത്തെ പല ഉദ്യോഗാർത്ഥികളുടെയും മനസ്സിലേയ്ക്ക് കടന്നുവരികയാണ്. ഒരാൾ നിരാകരിക്കപ്പെട്ടു, ഒരാളെ ഇന്റർവ്യൂവിൽ നിന്ന് മാറ്റി, എന്തുകൊണ്ട് മാറ്റിയെന്ന് അറിയാനുള്ള അവകാശം

ഉദ്യോഗാർത്ഥികൾക്കില്ലേ; അത് പലപ്പോഴും ഇവിടെ ഉണ്ടാകുന്നില്ല. എന്തുകൊണ്ട് താൻ മാറ്റപ്പെട്ടു, ഏത് ഭാഗത്താണ് തനിക്ക് മാർക്ക് സ്കോർ ചെയ്യാൻ കഴിഞ്ഞത്, അത് പലപ്പോഴും പറയുന്നില്ല. ട്രാൻസ്പരൻസിയുടെ അഭാവമുണ്ടെന്ന് അതാണ് ഞാൻ പറഞ്ഞത്. ഈ വിവാദങ്ങളെല്ലാം ഉയരാനുള്ള പ്രധാനപ്പെട്ട കാരണം സുതാര്യത ഇല്ലായ്മയാണ്. വിവരാവകാശമെന്നൊരു സംവിധാനമുണ്ടല്ലോ; പക്ഷെ വിവരാവകാശ നിയമംവച്ച് ഒരു യൂണിവേഴ്സിറ്റിയിലേയ്ക്ക് ഒരു ചോദ്യം ചോദിച്ചുകഴിഞ്ഞാൽ പരിഹാസ്യമായ മറുപടികളല്ലാതെ എന്ത് മറുപടികളാണ് പലപ്പോഴും ലഭിക്കുന്നത്. ഇത്തരത്തിലുള്ള പല പ്രശ്നങ്ങൾ ഇന്ന് നമ്മുടെ മുന്നിൽ വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ പറഞ്ഞുവന്നത് ട്രാൻസ്പരന്റായി ഈ സിസ്റ്റത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തെ നമുക്ക് ശാക്തീകരിക്കുവാൻ കഴിയണം. എല്ലാ സർവ്വകലാശാലകളെയും അതിന് അനുസൃതമായി എക്യൂപ് ചെയ്ത് മുന്നോട്ടുകൊണ്ടുവരാൻ നമുക്ക് കഴിയണം. ഇവിടെ തീർച്ചയായിട്ടും ഇത്തരത്തിലുള്ള വിഷയങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ നമ്മുടെ വിദ്യാർത്ഥികളെ സംരക്ഷിച്ചുകൊണ്ട് പുതിയ

തലമുറയ്ക്ക് അവരുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ വലിയ വില നമ്മൾ കൊടുക്കേണ്ടിവരും. അത് സമീപ ഭാവിയിൽ സാമൂഹികമായും സാമ്പത്തികമായുള്ള വലിയ തിരിച്ചടികളിലേയ്ക്ക് കേരളത്തെ കൊണ്ടുവന്ന് എത്തിക്കുമെന്ന നിലയിലേയ്ക്ക് വരും. ഇന്ന് കുട്ടികളുടെ ഒഴുക്ക് പുറത്തേയ്ക്ക് തുടരുന്നുവെങ്കിൽ..... ഈ നിയമസഭാ സമ്മേളനം യഥാർത്ഥത്തിൽ വിളിച്ചുചേർത്തത് എന്തിനാണ്; സർവ്വകലാശാലകളിലെ അധികാരത്തെ കവർന്നെടുക്കാനോ അല്ലെങ്കിൽ സർവ്വകലാശാലകളെ മറ്റൊരു രീതിയിലേയ്ക്ക് കൊണ്ടുവരാനോ.... ഇന്നലെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ മാർക്സിസ്റ്റ്വൽക്കരണത്തിന്റെ മറ്റൊരു ഭാഗമായി ഈ നിയമസഭയെ ഉപയോഗിക്കുകയാണ്. ഈ സമ്മേളനത്തിന്റെ ഏറ്റവും വലിയ യാഥാർത്ഥ്യം അതുതന്നെയാണ്. ഇത് സംഭവിക്കുമ്പോൾ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗം കീഴ്പ്പോട്ട് പോകുന്നു. ഇന്ന് പോയിക്കൊണ്ടിരിക്കുന്ന ഒഴുക്ക് കൂടുതൽ വർദ്ധിതമാകാൻ പോകുന്നുവെന്നുള്ള ഒരു മുന്നറിയിപ്പ് എനിക്ക് സൂചിപ്പിക്കാനുണ്ട്. ഉന്നത വിദ്യാഭ്യാസം സംരക്ഷിച്ചുകൊണ്ട് നമ്മുടെ ചെറുപ്പക്കാരുടെ ആഗ്രഹങ്ങളും അവരുടെ താൽപര്യങ്ങളും പുതുതലമുറ ചിന്തിക്കുന്നത് എന്താണെന്ന്

മനസ്സിലാക്കി അവസരോചിതമായി ഉയരാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ലെന്നുണ്ടെങ്കിൽ തീർച്ചയായും ഈ മേഖലയിൽ വലിയ വില കൊടുക്കേണ്ടിവരുമെന്ന മുന്നറിയിപ്പോടെ വിയോജനക്കുറിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ വിയോജന കുറിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. സർവ്വകലാശാല നിയമനങ്ങളിൽ സംവരണ വ്യവസ്ഥകൾ ഏകീകരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനോട് യോജിക്കുകയാണ്. എന്നാൽ ഇന്ന് കേരളത്തിലെ സർവ്വകലാശാലകളിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടപടികൾ സ്വീകരിക്കുന്നതിലൂടെയും ബന്ധുനിയമനങ്ങളിലൂടെയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്ന നയങ്ങൾ തന്നെയല്ലേ തുടരുന്നത്, ഇതാണ് ഞങ്ങളുടെ പ്രധാനപ്പെട്ട വിയോജനക്കുറിപ്പ്. ഇവിടെ സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതാണ്. പി.എസ്.സി.-ക്ക് വിട്ട് വെറ്ററിനറി സർവ്വകലാശാലയിൽ അസിസ്റ്റന്റും കമ്പ്യൂട്ടർ അസിസ്റ്റന്റും ഒഴികെ ഏതെങ്കിലും ഒരു നിയമനം പി.എസ്.സി.വഴി നടത്താൻ നാളിതുവരെയായി കഴിഞ്ഞിട്ടുണ്ടോ; ഈ ഒഴിവുകളിലേയ്ക്ക്

പിൻവാതിൽ നിയമനങ്ങൾ നടത്തുകയാണ്. പിൻവാതിൽ നിയമനങ്ങൾ ഈ സർക്കാരിന്റെ ഏറ്റവും വലിയ പ്രത്യേകതയായി മാറിയിരിക്കുകയാണ്. ഈ പിൻവാതിൽ നിയമനങ്ങളിലാണ് ഏറ്റവും ശക്തമായ പ്രതിഷേധം ഞങ്ങൾ ഉയർത്തുന്നത്. ഈ ഭേദഗതിക്കായി വന്ന പ്രൊപ്പോസൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ സർവ്വകലാശാല 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിന്റെ എ,ബി,സി എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15,16,17, 17 (എ) ചട്ടങ്ങളിലെ വ്യവസ്ഥകളും അതത് സമയങ്ങളിൽ ഭേദഗതി ചെയ്തത് പ്രകാരം അനുയോജ്യമായ മാറ്റങ്ങളിലൂടെ പാലിക്കേണ്ടതുണ്ട്. എല്ലാ വകുപ്പുകളും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സമുദായ ക്രമം തുടരേണ്ടതാണ്. ഇതിന്റെ ചില ബുദ്ധിമുട്ടുകൾ പ്രായോഗികമായി നടപ്പിലാക്കുമ്പോൾ..., നിങ്ങൾ വരുത്തുന്ന ചില തെറ്റുകൾ, ചില ബുദ്ധിമുട്ടുകൾ അത് പരിശോധിച്ചുകൊണ്ട് വളരെ ട്രാൻസ്പരന്റായി ആ സംവരണ തത്വം പാലിക്കണമെന്നുള്ളതാണ് ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്. റാങ്ക് ലിസ്റ്റും ഡിപ്പാർട്ടുമെന്റ് ഒഴിവുകളും സംബന്ധിച്ച് ഒരുപാട് സങ്കീർണ്ണതകളുണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ

സുതാര്യമായ നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം. ഏത് ഡിപ്പാർട്ടുമെന്റിലാണ് അടുത്ത ഒഴിവുണ്ടാകുന്നുവെന്നത് സംബന്ധിച്ച് കണക്കാക്കുന്നതിനുവേണ്ടി കൃത്യമായ ചട്ടങ്ങളുണ്ടോയെന്ന കാര്യത്തിലൊരു സംശയമാണ്. അല്ലെങ്കിൽ ഒരുപാട് ക്രമക്കേടുകൾ ഈ കാര്യത്തിലുണ്ടാകാനുള്ള സാധ്യതയുണ്ട്. താൽപ്പര്യമുള്ള ആളുകൾക്കായി ഒഴിവുകൾ പൂഴ്ത്തിവയ്ക്കാനുള്ള സാധ്യതയും കാണുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലൊന്നും ഇക്കാര്യത്തിലൊരു സുതാര്യതയുമില്ലെന്നാണ് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാര്യങ്ങളിലൂടെ നമുക്ക് ബോധ്യമാകുന്നത്. മറ്റ് യൂണിവേഴ്സിറ്റികളുടെ കാര്യത്തിലും ഒരുപാട് ദുരൂഹതകളുണ്ട്. ഇതിന്റെ നടപടിക്രമം സംബന്ധിച്ച് എല്ലാ യൂണിവേഴ്സിറ്റികളിലും ഒരു കുറ്റമറ്റ സംവിധാനമുണ്ടാക്കാൻ സർക്കാർ തയ്യാറാകണം. കേരളത്തിലെ എല്ലാ സർവ്വകലാശാലകളെയും പരിഗണിച്ചുകൊണ്ട് ഒരു ഏകീകൃത നടപടിക്രമങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. 2010-ൽ രൂപീകരിച്ച ഈ സർവ്വകലാശാലയിൽ ഇന്നും നിരവധിയായിട്ടുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഒന്ന്, പദ്ധതിയേതര വിഹിതം സർവ്വകലാശാലയ്ക്ക് യഥാസമയം വർദ്ധിപ്പിച്ച് നൽകാത്തത് വലിയ പ്രതിസന്ധികളുണ്ടാക്കുന്നു.

2019-20 വർഷത്തിൽ 89.78 കോടി രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. 2021-ൽ പത്ത് ശതമാനം വർദ്ധനവ് നൽകാതെ ആ തുക തന്നെ നിലനിർത്തി. തുടർന്നുള്ള വർഷങ്ങളിലും ഈ കുറവുകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതുമൂലം 62.19 കോടി രൂപയുടെ കുടിശ്ശിക സർവ്വകലാശാല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജീവനക്കാർക്ക് നൽകേണ്ടുന്ന പി.എഫ്. പോലുള്ള ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ളതിൽ വലിയ കുടിശ്ശികയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഇപ്പോൾ സർവ്വകലാശാലയ്ക്ക് കിട്ടിയ പദ്ധതിയേതര വിഹിതം 94.35 കോടി രൂപയാണ്. എന്നാൽ യൂണിവേഴ്സിറ്റിക്ക് ഈ സാമ്പത്തികവർഷം 183 കോടി രൂപ പദ്ധതിയേതര വിഹിതമായി ലഭിച്ചാൽ മാത്രമെ സാമ്പത്തിക പ്രതിസന്ധിയില്ലാതെ മുന്നോട്ടുപോകാൻ കഴിയൂവെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. ജീവനക്കാരുടെ ശമ്പളം കഴിഞ്ഞ ദിവസങ്ങളിലാണ് കൊടുക്കാൻ സാധിച്ചിട്ടുള്ളത്. അങ്ങനെയൊരു പ്രതിസന്ധിയാണുള്ളത്. മറ്റൊരു കെ.എസ്.ആർ.ടി.സി.-യായി ഈ സർവ്വകലാശാല മാറാതിരിക്കാനുള്ള നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക

പ്രതിസന്ധി പരിഹരിക്കാനും കടങ്ങൾ തീർക്കാനും 59.16 കോടി രൂപയുടെ അധിക സഹായം ആവശ്യമുണ്ടെന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്.

തൊഴിലാളികളുടെ ശമ്പളവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കിയിട്ടില്ല. സർക്കാർ ഡി.എ. വർദ്ധിപ്പിക്കാത്തതുകൊണ്ടാണ് ഈ സാമ്പത്തിക പ്രതിസന്ധിയിലും സർവ്വകലാശാലയ്ക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുള്ളത്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ അനൂപ് ജേക്കബ് ചൂണ്ടിക്കാണിച്ചതുപോലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന തിരുവനന്തപുരത്തെ ഡയറി സയൻസ് ടെക്നോളജി കോളേജ് വാടക കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഈ സർവ്വകലാശാല കേരളമാകെ പ്രവർത്തന പരിധിയുള്ള ഒരു സർവ്വകലാശാലയാണെങ്കിലും തെക്കൻ കേരളത്തിൽ ഈ സർവ്വകലാശാലയുടെ സ്ഥാപനങ്ങളോ ഗവേഷണ സ്ഥാപനങ്ങളോ ഉണ്ടായിട്ടില്ലെന്നതാണ് നമുക്ക് ഇപ്പോൾ കാണാൻ കഴിയുന്നത്.

മണ്ണുത്തിയിലെ ഭൂമിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. യു.ഡി.എഫ്. സർക്കാർ മുൻകയ്യെടുത്ത് ആരംഭിച്ച College of Dairy Science and

Technology (CDST) കോളേജിൽ ഈ സർക്കാർ വന്നതിനുശേഷം ഒരു വികസനപരിപാടിയും ഈ സർവ്വകലാശാലയിൽ ആരംഭിച്ചിട്ടില്ലെന്ന് മാത്രമല്ല, വേണ്ടതായ ഗ്രാന്റ് നൽകാതെ സർവ്വകലാശാലയെ സാമ്പത്തികമായി തകർക്കുകകൂടിയാണ് ചെയ്യുന്നത്. വയനാട്ടിലെ പൂക്കോട് സർവ്വകലാശാലയ്ക്ക് അനുവദിച്ചിരുന്ന നൂറ് ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അവകാശവാദമുന്നയിച്ചതിനാലും പരിസ്ഥിതി സംബന്ധമായ കേസ് നിലനിൽക്കുന്നതിനാലും നിർമ്മാണ പ്രവർത്തനങ്ങൾതന്നെ ആകെ തടസ്സപ്പെട്ടിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. 2014-ലെ യു.ഡി.എഫ്. സർക്കാർ ഇതിനു പരിഹാരമായി സ്ഥലം വാങ്ങുന്നതിന് 4 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ അന്നത്തെ നിരക്കിൽ സ്ഥലം കിട്ടാത്തതുകൊണ്ട് ആ ഫണ്ടും ലാപ്സായി പോകുന്നൊരു സ്ഥിതിവിശേഷമാണ് അന്നുണ്ടായിട്ടുള്ളത്. അതുപോലെ പുതിയ സർവ്വകലാശാല ആരംഭിച്ചപ്പോൾ 486 പോസ്റ്റുകൾ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽനിന്നും വെറ്ററിനറിയിലേയ്ക്ക് കൈമാറിയിരുന്നു. അതല്ലാതെ പുതിയ സർവ്വകലാശാലയിലേയ്ക്കായി സർക്കാർ

നാളിതുവരെയായി നിയമനങ്ങൾ നടത്തുകയോ തസ്തികകൾ അനുവദിക്കുകയോ ചെയ്തിട്ടില്ല. അന്ന് അനുവദിച്ച തസ്തികകളിൽപ്പെട്ട ചില ആളുകളെ രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരുമായും നിയമിച്ചത് അടുത്ത ദിവസമാണ് സർക്കാർ റാറ്റിഫൈ ചെയ്ത് കൊടുത്തത്. യൂണിവേഴ്സിറ്റി എന്ന നിലയ്ക്ക് പ്രത്യേകമായൊരു തസ്തികയും സൃഷ്ടിക്കാൻ നാളിതുവരെയായിട്ടും സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടില്ല. ഒരുപാട് പ്രതീക്ഷകളോടുകൂടിയാണ് 2010-ൽ സർവ്വകലാശാല ആരംഭിച്ചത്. എന്നാൽ ആ പ്രതീക്ഷകൾക്കനുസരിച്ച് മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതുപോലെ കഴിഞ്ഞദിവസമാണ് പാൽവില 6 രൂപ വർദ്ധിപ്പിച്ചത്. ക്ഷീരകർഷകർ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയെന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. ഒരു വെറ്ററിനറി സർവ്വകലാശാല നിലനിൽക്കുമ്പോൾ എങ്ങനെയാണ് ലാഭകരമായി കാലികളെ വളർത്താൻ സാധിക്കുന്നത്, എങ്ങനെയാണ് ഉൽപ്പാദനക്ഷമത കൂടിയ പശുക്കളെ നൽകാൻ കഴിയുന്നതെന്ന് ആലോചിക്കണം. ഇപ്പോൾ ഉൽപ്പാദനക്ഷമത കൂടിയ പശുക്കളുണ്ടെങ്കിൽ പാലിന്റെ ഗുണനിലവാരം കുറയുന്നതായിട്ടാണ് കാണാൻ കഴിയുന്നത്.

സ്വാഭാവികമായും ഉത്പ്പാദനം കൂടിയ പശുക്കളിൽനിന്ന് ലഭിക്കുന്ന പാലിന് വില കുറയുന്നതായിട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഉത്പ്പാദനക്ഷമതയും ഗുണനിലവാരവും വർദ്ധിക്കുന്ന തരത്തിലുള്ള പശുക്കൾക്കുവേണ്ടി പുതിയ ഇനങ്ങൾക്കുവേണ്ടിയുള്ള ഗവേഷണപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. കാലിത്തീറ്റയ്ക്കുണ്ടാകുന്ന വിലവർദ്ധനവിനെക്കുറിച്ച് എങ്ങനെയാണ് കാണാൻ കഴിയുന്നത്? ഗവേഷണ മാർഗ്ഗങ്ങളിലൂടെ എന്തെല്ലാം പുതിയ ഇനങ്ങളാണ് കന്നുകാലികൾക്ക് നൽകാൻ കഴിയുന്നതെന്ന് കണ്ടെത്താൻ കഴിയുക എന്നുതുടങ്ങുന്ന ഗവേഷണങ്ങൾ നടത്തുന്ന കാര്യത്തിൽ ക്ഷീരകർഷകർ ഉൾപ്പെടെയുള്ള കർഷകരെ സഹായിക്കാനുള്ള നടപടികൾ വരുന്നില്ല. സാധാരണ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയാണ് അവർ നോക്കുന്നത്. കാലാവസ്ഥാവ്യതിയാനങ്ങൾ അതിജീവിക്കാൻ കഴിയുന്ന പുതിയ ബ്രീഡുകൾ കണ്ടെത്തുന്നതിനുവേണ്ടി അവരെല്ലാം കാർഷിക സർവ്വകലാശാലയെയാണ് നോക്കി കാണുന്നത്. കാർഷിക സർവ്വകലാശാലയിലും ഇപ്പോഴത്തെ സ്ഥിതികളെല്ലാം പരിതാപകരമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ ഈ

ജനവിഭാഗങ്ങൾക്കുവേണ്ടിയൊരു സർവ്വകലാശാലയുണ്ട്. ആ സർവ്വകലാശാലയിൽ നടക്കുന്നത് ഇത്തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളാണ്. ആ ഗവേഷണങ്ങളുടെ ആത്യന്തികമായ ഫലത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽമേഖല മെച്ചപ്പെടുത്താനും ലാഭകരമാക്കാനും കഴിയും. നിങ്ങൾ ഓഡിറ്റും അന്വേഷണവും നടത്തണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. കർഷകർക്ക് ഗുണകരമായിട്ടുള്ള എന്തെല്ലാം ഗവേഷണങ്ങളാണ് നാളിതുവരെ നടന്നിട്ടുള്ളത്? അതിൽ എന്തെല്ലാം റിസൾട്ടാണ് ഉണ്ടായിട്ടുള്ളത് എന്നതിനെക്കുറിച്ച് പരിശോധിക്കാനും പഠിക്കാനും ഗവൺമെന്റ് അടിയന്തരമായി തയ്യാറാകണം. ഒരു സർവ്വകലാശാലയുണ്ടായാൽ പോരാ ആ സർവ്വകലാശാലയിലേയ്ക്ക് ജനവിഭാഗങ്ങൾ പ്രതീക്ഷിക്കുന്നതനുസരിച്ചുള്ള റിസൾട്ടുണ്ടാക്കാൻ നമുക്ക് കഴിയണം. നമ്മൾ സർവ്വകലാശാലയ്ക്ക് ഗ്രാന്റ് കൊടുക്കുന്നു, പ്ലാൻ ഫണ്ട് കൊടുക്കുന്നു, നോൺ പ്ലാൻ ഫണ്ട് കൊടുക്കുന്നു. പക്ഷേ അതിനനുസരിച്ചുള്ള പ്രയോജനം ലഭിക്കുന്നുണ്ടോ? അതിനനുസരിച്ചുള്ള വൈദഗ്ദ്ധ്യമുള്ള ആളുകൾ സർവ്വകലാശാലയിലെ വിവിധ തലങ്ങളിൽ ഗവേഷണരംഗത്തുണ്ടോ എന്നതിനെക്കുറിച്ച് കൃത്യമായി

മനസ്സിലാക്കാൻ നമുക്ക് കഴിയണം. ഇന്ന് ക്ഷീര കർഷക മേഖലയിലുൾപ്പെടെയുള്ള കർഷകരെ..... ഇറച്ചിക്കുവേണ്ടി വളർത്തുന്ന കർഷകരുണ്ട്. അതെല്ലാം ലാഭകരമാക്കുന്നതിനുവേണ്ടി കർഷകർക്ക് എന്തെല്ലാം സപ്ലിമെന്റ് ചെയ്യാം, മാറ്റങ്ങൾ വരുത്താം, ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഇത് വളർത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ ചെയ്തുനൽകാം. അങ്ങനെ എന്തെങ്കിലും സഹായങ്ങൾ ലഭിച്ചിട്ടുള്ളതായി ആരും ആരോപിക്കുന്നില്ല. ഇന്ന് അത്തരത്തിലുള്ള സഹായങ്ങളൊന്നുംതന്നെ സർവ്വകലാശാലയിൽനിന്നും ലഭിക്കുന്നില്ലെന്നുള്ളത് ഗവൺമെന്റ് വളരെ കാര്യമായി പരിശോധിക്കേണ്ട വസ്തുതയായിട്ടാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ സർവ്വകലാശാലകളിൽ ചാൻസലറും സർക്കാരും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ഇങ്ങനെ നടക്കുകയാണ്. ഇത് നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കഴിഞ്ഞ കുറേ നാളുകളായി നടന്നുകൊണ്ടിരിക്കുന്നു. യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടുള്ള എല്ലാ കാര്യങ്ങളും ഗവർണ്ണർ ചെയ്തുകൊടുക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. എം. വിൻസെന്റ്: യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒരു വൈസ് ചാൻസലറെ നിയമിക്കണമെങ്കിൽ പാനൽ കൊടുക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ ഒറ്റപ്പേര് കൊടുത്താലും ആ പേര് ഗവർണ്ണർ ഒപ്പിട്ടുകൊടുക്കുകയാണ്. സെർച്ച് കമ്മിറ്റിയിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അംഗങ്ങൾ വന്നാൽ ആ സെർച്ച് കമ്മിറ്റിയെ ചാൻസലർ അംഗീകരിക്കുകയാണ്. കാലാകാലങ്ങളായി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന അല്ലെങ്കിൽ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന എല്ലാ നിയമവിരുദ്ധമായ നിയമനങ്ങൾക്കും കാലാകാലങ്ങളായി ഗവർണ്ണർ അംഗീകരിച്ചുകൊടുക്കുകയാണ്. അതിൽ പല നിയമനങ്ങളെയും ഈ അടുത്തകാലത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉൾപ്പെടെ റദ്ദാക്കുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. ഇവർ അങ്ങോട്ടും ഇങ്ങോട്ടും പരസ്പരം തെറ്റ് ചെയ്ത് കുറ്റവാളികളായി നിന്നുകൊണ്ട് ഒരു സുപ്രഭാതത്തിൽ പിണങ്ങി അകലുന്നത് വളരെ ദുരൂഹമാണ്. ഈ സെഷനിൽ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് നടക്കുന്ന നിയമനിർമ്മാണങ്ങളെല്ലാം  ഉണ്ടായിട്ടുള്ളത് ഇപ്പോൾ അവർ തമ്മിലുണ്ടായ തർക്കങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ സർക്കാരിനെതിരെ ക്രമസമാധാന തകർച്ച, വിലക്കയറ്റം,

സ്വർണ്ണക്കള്ളക്കടത്ത് തുടങ്ങി എന്തെല്ലാം ജനകീയ പ്രശ്നങ്ങൾ ജനമദ്ധ്യത്തിൽ ഉയർന്നുവരുന്നോ ആ വിഷയങ്ങളിൽ നിന്നെല്ലാം സർക്കാരിന്റെ ശ്രദ്ധ തിരിച്ചുവിടാൻ സർക്കാരിന്റെ ആപൽബാന്ധവനെപ്പോലെ പ്രത്യക്ഷപ്പെടുന്ന ഒരാളായി കേരളത്തിലെ ഗവർണ്ണർ മാറിയിരിക്കുന്നുയെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇത്തരത്തിലുള്ള തെറ്റായ നടപടികൾ സർവ്വകലാശാലകളിൽ നിന്നുണ്ടാകാതിരിക്കാനുള്ള ജാഗ്രത ഉൾപ്പെടെയുള്ള കാര്യങ്ങൾകൂടി ഈ ബിൽ അവതരിപ്പിക്കുന്ന വേളയിൽ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതുണ്ട്. തത്വത്തിൽ ഇതിനെ നമ്മൾ അംഗീകരിക്കുമ്പോൾതന്നെ അനഭലഷണീയമായി ഈ സർക്കാർ തുടർന്നുവരുന്ന പിൻവാതിൽ നിയമനങ്ങൾ, ഇഷ്ടക്കാരെ നിയമിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ഒരവസാനമിടാനും കേരളത്തിലെ മുഴുവൻ സർവ്വകലാശാലകളിലും താൽക്കാലിക നിയമനങ്ങൾക്കായാലും മറ്റ് നിയമനങ്ങൾക്കായാലും ഒരു പൊതുവായ മാനദണ്ഡമുണ്ടാക്കിയെടുക്കാനും സുതാര്യമായ നിയമന രീതിയും സംവിധാനവുമുണ്ടാക്കാനും തയ്യാറെടുക്കണമെന്ന് മാത്രം ആവശ്യപ്പെട്ടുകൊണ്ട് എന്റെ വിയോജനം ഞാനിവിടെ

രേഖപ്പെടുത്തുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വെറ്ററിനറി സർവ്വകലാശാലയിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻവേണ്ട നിബന്ധനകൾ നിഷ്കർഷിക്കുന്ന ഈ ഭേദഗതിൽ വിയോജനം രേഖപ്പെടുത്തിക്കൊണ്ട് ചില കാര്യങ്ങൾ പരാമർശിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'ഇല്ലത്തുനിന്ന് പുറപ്പെടുകയും ചെയ്തു അമ്മാത്ത് എത്തിയതുമില്ല' എന്ന് പറഞ്ഞതുപോലെയാണ് നമ്മുടെ വെറ്ററിനറി സർവ്വകലാശാലയുടെ ഇന്നത്തെ അവസ്ഥ. 1955-ൽ കേരളത്തിലാദ്യമായി മണ്ണുത്തിയിലാണ് (400 ഏക്കർ സ്ഥലത്ത്) കേരള വെറ്ററിനറി കോളേജ് ആരംഭിക്കുന്നത്. 1972-ൽ കേരള കാർഷിക സർവ്വകലാശാല രൂപംകൊണ്ടപ്പോൾ ഈ കോളേജിന്റെ സ്ഥലവും സ്ഥാവരജംഗമ സ്വത്തുക്കളും ഗവേഷണശാലകളുമെല്ലാം ആ സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയാണുണ്ടായത്. അതിനുശേഷം 2010-ൽ അതിനെ കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, ഫിഷറീസ് സർവ്വകലാശാല എന്നിങ്ങനെ മൂന്നായി വിഭജിക്കുകയുണ്ടായി. അർഹമായി ലഭിക്കേണ്ട 80 ഏക്കർ സ്ഥലം പൂർണ്ണമായി വിട്ടുകിട്ടാത്തതിനാൽ സ്ഥലപരിമിതിയും

പ്രയാസവും അനുഭവിക്കുകയാണ്. വനം വകുപ്പിൽനിന്ന് ലഭിച്ച സ്ഥലത്താണ് സർവ്വകലാശാല ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ആ സ്ഥലം കുന്നും മലയും കല്ലുമെല്ലാം കൊണ്ട് നിറഞ്ഞതായതിനാൽ സർവ്വകലാശാലയുടെ ശരിയായ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഒരു സർവ്വകലാശാല എന്ന നിലയ്ക്ക് 11 വർഷത്തിനുള്ളിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ആരോഗ്യകരമായ ഇടപെടലുകളൊന്നും ഇന്നുവരെ ഉണ്ടായിട്ടില്ല. ഒരു ഡിപ്പാർട്ടുമെന്റും പുതിയ കോഴ്സുകളാരംഭിച്ചിട്ടില്ലെന്നു മാത്രമല്ല പുതിയ ഡിപ്പാർട്ടുമെന്റുകളും ആരംഭിച്ചിട്ടില്ല. 11 വർഷത്തിനിടയിൽ പഴയ സർവ്വകലാശാലയിൽനിന്നും കൊടുത്ത ജീവനക്കാരല്ലാതെ ഈ സർവ്വകലാശാലയ്ക്കുവേണ്ടി പുതിയ നിയമനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. എസ്.സി./എസ്.റ്റി., ഒ.ബി.സി. വിഭാഗങ്ങൾക്ക് ലഭിക്കേണ്ട തൊഴിലവസരങ്ങളും ജോലിയിലെ സംവരണ അവസരങ്ങളും ഇത്രയും കാലം പാലിക്കപ്പെടാതെ കിടക്കുകയാണുണ്ടായത്. അവിടെയുള്ള 330-ഓളം അദ്ധ്യാപകരെയും 450-ഓളം അനദ്ധ്യാപകരെയും തീറ്റിപ്പോറ്റി സർവ്വകലാശാല എന്ന നിലയിൽ മുന്നോട്ടുപോകുമ്പോൾ, ഒരു

സർവ്വകലാശാല കൊണ്ട് എന്താണ് നമ്മൾ ലക്ഷ്യമിടുന്നത്? സ്വന്തം പാർട്ടിക്കാർക്കും മറ്റുള്ളവർക്കും കേറി വിഹരിക്കുവാൻ, അവർക്ക് ജോലി ചെയ്യുവാൻ, അവരെ കുത്തിക്കയറ്റുവാനുള്ളൊരു വേദി മാത്രമാണോ സർവ്വകലാശാല? അത്തരത്തിൽ നമ്മുടെ സർവ്വകലാശാലകൾ അധഃപതിക്കുമ്പോൾ സർവ്വകലാശാലയുടെ മഹാലക്ഷ്യം പൂവണിയാതെ പോകുമ്പോൾ നാടിനുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വിലയിരുത്താൻ നാം തയ്യാറാകേണ്ടതുണ്ട്. വെറ്ററിനറി സർവ്വകലാശാല 11 വർഷം പിന്നിടുന്ന ഈ സന്ദർഭത്തിൽ ഇതുകൊണ്ട് നമുക്കുണ്ടായ നേട്ടങ്ങളെക്കൂടി വിലയിരുത്താൻ കഴിയേണ്ടതുണ്ട്. കാർഷിക മേഖലയിൽ ക്ഷീര കർഷകരുടെയും മൃഗങ്ങളെ വളർത്തുന്ന ആളുകളുടെയും പ്രയാസങ്ങൾ ദൂരീകരിക്കുവാനും നമ്മുടെ സംസ്ഥാനത്തിന് മുമ്പിൽ വരുന്ന പുതിയ വെല്ലുവിളികളെ നേരിടുവാനുമായി വെറ്ററിനറി സർവ്വകലാശാലയെ നാം ഉയർത്തിക്കൊണ്ട് വന്നിട്ടുണ്ടോ; അതിനുള്ള പരിശ്രമങ്ങൾ നമ്മൾ നടത്തിയിട്ടുണ്ടോ എന്ന് ചോദിക്കാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിൽ പക്ഷിപ്പനി, പന്നിപ്പനി തുടങ്ങി മൃഗങ്ങൾക്ക് ഓരോന്നിനും വ്യത്യസ്തങ്ങളായ രോഗങ്ങൾ പലപ്പോഴായി പ്രത്യക്ഷപ്പെട്ട് കൊണ്ടിരിക്കുന്നു. വിദ്യാസമ്പത്തും

പരിഷ്കാരവും അന്തസ്സും വലിയ രാഷ്ട്രീയ ബോധവുമുള്ള കേരളത്തിൽ ഈ രോഗങ്ങളെ തടയാനും ഇത്തരം പ്രതിസന്ധിയെ അതിജീവിക്കുവാനും നമ്മുടെ ഈ സർവ്വകലാശാലകളും ഗവേഷണകേന്ദ്രങ്ങളും ശാസ്ത്രജ്ഞൻമാരുമൊക്കെയുണ്ടായിട്ട് എന്ത് നേട്ടമാണുണ്ടായത്. തീർത്തും അപരിഷ്കൃതമായ നടപടികൾ മാത്രമല്ലേ നമ്മളിവിടെ നേരിടുന്നത്. പക്ഷിപ്പനി വരുമ്പോൾ കൂട്ടത്തോടെ ആയിരക്കണക്കിനും പതിനായിരക്കണക്കിനും താറാവുകളെയും മറ്റു പക്ഷികളെയും ചുട്ടുകരിച്ചു കൊല്ലുന്നു, പന്നിയെ കൊല്ലുന്നു, മൃഗങ്ങളെ ആ രീതിയിലേയ്ക്ക് കൊണ്ടുപോകുന്നു. എന്നാൽ ഇതുവരാതെയിരിക്കാൻ അല്ലെങ്കിൽ അതിനെ തടയാനും ശാസ്ത്രീയമായി സംരക്ഷിക്കുവാനും ചികിത്സിച്ച് ഭേദമാക്കുവാനും കഴിയുന്നുണ്ടോ; അതിനുള്ള സംവിധാനങ്ങൾ നാം ഒരുക്കുന്നുണ്ടോ? നമ്മുടെ ഗവേഷണങ്ങൾ ഏത് തലത്തിലേയ്ക്കാണ് പോകുന്നത്; ഗവേഷണങ്ങളെ ഭരണകൂടം വിലയിരുത്താറുണ്ടോ? ഈ ഗവൺമെന്റ് ഇങ്ങനെയൊരു സർവ്വകലാശാല വന്നതിനുശേഷം ആരോഗ്യകരമായ എന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളത്? നിയമങ്ങളുണ്ടായിരിക്കാം; സർവ്വകലാശാലയിൽ സ്വന്തക്കാരെ തിരുകിക്കയറ്റിയിട്ടുണ്ടായിരിക്കാം. അതിനപ്പുറം കേരളത്തിലെ

മൊത്തം സർവ്വകലാശാലകളും എടുത്തുനോക്കിയാൽ എന്ത് നേട്ടമാണ് കേരളിക്കും പൊതുസമൂഹത്തിനും നൽകിയതെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ശാസ്ത്രരംഗത്തെ ഗവേഷണ മേഖലയെ ഉപയോഗപ്പെടുത്താൻ കഴിയണം. അതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തേണ്ടത്. മൃഗങ്ങളിൽ വരുന്ന രോഗങ്ങളെ തടയാനുള്ള സംവിധാനങ്ങളും മുൻകരുതൽ നടപടികളും ഇനിയെങ്കിലും ഉണ്ടാകേണ്ടതുണ്ട്. ഈ വർഷവും സമീപ ദിവസങ്ങളിലും പക്ഷിപ്പനിയും പന്നിപ്പനിയുമൊക്കെ ഇവിടെ ചർച്ച ചെയ്തു. ഇത് നമ്മുടെ രാജ്യത്ത് വലിയ ചർച്ചയും പത്രങ്ങളിൽ വാർത്തയുമാണ്. കർഷകർ ഏറെ കഷ്ടപ്പാട് അനുഭവിക്കുകയാണ്, അവർ ദുരിതത്തിലാണ്. ഈ സന്ദർഭത്തിൽ ഇനിയെങ്കിലും അങ്ങനെ സംഭവിക്കാതിരിക്കാൻ മുൻകരുതൽ നടപടികളെന്ന നിലയ്ക്ക് നമ്മൾ എന്ത് രീതിയിലാണ് മുന്നോട്ട് പോകുന്നത്. എങ്ങനെയാണ് നമ്മൾ ഈ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നത് എന്നുകൂടി സൂചിപ്പിക്കുവാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. ഇതിനുമേൽ സർക്കാരിന് ഒരു ആഡിറ്റിംഗ് സംവിധാനമുണ്ടാകണം. ഇങ്ങനെ സർവ്വകലാശാല രൂപീകരിച്ചുകൊണ്ട് കുറേ ജോലിക്കാരെ

നിയമിക്കുകയോ അല്ലെങ്കിൽ ഫണ്ട് നൽകുകയോ ചെയ്തുകൊണ്ട് സർവ്വകലാശാലയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതല്ല; ഫിനാൻഷ്യൽ പെർഫോമൻസ് ആഡിറ്റ് നടത്താൻ ഭരണകൂടം തയ്യാറാകണം. അതനുസരിച്ച് നമ്മുടെ ലക്ഷ്യത്തിലേയ്ക്ക് ഇവയെ നയിക്കുവാനും കൊണ്ടുവരുവാനും സാധിക്കുന്ന സാഹചര്യങ്ങളുണ്ടാകണം. കേരളത്തിൽ കുറേ സർവ്വകലാശാലകൾ പുതുതായി വരുന്നു. ആദ്യകാലത്ത് സർവ്വകലാശാലകൾ വരുമ്പോഴുണ്ടായിരുന്ന മഹത്തായ ലക്ഷ്യവും അതിനുവേണ്ടിയെടുത്ത മുൻകരുതലുകളും നാം അത് മുന്നോട്ടുകൊണ്ടുപോയ രീതികളും അതിനെ കേരളവും ഭരണകൂടവുമടക്കം കണ്ടതും എത്രമാത്രം പ്രാധാന്യത്തോടുകൂടിയായിരുന്നു. ഇന്ന് അതൊക്കെ മാറിയെന്നുള്ളത് നാം തിരിച്ചറിയാതെ പോകരുതെന്നുള്ള കാര്യം ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സർവ്വകലാശാലയിൽ പുതിയ വികസനപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. അടിയന്തരമായി ഈ മേഖലയിൽ ആവശ്യമുള്ള വിഷയങ്ങളിൽ ഇടപെടാൻ സർവ്വകലാശാലയെ സഹായിക്കാൻ സന്നദ്ധമാകേണ്ടതുണ്ട്. തുടക്കത്തിൽ 2019-20-ൽ ഗ്രാന്റ് കൊടുത്തു. എന്നാൽ കാലോചിതമായി വർഷംതോറും

10% വർദ്ധനവ് നൽകാറുള്ളതുപോലും വെറ്ററിനറി സർവ്വകലാശാലയ്ക്ക് നൽകാൻ സന്നദ്ധമായില്ല. അതുകൊണ്ട് 60 കോടിയോളം രൂപയുടെ സാമ്പത്തിക പ്രതിസന്ധിയിലാണ് ഇപ്പോൾ സർവ്വകലാശാല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഇടപെടുവാനും നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും ഇതിന്റെ ആസ്ഥാനവും അതിന്റെ പ്രവർത്തനത്തിനും അതിന്റെ ആസ്തിയുടെയും ഭൂമിയുടെയും കാര്യത്തിലും മുഖ്യമന്ത്രി മുതൽ ചീഫ് സെക്രട്ടറി വരെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നിട്ടും പൂർത്തിയാകാതെ കിടക്കുന്ന ആ പ്രതിസന്ധികൂടി തരണം ചെയ്യാനും അതിനൊരു പൂർത്തീകരണമുണ്ടാക്കുവാനും തയ്യാറാകണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

കേരളത്തിൽ വെറ്ററിനറി ഡിസ്പെൻസറികളും ആശുപത്രികളും അനുവദിക്കണം. ചിലയിടങ്ങളിൽ വേണ്ടത്ര സൗകര്യങ്ങളോ ലാബുകളോ ഡോക്ടർമാരോ ഇല്ല. ഡിസ്പെൻസറികളുണ്ടെന്നത് ഒഴിച്ചാൽ അവിടത്തെ ഉള്ളൊരുക്കങ്ങളൊന്നും ചെയ്ത് കൊടുക്കാത്ത സാഹചര്യങ്ങളാണുള്ളത്. അവിടെയൊക്കെ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കാനും ആവശ്യമായ സൗകര്യങ്ങളൊരുക്കാനും സർക്കാർ തയ്യാറാകേണ്ടതുണ്ട്.

എന്റെ മണ്ഡലമായ തിരൂർ താലൂക്കിന്റെ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന വെറ്ററിനറി ആശുപത്രിയിൽ ആവശ്യത്തിന് കെട്ടിടങ്ങളില്ല, നായയെ പരിശോധിക്കാൻ വേണ്ടി ഉണ്ടായിരുന്ന കെട്ടിടത്തിലെ റൂമിലാണ് ഇപ്പോൾ ആശുപത്രി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവിടെ ഡോക്ടർമാരെ നിയമിക്കുകയും ലാബും കെട്ടിടങ്ങളും ഉൾപ്പെടെയുള്ള മറ്റു സംവിധാനങ്ങൾ ഒരുക്കേണ്ടതുമുണ്ട്. അതിന് സന്നദ്ധമാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ വിയോജനം രേഖപ്പെടുത്തിക്കൊള്ളുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലുമായി ബന്ധപ്പെട്ട് യഥാർത്ഥത്തിൽ മറ്റുള്ള യൂണിവേഴ്സിറ്റികളിൽ പിൻതുടരുന്ന റിസർവേഷൻ പാറ്റേൺ ഈ യൂണിവേഴ്സിറ്റികളിൽക്കൂടി എക്സ്റ്റന്റ് ചെയ്യുന്നതിനുള്ള ഒരു ഭേദഗതി ആയാണ് കാണുന്നത്. തത്വത്തിൽ അതിനെ എതിർക്കേണ്ട ഒരു സാഹചര്യമുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ ഒരു കാര്യം സഭയിൽ ക്ലാരിഫൈ ചെയ്യുന്നത് നല്ലതാണ്. ഇതുവരെ

നടന്നിരുന്ന നിയമനങ്ങളും മറ്റു കാര്യങ്ങളും അവിടെ ഓപ്പറേറ്റ് ചെയ്തിരുന്ന രീതി എങ്ങനെയായിരുന്നുവെന്നും റിസർവേഷൻ ഏതുരീതിയിൽ പാലിക്കപ്പെടുകയോ/പാലിക്കപ്പെടാതിരിക്കുകയോ ചെയ്തിരുന്നതെന്നും അതിൽ ബാക്ക്‌ലോഗ്സോ മറ്റുള്ള കാര്യങ്ങളോ വരുന്നുണ്ടോയെന്നും ഭിന്നശേഷിക്കാർക്കുവേണ്ടി സുപ്രീംകോടതി ജഡ്ജ്മെന്റിനുശേഷമുള്ള compliance യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോയെന്നും ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നവേളയിൽ സൂചിപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

കേരളത്തിലെ അഗ്രികൾച്ചറൽ, വെറ്ററിനറി യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള നേട്ടങ്ങൾ അല്ലെങ്കിൽ നമ്മൾ പ്രതീക്ഷിക്കുന്നത് എന്താണെന്ന് പരിശോധിക്കുന്നത് നല്ലതാണെന്നാണ് എന്റെ അഭിപ്രായം. ഒരു ഡിബേറ്റ് ഓപ്പൺ ചെയ്യുന്നതിനുവേണ്ടി പറയുകയാണെങ്കിൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം അല്ലെങ്കിൽ അവരുടെ സംസ്ഥാനത്തിനുള്ള സംഭാവന എങ്ങനെയാണെന്ന് ചോദിച്ചാൽ ഒരു ശരാശരി പൗരൻ എന്ന നിലയിൽ വിലയിരുത്തുകയാണെങ്കിൽ വളരെ നിരാശാജനകമാണ്. അല്ലെങ്കിൽ far

below the desired levels ആണെന്ന് പറയേണ്ടതായിവരും. ഞാൻ വെറുതെ ആരോപണമുന്നയിക്കാൻവേണ്ടി പറയുന്നതല്ല. കാർഷിക മേഖലയെക്കുറിച്ച് പറയുമ്പോൾ ലോകത്തുണ്ടായ മാറ്റങ്ങളെ അതേപടി replicate ചെയ്യാൻ പറ്റണമെന്നില്ല, അല്ലെങ്കിൽ അതേപോലെ വേണമെന്ന് ആഗ്രഹിക്കുന്നതിൽ കാര്യമില്ല. എന്നാൽ രാജ്യത്തുണ്ടായിട്ടുള്ള മാറ്റങ്ങളോടൊപ്പം സഞ്ചരിക്കാനോ അതിന്റെ വേഗത കൈവരിക്കാനോ നമുക്ക് സാധിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. കേരളത്തിന്റെ ഏറ്റവും അടുത്ത അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ഒരു കർഷകന് സർക്കാർ നൽകുന്ന പിന്തുണയെന്ന് പറയുന്നത്, സ്വാഭാവികമായും കാർഷിക മേഖലയിലെ സബ്സിഡിയും മറ്റുകാര്യങ്ങളും സപ്പോർട്ടുമൊക്കെയുള്ളതിന് അപ്പുറത്ത് ഞാൻ വിലമതിക്കുന്ന വലിയൊരു കാര്യം കർഷകർക്ക് നൽകുന്ന knowledge imparting ആണ്. അതായത്, കാർഷിക മേഖലയിലെ പുതിയ ട്രെന്റ് അനുസരിച്ചും ആഗോള മാർക്കറ്റിലുണ്ടാകുന്ന മാറ്റങ്ങളും ഡിമാൻഡുമനുസരിച്ച് നിലവിൽ ഏത് കൃഷിക്കാണ് സാധ്യത, കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തെല്ലാമാണ്, ഇറിഗേഷനുമായി ബന്ധപ്പെട്ട പുതിയ ടെക്നോളജികൾ എന്തെല്ലാമാണ് വന്നിരിക്കുന്നത്, അതിൽ

കർഷകർക്ക് ഉപയോഗിക്കാൻ കഴിയുന്നത് ഏതെല്ലാമാണ് എന്നിങ്ങനെയുള്ള വിവരങ്ങൾ കർഷകർക്ക് നൽകുന്നു. ഇതുപോലെയുള്ള knowledge imparting-ന്റെ സോഴ്സ് അല്ലെങ്കിൽ അത് evolve ചെയ്യുന്നത് യൂണിവേഴ്സിറ്റികളിൽ നിന്നാണ്. ഞാൻ ചോദിക്കുന്നത്, നമ്മുടെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി to what extent it is connected to the common people? സാധാരണക്കാരുമായി എന്ത് ബന്ധമാണ് നമ്മുടെ അഗ്രികൾച്ചറൽ/വെറ്ററിനറി യൂണിവേഴ്സിറ്റികൾക്കുള്ളത്? കേവലം കുറച്ചുപേർ അവിടെ റിസർച്ച് ചെയ്യുന്നു/പഠിപ്പിക്കുന്നു. കുറച്ചുപേർക്ക് ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫായി ജോലി ലഭിക്കുന്നു, കുറെ വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുവെന്നതിനപ്പുറത്തേയ്ക്ക് യഥാർത്ഥ ജീവിതവുമായി ബന്ധമുണ്ടോ? ആധികാരികമായി ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ കൃഷി വകുപ്പുമന്ത്രി ഇവിടെ ഇല്ലാത്തിനാൽ അക്കാര്യം സൂചിപ്പിച്ചിട്ട് കാര്യമില്ല. ഞാൻ യഥാർത്ഥത്തിൽ കാർഷിക വിഷയങ്ങൾ കൂടുതലായി പറയാൻ ആഗ്രഹിക്കുമ്പോൾ, ഇവിടെ ബഹുമാന്യരായ പി. ജെ. ജോസഫും മന്ത്രി കെ. കൃഷ്ണൻകുട്ടിയുമൊക്കെ സ്വയം കൃഷി ചെയ്യുന്നവരാണ്. എന്റെ അപ്പച്ചൻ കൃഷി ചെയ്യുമെന്നല്ലാതെ, I have lack of experience on the

same. എനിക്ക് അതിന്റെ പെരിഫെറലായിട്ടുള്ള അറിവേയുള്ളൂ. ഞാൻ കാർഷികവൃത്തിയിലേയ്ക്ക് ഇറങ്ങുന്നതിന്റെ ഭാഗമായി ഞങ്ങളുടെ പത്ത് ഏക്കർ സ്ഥലത്ത് നേരിട്ട് കൃഷി ചെയ്യുന്നതിനുവേണ്ടി ആലോചിച്ചു. സാധാരണ പൗരൻ എന്ന നിലയിൽ എന്ത് അഡ്വൈസാണ് ഒരു കർഷകന് യൂണിവേഴ്സിറ്റികൾക്ക് അല്ലെങ്കിൽ കൃഷി വകുപ്പിന് നൽകാനുള്ളതെന്ന് ചോദിച്ചുകൊണ്ട് അവിടത്തെ കൃഷി ഓഫീസർക്കും അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്കും ഒരു കത്ത് നൽകണമെന്നാണ് വിചാരിച്ചിരിക്കുന്നത്. തമിഴ്നാട്ടിലൊക്കെ കർഷകർക്ക് ലഭിക്കുന്ന സഹായം വളരെ വലുതാണ്. ഒരുപക്ഷെ വെറ്ററിനറി/അഗ്രികൾച്ചറൽ മേഖലയിൽ ഏറ്റവും ഉയർന്ന ടെക്നോളജി വികസിപ്പിച്ചിരിക്കുന്നത് ഇസ്രായേലിലാണ്. അവരുടെ ഏറ്റവും വലിയ സ്ട്രെങ്ത്തും ഡോമിനൻസും വരുന്നത് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി അല്ലെങ്കിൽ ആ മേഖലയിൽനിന്ന് വരുന്ന റിസർച്ചിന്റെ പുരോഗതിയാണ്. അതുപോലെയുള്ള ഒരു കേരള സ്പെസിഫിക്, ഒരു നാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കാലാവസ്ഥയും അനുസരിച്ചുള്ള വിളകൾ ഡെവലപ് ചെയ്യണം. അങ്ങനെയുള്ള ഇൻഷ്യേറ്റീവ്സ് യൂണിവേഴ്സിറ്റികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോ, ഇല്ലയോ എന്നുള്ളത് പരിശോധിക്കണം.

എന്റെ അറിവിൽ നാളിതുവരെ ആ നിലയ്ക്ക് നമ്മളെ സന്തോഷിപ്പിക്കുന്ന രീതിയിലുള്ള റിസൾട്ടുണ്ടായിട്ടില്ല.

രാജ്യത്തിലെ വിവിധ വെറ്ററിനറി/അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ റാങ്കിംഗിനെ സംബന്ധിച്ചുകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ICAR (Indian Council of Agricultural Research)-ന്റെ 2020-ലെയും 2019-ലെയും റാങ്ക് ലിസ്റ്റാണ് എന്റെ കയ്യിലുള്ളത്. അതുസംബന്ധിച്ച് വളരെ വേദനയോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടങ്ങളാണ് കൈവരിക്കുന്നതെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുമ്പോഴും നമ്മുടെ യൂണിവേഴ്സിറ്റിയുടെ റാങ്കിംഗ് സ്ഥാനത്ത് ഏറ്റവും ആദ്യം വരുന്ന യൂണിവേഴ്സിറ്റി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ ആണ്. അതിന്റെ റാങ്കിംഗ് 28-ാം സ്ഥാനത്താണ്. അതായത്, രാജ്യത്ത് 28-ാം സ്ഥാനത്താണ് നിൽക്കുന്നത്. ഒരുപക്ഷെ ആദ്യകാലങ്ങളിൽ റാങ്കിംഗിൽ നമ്മുടെ യൂണിവേഴ്സിറ്റികൾ വളരെ മുമ്പിലായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, തെറ്റാണെങ്കിൽ തിരുത്താം. ഇപ്പോൾ 28-ാം സ്ഥാനത്തേയ്ക്ക് എത്തിയിരിക്കുന്നു. എന്നാൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂരിന് 2019-ൽ 19-ാം സ്ഥാനമായിരുന്നത് ഒരു വർഷം

കഴിഞ്ഞപ്പോൾ 28-ാം സ്ഥാനത്തേയ്ക്ക് കൂപ്പുകുത്തിയതിന്റെ കാരണമെന്താണെന്ന് പഠിക്കുന്നതും പരിശോധിക്കുന്നതും നല്ലതാണ്. മറ്റു യൂണിവേഴ്സിറ്റികളൊന്നും റാങ്കിംഗിൽ ഇടംപിടിച്ചിട്ടില്ല. മറ്റൊന്ന്, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി വയനാടിന് 2020-ൽ റാങ്കിംഗ് ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാവുന്നത്. അത് ഏതെങ്കിലും വിധത്തിലുള്ള ടെക്നിക്കൽ മിസ്റ്റേക്കാണോയെന്നറിയില്ല, അതിനാൽ ഞാൻ പറയുന്നില്ല. വയനാട് യൂണിവേഴ്സിറ്റി 2019-ൽ റാങ്കിംഗിൽ 39-ാം സ്ഥാനത്തായിരുന്നു. എന്നാൽ 2020-ൽ റാങ്ക് ലിസ്റ്റിൽപോലും ആ യൂണിവേഴ്സിറ്റിയെ കാണുന്നില്ല. അതിനർത്ഥം റാങ്ക് ലഭിക്കാത്തതിനാലാണോ അതോ മറ്റെന്തെങ്കിലും കാരണങ്ങളാണോയെന്ന് അറിയില്ല. ഞാൻ പൊതുവെ യൂണിവേഴ്സിറ്റികളുടെ പെർഫോമൻസിന്റെ അവസ്ഥയെ സംബന്ധിച്ചാണ് പറഞ്ഞത്. ഇതിൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയേയും വെറ്ററിനറി യൂണിവേഴ്സിറ്റിയേയും മാത്രമായി ലിമിറ്റ് ചെയ്യേണ്ടതാണെന്ന് തോന്നുന്നില്ല. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം അവകാശവാദങ്ങൾ ഉന്നയിച്ചാലും ആ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വീഴ്ച/പരാജയത്തെ സംബന്ധിച്ച്

ചർച്ച ചെയ്യാതിരുന്നിട്ട് കാര്യമില്ല. നിങ്ങൾ ബിൽ കൊണ്ടുവന്നു. കഴിഞ്ഞ ദിവസങ്ങളിൽ ബില്ലിനെ സംബന്ധിച്ച് വളരെ വീറോട്ടുകൂടി സംസാരിച്ചു. ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ഉള്ളതുകൊണ്ട് പറയുകയാണ്, അദ്ദേഹവുമായി തർക്കത്തിലേർപ്പെടാൻ ആഗ്രഹിക്കുന്നില്ല. കാരണം താർക്കികർ തമ്മിലുള്ള മിനിമം കൺസെപ്റ്റ് എന്നുപറയുന്നത് We should be willing to here the other side. 'Audi alteram partem' (listen to the other side) എന്ന തത്വമുണ്ട്. ഇവിടെ വാദിച്ച് ജയിച്ചാൽ ആർക്കും ട്രോഫിയൊന്നും ലഭിക്കില്ല. എന്നാൽ നമ്മൾ ഒരുവാദത്തിന് മറുവാദം പറയുന്നത് അതിന്റെ വസ്തുതൾ കൂടുതലായി വെളിപ്പെടുത്താനും ചർച്ച ചെയ്യാനുംവേണ്ടിയാണ്. അതല്ലാതെ വാദിച്ച് ജയിക്കുന്നതിനായി ഒച്ചയും ബഹളവും ഉണ്ടാക്കേണ്ടതില്ല. എന്നാൽ നമ്മൾ ഒരു വാദത്തിന് വന്നാൽ അത് കേൾക്കാൻ തയ്യാറല്ലെന്ന് പറഞ്ഞാൽ വാദിക്കുന്നതിൽ അർത്ഥമില്ല. അതുമായി ബന്ധപ്പെട്ട് ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്നത് മുൻമന്ത്രിയായിരുന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെയാണ്. അദ്ദേഹം എപ്പോൾ പ്രസംഗിക്കാൻ എഴുന്നേറ്റാലും നമ്മളൊരവസരം ചോദിച്ചാൽ മാഷ് നൽകാതിരിക്കില്ല. കാരണം അതിനെല്ലാം ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

മറുപടി  പറയും. അദ്ദേഹത്തിന് കേൾക്കാൻ താല്പര്യമാണ്. അങ്ങനെയൊരു ഡിബേറ്റിന്റെ സ്വഭാവംകൊണ്ട്, അല്ലാതെ ആരെയും മോശക്കാരനാക്കാനോ ഇകഴ്ത്തി കാണിക്കാനോ അല്ല. ആ രീതിയിൽ ഒരു മന്ത്രിമാരോടും പെരുമാറില്ല. കഴിഞ്ഞ ദിവസം പൈലറ്റ് ചെയ്ത ബിൽ ഗവർണ്ണറെ ചാൻസലർ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. അതിന്റെ ചർച്ചയാണ് ഇവിടെ നടന്നത്. അതുകൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല മെച്ചപ്പെടുമെന്നോ ഗുണപ്പെടുമെന്നോ നിങ്ങൾ ചിന്തിക്കുന്നുണ്ടോ; നിങ്ങളുടെ പ്രയോരിറ്റി എവിടെ നിൽക്കുന്നുവെന്നതാണ് കാണിക്കുന്നത്. രാഷ്ട്രീയത്തിൽ ഗവർണ്ണറുമായിട്ടുണ്ടായ തർക്കത്തെ പരിഹരിക്കാൻ ഞൊടിയിടകൊണ്ട്, within no time, ദോശ ചുട്ടെടുക്കുന്നതുപോലെ ബിൽ നിയമസഭയിൽ വരികയാണ്. യൂണിവേഴ്സിറ്റികളിലെ നിലവിലുള്ള സാഹചര്യം മെച്ചപ്പെടുത്താനോ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് പോസിറ്റീവായ ഒരു ഇൻപുട്ട് നൽകാനോ കഴിയുന്ന എന്ത് നിയമനിർമ്മാണമാണ് ഏറ്റവും ഒടുവിലായി നടത്തിയിട്ടുള്ളത്. ഗവർണ്ണറുമായി തർക്കം വന്നപ്പോൾ within no time ബിൽ കൊണ്ടുവന്നത് നിങ്ങൾക്ക് രാഷ്ട്രീയപരമായി

ജയിക്കാൻവേണ്ടിയാണ്. കേരളത്തിലെ സാമാന്യ ജനസമൂഹം മാത്രമല്ല, വിദ്യാർത്ഥികളും ഇവിടത്തെ യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് അങ്ങേയറ്റം നിരാശരാണെന്നുള്ള കാര്യം മനസ്സിലാക്കണം. കഴിഞ്ഞ നാലഞ്ച് വർഷമായി കുട്ടികളുടെ പുറത്തേയ്ക്കുള്ള ഒഴുക്ക് ചിന്തിക്കാൻ കഴിയുന്നതല്ല. അതിന്റെ ഫാക്ടും ഡേറ്റും നിങ്ങൾ പരിശോധിച്ചോ? ഇവിടെ പൊതുവിദ്യാഭ്യാസ മേഖല വളരെ മെച്ചമാണെന്ന് പറയുമ്പോഴും കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഓരോ വർഷം കഴിയുംതോറും വിദ്യാർത്ഥികളുടെ എണ്ണം കുത്തനെ താഴേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ആധികാരികമായ കണക്ക് എന്റെ കൈവശമില്ലാത്തതിനാലാണ് ഞാൻ അതിനെക്കുറിച്ച് പറയാതിരിക്കുന്നത്. കുട്ടികളില്ലാത്തതിനാലല്ല ഇങ്ങനെ സംഭവിക്കുന്നത്, വിദ്യാഭ്യാസ ഗുണനിലവാരം തേടി അവർ കേരളത്തെ കൈയൊഴിഞ്ഞ് പുറത്ത് പോകുകയാണ്. ഇവിടെ പഠിച്ചിറങ്ങിയാൽ അവർ ആഗ്രഹിക്കുന്ന തൊഴിൽ മേഖലയിൽ എത്തിച്ചേരുന്നതിനോ അതിൽ വിജയം കൈവരിക്കുന്നതിനോ കഴിയില്ല. ഉന്നതവിദ്യാഭ്യാസ മേഖലയിലെ യഥാർത്ഥ പ്രതിസന്ധി എന്നുപറയുന്നത് അവിടെയാണ്. ഗവർണ്ണർ ചാൻസലറായാൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല മോശമാകുമെന്ന

അഭിപ്രായമൊന്നുമെനിക്കില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കേരളത്തിൽനിന്ന് വിദ്യാർത്ഥികളുടെ പുറത്തേയ്ക്കുള്ള ഒഴുക്കിനെ സംബന്ധിച്ചും കേരളത്തിലെ സർവ്വകലാശാലകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിനെ സംബന്ധിച്ചുമാണ് അങ്ങ് പറയുന്നത്. ഏറ്റവുമൊടുവിൽ വന്ന കണക്കനുസരിച്ച് (കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്), വിവിധ ഡിഗ്രി കോഴ്സുകളുടെ അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ (സപ്ലിമെന്ററി അലോട്ട്മെന്റ്/സ്പോട്ട് അഡ്മിഷൻ കഴിഞ്ഞതിനുശേഷവും) കേരള യൂണിവേഴ്സിറ്റിക്കുകീഴിൽ മാത്രം വിവിധ കോളേജുകളിൽ മൂവായിരത്തിലധികം സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. കേരളത്തിൽനിന്ന് പുറത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. വിദേശത്തുപോകുന്ന വിദ്യാർത്ഥികൾക്കിടയിൽ കഴിഞ്ഞ ദിവസം ഏഷ്യാനെറ്റ് നടത്തിയ സർവ്വേയിൽ പറയുന്നത്, കേരളത്തിലെ വിദ്യാഭ്യാസത്തിന് അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള നിലവാരമില്ലെന്നുള്ള ഒരു തോന്നലിന്റെ അടിസ്ഥാനത്തിലാണ് ഏകദേശം 35 ശതമാനം വിദ്യാർത്ഥികളും മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നത് എന്നാണ്. ഇവിടത്തെ

സർവ്വകലാശാലയിൽ പഠിച്ച് ഒരു കോഴ്സ് പൂർത്തീകരിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ ഒരു തൊഴിൽ ലഭിക്കുമെന്നത് (employability) സംബന്ധിച്ച് അവർക്ക് യാതൊരു തരത്തിലുമുള്ള ഉറപ്പില്ലാത്തതിനാലാണ് ഏകദേശം 40 ശതമാനത്തോളം വിദ്യാർത്ഥികൾ പുറത്തേയ്ക്ക് പോകാൻ താൽപ്പര്യപ്പെടുന്നത്. നമ്മുടെ വിദ്യാഭ്യാസ രംഗത്ത് കാലഘട്ടത്തിനനുസരിച്ച് കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകളാണ് ആവശ്യം. കേവലം രാഷ്ട്രീയമായ നീക്കുപോക്കലുകൾക്കുവേണ്ടി പ്രവർത്തനങ്ങൾ നടത്തുമ്പോൾ, രാഷ്ട്രീയ പോരാട്ടങ്ങളുടെ വേദിയായി നമ്മുടെ സർവ്വകലാശാലകൾ മാറുമ്പോൾ അവ വീണ്ടും അധഃപതനത്തിലേയ്ക്ക് പോകുകയും വിദ്യാർത്ഥികളുടെയിടയിൽ ക്രെഡിബിലിറ്റി നഷ്ടപ്പെടുകയുമല്ലേ ചെയ്യുന്നതെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം, ഇന്നലെ വിശദമായി സംസാരിച്ച ഒരു വിഷയംതന്നെയാണിത്. ആവർത്തനമാണത്. ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി മറുപടി പറയും. കുറയെയധികം ബില്ലുകളുള്ളതിനാൽ അങ്ങ് കൺക്ലൂഡ് ചെയ്യണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ആ വിഷയങ്ങളൊന്നും വിശദമായി സംസാരിച്ചില്ല. I am just concluding. കഴിഞ്ഞ ദിവസം ഇവിടെ അതിഘോരമായ രീതിയിലുള്ള രാഷ്ട്രീയ വാഗ്വാദവും ബില്ലിന്റെ introduction പാസ്സാക്കലുമൊക്കെ നടന്നു. വിദ്യാർത്ഥികളുടെ ഭാഗത്തുനിന്ന് ചിന്തിച്ചാൽ അവർക്ക് എന്ത് ഗുണമാണുള്ളത്? ചാൻസലർ സ്ഥാനത്ത് ഗവർണ്ണറായിരുന്നാലും അല്ലെങ്കിലും അവർക്ക് ഒരു കുഴപ്പവുമില്ല. കേരളത്തിൽ ഇന്ന് നടത്തുന്ന കോഴ്സുകളുടെ കണ്ടന്റ് കാലഹരണപ്പെട്ടതാണ്. ലോകം മാറിയതനുസരിച്ച് ഇവിടത്തെ കോഴ്സുകളും യൂണിവേഴ്സിറ്റികളും നവീകരിക്കുന്നതിനുള്ള ശ്രമം നിങ്ങൾ നടത്തിയോ; യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഔട്ട്കം ഇംപ്രൂവ് ചെയ്യാൻ ശ്രമിച്ചോ? None of you are concerned about it. നിങ്ങൾക്കാർക്കും അതിനൊന്നും താൽപ്പര്യമില്ല. You concerned about the politics. അഗ്രിക്കൾച്ചറൽ, വെറ്ററിനറി, കേരള തുടങ്ങി മിക്കവാറും യൂണിവേഴ്സിറ്റികളിലെ നിരവധി കോഴ്സുകൾ കാലഹരണപ്പെട്ടതാണ്. പഠിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ലാത്ത കോഴ്സുകളാണവ. ഇന്ന് ഡാറ്റാ സയൻസ് പോലുള്ള നിരവധി ടെക്നോളജി അഡ്വാൻസ്മെന്റ് വന്നുകഴിഞ്ഞു. ഇവിടെ ലക്ഷക്കണക്കിന് എഞ്ചിനീയറിംഗ്

കോളേജുകളിലെ പതിനായിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. Why pupil are not coming?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അദ്ദേഹം വിഷയവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങ് കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ പ്രോസ്പെക്ടസ് പരിശോധിക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ ടെക്നോളജി, ബിഗ് ഡാറ്റാ അനാലിസിസ്, റോബോട്ടിക്സ് തുടങ്ങി നിരവധി കോഴ്സുകൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി, കുസാറ്റ്, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നടത്തുന്നുണ്ട്. അങ്ങ് സർവ്വകലാശാലാ ക്യാമ്പസുകളിൽ പോകണം. അങ്ങയുടെ മണ്ഡലത്തിനോട് ചേർന്നുകിടക്കുന്ന എം.ജി. യൂണിവേഴ്സിറ്റിയിലെ സ്റ്റാർട്ടപ് ഇൻക്യുബേഷൻ സെന്റർ സിസ്റ്റം പരിശോധിക്കണം. അങ്ങയുടെ ജില്ലയിലെ കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഇത്തരം സംവിധാനങ്ങൾ എത്രമാത്രം വികസിക്കുന്നുണ്ടെന്ന് പരിശോധിക്കണം. കുറേക്കൂടി നമ്മൾ മുന്നോട്ടുപോകേണ്ടതുണ്ട് എന്നുള്ള കാര്യം ശരിയാണ്. ഇന്നലത്തെ ചർച്ചയിൽ സെറ്റിൽ ചെയ്ത വിഷയങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. നമ്മുടെ യൂണിവേഴ്സിറ്റികളുടെ

മുന്നേറ്റത്തിനുവേണ്ടിയുള്ള മൂന്ന് കമ്മീഷൻ റിപ്പോർട്ടുകളുണ്ട്. നമ്മുടെ അക്കാഡമിക് സ്ട്രക്ചർ എങ്ങനെയായിരിക്കണം മാറ്റേണ്ടത്, ഏത് രൂപത്തിലേയ്ക്ക് മാറണം തുടങ്ങിയ കാര്യങ്ങളെല്ലാം വളരെ ശാസ്ത്രീയമായി പബ്ലിക് ഡൊമെയ്നിന് അകത്തുണ്ട്. അത്തരം കാര്യങ്ങൾ ചർച്ച ചെയ്യാം. വിദ്യാർത്ഥികളുടെ ഒഴുക്കിൽ നാഷണൽ ട്രെൻഡും അനുസംബന്ധിച്ചുള്ള ഗവേഷണ പ്രബന്ധങ്ങളും പരിശോധിക്കണം. എന്തുകൊണ്ട് ഇന്ത്യയിൽനിന്ന് വിദ്യാർത്ഥികൾ പുറത്തേയ്ക്കൊഴുകുന്നു, അവരുടെ സോഷ്യൽ കാറ്റഗറൈസേഷൻ എങ്ങനെയാണ്, പുറത്തേയ്ക്ക് പോകുന്നതിന്റെ മറ്റ് ഘടകങ്ങൾ എന്തൊക്കെയാണ്, ഇന്ത്യയിലെ മറ്റ് കോളേജുകളിലെ നിലവിലെ അവസ്ഥയെന്താണ് തുടങ്ങിയ കാര്യങ്ങൾകൂടി പരിശോധിക്കുന്നത് നല്ലതാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങ് പറഞ്ഞ രണ്ട് പോയിന്റുകളും അഡ്രസ് ചെയ്യാം. ഡാറ്റാ സയൻസ്, റോബോട്ടിക്സ് പോലുള്ള കോഴ്സുകൾ കേരളത്തിലില്ല എന്നുള്ളതല്ല ഞാൻ പറഞ്ഞത്. അങ്ങ് ഇത്രയും കോൺഫിഡന്റായി പറഞ്ഞ സ്ഥിതിക്ക് ഒരു കാര്യം ചോദിക്കട്ടെ. കേരളത്തിലുള്ള മൊത്തം എഞ്ചിനീയറിംഗ് കോളേജുകൾ പരിഗണിച്ചാൽ

80-90 ശതമാനം കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നില്ലെന്ന് പറയാൻ കഴിയുമോ? There may be very few colleges where in which all the seats are filled. ഏറ്റവും ഡിമാൻഡുള്ള ബ്രാഞ്ചുകളാണ് കമ്പ്യൂട്ടർ സയൻസ്, ഡാറ്റാ സയൻസ് പോലുള്ളവ. കമ്പ്യൂട്ടർ സയൻസിന്റെ നാല് ബ്രാഞ്ചുകളിൽ ഒരു ബ്രാഞ്ചൊഴികെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗത്തിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ഞാൻ കാണിച്ചുതരേണ്ടതുണ്ടോ? ഡാറ്റാ സയൻസ് വിഭാഗത്തിലും ഇതുതന്നെയാണവസ്ഥ. ഇവയുടെ കരിക്കുലം വെറുതെ 'ഡാറ്റാ സയൻസ്' എന്നും 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്' എന്നും എഴുതിയാൽപ്പോരാ. We need to have the backup. വെറുതെ വാദത്തിനുവേണ്ടി പറയരുത്. അല്ലെങ്കിൽ അങ്ങ് കോൺഫിഡന്റായി പറയണം. കേരളത്തിലെ കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗത്തിൽ ഒറ്റ സീറ്റുപോലും ഒഴിഞ്ഞുകിടക്കുന്നില്ലെന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അതെനിക്ക് പറയാൻ കഴിയുന്ന കാര്യമല്ല. പക്ഷേ അങ്ങ് ആന്ധ്രാപ്രദേശിലെ കോളേജുകളുടെ കാര്യം നോക്കണം. തമിഴ്നാട്ടിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര എഞ്ചിനീയറിംഗ്

കോളേജുകൾ പൂട്ടിപ്പോയിയെന്നും എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പോളിടെക്നിക്കുകളായി കൺവെർട്ട് ചെയ്തിട്ടുണ്ടെന്നും പരിശോധിക്കണം. നമ്മുടെ സിസ്റ്റം ഉദാത്തമാണെന്നല്ല ഞാൻ പറഞ്ഞത്, അതും മാറേണ്ടതുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ രംഗം ആകെ കുഴപ്പത്തിലാണെന്നുള്ള വാദം ശരിയല്ല. സമയം പോകുന്നുവെന്നുള്ളതുകൊണ്ട് ഞാൻ മറ്റ് ചർച്ചകളിലേയ്ക്ക് പോകുന്നില്ല.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം, അങ്ങ് വിഷയത്തിൽ നിന്നുകൊണ്ട് സംസാരിക്കാൻ ശ്രമിക്കണം. അങ്ങേയ്ക്ക് സംസാരിക്കാൻ സമയം നൽകാം. ഇന്ന് ഒരുപാട് ബില്ലുകൾ പരിഗണനയ്ക്കെടുക്കേണ്ടത് കൊണ്ടാണ് പറയുന്നത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയും അംഗവും ഇവിടെ സൂചിപ്പിച്ച ഒരു കാര്യം, എഞ്ചിനീയറിംഗ് കോളേജുകളിൽ കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചിൽ സീറ്റ് ലഭിക്കാനാണ് ഭൂരിഭാഗം വിദ്യാർത്ഥികളും ആഗ്രഹിക്കുന്നത്. എല്ലാ കോളേജുകളിലും കമ്പ്യൂട്ടർ സയൻസ് സീറ്റിനായി വിദ്യാർത്ഥികൾ നെട്ടോട്ടമോടുകയാണ്. അവിടെയെല്ലാം മെക്കാനിക്കൽ, കെമിക്കൽ തുടങ്ങി മറ്റ് വിഭാഗങ്ങളിൽ സീറ്റുകൾ പൂർണ്ണമായും

ഒഴിഞ്ഞുകിടക്കുകയാണ്. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എല്ലാവരും ബി.കോമിന് സീറ്റന്വേഷിച്ച് നടക്കുകയാണ്. മറ്റ് കോഴ്സുകൾക്കൊന്നും കുട്ടികൾക്ക് സീറ്റ് വേണ്ടാത്തൊരു സാഹചര്യമാണുള്ളത്. ഓരോ കാലഘട്ടത്തിനനുസരിച്ച് കോഴ്സുകൾക്ക് വിദ്യാർത്ഥികളുടെ ഡിമാൻഡിൽ മാറ്റങ്ങൾ വരുമ്പോൾ അതിനനുസരിച്ച് റെസ്പോണ്ട് ചെയ്യാൻ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിനോ സർവ്വകലാശാലകൾക്കോ സാധിക്കുന്നില്ലെന്നതാണ് അടിസ്ഥാന പ്രശ്നം. ഒരു വശത്ത് പല കോഴ്സുകൾക്കും സീറ്റുകൾ വ്യാപകമായി ഒഴിഞ്ഞുകിടക്കുകയും മറുവശത്ത് വലിയ ഡിമാൻഡുണ്ടാകുകയും ചെയ്യുന്നു. അതിനനുസരിച്ച് അഡ്രസ് ചെയ്യാൻ നിലവിലെ നമ്മുടെ സർവ്വകലാശാലാ സംവിധാനങ്ങൾക്ക് സാധിക്കാത്തുകൊണ്ടാണ് ഈ പ്രശ്നം നിലനിൽക്കുന്നതെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

<u>ചെയർപേഴ്സൺ</u>: മറ്റ് അംഗങ്ങൾ സംസാരിക്കുമ്പോൾ അങ്ങയുടെ സമയം നഷ്ടമാകും. അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഒരു കാര്യം ഞാനിവിടെ വളരെ സ്പെസിഫിക്കായി പറയാം.

ശ്രീ. നജീബ് കാന്തപുരം: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിലബസിലെ ഏറ്റവും രസകരമായ കാര്യമുണ്ട്. കൊമേഴ്സ് വിഷയത്തിന്റെ സാധ്യതകളെക്കുറിച്ച് ശ്രീ. റോജി എം. ജോൺ പറയുകയുണ്ടായി. കൊമേഴ്സ് വിഭാഗത്തിൽ ഇപ്പോഴും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സിലബസിൽ VAT ആണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് ഏറ്റവും നല്ലൊരുദാഹരണമാണ്. ഗവൺമെന്റ് വേണ്ടെന്ന് തീരുമാനിച്ച VAT ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കോഴ്സ് കണ്ടന്റാണ്. ഇതുപോലെ സിലബസും കരിക്കുലവും കാലത്തിനനുസരിച്ച് മാറ്റാൻ കഴിയാതെ കാലഹരണപ്പെട്ട കോഴ്സുകൾ നടത്തി കുട്ടികൾക്ക് ഒരു പ്രയോജനവുമില്ലാതെ മുന്നോട്ടുപോകുന്ന സ്ഥിതിയാണ് സംസ്ഥാനത്തുള്ളത് എന്ന് പറയുമ്പോൾ അതൊരു രാഷ്ട്രീയ ആരോപണമായി കണ്ടിട്ട് കാര്യമില്ല, ഇതൊരു യാഥാർത്ഥ്യമാണ്. അതിന്റെ പച്ചയായ പ്രതിഫലനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കുട്ടികളെല്ലാം കേരളം വിട്ടൊഴിഞ്ഞ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്നു. മറ്റ് സംസ്ഥാനങ്ങളിലും സമാനമായ പ്രശ്നങ്ങളുണ്ടെന്ന്

അങ്ങുപറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. പക്ഷേ അതല്ലല്ലോ ഇവിടെ ഉത്തരമായി വരേണ്ടത്. നിലവിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ കരിക്കുലം റിവൈസ് ചെയ്യാനും പുതിയ കോഴ്സുകൾ കൊണ്ടുവരാനും ഒഴിഞ്ഞുകിടക്കുന്ന കോഴ്സുകൾ കൺവെർട്ട് ചെയ്ത് വേറെ രീതിയിലേയ്ക്ക് ഡൈവെർട്ട് ചെയ്യുന്നതിനുമാണ് ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടത്. അതല്ലാതെ ഇവിടെയുള്ളതെല്ലാം തൃപ്തികരമാണ്, എല്ലാം ഭംഗിയായാണ് പോകുന്നത് എന്നുപറഞ്ഞ് മുന്നോട്ടുപോയിട്ട് കാര്യമില്ല. അഗ്രിക്കൾച്ചറൽ, വെറ്ററിനറി തുടങ്ങി ഏത് യൂണിവേഴ്സിറ്റിയാണെങ്കിലും നവീകരണത്തിന് ഒരുപാട് സാദ്ധ്യതകളുണ്ടെന്നതാണ് എന്റെ വ്യക്തമായ അഭിപ്രായം. റിയൽ ലൈഫുമായി കണക്ട് ചെയ്യപ്പെട്ട രീതിയിലാണ് മുന്നോട്ടുപോകേണ്ടത്. അതല്ലാതെ കേവലം ഭംഗിവാക്കുകൾ പറഞ്ഞ് കാര്യങ്ങൾ മറച്ചുപിടിച്ചതുകൊണ്ട് നമുക്ക് പ്രയോജനം ലഭിക്കില്ല. അതുകൊണ്ട് കുറച്ചുകൂടി അവധാനതയോടുകൂടി കാര്യങ്ങൾ ചെയ്യുന്നതിലേയ്ക്കുവേണ്ടി പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി അയയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിച്ച് അവസാനിപ്പിക്കുന്നു.

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. ഒ. ആർ. കേളു):

സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് സംവരണതത്വം പാലിക്കണമെന്നത് സംബന്ധിച്ച് ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, 2010-11 കാലഘട്ടം മുതലാണ് ഈ യൂണിവേഴ്സിറ്റി വെറ്ററിനറി യൂണിവേഴ്സിറ്റിയെന്ന നിലയ്ക്ക് പ്രത്യേകമായി പ്രവർത്തനം ആരംഭിച്ചത്. ഏകദേശം 12 വർഷം പിന്നിടുന്ന ഈ യൂണിവേഴ്സിറ്റിയെക്കുറിച്ച് പൊതുവായി ഒരു തെറ്റും പറയാൻ സാധിക്കില്ല. 12 വർഷംകൊണ്ട് അതിന്റേതായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ 12 വർഷത്തിനുള്ളിൽ മൂന്ന് പ്രാവശ്യം ചാൻസലേഴ്സ് ട്രോഫി അടക്കമുള്ള അവാർഡുകൾ ഈ യൂണിവേഴ്സിറ്റി കരസ്ഥമാക്കിയിട്ടുണ്ട്.

അതുപോലെ ഏഴോളം സബ് സ്റ്റേഷനുകളും ഇതിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മൃഗസംരക്ഷണ ജന്തുമേഖലയിൽ കാലാനുസൃതമായി വരുന്ന വിവിധ വിഷയങ്ങളിലൊക്കെ ക്രിയാത്മകമായി ഇടപെടാൻ വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് സാധിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. കോവിഡ് മഹാമാരി ലോകത്തെ ഗ്രസിച്ചപ്പോൾ അത്തരം രോഗങ്ങളുടെ പരിശോധനപോലും വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ നടത്തുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ടാക്കിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ മൃഗസംരക്ഷണത്തിന് ഏറ്റവും അനുകൂലമായ അല്ലെങ്കിൽ കൃഷി ചെയ്യുന്നതിന് അനുകൂലമായ ഒരു സംസ്ഥാനമാണ് കേരളം. ഈ മേഖലയിലെ പശുക്കൾക്കും ആടുകൾക്കും താറാവുകൾക്കുമൊക്കെയുണ്ടാകുന്ന രോഗങ്ങൾ ദൈനംദിനം റിപ്പോർട്ട് ചെയ്യുമ്പോൾ തക്കസമയത്തുതന്നെ അതിൽ ഇടപെട്ടുകൊണ്ട് അതിന് ആവശ്യമായ പ്രതിവിധികൾ കണ്ടെത്തുന്നതിനുവേണ്ടി ക്രിയാത്മകമായ ഇടപെടൽ നടത്താൻ യൂണിവേഴ്സിറ്റിക്ക് സാധിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഏറ്റവും കൂടുതൽ വന്യമൃഗശല്യം നിരന്തരമായി

നേരിട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ ആധുനിക കാലഘട്ടത്തിൽ വന്യമൃഗങ്ങളെ എങ്ങനെയാണ് നമുക്ക് പ്രതിരോധിക്കാൻ സാധിക്കുക അല്ലെങ്കിൽ അവയെ എങ്ങനെയാണ് മാനേജ് ചെയ്യാൻ സാധിക്കുക എന്നുള്ളതിന്റെ ഭാഗമായി സംസ്ഥാനത്തെ നിരവധി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വന്യമൃഗങ്ങളെ പരിശീലിപ്പിക്കാനും അവയോട് ഇടപെടാനും സാധിക്കുന്നരീതിയിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞുവെന്നുള്ളത് മറ്റൊരു നേട്ടമാണ്. അങ്ങനെ പൊതുവേ പരിശോധിക്കുമ്പോൾ 12 വർഷത്തിനുള്ളിൽ നല്ല പുരോഗതി കൈവരിക്കാൻ ഈ യൂണിവേഴ്സിറ്റിക്ക് സാധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും.

ബില്ലിൽ പ്രതിപാദിക്കുന്നത് സംവരണവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് അതുസംബന്ധിച്ച കുറച്ച് കാര്യങ്ങൾ പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അനാട്ടമി, ഫിസിയോളജി, മൈക്രോബയോളജി, പത്തോളജി, വെറ്ററിനറി മെഡിസിൻ, ഗൈനക്കോളജി തുടങ്ങി ഇരുപതോളം ഡിപ്പാർട്ട്മെന്റുകളായാണ് ഈ യൂണിവേഴ്സിറ്റി

പ്രവർത്തിക്കുന്നത്. ഈ ഡിപ്പാർട്ടുമെന്റുകളിലൊക്ക പ്രത്യേകം പ്രത്യേകം നിയമനങ്ങൾ നടക്കുമ്പോൾ അതിന് ആനുപാതികമായ സംവരണം ലഭിക്കുന്നില്ല എന്ന് ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത് ശരിയാണ്. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെന്റുകളെയെല്ലാം ഏകീകരിച്ചുകൊണ്ട്, പൂൾ ചെയ്തുകൊണ്ട് ഒരു സംവരണതത്വം കൊണ്ടുവരുന്നത് ഏറ്റവും നല്ലതും അനുയോജ്യമായിട്ടുള്ളതുമായ കാര്യമാണ്. ഈ ബിൽ പാസ്സാകുന്നതോടുകൂടി പി.എസ്.സി. റൊട്ടേഷൻ അനുസരിച്ച് എല്ലാവർക്കും ആനുകല്യം ലഭിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുപോലെ അസിസ്റ്റന്റ് പ്രൊഫസ്സർ, അസോസിയേറ്റ് പ്രൊഫസ്സർ, പ്രൊഫസ്സർ, യൂണിവേഴ്സിറ്റി ഓഫീസർ, ഡീൻ, രജിസ്ട്രാർ മുതലായ തസ്തികകളിലേയ്ക്കും ഈ തരത്തിൽ നിയമനങ്ങൾ നടക്കുന്നതിനാൽ അവിടെയും സംവരണം ലഭിക്കാത്ത സ്ഥിതിവിശേഷമാണ് പൊതുവേ കാണുന്നത്. ഈ നിയമം പാസ്സാകുന്നമുറയ്ക്ക് അവിടെയും റൊട്ടേഷൻ അടിസ്ഥാനത്തിൽ സംവരണതത്വം പാലിക്കാൻ സാധിക്കുമെന്നുള്ളത് നല്ലൊരു കാര്യമാണ്. ഇവിടെ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പൊതുവായി കുറച്ച് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നമുക്കറിയാം മുൻകാലങ്ങളിൽ കാർഷിക സർവ്വകലാശാലയുടെ കീഴിലായിരുന്ന ഈ

സർവ്വകലാശാല പ്രവർത്തിച്ചിരുന്നത്. പിന്നീട് അത് വെറ്ററിനറി യൂണിവേഴ്സിറ്റിയെന്നും ഫിഷറീസ് യൂണിവേഴ്സിറ്റിയെന്നും രണ്ടായി വിഭജിച്ചു. അങ്ങനെ വിഭജിച്ചപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചെറിയ ചെറിയ വൈകല്യങ്ങളും പോരായ്മകളും ഉണ്ടായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ഹെഡ്ക്വാർട്ടേഴ്സ് ഇപ്പോൾ വയനാട് ജില്ലയിലാണ് പ്രവർത്തിക്കുന്നത്. ആദ്യം തൃശ്ശൂർ ജില്ലയിലെ മണ്ണുത്തിയിലായിരുന്നു. അങ്ങനെ മണ്ണുത്തിയിൽ പ്രവർത്തിച്ചതിന്റെ ബാലാരിഷ്ടതകൾ ഇപ്പോഴും ചെറുതായി നിലനിൽക്കുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഭൂമിയുടെ വിഷയമുണ്ട്, അതുപോലെ കാർഷിക സർവ്വകലാശാലയുടെ പല ഓഫീസുകളും ഇപ്പോഴും ആ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നുണ്ട്. അത്തരം വിഷയങ്ങൾ ഭാവിയിൽ പരിഹരിക്കപ്പെടേണ്ടതും  കാലാനുസൃതമായി മാറ്റിയെടുക്കേണ്ടതുമാണ്.

ക്ഷീരമേഖലയുടെ കാര്യത്തിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ മേഖലയിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയും മൃഗസംരക്ഷണ വകുപ്പും വളരെ ക്രിയാത്മകമായി ഇടപെടുന്നതായി കാണാൻ സാധിക്കും. ഞാൻ ഓർമ്മപ്പെടുത്താൻ

ഉദ്ദേശിക്കുന്നത് ഈയിടെ ഏറ്റവും നല്ല ക്ഷീരസംഘത്തിനുള്ള ദേശീയ അവാർഡ് ലഭിച്ചത് കേരളത്തിനാണ് എന്നുള്ളതാണ്. വയനാട് ജില്ലയിലെ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘത്തിനാണ് അത് ലഭിച്ചത്. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം കർണ്ണാടകയ്ക്കും തമിഴ്നാട്ടിനുമാണ് ലഭിച്ചത്. ഏറ്റവും നല്ല രീതിയിൽ ക്ഷീരമേഖലയെ പ്രോത്സാഹിപ്പിക്കാനും ടി മേഖലയിലെ പശു-ജന്തുജാലങ്ങൾക്കുണ്ടാകുന്ന വിവിധ രോഗങ്ങളിലുംമറ്റും ക്രിയാത്മകമായി ഇടപെടാനും സാധിച്ചതിന്റെ ഫലമായാണ് ദേശീയതലത്തിൽ ഒന്നാം സ്ഥാനം നേടിയെടുക്കാൻ നമുക്ക് സാധിച്ചത്. അതൊരു നേട്ടമായി കാണുകയാണ്. കഴിഞ്ഞ ദിവസം സഭയിൽ നായ്ക്കളുടെ കാര്യം പ്രതിപാദിച്ചിരുന്നു. ഇപ്പോൾ നായ്ക്കളെ കൊല്ലാൻ സാധിക്കില്ല, അവയ്ക്ക് വന്ധ്യംകരണം നടത്തണം. ആ മേഖലിയിൽ കുറച്ച് വർഷങ്ങളായി വെറ്ററിനറി യൂണിവേഴ്സിറ്റി ക്രിയാത്മകമായി ഇടപെട്ടുകൊണ്ടിരിക്കുകയാണെന്ന് കാണാൻ സാധിക്കുന്നതാണ്. അങ്ങനെ നിരവധി നേട്ടങ്ങൾ വെറ്ററിനറി യൂണിവേഴ്സിറ്റി സംസ്ഥാനത്തിന് നേടിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ബാലാരിഷ്ടതകളും പരിമിതികളുമുണ്ടെങ്കിലും നമുക്ക് ഒഴിച്ചുകൂടാൻ കഴിയാത്തൊരു

യൂണിവേഴ്സിറ്റിയാണിത്. കലാനുസൃതമായി ഈ യൂണിവേഴ്സിറ്റിയെ മാറ്റിയെടുത്തുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കണമെന്നാണ് ഈ ആവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള സംവരണതത്വം പാലിക്കണമെന്ന കാര്യത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സർ, മറ്റ് സർവ്വകലാശാലകളിലേതുപോലെ വെറ്ററിനറി സർവ്വകലാശാലയിലും സംവരണം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ബില്ലാണിത്. അതുമായി ബന്ധപ്പെട്ട് ഒട്ടനവധി ചർച്ചകളാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ നടത്തിയത്. വെറ്ററിനറി സർവ്വകലാശാല രൂപംകൊണ്ടിട്ട് ഒരുപാട് നാളുകളൊന്നുമായിട്ടില്ല. ശ്രീ. കുറുക്കോളി മൊയ്തീൻ സൂചിപ്പിച്ചതുപോലെ സർവ്വകലാശാല നിലവിൽ വന്നിട്ട് 10-12 വർഷക്കാലമേ ആയിട്ടുള്ളൂ. ഈ സർവ്വകലാശാലയുടെ പ്രവർത്തനം വളരെ മെച്ചപ്പെട്ട നിലയ്ക്കാണ് മുന്നോട്ടുപോകുന്നതെന്ന് അഭിമാനപുരസരം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർവ്വശ്രീ

ടി. സിദ്ദിഖ്, വാഴൂർ സോമൻ, ഒ. ആർ. കേളു ഉൾപ്പെടെയുള്ള നിരവധി എം.എൽ.എ.-മാർ അതിന്റെ കമ്മിറ്റികളിൽ പങ്കെടുത്ത് അവിടത്തെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്തുകൊണ്ട് മുന്നോട്ടുപോകുകയാണെന്നുള്ളത് ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വെറ്ററിനറി സർവ്വകലാശാലയിൽ എന്ത് മാറ്റമാണുണ്ടായിട്ടുള്ളത്; പണ്ട് തുടങ്ങിയതുപോലെതന്നെ നിൽക്കുകയല്ലേ? എന്നൊക്കെ ഇവിടെ ചിലർ ചോദിച്ചിരുന്നു. ഞാൻ ആ നിലയ്ക്ക് അതിനെ കാണുന്നില്ല. ടി മേഖലയിൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഓരോന്നായി ഞാൻ പറയാം. അഖിലേന്ത്യാതലത്തിൽ കേന്ദ്ര കാർഷിക കൗൺസിലിന്റെ സർവ്വകലാശാലാ റാങ്കിംഗിൽ ഇന്ത്യയിലെ ഏറ്റവും നല്ല മൂന്നാമത്തെ സർവ്വകലാശാലയായി നമ്മുടെ വെറ്ററിനറി സർവ്വകലാശാലയ്ക്ക് ഉയരാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഇന്ത്യയിലെ വെറ്ററിനറി സർവ്വകലാശാലകളിൽ മൂന്നാമത്തെ റാങ്കും ഈ സർവ്വകലാശാലയ്ക്ക് നേടിയെടുക്കാനായിട്ടുണ്ട്. കൂടാതെ തുടർച്ചയായി മൂന്നാംവർഷവും ബഹുമാനപ്പെട്ട ചാൻസലർ ഏർപ്പെടുത്തിയ മികച്ച സർവ്വകലാശാലയ്ക്കുള്ള ചാൻസലേഴ്സ് ട്രോഫിയും നേടാനായിട്ടുണ്ട്. വെറ്ററിനറി മൃഗ-ശാസ്ത്ര രംഗത്തെ

അക്കാദമിക് ഗവേഷണ വിജ്ഞാനവും ഈ രംഗത്ത് മികച്ച മുന്നേറ്റവും നടത്തിയ സർവ്വകലാശാലകൾക്കും മേഖലയിലെ സംരംഭകർക്കുമായി പുത്തൻ ആശയങ്ങളും ഗവേഷണങ്ങളുമായി അവർതന്നെ മുന്നിൽ എത്തിയിട്ടുണ്ട്. താറാവുകളിലെ മാരക വൈറസ് രോഗത്തിനെതിരെ വികസിപ്പിച്ച Riemerella anatipestifer വാക്സിനും ആടുകളിലെ രോഗനിർണ്ണയത്തിനായി *Anaemia* Eye *Card*-ഉം വിവിധ അന്താരാഷ്ട്ര പേറ്റന്റുകളും സർവ്വകലാശാലാ ഗവേഷണ ഫലങ്ങളായി പുറത്തുവന്നിട്ടുണ്ട്. കോഴികളിലെ മികച്ച ഇനങ്ങളായ ത്രിവേണി, തലശ്ശേരി എന്നിവയെ കർഷകർക്കായി ഫലപ്രദമായും ഉപകാരപ്രദമായും പുറത്തിറക്കാൻ സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ ചൈത്ര, മണ്ണുത്തി പന്നി എന്നീ ഇനങ്ങളെയും പുറത്തിറക്കിയിട്ടുണ്ട്.

സർവ്വകലാശാല നടത്തിയിട്ടുള്ള മികവിനെക്കുറിച്ചാണ് ഇനി ഞാൻ പറയുന്നത്. അക്കാദമിക്ക് രംഗത്ത് മികച്ച വെറ്ററിനറി ഡയറി പ്രൊവിഷനുകളെ പുറത്തിറക്കി, ഏറ്റവും മികച്ച റാങ്ക് നേടിയ വിദ്യാർത്ഥികളെ പുറത്തിറക്കിയ സർവ്വകലാശാലയ്ക്കുള്ള കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ (ICAR) അവാർഡ് ഉൾപ്പെടെ നേടിയെടുക്കാൻ

വെറ്ററിനറി സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകൾക്കും ഉന്നത പദവികളിലെത്താനും സുതാര്യമായ സെലക്ഷൻ നടത്തി സ്ഥിരം മേധാവികളെ നിയമിക്കാനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്താനും സാധിച്ച ഏക സർവ്വകലാശാലയായി വെറ്ററിനറി സർവ്വകലാശാല മാറിയിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി പെൻഷൻകാർക്കായി സ്മാർട്ട് കാർഡ് പുറത്തിറക്കിയത് ഈ സർവ്വകലാശാലയാണ്. മികച്ച പ്രവർത്തനങ്ങൾകൊണ്ട് നല്ല വരുമാനമുണ്ടാക്കാനും സംസ്ഥാനത്തിന്റെ മൃഗസംരക്ഷണ മേഖലയ്ക്ക് മികച്ച സമ്മാനങ്ങൾ നൽകാനും ഈ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മാസം പകുതിയോടെ ഞാൻ ആ സർവ്വകലാശാല സന്ദർശിച്ചിരുന്നു. അവിടത്തെ വിദ്യാർത്ഥികളും അദ്ധ്യാപകരുമുൾപ്പെടെയുള്ളവർ ചേർന്ന് എട്ടോളം പുതിയ സംരംഭങ്ങൾ ആരംഭിച്ചു. പാലിൽനിന്നും നിർമ്മിക്കാവുന്ന സംരംഭങ്ങൾ, പശുക്കൾക്കും കോഴികൾക്കും മറ്റ് അരുമ മൃഗങ്ങൾക്കും കൊടുക്കാവുന്ന തീറ്റ ഉൽപാദിപ്പിക്കുന്ന ഫാക്ടറികൾ ഉൾപ്പെടെ അവിടെ സ്ഥാപിക്കാനും അതിലൂടെ നല്ലൊരു വരുമാനം സ്വന്തമായി നേടിയെടുക്കാനും

സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഞാൻ ഈ അവസരത്തിൽ സഭയെ അറിയിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒന്നു വഴങ്ങുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ധാരാളം ബില്ലുകളിന്മേൽ ചർച്ച നടത്താനുള്ളതാണ്. ബഹുമാനപ്പെട്ട അംഗത്തിന് ഒരു മിനിറ്റ് സംസാരിക്കാം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിനുവേണ്ടിയാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് മൂന്നാം സ്ഥാനവും രണ്ടാം സ്ഥാനവുമൊക്കെ ഉണ്ടെന്നാണ്. പക്ഷേ എന്റെ കൈവശമുള്ള ICAR റാങ്കിംഗ് അനുസരിച്ച് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിക്ക് 2020-ലെ റാങ്കിംഗ് 28 ആണ്.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, വെറ്ററിനറി സർവ്വകലാശാലയെക്കുറിച്ച് മാത്രമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. വേറൊരു സർവ്വകലാശാലയെക്കുറിച്ചും പറഞ്ഞിട്ടില്ല. അതുപോലെ, വെറ്ററിനറി ഡോക്ടർമാരുടെ അഭാവത്തെക്കുറിച്ച് പല അംഗങ്ങളും ഇവിടെ

ചൂണ്ടിക്കാണിച്ചു. ശരിയാണ്, വെറ്ററിനറി ഡോക്ടർമാരുടെ അഭാവമുണ്ടായിരുന്നു. ആ തസ്തികയുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുവഴി കേരളത്തിലെ മുഴുവൻ ഒഴിവുകളും നികത്താൻ പോകുകയാണ്. ശ്രീ. അനൂപ് ജേക്കബ് ഉൾപ്പെടെയുള്ളവർ ഡയറി സയൻസ് കോളേജിനെക്കുറിച്ച് പറഞ്ഞു. മുട്ടത്തറയിലുള്ള എട്ട് ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന് ഫ്ലാറ്റ് നിർമ്മാണത്തിനുവേണ്ടി ഞങ്ങൾ കൊടുത്തിട്ടുണ്ട്. അതിനുപകരം ഒരു സ്ഥലം ഇപ്പോൾ കണ്ടെത്തി, അതിന്റെ മണ്ണുപരിശോധനയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 32 ഏക്കർ സ്ഥലം നമുക്ക് അനുവദിച്ചുകിട്ടാൻ പോകുകയാണ്. അതിന്റെ അവസാനഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ഡയറി കോളേജിന് അംഗീകാരമില്ലാതെ കുട്ടികൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. കേരളത്തിൽ ഡയറി കോളേജിനെ അംഗീകാരത്തോടുകൂടി നിലനിർത്തണം. മാത്രമല്ല, മാസം 50,000/- രൂപ കൊടുത്ത് വാടകകെട്ടിടത്തിലാണ് ഡയറി കോളേജ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് പ്രസ്തുത സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഏതാനും നാളുകൾക്കകം അവിടെ സ്വന്തമായി ഡയറി കോളേജ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുമായി

മുന്നോട്ടുപോകുന്നതാണ്. മറ്റൊന്ന്, സർക്കാരിന്റെ ഒരു ഗവേഷണ സ്ഥാപനമാണ് IAH&VB (Institute of Animal Health & Veterinary Biologicals). വിവിധതരത്തിലുള്ള വാക്സിൻ ഗവേഷണങ്ങൾ അവിടെ നടക്കുന്നുണ്ട്. താറാവ് വസന്തയ്ക്കുള്ള വാക്സിൻ ഇപ്പോൾ അവിടെ വികസിപ്പിച്ചെടുത്തതാണ്. പേവിഷ-പ്രതിരോധ വാക്സിൻ ഗവേഷണം നടത്തുന്നതിന് ഫാക്ടറി സ്ഥാപിക്കാനുള്ള ഡി.പി.ആർ. ഈ സ്ഥാപനം തയ്യാറാക്കിക്കഴിഞ്ഞു. പന്നിപ്പനി, പക്ഷിപ്പനി, ആന്ത്രാക്സ് തുടങ്ങിയ രോഗങ്ങൾ പകരാതിരിക്കാനുള്ള രോഗപ്രതിരോധ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണം നടത്തുന്നതിനായി സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് എന്നുപറയുന്ന പാലോടിൽ സ്ഥിതി ചെയ്യുന്ന SIAD (State Institute for Animal Diseases)-ൽ എല്ലാ ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞിട്ടുണ്ട്. മറ്റൊന്ന് പറയാനുള്ളത്, പാലുൽപ്പാദനത്തിന്റെ പ്രശ്നമാണ്. ഉൽപ്പാദനക്ഷമതയുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഇന്ത്യയാകമാനമെടുത്ത് പരിശോധിച്ചാൽ പഞ്ചാബാണ് നമ്പർ വണ്ണായി പൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ മിനിമം 10.21 ലിറ്റർ പാലാണ് ഒരു പശുവിന്റെ ഉൽപ്പാദനക്ഷമത എന്നുപറയുന്നത്. എങ്ങനെ കേരളത്തിൽ

ഇത്രയധികം ഉൽപ്പാദനക്ഷമത വന്നു; നമ്മൾ പരിശോധിക്കണ്ടേ? അതിനുകാരണം സങ്കരയിനം പശുക്കൾ കേരളത്തിൽ കൂടിയതാണ്. ഇന്ന് കേരളത്തിൽ 90 ശതമാനവും സങ്കരയിനം പശുക്കളാണുള്ളത്. ആ പശുക്കൾക്ക് ശരാശരി 10.21 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പറഞ്ഞെങ്കിലും ഏകദേശം 35 ലിറ്റർ പാലുവരെ തരുന്ന പശുക്കൾ കേരളത്തിലുണ്ടെന്നുള്ളത് ഞാൻ നേരിട്ട് പല ഫാമുകളിലും പോയി കണ്ടതാണ്. മൂന്ന് പ്രാവശ്യമായി ആ പശുവിനെ കറന്നെടുത്ത് പാൽ ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിൽ തന്നെയാണ്. ആ ഉൽപ്പാദനക്ഷമത കൂട്ടികൊണ്ടുവരാനുള്ള വലിയ പ്രവർത്തനത്തിലേയ്ക്കാണ് സർക്കാർ പോകുന്നത്. ഇന്ത്യയാകെ പരിശോധിച്ചാൽ, ഇന്ത്യ ഇന്ന് കാർഷിക രാജ്യത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ട് പോകുകയാണ്. ഇന്ത്യയിലെ പാവപ്പെട്ട ക്ഷീരകർഷകർ പാലുൽപ്പാദനം നടത്തി സംഘങ്ങളിലൂടെ മിൽമയ്ക്ക് കൊടുക്കുന്ന അവസ്ഥ നമ്മൾ കാണുന്നില്ലേ? ആ പാവപ്പെട്ട കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിലൂടെയാണ് ഇന്ന് ഇന്ത്യ അറിയപ്പെടുന്നത്. 8.75 ലക്ഷം കോടി രൂപ അതിലൂടെ രാജ്യത്തിന് വരുമാനമുണ്ടെന്ന് പറഞ്ഞത് ഞാനല്ല, കേന്ദ്ര ഗവൺമെന്റാണ്. ആ തരത്തിലേയ്ക്ക് പോകുമ്പോൾ

കേരളത്തിൽ കുറച്ച് പ്രശ്നമുണ്ടായിരുന്നു. കാരണം കർഷകർക്ക് ഉൽപ്പാദനച്ചെലവ് പലപ്പോഴും വളരെയധികം കൂടുതലായിരുന്നു. ആ അവസരത്തിൽ വിവിധതരം സബ്സിഡികൾ, വ്യത്യസ്തതരത്തിലുള്ള ആനുകൂല്യങ്ങൾ എന്നിവയൊക്കെ അവർക്ക് കൊടുത്തുകൊണ്ടിരുന്നതാണ്. പക്ഷേ ഞങ്ങൾക്ക് പിടിച്ചുനിൽക്കാൻ പറ്റുന്നില്ല. കേരളത്തെക്കുറിച്ച് അറിയാമല്ലോ, കൂടുതൽ കൃഷി ചെയ്യാനും ഉൽപ്പാദനം നടത്താനും സാധിക്കുന്നില്ല, കേരളത്തിന് പുറത്തുനിന്ന് ഇൻഗ്രീഡിയൻസ് കേരളത്തിലേയ്ക്ക് കൊണ്ടുവന്നെങ്കിൽ മാത്രമേ നമുക്ക് ഫീഡ് ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. അത് ഇവിടെ എത്തുമ്പോഴുണ്ടാകുന്ന ചെലവ് നല്ലതുപോലെ അറിയാം. പെട്രോളിന്റെയും ഡീസലിന്റെയുമൊക്കെ ചെലവുവച്ച് നോക്കിക്കഴിഞ്ഞാൽ അതൊന്നും താങ്ങാൻ സാധിക്കില്ല. അതുകൊണ്ടാണ് ഈ തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചത്. തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചെന്ന് പറയുമ്പോഴും 2019-നുശേഷം കേരളാ ഫീഡ്സിന്റെയോ മിൽമയുടെയോ വിലയൊന്നും വർദ്ധിപ്പിച്ചിട്ടില്ലായിരുന്നു. ഇപ്പോഴാണ് 150 രൂപ വർദ്ധിപ്പിച്ചത്. കാരണം കേരള ഫീഡ്സിൽ പത്തായിരത്തോളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഗവൺമെന്റിന് കീഴിലുള്ള

സ്ഥാപനമല്ലേ; അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിന് ഇല്ലേ; അതുകൊണ്ടുമാത്രമാണ് തുക വർദ്ധിപ്പിച്ചത്. അങ്ങനെ വർദ്ധിപ്പിക്കുമ്പോഴും ഞങ്ങൾ ഒരുകാര്യം തീരുമാനിച്ചത് കേരളത്തിലെ പശുക്കൾ ഏറ്റവും കൂടുതൽ കഴിക്കേണ്ടത് പുല്ലാണെന്നതന്നെയാണ്. നമുക്കറിയാം ഒരു പശു കഴിക്കേണ്ടത് 60 ശതമാനം പുല്ലും 40 ശതമാനം തീറ്റയുമാണ്. നമ്മുടെ കർഷകർ അതാണോ ചെയ്യുന്നത്; അതുകൊണ്ട് കേരളത്തിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലെല്ലാം വ്യാപകമായനിലയിൽ പുൽക്കൃഷി ചെയ്യാൻ തീരുമാനിച്ചു. അതിനുവേണ്ടി കോടികൾ മാറ്റിവച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് 16,000/- രൂപ ഉൾപ്പെടെ സബ്സിഡി കൊടുത്തുകൊണ്ടാണ് കൃഷി ചെയ്യുന്നത്. 16,000/- രൂപയ്ക്ക് മേലെ വരും. കാരണം അതിന്റെ പുൽക്കട ഉൾപ്പെടെ വച്ചുപിടിപ്പിക്കാനായി സൗജന്യമായിട്ടാണ് അവർക്ക് കൊടുക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, തീറ്റപ്പുൽക്കൃഷി കേരളത്തിൽ ഏതൊക്കെ ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, തൃശ്ശൂർ, എറണാകുളം, വയനാട് തുടങ്ങി കേരളത്തിലെ എല്ലാ ജില്ലകളിലും തീറ്റപുൽക്കൃഷി ചെയ്യുന്നുണ്ട്. കൊല്ലം

ജില്ലയിലെ ചാത്തന്നൂരിൽ 50 ഏക്കർ സ്ഥലത്താണ് ടി കൃഷി ചെയ്യുന്നത്. എറണാകുളത്തും തൃശ്ശൂരും ഞാൻ നേരിട്ടുപോയി കണ്ടതാണ്. ബഹുമാനപ്പെട്ട അംഗം എന്റെ കൂടെവന്ന് ഏത് ജില്ലയിലെ തീറ്റപുൽക്കൃഷി കാണിക്കണമെന്ന് പറഞ്ഞാൽ മതി, ഞാൻ കാണിച്ചുതരാം. അത് ഞാൻ വെല്ലുവിളിക്കുകയാണ്. മലപ്പുറം ജില്ലയിൽ കുറവായതുകൊണ്ട് അവിടെ അത് നല്ലരീതിയിൽ തുടങ്ങാനുള്ള സംവിധാനമെടുത്തിട്ടുണ്ട്. അവിടെ ഉൾപ്പെടെ ഒഴിഞ്ഞുകിടക്കുന്ന മറ്റ് സ്ഥലങ്ങളുണ്ടെങ്കിൽ അവിടെയെല്ലാം ഈ കൃഷി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഞാൻ ഇന്നലെ അഞ്ചാറ് ക്ഷീരകർഷകർക്ക് അവാർഡ് കൊടുക്കുകയുണ്ടായി. ഏറ്റവും മികച്ച ക്ഷീരകർഷകൻ, ഏറ്റവും കൂടുതൽ പാൽ അളക്കുന്ന കർഷകൻ, ഏറ്റവും നല്ല യുവകർഷകൻ, ഏറ്റവും നല്ല വനിതാ യുവകർഷക തുടങ്ങിയ വിഭാഗങ്ങൾക്കാണ് അവാർഡ് നൽകിയത്. 50,000/- രൂപയും ഒരു ലക്ഷം രൂപയുമൊക്കെയാണ് സമ്മാന തുക. ഏറ്റവും നല്ല ക്ഷീരകർഷകനുള്ള അവാർഡിന് അർഹനായത് ഇടുക്കി ജില്ലയിലെ ഒരു കർഷകനാണ്. അവിടെ ലിറ്റർ കണക്കിന് പാൽ അളക്കുകയാണ്. ഗവൺമെന്റ് കൊടുത്ത നാല് രൂപ സബ്സിഡി, ആദ്യമായി ഒരു മാസത്തിൽ ഏറ്റവും കൂടുതൽ തുകയായ ഒന്നര ലക്ഷം രൂപ വാങ്ങിയ

കർഷകനും ഇന്നലെ അവാർഡ് വാങ്ങാൻ വന്നിരുന്നു. അതൊക്കെ ഞാൻ അഭിമാനപൂർവ്വം പറയുകയാണ്. ഇപ്പോൾ ഞങ്ങൾ ചോളം കൃഷി ചെയ്യാൻ പോകുകയാണ്. കേരളത്തിലെ പശുക്കൾക്ക് ഏറ്റവും കൂടുതൽ കൊടുക്കേണ്ടത് ചോളം സൈലേജാണ്. ഇപ്പോൾ ഞങ്ങളത് കണ്ടിട്ടുണ്ട്. അതുകൊടുത്താൽ പശുക്കൾക്ക് നല്ല ഉൽപ്പാദനശേഷിയും വളർച്ചയുമുണ്ടാകും. അത്തരത്തിലുള്ള സൈലേജ് കേരളത്തിൽ കൂടുതലായി കൊണ്ടുവരാനുള്ള പ്രവർത്തനത്തിലേയ്ക്കാണ് പോകുന്നത്. പഞ്ചാബിലും ആന്ധ്രാപ്രദേശിലും പോയപ്പോൾ ഞങ്ങൾ അത് കണ്ടതാണ്. ആന്ധ്രാപ്രദേശിൽ ഒരു സംഘം 83 ഏക്കറിൽ ചോളം കൃഷി ചെയ്യുകയാണ്. അവർ കൃഷിക്കാരെക്കൊണ്ട് എത്രവേണമെങ്കിലും ഉൽപ്പാദിപ്പിച്ച് ഞങ്ങൾക്ക് തരാമെന്ന് പറഞ്ഞിട്ടുണ്ട്. അത് കുറഞ്ഞ ചെലവിൽ എടുക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, പച്ചപ്പുൽക്കൃഷി നന്നായി നടന്നുവരുന്നുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിൽ വയനാട് ജില്ലയിൽ പലയിടത്തും നടത്തുന്നുമുണ്ട്. അതിൽ confrontation-ന്റെ കാര്യമില്ല. ഞാൻ പറഞ്ഞ പ്രധാനപ്പെട്ട കാര്യം, മൃഗസംരക്ഷണ

വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സ്ഥലങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് 1972-ൽ കാർഷിക സർവ്വകലാശാലയുണ്ടായത്. എന്നാൽ വെറ്ററിനറി യൂണിവേഴ്സിറ്റി ഉണ്ടായതിനുശേഷം ഒരു തീരുമാനമെടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവർ പങ്കെടുത്ത് മീറ്റിംഗും നടത്തി. വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് അവകാശപ്പെട്ട 80 ഏക്കർ സ്ഥലം ഇപ്പോഴും കാർഷിക സർവ്വകലാശാല കൈവശംവച്ചിരിക്കുകയാണ്, വിട്ടുകൊടുത്തിട്ടില്ല. മാത്രമല്ല, നിലവിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കൈവശമുള്ളത് വനവും പാറകൾ നിറഞ്ഞതുമായ പ്രദേശമാണ്. ഫോറസ്റ്റിന്റെ അവകാശവാദം കാരണം വികസന പ്രവർത്തനങ്ങളൊന്നും നടത്താൻ സാധിക്കുന്നില്ല. സെൻട്രൽ ഗവൺമെന്റ് അനുവദിച്ചിരിക്കുന്ന പണംപോലും വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ അവിടെനിന്ന് അത് മാറ്റുന്ന കാര്യംപോലും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇടപെട്ട് സംസാരിച്ചിട്ടും ഉത്തരവിറക്കിയിട്ടും കാർഷിക സർവ്വകലാശാല പ്രസ്തുത സ്ഥലം ഇതുവരെ തിരികെ നൽകിയിട്ടില്ല. സർക്കാർ തലത്തിൽ ചെയ്യേണ്ട ഒരു കാര്യംകൂടി പറയാനുണ്ട്, 2019-20-ൽ പദ്ധതിയേതര വിഹിതം 89.078 കോടി രൂപയാണ്. 2020-21-ലും അതേ തുക

തന്നെയാണ്. സാധാരണ എല്ലാ വർഷവും 10 ശതമാനം വീതം വർദ്ധനവുണ്ടാകാറുണ്ട്. അതുണ്ടായില്ലെന്ന് മാത്രമല്ല സാമ്പത്തിക വിഹിതത്തിൽ 62.19 കോടി രൂപയുടെ ക്ഷാമവും നേരിടുന്നുണ്ട്. ഒരിഞ്ച് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവിടെ ഗവേഷണങ്ങൾ നന്നായി നടക്കുന്നുണ്ട്, പുതിയ പ്രോഡക്ടുകളും എക്യുപ്‌മെന്റുകളൊക്കെ വരുന്നുണ്ട്. വലിയ സമ്പത്താണ് വെറ്ററിനറി യൂണിവേഴ്സിറ്റി എന്നതിൽ തർക്കമില്ല. 183 കോടി രൂപയെങ്കിലും സർക്കാർ തലത്തിലുണ്ടായാൽ മാത്രമേ ഒരിഞ്ചെങ്കിലും മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൂടി സർക്കാർതലത്തിൽ ഉണ്ടാകണം.

<u>ചെയർപേഴ്സൺ</u>: വിയോജനക്കുറിപ്പിൽ ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് അംഗങ്ങളും നന്നായി സംസാരിച്ചിരുന്നു. വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കുകൂടി സമയം ആവശ്യമാണ്. അതുകൊണ്ട് അംഗങ്ങൾ സഹകരിക്കണം.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, തീറ്റപുൽക്കൃഷി ചെയ്യുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. അത് പ്രാദേശികമായി ചെയ്യുന്നതിന് ഒരു ഹെക്ടറിന് 16000 രൂപ സബ്സിഡിയായി കൊടുക്കുന്നുണ്ടെന്ന് പറയുകയുണ്ടായി. അതിലേയ്ക്ക് തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനംകൂടി ഉപയോഗപ്പെടുത്താൻ

കഴിയുമോയെന്നതാണ് എന്റെ സംശയം.

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, തൊഴിലുറപ്പ് തൊഴിലാളികളെ നമുക്ക് ഏർപ്പെടുത്താം. പുൽക്കാട് എന്ന പുല്ലിന്റെ കമ്പ് കിട്ടുമ്പോൾ അത് തൊഴിലുറപ്പ് തൊഴിലാളികളെക്കൊണ്ടുതന്നെ വച്ചുപിടിപ്പിക്കും. അതിന് അധികം പണം കൊടുക്കേണ്ടിവരില്ല. പുല്ല് നനപ്പിക്കണമെങ്കിൽ അതിനുള്ള സംവിധാനവും ഞങ്ങൾ ചെയ്തുതരാം. അത്തരത്തിൽ വ്യാപകമായ നിലയിൽ വളർത്തിക്കൊണ്ടുവന്നാൽ കേരളത്തിലെ കാർഷിക മേഖലയിൽ നല്ലൊരു മാറ്റം കൊണ്ടുവരാൻ സാധിക്കും. പൂക്കോട് വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥലവുമായി ബന്ധപ്പെട്ടുള്ള കേസ് കോടതിയുടെ പരിഗണനയിലാണെന്നാണ് എനിക്ക് തോന്നുന്നത്. അവിടെയുള്ള കുറച്ച് സ്ഥലം പഞ്ചായത്തുമായി അലോചിച്ച് എടുക്കണമെന്ന് തീരുമാനിച്ചെങ്കിലും നടപടിയൊന്നുമായിട്ടില്ല. തൃശ്ശൂരും കുറച്ച് പ്രശ്നമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച നടത്തി ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ അത് കൃഷി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. അത് പരിഹരിക്കാനുള്ള ശ്രമം വളരെ പെട്ടെന്നുതന്നെ നടത്തുന്നതാണ്. ഞാൻ പറഞ്ഞുവന്നത്, നമ്മുടെ കർഷകരെ

സഹായിക്കാനുള്ള എല്ലാ സമ്പത്തും സ്വരൂപിച്ചു കഴിഞ്ഞു. പാലിന്റെ വില ഞങ്ങൾ കൂട്ടിക്കൊടുത്തു. അതിൽ ഭൂരിപക്ഷവും (5.75-ഉം) നമ്മുടെ കർഷകർക്ക് വരുന്ന നിലയിലാണ് ചെയ്തിരിക്കുന്നത്. മറ്റൊരു കാര്യം, ഇന്നലെ ഇവിടെ ഇൻസെന്റീവിനെക്കുറിച്ച് സംശയം ചോദിച്ചിരുന്നു, അത് നമ്മൾ കൃത്യമായി കൊടുക്കുന്നുണ്ട്. പഞ്ചായത്തിന്റെ പദ്ധതി രേഖ വരുന്നതനുസരിച്ച് പണം മുഴുവൻ അതത് സ്ഥലത്ത് കൊടുക്കുന്നുണ്ട്. അതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. ഇനിയൊരു അവസരത്തിൽ നിങ്ങൾ ചോദിക്കുകയാണെങ്കിൽ ഓരോ മാസവും ഏതൊക്കെ പഞ്ചായത്തുകൾക്ക് എത്രയൊക്കെ പണം കൊടുത്തിട്ടുണ്ടെന്നുള്ളത് കൃത്യമായി ഞാൻ പറയുന്നതാണ്. ഞാൻ ഒരുപാട് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കാനുള്ള നടപടികൾ ഇവിടെ സ്വീകരിക്കും. വകുപ്പുതിരിച്ചുള്ള പരിഗണനയുള്ളതിനാൽ എല്ലാ കാര്യങ്ങൾക്കുംകൂടി മറുപടി പറയാൻ സാധിക്കുന്നില്ല. ഒരുപാട് കാര്യങ്ങൾ പറയണമെന്നുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിൽനിന്ന് വിട്ടുനിൽക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: ചെറിയ ഭേദഗതികൾപോലും നമ്മൾ ഒരു മണിക്കൂറിന് മുകളിൽ ചർച്ച ചെയ്തു.

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, 2014-ൽ നമ്മുടെ യൂണിവേഴ്സിറ്റി നിയമം രണ്ടാം ഭേദഗതി പ്രകാരം റിസർവ്വേഷൻ സംബന്ധിച്ച കെ.എസ്.& എസ്.എസ്.ആർ. ചട്ടം 14(1) വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, ശ്രീശങ്കരാചാര്യ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ യൂണിവേഴ്സിറ്റികളിൽ ബാധകമായിട്ടുണ്ട്. പ്രസ്തുത സർവ്വകലാശാല നിയമ ഭേദഗതി പ്രകാരം എല്ലാ സർവ്വകലാശാലകളിലും സംവരണ വ്യവസ്ഥ ഏകീകരിക്കുക എന്ന ഉദ്ദേശ്യം നടപ്പാക്കിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ വകുപ്പുകളെയും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായിക ക്രമം പാലിക്കണമെന്ന വ്യവസ്ഥ പ്രസ്തുത സർവ്വകലാശാലകളിൽ നടപ്പിലായി. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല ആക്ടിൽ 58-ാം വകുപ്പിൽ ഭേദഗതി കൊണ്ടുവരാത്തതുമൂലം സംവരണത്തിന്റെ ഗുണഫലം ലഭിച്ചിരുന്നില്ല. എന്നാൽ ആ പോരായ്മ പരിഹരിക്കാനാണ് 58-ാം വകുപ്പിൽ അപ്രകാരമുള്ള ഒരു ഭേദഗതി കൊണ്ടുവരാൻ സർക്കാർ ആഗ്രഹിക്കുന്നത്. 2010-ലെ കേരള

വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടിലെ 58-ാം വകുപ്പ് പ്രകാരം സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും നിയമനത്തിന്റെ കാര്യത്തിൽ പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗക്കാർക്കും സർക്കാരിന്റെ കീഴിലുള്ള തസ്തികകളിലെ നിയമനങ്ങൾക്കുള്ള സംവരണചട്ടങ്ങൾ ബാധകമാക്കുന്നതാണ്. എല്ലാ വകുപ്പുകളെയും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരുന്നതിലേയ്ക്കായി സംസ്ഥാനത്തെ സർവ്വകലാശാലയിലെ അദ്ധ്യാപക, അദ്ധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ സംവരണവും സാമുദായികക്രമവും സംബന്ധിച്ച് ഒരു ഏകീകൃത വ്യവസ്ഥ കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ഈ ആവശ്യത്തിലേയ്ക്ക് അദ്ധ്യാപക, അദ്ധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിലെ സംവരണ രീതിയും സാമുദായികക്രമവും സംബന്ധിച്ച് മറ്റ് സർവ്വകലാശാല ആക്ടുകളിലെ വ്യവസ്ഥകളുമായി ഐക്യരൂപം കൈവരിക്കുന്നതിനായി 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടിലെ പ്രസ്തുത വ്യവസ്ഥ 2014-ലെ സർവ്വകലാശാല നിയമങ്ങൾ രണ്ടാം ഭേദഗതി ആക്ടിന്

അനുസൃതമായി ഭേദഗതി ചെയ്യുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ. അതുകൊണ്ട് 2022-ലെ കേരള വേറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ചെയർപേഴ്സൺ: ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ചെയർപേഴ്സൺ: അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. ഒ. ആർ. കേളു, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള

വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

<u>Shri Sebastian Kulathunkal as assigned by Dr. N. Jayaraj</u>: Sir, I move the following amendments.

106. In section 58 proposed to be substituted in the principal Act by clause 2 for the word " of" occuring before the word " clauses" the word " in" shall be substituted.

107. In section 58 proposed to be substituted in the principal Act by clause 2 for the words " and the provisions of " the words " and the provisions in" shall be substituted.

108. In section 58 proposed to be substituted in the principal Act by clause 2 for the words " as one unit" the words " as a single unit" shall be substituted.

<u>ചെയർപേഴ്സൺ:</u> ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ

സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 106, 107, 108 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri Sebastian Kulathunkal as assigned by Dr. N. Jayaraj: Sir, I move the following amendment.

105. In the enacting formula the symbol " -" occuring after the word " Seventy" shall be deleted.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(മൂന്നാം വായന)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ.

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, ഇത് വളരെ ചെറിയ ബില്ലാണ്. ഇത് സംസ്ഥാനത്ത് നടപ്പിലാക്കിയത് ഹൈക്കോടതിക്കുകൂടി ബാധകമാകുന്നതാണ്. സബ്ജക്ട് കമ്മിറ്റിയിൽ മറ്റ് വിയോജിപ്പുകളൊന്നും വരാത്ത ബില്ലാണിത്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതുപോലെ പ്രത്യേകിച്ചൊന്നും പറയാനില്ല. കേരള ഗവൺമെന്റ് പെൻഷൻ പ്രായം 56 ആക്കി ഉയർത്തിയതിനെത്തുടർന്നുള്ള കാര്യങ്ങളും അതിനനുസൃതമായി ഹൈക്കോടതി സർവ്വീസിന്റെ കാര്യത്തിലും 56 വയസ്സെന്നുള്ളത് അംഗീകരിക്കണമെന്നതാണ് പ്രസ്തുത ഭേദഗതിയുടെ ഭാഗമായി വന്നിരിക്കുന്നത്. കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ

പറഞ്ഞാൽ, ധാരാളം പ്രശ്നങ്ങൾ പറയാനുണ്ട്. ഹൈക്കോടതിയിലെ പെൻഷൻ പ്രായം ഇനിയും ഉയർത്തണമെന്ന അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. ഒരുവശത്ത് വിരമിക്കൽ പ്രായം ഉയർത്തണമെന്ന് സർവ്വീസിലുള്ളവരും പുറത്തുള്ള ചെറുപ്പക്കാരായ വിദ്യാസമ്പന്നരായ ആളുകൾ പ്രായം ഉയർത്തുന്നതിൽ വിയോജിപ്പും പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കേട്ടാൽ അത്ഭുതം തോന്നും. കേരളത്തിലും ഇന്ത്യയിലുമായി 24 ഹൈക്കോടതികളിലായി 43 ലക്ഷം കേസുകൾ കെട്ടിക്കിടക്കുന്നുവെന്നാണ് നമ്മുടെ രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തിലെ ചീഫ് ജസ്റ്റിസ് പറഞ്ഞിരിക്കുന്നത്. അതുപോലെ ജഡ്ജിമാരുടെ പ്രായം ഉയർത്തണമെന്ന വാദം ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമൊക്കെ കേൾക്കാൻ കഴിയും. നിലവിലെ സാഹചര്യത്തിൽ കേരള ഗവൺമെന്റിന്റെ നയം എന്നനിലയിൽ നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾക്കനുസരിച്ചാണ് ഹൈക്കോടതിയിലെ വിരമിക്കൽ പ്രായത്തെ സംബന്ധിച്ച് കാര്യങ്ങളും കൂടി പറഞ്ഞിരിക്കുന്നത്. മറ്റ് കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഇതുമായി ബന്ധപ്പെട്ട

വിഷയത്തിൽ ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. ഇ. ചന്ദ്രശേഖരൻ മാത്രമാണ് സംസാരിച്ചിട്ടുള്ളത്. അദ്ദേഹം ബില്ലിനെ പിന്തുണച്ചിരിക്കുന്നു. പൊതുവെ അത് സഭയുടെ വികാരമാണ്. അതുകൊണ്ട് ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. ഇ. ചന്ദ്രശേഖരൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

(രണ്ടാം വകുപ്പ്)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

" he" എന്ന വാക്ക് വരുന്നിടത്തെല്ലാം " she or he" എന്നീ വാക്കുകൾ ചേർക്കാവുന്നതാണ്.

നമ്മുടെ നിയമനിർമ്മാണത്തിൽ സെൻട്രൽ ആക്ടായ The General Clauses Act, 1897- നെ അടിസ്ഥാനപ്പെടുത്തിയാണ് എല്ലാ നിയമങ്ങളും നിർമ്മിക്കുന്നത്. പ്രസ്തുത ആക്ട് 1897 മുതൽ പിന്തുടർന്ന് വരുന്നതാണ്. ഒരു വനിതാ അംഗം ചെയറിലിരിക്കുന്നതുകൊണ്ട് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്, ആ ക്ലോസിൽ നിലനിൽക്കുന്ന വ്യവസ്ഥ " Words importing the musculine gender shall be taken to

include female” എന്നുള്ളതാണ്. പുരുഷലിംഗം പറഞ്ഞുകഴിഞ്ഞാൽ സ്ത്രീകളെല്ലാം അതിനകത്താണെന്നാണ്. 'he' എന്നുപറഞ്ഞാൽ 'she' അതിനകത്തുണ്ടെന്ന് മനസ്സിലാക്കണം എന്നാണ്. ഇതാണ് നമ്മുടെ രാജ്യത്തിപ്പോൾ പിന്തുടർന്നുവരുന്ന നിയമം. ഇതിനകത്ത് ചില ഭേദഗതികളുണ്ടെങ്കിലും മറ്റുള്ള ബില്ലുകളുടെ ഭേദഗതികൾ അവതരിപ്പിക്കുന്ന ഘട്ടങ്ങളിലും ഇത്തരം അഭിപ്രായങ്ങൾ സഭയിൽ വന്നിട്ടുണ്ട്. ഭേദഗതികളിൽ ഒന്നിൽ മാത്രം മാറ്റം വരുത്തുന്നതിന് ചില പരിമിതികളുണ്ട്. പ്രസ്തുത ബില്ലിലെ ഒരു സൗകര്യമെന്ന് പറയുന്നത്, ഈ ഭാഗത്തുമാത്രമാണ് he എന്ന പ്രയോഗം വരുന്നത്. ഇവിടെത്തന്നെ he or she എന്നുള്ള ഭേദഗതിയുണ്ടെങ്കിലും ഔദ്യോഗിക ഭേദഗതി 'she or he' എന്ന രൂപത്തിൽ ഈ നിയമത്തിൽ മാറ്റം വരുത്തണമെന്നുള്ളതാണ്. ഭാവിയിലുള്ള എല്ലാ നിയമനിർമ്മാണങ്ങളിലും he എന്നുള്ളത് 'she'-യെക്കൂടി ഉൾക്കൊള്ളും എന്നതുമാറ്റി 'she or he, her or his'എന്ന രൂപത്തിൽ ഭേദഗതി വരുത്തുമെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. ജെ മാക്സി: സർ, മൂന്നാം ലിംഗക്കാർ എന്നൊരു വിഭാഗമില്ലേ?

ഡോ. മാത്യു കുഴൽനാടൻ: സർ, ജനറൽ ക്ലോസസ് ആക്ടിൽ 'he' എന്ന

പ്രയോഗം എല്ലാത്തിനെയും ഉൾക്കൊള്ളുമെന്നുണ്ടെങ്കിൽ 'he' is safe, if you put 'he' or 'she' then the third order should also be considered.

<u>ശ്രീ. പി. രാജീവ്:</u> സർ, അത് നിയമപരമായി പ്രശ്നമില്ല. കാരണം, 'he' ഇതിനകത്ത് നിൽക്കുന്നിടത്തോളം അത് ഉൾക്കൊള്ളും. ഈ ഭാഗം ഇപ്പോൾ ഇതിൽ കൊണ്ടുവരാത്തത് എൽ.ജി.ബി.ടി. കമ്മ്യൂണിറ്റിയുമായി ബന്ധപ്പെട്ട് ഒരു ആക്ടുള്ളതുകൊണ്ട് അതിൽ പരസ്യമായി പറയാമെന്ന് സംബന്ധിച്ച ചില വ്യവസ്ഥകളുണ്ട്. അതുകൊണ്ട് അതുമായി ചേർത്തുവച്ചുവേണം അത് പരിശോധിക്കേണ്ടത്. ഈ ഘട്ടത്തിൽ അമെന്റ്മെന്റിന്റെ ഭാഗമായി കൊണ്ടുവരാനുള്ള പരിമിതി മാത്രമേയുള്ളൂ. അതുകൂടി ഇതിന്റെ ഭാഗമായി വരണമെന്നുള്ള പൊതുവികാരമാണ് ഗവൺമെന്റിനുള്ളത്. അടുത്ത നിയമനിർമ്മാണത്തിൽ രാജ്യത്ത് നിലവിലുള്ള ഈ നിയമം എൽ.ജി.ബി.ടി. നിയമവുമായി ചേർത്തുവച്ചുകൊണ്ട് ആ സാധ്യതകൂടി പരിശോധിക്കുന്നതാണ്.

<u>Shri Sebastian Kulathunkal as assigned by Dr. N. Jayaraj</u>: Sir, I move the following amendment.

107. In section 2, proposed to be amended in the Principal Act by

Clause 2 before the words " National Pension System" the word " the" shall be inserted.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 107-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ

ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri Sebastian Kulathunkal as assigned by Dr. N. Jayaraj: Sir, I move the following amendment.

105. In the preamble after the figures " 2008, the symbol, figures and word " (34 of 2008)" shall be added.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 105-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(മൂന്നാം വായന)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(iii) <u>2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ</u>

(iv) <u>2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ അതിന്റെ ഉള്ളടക്കം പറഞ്ഞിട്ടുള്ളതാണ്.

വളരെ ചെറിയ രണ്ട് ബില്ലുകളാണിത്. 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിൽ, ഏറ്റെടുക്കുന്നതിൽ വിട്ടുപോയ ഒരു സ്ഥലം ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബില്ലിൽ കേന്ദ്ര ഉപദേശത്തിന്റെ ഭാഗമായി, കുഷ്ഠരോഗികൾ എന്നുള്ള പ്രയോഗം ഒഴിവാക്കണമെന്നുമുള്ള ഭേദഗതികളാണുള്ളത്. കഴിഞ്ഞ ബില്ലിന്റെ മാതൃക പിന്തുടർന്നുകൊണ്ട് ഈ ബില്ലുകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവയിൽ നിലവിൽ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥകളോട് ഞങ്ങൾക്ക് വലിയ വിയോജിപ്പൊന്നുമില്ലെങ്കിലും ഈ രണ്ട് വ്യവസായ മേഖലകളോടും പ്രത്യേകിച്ച് വ്യവസായ മേഖല മുഴുവനായും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കാരണമായ സർക്കാരിന്റെ നയത്തിലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. ആർ.ബി.ഐ. പുറത്തുവിട്ട കണക്കുകൾ പ്രകാരം,

സംസ്ഥാന ആഭ്യന്തര സ്ഥിതിവിരക്കണക്കുകൾ നോക്കുമ്പോൾ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം വളരെ പിന്നിലാണ്. മറ്റ സംസ്ഥാനങ്ങളുടെ വളർച്ച ഏഴും എട്ടും ശതമാനത്തിന് മുകളിൽ രേഖപ്പെടുത്തിയപ്പോൾ കേരളത്തിന്റെ വളർച്ചാ നിരക്ക് വെറും മൂന്ന് ശതമാനം മാത്രമാണ്.

കേരളത്തിന് ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാലാവസ്ഥ, അന്തർദേശീയ സമുദ്രപാത, അന്തർദേശീയ വിമാനത്താവളങ്ങൾ, പ്രവാസി സമ്പത്തുക്കൾ ഇതൊക്കെയുണ്ടായിട്ടും ആയത് സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉപയോഗിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടുവെന്നാണ് ഇതിനർത്ഥം. റിസർവ് ബാങ്ക് പുറത്തിറക്കിയ പുതിയ റിപ്പോർട്ട് പ്രകാരം ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് വ്യവസായ യൂണിറ്റുകളുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ ഏകദേശം 2.5 ലക്ഷം വ്യവസായ യൂണിറ്റുകളുള്ളതിൽ 8000-ൽ താഴെ മാത്രമാണ് കേരളത്തിലുള്ളത്. സംസ്ഥാനത്തിന്റെ മൂലധന നിക്ഷേപം വെറും 0.76 ലക്ഷം കോടി രൂപ മാത്രമാണ്. വ്യവസായ യൂണിറ്റുകളുടെ തൊഴിൽ കണക്കുപ്രകാരം തമിഴ്നാട് 26 ലക്ഷം പേർക്ക് ജോലി കൊടുക്കുമ്പോൾ കേരളം കൊടുക്കുന്നത് വെറും

3.34 ലക്ഷം പേർക്കാണ്. എവിടേയ്ക്കാണ് നമ്മുടെ പോക്ക്? നമ്മുടെ വ്യവസായങ്ങളൊക്കെ അതിർത്തി കടന്നുപോകുന്നതിനെപ്പറ്റി പലവട്ടം ഇവിടെ സംസാരിച്ചതാണ്. എന്തുകൊണ്ട് അയൽനാട്ടിലേയ്ക്ക് പോകുന്നുവെന്ന് അന്വേഷിച്ചാൽ, കേൾക്കാനുള്ള മനസ്സും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സന്നദ്ധതയും അവിടത്തെ അധികാരികൾക്കുണ്ടെന്നാണ് പലരുടെയും മറുപടി. നമുക്കില്ലാത്തതും അതുതന്നെയാണ്. വ്യവസായ പ്രോത്സാഹന പാക്കേജുകളുൾപ്പെടെയുള്ളവ പ്രഖ്യാപിക്കുന്നതിൽ അവർ വളരെ വേഗത്തിലും കേരളം വൈകിയുമാണ് തീരുമാനമെടുക്കുന്നത്.

മൊബൈൽ ഫോൺ അസംബ്ലി, അതിന്റെ ഘടകങ്ങൾ, ചിപ്പുകൾ നിർമ്മാണം, ഇലക്ട്രിക് വാഹനങ്ങൾ തുടങ്ങി ഭാവിയിലേറ്റവും സാധ്യതയുള്ള വ്യവസായങ്ങൾ നമ്മുടെ കൺമുന്നിലൂടെയാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത്. തീപ്പെട്ടി വ്യവസായം പ്രതിസന്ധി നേരിടുന്നുവെന്ന് മനസ്സിലാക്കിയപ്പോൾ യൂസ് ആൻഡ് ത്രോ ലൈറ്ററിന്റെ ഇറക്കുമതി തടയണമെന്ന് കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ് തമിഴ്നാട് മുഖ്യമന്ത്രി ചെയ്തത്. അത് വേണമോ വേണ്ടയോ എന്നത് ഡിബേറ്റ് ചെയ്യേണ്ട കാര്യമാണ്. പക്ഷെ അവിടത്തെ വ്യവസായികളെ

സംരക്ഷിക്കണമെന്ന നിലയിൽ അദ്ദേഹം ഇത് മുഴുവനായി നിരോധിക്കണമെന്ന് പറഞ്ഞു. ഏത് വ്യവസായമാണെങ്കിലും അത് നിലനിൽക്കണമെന്നും പുതിയവ വരണമെന്നുമാണ് അവരുടെ കാഴ്ചപ്പാട്.

സ്റ്റാർട്ടപ്പുകൾ തുടങ്ങാനുള്ള ചെലവ് കുറഞ്ഞ സംസ്ഥാനങ്ങളിലൊന്നാണ് കേരളമെങ്കിലും ഇത് സംരംഭകർക്ക് പ്രിയപ്പെട്ട സ്ഥലമല്ലെന്ന സ്ഥിതിവിശേഷം മാറണം. വിദേശത്ത് പോയി സമ്പാദിച്ച് കഷ്ടപ്പെട്ട് ഇവിടെ റിസോർട്ട് തുടങ്ങാൻ വന്ന അനസിന്റെ കഥ അറിയാമോ; ആ യുവസംരംഭകന് എൻ.ഒ.സി. കിട്ടാത്തതിനാൽ നാല് കോടി രൂപയോളം നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്യാനേ നിവൃത്തിയുള്ളൂവെന്ന് പറഞ്ഞ് മുഖ്യമന്ത്രിക്ക് കത്തയച്ച വാർത്ത ഇനിയും നമ്മുടെ മാറാത്ത വ്യവസ്ഥയുടെ സ്ഥിതിയാണ്. ഈ വാർത്ത മുഴുവനും പത്രങ്ങളിൽ വന്നതാണ്. വർഷങ്ങളായി വിദേശരാജ്യങ്ങളിൽ ജോലിചെയ്ത് ഇവിടെ മടങ്ങിവന്ന് ലോണെടുത്ത് നാല് കോടി രൂപകൊണ്ട് റിസോർട്ടുണ്ടാക്കിയെങ്കിലും അതിന് ലൈസൻസ് കിട്ടിയില്ല. എൻ.ഒ.സി. കിട്ടാത്തതിന് പഞ്ചായത്തും മുനിസിപ്പാലിറ്റിയുമാണ് വലിയ പ്രശ്നം. കേരളത്തിൽ കോവിഡ് അതിവ്യാപനത്തെ തുടർന്നുള്ള പ്രതിസന്ധി കാരണം ആവശ്യമായ

സഹായങ്ങൾ വ്യവസായികൾക്ക് കൊടുക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ ഏകദേശം ഒരു ലക്ഷം എം.എസ്.എം.ഇ.-കൾ ആരംഭിച്ചതായി കണക്കുകൾ പറയുന്നുണ്ടെങ്കിലും ഇതിന്റെ ഒരു അനാലിസിസ് ഇതുവരെയുമുണ്ടായിട്ടുണ്ടോ? എത്ര മാനുഫാക്ചറിംഗ് യൂണിറ്റുകളുണ്ട്; എത്ര ട്രേഡിംഗ് കൺസേൺസുണ്ട്; എത്ര സർവീസ് മേഖലയുണ്ട്; ഇവ ധാരാളം പൂട്ടിപ്പോയിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം ഗവൺമെന്റിന്റെ സഹായങ്ങളില്ലാത്തതും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്താനും സർക്കാരിന് കഴിയാത്തതുമാണ്. കൂടാതെ സർക്കാർ വേണ്ടത്ര വിപണന സൗകര്യം നൽകാൻ പരാജയപ്പെടുന്നു. പ്രളയവും കോവിഡുമൊക്കെ ഉണ്ടാക്കിയ പ്രതിസന്ധിയിലും വ്യവസായങ്ങളെ പിടിച്ചുനിർത്താൻ കഴിയുന്ന സഹായം സർക്കാർ ഉറപ്പുവരുത്തിയിരുന്നെങ്കിൽ വളരെ പ്രതീക്ഷയോടെ തുടങ്ങിയ ഇത്തരം സംരംഭങ്ങൾ ഇവിടെ നിലനിൽക്കുമായിരുന്നു.

2020-ലെ 'അസന്റ് കേരള' എന്ന ഒരു ആഗോള നിക്ഷേപക സംഗമം കൊച്ചിയിൽ സംഘടിപ്പിച്ചപ്പോൾ 165 പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പിട്ടത്. തുടർന്ന് 30 എണ്ണം കണ്ടം ചെയ്തു, ഉപേക്ഷിച്ചു. 37 എണ്ണം വിവിധ

കാരണങ്ങളാൽ നിർത്തിവയ്ക്കുകയും 6 എണ്ണം നടപ്പാക്കുകയും ചെയ്തു. നമ്മുടെ വ്യവസായ പാർക്കുകളുടെ സ്ഥിതി പരിശോധിച്ചാൽ, എന്ത് സഹായമാണ് വ്യവസായ പാർക്കുകൾക്ക് സർക്കാർ ചെയ്തുകൊടുക്കുന്നത്. സർക്കാർ തരിശ് ഭൂമി കൊടുക്കുമ്പോൾ റോഡ് സൗകര്യം മാത്രം നൽകും; വ്യവസായികൾ മറ്റുള്ള എല്ലാ കാര്യങ്ങളും അവിടെയുണ്ടാക്കണം. തുടക്കത്തിലുണ്ടായിട്ടുള്ള സൗകര്യങ്ങളിൽ കൂടുതലൊന്നും പിന്നെയുണ്ടാകില്ല. പല വ്യവസായങ്ങളും ഇതുപോലെയുള്ള അവഗണനകൊണ്ട് അതിർത്തി കടന്നതാണ്.

വ്യവസായം തുടങ്ങുന്നതിന് താല്പര്യത്തോടെ വരുന്നവർക്ക് പലപ്പോഴും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം പോലും ലഭിക്കില്ല. സ്ഥലങ്ങളെല്ലാം മറ്റുള്ള ആളുകളുടെ കയ്യിലാണ്. ഇതുവരെയും അവിടെ വ്യവസായ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ലെങ്കിലും പേര് അവരുടേതാണ്. ഇപ്രകാരം വ്യവസായം തുടങ്ങാത്ത ആളുകളിൽനിന്ന് സ്ഥലം തിരികെയെടുത്ത് താല്പര്യമുള്ള സംരംഭകർക്ക് നൽകണം.

അടച്ചുപൂട്ടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ട്രാക്കോ കേബിൾ കമ്പനി കൂടിയുണ്ട്. അഞ്ഞൂറിലധികം തൊഴിലാളികളുള്ള ട്രാക്കോ കേബിൾ കമ്പനി പ്രവർത്തന മൂലധനമില്ലാത്തതിനാലാണ് ഈ

ഗതിയിലായത്. കെ.എസ്.ഇ.ബി.എൽ.-ന് ആവശ്യത്തിനുള്ള കേബിളുകൾ നൽകാൻ കഴിയാതെ, അവിടെ നിന്നുള്ള ഓർഡർപോലും ലഭിക്കാതെയാണ് കമ്പനി ഉല്പാദനം നിർത്തിയത്. കെ.എസ്.ഇ.ബി.എൽ. പോലെയുള്ള ഒരു സ്ഥാപനത്തിന് ട്രാക്കോ കേബിളിന്റെ ഉല്പന്നങ്ങൾ ആവശ്യമുണ്ട്. എന്നാൽ പ്രവർത്തന മൂലധനം ഉറപ്പുവരുത്തി ഈ കമ്പനി നിലനിർത്താൻ കഴിയാത്തത് ആരുടെ കുറ്റമാണ്; അതുപോലെ നിർമ്മാണമേഖലയിൽ സിമന്റിന്റെ വിലക്കയറ്റം ഏറ്റവും വലിയൊരു പ്രശ്നമായി മാറിയിട്ടുണ്ട്. കൊച്ചി തുറമുഖത്ത് സ്വന്തമായി പ്ലാന്റ് ആരംഭിക്കുന്നതിന് മലബാർ സിമന്റ്സ് ലിമിറ്റഡ് ആറ് വർഷത്തിനുമുമ്പ് പാട്ടത്തിന് സ്ഥലമെടുത്തെങ്കിലും ആ പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല. വിപണിയെ നിയന്ത്രിക്കുന്ന വൻകിട കമ്പനികളോട് മത്സരിച്ച് വിലനിയന്ത്രണത്തിന് സഹായിക്കുന്ന ഈ പ്ലാന്റിനുവേണ്ടി കാര്യമായ ശ്രമമുണ്ടാകുന്നില്ലെന്നാണ് പരാതി. നിർമ്മാണമേഖല standstill ആണ്. സിമന്റ്, കമ്പി തുടങ്ങി നിർമ്മാണമേഖലയ്ക്കുവേണ്ട എല്ലാ സാധനങ്ങളുടെയും വില വലിയ രീതിയിൽ ഉയർന്നിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേൾക്കണം. നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ജി.എസ്.ടി. വരുമാനം

നഷ്ടപ്പെട്ടു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതേ രീതിയിൽ കൺസ്ട്രക്ഷൻ മെറ്റീരിയൽസിന് വമ്പിച്ച രീതിയിൽ വില വർദ്ധിപ്പിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി മുൻകയ്യെടുത്ത് എല്ലാ സപ്ലൈയേഴ്സിനേയും വിളിച്ച് ചർച്ച ചെയ്ത് വില കുറപ്പിച്ചു. അതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇതിന് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഐ.ടി. വ്യവസായത്തിൽ നമുക്ക് മേൽക്കയ്യുണ്ടായിരുന്നു. അടുത്ത അഞ്ചുവർഷത്തിൽ കേരളത്തിലെ ഐ.ടി. വ്യവസായത്തിൽ രണ്ടുകോടി ചതുരശ്ര അടി ഐ.ടി. പാർക്കുകളും രണ്ടുലക്ഷം അഭ്യസ്തവിദ്യർക്ക് ഐ.ടി. മേഖലയിൽമാത്രം തൊഴിലും നൽകുമെന്നുമാണ് എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞിരുന്നത്. 90000 തൊഴിലവസരങ്ങൾ ഉറപ്പുവരുത്താൻ കഴിയുമായിരുന്ന സ്മാർട്ട് സിറ്റിയിൽപ്പോലും വെറും 4500-ൽ താഴെയാണ് തൊഴിലവസരങ്ങൾ ഇതുവരെ ഉണ്ടായിട്ടുള്ളത്. നിലവിൽ കുറച്ച് കെട്ടിടങ്ങളുടെ പണി നടക്കുന്നുണ്ടെങ്കിലും അവയൊന്നും ഐ.ടി. വൻകിട കമ്പനികളുടേതല്ല. അന്താരാഷ്ട്ര ഐ.ടി. കമ്പനികൾ ഇവിടെ എത്തുമോയെന്നതിൽ ഒരു ഉറപ്പുമില്ല. സ്ഥലം മുറിച്ച് കമ്പനികൾക്ക് വിൽക്കുന്ന റിയൽ എസ്റ്റേറ്റ് കമ്പനി മാത്രമായി സ്മാർട്ട് സിറ്റി ചുരുങ്ങരുത്.

സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്താൻ സഹായിക്കുമെന്ന പ്രഖ്യാപനം ഇപ്പോഴും ആരംഭിച്ച സ്ഥലത്തുതന്നെ നിൽക്കുകയാണ്. സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്താൻ ആരംഭിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിന്റെ സ്ഥിതി എന്താണ്? അതിൽ കാര്യമായ ഒരു മുന്നേറ്റവുമില്ല. ആദ്യഘട്ടത്തിൽ 1500 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തെങ്കിലും പിന്നീട് കാര്യമായ പുരോഗതി കൈവരിച്ചില്ല. പോർട്ടലിനും സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും കൂടുതൽ പ്രചാരണം നൽകിയാൽ മാത്രമേ അതുകൊണ്ട് പ്രയോജനമുണ്ടാകുകയുള്ളൂ. സംരംഭകർക്ക് അനുകൂലമായ വായ്പാനയം ഒരു പ്രധാനഘടകമാണ്. കേരളത്തിലെ എം.എസ്.എം.ഇ.-കളിൽ 92.3 ശതമാനവും സർക്കാർ സ്ഥാപനങ്ങളിൽനിന്നും കടമെടുക്കുന്നില്ല എന്നതാണ് സത്യം. Institute of Entrepreneurship Development തയ്യാറാക്കിയ സംരംഭക റിപ്പോർട്ടിലാണ് ഇത് പറയുന്നത്. അതിൽ പറയുന്നത്, 74 ശതമാനം ബാങ്കുകളെയും 11 ശതമാനം സഹകരണ സ്ഥാപനങ്ങളെയും 6 ശതമാനം സ്വകാര്യ പണമിടപാടുകാരെയും 10 ശതമാനം മറ്റ് സ്രോതസ്സുകളെയുമായാണ് ആശ്രയിക്കുന്നത്. ഒരു ശതമാനത്തിൽ താഴെ മാത്രമാണ് KFC-യെയും

KSIDC-യെയും വായ്പയ്ക്കായി ആശ്രയിക്കുന്നത്, കാരണം അവിടേയ്ക്ക് പോകാൻ സാധിക്കില്ല കാരണം ബ്ലേഡ് കമ്പനിക്ക് സമാന പലിശയാണ്. സംരംഭക സഹായി എന്നനിലയിൽ സർക്കാർ സ്ഥാപനങ്ങൾ പരാജയപ്പെടുകയാണ്. KFC-യുടെ പലിശ നിരക്ക് മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ സ്ഥാപനങ്ങളേക്കാൾ ഉയർന്നതാണ്. അങ്ങനെവരുമ്പോൾ സംരംഭകർ എങ്ങനെയാണ് അവിടെ സമീപിക്കുക. ഇവയേക്കാൾ സ്വകാര്യ പണമിടപാടുകാരാണ് കൂടുതൽ സഹായകരമെന്ന സ്ഥിതി മാറണം. MSME-കൾക്ക് വായ്പാ സഹായം നൽകുന്ന തരത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനും .....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നമുക്ക് ധനകാര്യസ്ഥാപനങ്ങളുണ്ട്. പ്രധാനമായും അങ്ങ് KFC-യുടെ പേരാണ് സൂചിപ്പിച്ചത്. പഴയ പലിശ തന്നെയാണോ അവിടെ ഇപ്പോഴുമുള്ളതെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? 5 ശതമാനം പലിശനിരക്കിന് സ്പെഷ്യൽ പ്രൊമോഷൻ സ്കീമുകളുണ്ട്. അത് ഗവൺമെന്റ് സബ്സിഡി കൊടുത്തിട്ടാണ്. 10 കോടി രൂപവരെയും ചീഫ് മിനിസ്റ്ററുടെ എന്റർപ്രണർ ഡെവലപ്മെന്റ് പദ്ധതിയിൽ 2 കോടി രൂപയുമുണ്ട്. അതൊരു പ്രത്യേക സ്കീമാണ്.

അതല്ലാതെതന്നെ ശരാശരി പലിശനിരക്ക് നല്ലതോതിൽ കുറഞ്ഞിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കുറഞ്ഞിട്ടുണ്ടാകും. പക്ഷെ, നമ്മുടെ കൊമേഴ്സ്യൽ ബാങ്കുകളിൽ അതിനേക്കാളും കുറവാണ്. അതാണ് വ്യത്യാസം. എന്തുകൊണ്ട് കൊമേഴ്സ്യൽ ബാങ്കുകളുമായി കോംപീറ്റ് ചെയ്യാൻ സാധിക്കുന്നില്ല? ഇവിടെ വ്യവസായങ്ങൾ വരേണ്ടത് നമ്മുടെ ആവശ്യമല്ലേ; KFC-യും KSIDC-യും മറ്റുള്ള കൊമേഴ്സ്യൽ ബാങ്കുകളേക്കാളും പലിശ കുറച്ചാൽ മാത്രമേ അവിടേയ്ക്ക് ആളുകൾ പോകുകയുള്ളൂ. എന്നാൽ മാത്രമേ ഇവിടെ വ്യവസായങ്ങൾ വരികയുള്ളൂ. ഇവരേക്കാളും ഒന്നും രണ്ടും ശതമാനം പലിശ കുറച്ചുതരുന്ന മറ്റുള്ള കൊമേഴ്സ്യൽ ബാങ്കുകളുണ്ട്. മാത്രമല്ല, ഇത്രയധികം പ്രൊസീജ്യുവറുമില്ല. KFC-ൽനിന്ന് ഒരു ലോൺ പാസ്സാക്കിയെടുക്കണമെങ്കിൽ മൂന്നുനാലു ചെരുപ്പ് വാങ്ങണം കാരണം നടന്നുനടന്ന് ചെരിപ്പ് തേഞ്ഞുപോകും. അതാണ് ഇവിടത്തെ പ്രയാസങ്ങൾ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഏറ്റവും ലേറ്റസ്റ്റായ പൊസിഷൻ പരിശോധിച്ചാകണം സഭയിൽ പറയേണ്ടത്. പലിശയുടെ കാര്യത്തിൽ മാറ്റം വന്നിട്ടുണ്ട്. ഇവിടെ പറയുന്ന കാര്യങ്ങൾ ഗൗരവത്തിലെടുത്ത്

ബന്ധപ്പെട്ടവരോട് പറയാം. കൊമേഴ്സ്യൽ ബാങ്കുകളേക്കാളും പലിശ കുറവുള്ള ധാരാളം ഇൻഡസ്ട്രിയൽ ലോണുകളുണ്ട്. KFC-യുടെയും KSIDC-യുടെയും ഏറ്റവും ലേറ്റസ്റ്റായ ലോണുകളുടെ പലിശനിരക്ക് സംബന്ധിച്ച വിവരങ്ങൾ ഞാൻ അടുത്തദിവസം അങ്ങേയ്ക്ക് നൽകാം. അങ്ങ് പ്രധാനപ്പെട്ടൊരു വ്യവസായിയും കൂടിയാണ്. അങ്ങ് പറയുമ്പോൾ പ്രതിപക്ഷത്തിന്റെ ശബ്ദമെന്ന നിലയിലല്ല, വ്യവസായിയുടെ ശബ്ദമായിട്ടാണ് കണക്കാക്കുന്നത്. ആ ഗൗരവത്തോടുകൂടി അങ്ങ് പറയണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, KFC-യിൽ നിന്നുള്ള ലോൺ മറ്റുള്ള കൊമേഴ്സ്യൽ ബാങ്കുകളേക്കാൾ ഇപ്പോഴും കൂടുതലാണ്. അതിന്റെ പ്രൊസീജ്യറും വളരെ നീണ്ടതാണ്. അതാണ് അതിന്റെ വേറൊരു തകരാർ. ഇപ്പോഴത്തെ പുതിയ ബാങ്കുകളോട് സംസാരിച്ചാൽ മൂന്നുനാലുദിവസത്തിനകംതന്നെ ലോൺ പാസ്സായിക്കിട്ടും. അതാണ് വ്യത്യാസം. കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. വളരെ താല്പര്യത്തോടുകൂടി KFC-യെയും KSIDC-യെയും നല്ലരീതിയിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി നടത്തുന്നുണ്ട്. ആ ശ്രമങ്ങൾ വിജയിക്കട്ടെ എന്ന് ആശംസിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. രണ്ട് ബില്ലുകൾ ഒരുമിച്ചെടുത്തതുകൊണ്ട്, സമയക്കുറവ് കാരണം 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായില്ല. അതുകൊണ്ട് ഞാൻ ആ ബില്ലിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ബില്ലിന്റെ ഉള്ളടക്കം വളരെ ചെറുതാണ്. ഏറ്റെടുത്ത ഫാക്ടറികളിലെ അവശേഷിക്കുന്ന കുറച്ചുഭൂമിയുംകൂടി ചേർക്കുന്ന എന്നതേയുള്ളൂ. പക്ഷെ, ഈ ബിൽ നിയമസഭ ചർച്ച ചെയ്യുമ്പോൾ കേരളത്തിന്റെ കശുവണ്ടി വ്യവസായം വലിയ തകർച്ചയിൽക്കൂടി കടന്നുപോകുകയാണ്. ഒരുകാലത്ത് ലോകത്തെ കാഷ്യൂ മാർക്കറ്റിൽ 90 ശതമാനം കോൺട്രിബ്യൂഷനുണ്ടായിരുന്ന ഒരു ജില്ലയായിരുന്നു കൊല്ലം. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽത്തന്നെ 61 കശുവണ്ടി ഫാക്ടറികളുണ്ട്. 6 ഫാക്ടറികൾ പൊതുമേഖലയിലാണ്. ഈ മേഖലയിൽ പണിയെടുത്തിരുന്ന ഏകദേശം ഒരു ലക്ഷത്തോളം തൊഴിലാളികൾക്ക് ഇപ്പോൾ അവരുടെ തൊഴിൽ നഷ്ടമായിരിക്കുന്നു. സമൂഹത്തിലെ ഏറ്റവും സാധാരണക്കാരായ ആളുകളാണ് കശുവണ്ടി

ഫാക്ടറികളിൽ ജോലി ചെയ്തുകൊണ്ടിരുന്നത്. നിയമസഭാ സമ്മേളനത്തിൽ എല്ലായിടത്തുനിന്നും അംഗീകാരം കിട്ടിയ ബഹുമാനപ്പെട്ട സ്പീക്കറെടുത്ത ഒരു തീരുമാനം, ഈ സഭാ സമ്മേളനത്തെ നിയന്ത്രിക്കാൻ പാനലിലേയ്ക്ക് മൂന്ന് വനിതാ സാമാജികരെ നിയോഗിച്ചതാണ്. കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ 95 ശതമാനവും സ്ത്രീകളാണ്. 95 ശതമാനം സ്ത്രീകൾ പണിയെടുക്കുന്ന ഈ വ്യവസായം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളിൽക്കൂടി കടന്നുപോകുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇപ്പോഴും ഉണർന്ന് പ്രവർത്തിക്കുന്നുണ്ടെന്ന് അഭിപ്രായം എനിക്കില്ല. ചില ഇടപെടലുകൾ നടത്താൻ ശ്രമിച്ചെങ്കിൽപ്പോലും അതൊന്നും ഫലപ്രാപ്തിയിലേയ്ക്ക് എത്തുന്നില്ല. ഇപ്പോൾ കൊല്ലം ജില്ലയിലെ പല കശുവണ്ടി ഫാക്ടറികളിലെയും തൊഴിലാളികൾ സ്വാമേധയാ സമരരംഗത്തേയ്ക്ക് വരികയാണ്. ട്രേഡ് യൂണിയന്റെ പിന്തുണപോലുമില്ലാതെ തൊഴിലാളികൾ സമരത്തിലേയ്ക്ക് വരുന്നത് ആദ്യമായി കാണുകയാണ്. ട്രേഡ് യൂണിയനുകൾ പോലും ആവശ്യപ്പെടാതെ, നേതൃത്വമില്ലാതെ സ്വമേധയാ തൊഴിലാളികൾ അവകാശങ്ങൾക്കുവേണ്ടി സമരരംഗത്തേയ്ക്ക് കടന്നുവരുന്ന ചിത്രമാണ്

കൊല്ലം ജില്ലയിലെ കശുവണ്ടി വ്യവസായ മേഖലയിൽ കാണാൻ കഴിയുന്നത്. ഏകദേശം 850-ഓളം ഫാക്ടറികൾ ഉണ്ടായിരുന്നതിൽ 700-ലധികവും പൂട്ടികിടക്കുകയാണെന്ന് പറയുമ്പോൾത്തന്നെ ഈ വ്യവസായത്തിന്റെ പ്രതിസന്ധി എത്രയാണെന്ന് സഭയ്ക്ക് ബോധ്യമാകുമെന്ന് വിശ്വസിക്കുകയാണ്. അതുമാത്രമല്ല തൊഴിലാളികൾക്ക് അവരുടെ തൊഴിലവകാശങ്ങളുടെ നിഷേധവുമുണ്ടാകുന്നു. ഇ.എസ്.ഐ.-യുടെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ കിട്ടണമെങ്കിൽ ആറുമാസത്തിനിടയിൽ ഇടവേളയില്ലാത്ത 78 ദിവസത്തെ ഹാജർ വേണം. 78 ഹാജർ ഉണ്ടെങ്കിൽ മാത്രമേ ഇ.എസ്.ഐ. ആനുകൂല്യം കിട്ടുകയുള്ളൂ. എനിക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞദിവസം അതായത് 06-12-2022-ലെ സഭാസമ്മേളനത്തിൽ 704-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി '2022-23 സാമ്പത്തിക വർഷം നാളിതുവരെ പൊതുമേഖലാ ഫാക്ടറികളിൽ പരമാവധി 61 തൊഴിൽദിനങ്ങളുണ്ടായിരുന്നു' എന്നാണ്. സഭയ്ക്ക് ഇതിൽനിന്നും എന്താണ് മനസ്സിലാകുന്നത്. 78 തൊഴിൽദിനങ്ങൾ 6 മാസത്തിനിടയിലുണ്ടെങ്കിൽ മാത്രമേ ഇ.എസ്.ഐ. ചികിത്സ ആനുകൂല്യങ്ങൾ ഒരു തൊഴിലാളിക്ക് കിട്ടുകയുള്ളൂ. ഈ ഡിസംബർ മാസം

ഇതുവരെ 61 തൊഴിൽദിനങ്ങൾ മാത്രമാണ് പൊതുമേഖലയ്ക്ക് കൊടുക്കാൻ കഴിഞ്ഞതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ ഈ പൊതുമേഖല ഫാക്ടറിയിലെ ഏതെങ്കിലും തൊഴിലാളിക്ക് ഇ.എസ്.ഐ.-യുടെ സൂപ്പർ സ്പെഷ്യാലിറ്റി..... സൂപ്പർ സ്പെഷ്യാലിറ്റി എന്നു കേൾക്കുമ്പോൾ അത്ഭുതപ്പെടേണ്ട. നെഞ്ചുവേദന വന്ന് കശുവണ്ടിത്തൊഴിലാളി സ്ത്രീ ഇ.എസ്.ഐ. ആനുകൂല്യമുള്ള ഒരു ആശുപത്രിയിൽ പോയാൽ, ഹൃദയശസ്ത്രക്രിയ നടത്തണമെന്നുപറഞ്ഞാൽ അവർക്ക് ചികിത്സ ചെയ്യാൻ കഴിയില്ല. അത്രയും തുക (രണ്ടോ മൂന്നോ അഞ്ചോ ലക്ഷം രൂപ) കയ്യിൽനിന്നും കൊടുക്കാൻ ഒരു കശുവണ്ടി തൊഴിലാളിക്ക് കഴിയില്ലല്ലോ; അവർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യമാണ്. പൊതുമേഖലയിലെ ഫാക്ടറിയിൽപോലും 61 ദിവസം മാത്രമേ തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്ന് രേഖാമൂലം ഗവൺമെന്റ് മറുപടി നൽകുമ്പോൾ, തൊഴിലവകാശ നിഷേധമാണ് ഉണ്ടായിരിക്കുന്നതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ബഹുഭൂരിപക്ഷം സ്വകാര്യ ഫാക്ടറികളും ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ. നേരത്തെ വ്യവസായത്തെക്കുറിച്ച് പറയുകയുണ്ടായി. കൊല്ലം ജില്ലയിൽ ആറ്

കശുവണ്ടി വ്യവസായികളാണ് ആത്മഹത്യ ചെയ്തത്; തൊഴിലാളികളല്ല. എന്റെ നിയോജകമണ്ഡലത്തിലും സാമ്പത്തിക പ്രതിസന്ധിമൂലം കശുവണ്ടി വ്യവസായികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. വ്യവസായം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തവിധം അവർക്ക് ജീവിത പ്രതിസന്ധിയുണ്ടായി. ഗവൺമെന്റ് പലഘട്ടങ്ങളിലായി 65 കോടിരൂപയുടെ സഹായം പ്രഖ്യാപിച്ചു. ആകെ മൂന്നോ നാലോ കോടിരൂപ മാത്രമാണ് അതിൽനിന്നും എക്സ്പെന്റിച്ചറിലേയ്ക്ക് പോയിട്ടുള്ളത്. സ്പെഷ്യൽ ഒ.റ്റി.എസ്. സ്കീം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും State Level Bankers Committee (SLBC)-യുടെയും വ്യവസായ പ്രതിനിധികളുമായി നിരവധിതവണ യോഗങ്ങൾ ചേർന്നു. ഒടുവിൽ 31-12-2021-ൽ ചേർന്ന അവസാന യോഗത്തിൽ വ്യവസായത്തെ പ്രതിനിധീകരിച്ച് വന്നവർ ആവശ്യപ്പെട്ടത് 40 മുതൽ 45% വരെ വേണമെന്നായിരുന്നു. എന്നാൽ സർക്കാർ അത് അംഗീകരിച്ചില്ല. രണ്ട് കോടി രൂപവരെ 50 ശതമാനവും രണ്ട് കോടി രൂപയ്ക്ക് മുകളിൽ 60 ശതമാനവുമായി ഫൈനൽ സ്പെഷ്യൽ ഒ.റ്റി.എസ്. മീറ്റിംഗിൽ തീരുമാനമെടുക്കുകയും അത് സർക്കാർ ഉത്തരവായി

പുറപ്പെടുവിക്കുകയും ചെയ്തു. ബഹുമാന്യരായ ഈ മന്ത്രിമാരോട് ഞാൻ വിനീതമായി ചോദിക്കുകയാണ്, ഗവൺമെന്റ് നല്ല ഇടപെടലുകളും ഒരുപാട് ചർച്ചകളും നടത്തിയാണ് ഉത്തരവിറക്കിയത്. ആ ഉത്തരവുകൾ ബാങ്കുകൾ പാലിക്കുന്നുണ്ടോ; ആ ഉത്തരവുകൾ പാലിക്കുന്നില്ലെങ്കിൽ ഗവൺമെന്റിന് എന്തുവിലയാണുള്ളത്? ഗവൺമെന്റും ബാങ്കിന്റെ പ്രതിനിധികളും വ്യവസായത്തിന്റെ പ്രതിനിധികളും മാസങ്ങളോളം കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് സഹായകരമാകുന്ന രൂപത്തിലുള്ള ഒരു സ്പെഷ്യൽ ഒ.റ്റി.എസ്. സ്കീം ഫൈനലൈസ് ചെയ്ത് , മൂന്നുപാർട്ടിയും ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഗുരുതരമായ ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിങ്ങൾ യോഗം ചേർന്ന് അന്തിമ തീരുമാനമെടുത്തതിന്റെ പിറ്റേ ദിവസം ബാങ്കുകൾ യോഗം ചേരുകയുണ്ടായി. സർക്കാർ ഇങ്ങനെ തീരുമാനമെടുത്തിട്ടുണ്ടെന്നും പക്ഷേ അത് നിങ്ങൾ പാലിക്കേണ്ടതില്ലെന്നുമാണ് ബാങ്കുകൾക്ക് അവർ നിർദ്ദേശം നൽകിയത്. അതിനുശേഷമാണ് ഗവൺമെന്റ് ഉത്തരവിറങ്ങുന്നത്. ഈ നടപടികൾക്കും ഗവൺമെന്റ് ഉത്തരവിനും യാതൊരു വിലയും നൽകാതെ അവർ

നടപടികളുമായി മുന്നോട്ടുപോകുകയും പ്രോപ്പർട്ടികൾ അറ്റാച്ച് ചെയ്തുകൊണ്ടിരിക്കുകയുമാണ്. പിന്നെ എങ്ങനെയാണ് സ്വകാര്യ ഫാക്ടറികൾ ഇനി തുറക്കാൻ പോകുന്നത്? ഇതിൽ പല കമ്പനികളും ലേലം ചെയ്യുമ്പോൾ വാങ്ങുന്നത് റിയൽ എസ്റ്റേറ്റുകാരാണ്. അവർക്ക് കശുവണ്ടി ഫാക്ടറി നടത്തുന്നതിന് താൽപര്യമുണ്ടാകുമോ? അവർ ഇത് പിന്നീട് കശുവണ്ടി ഫാക്ടറിയാക്കില്ല. ബാങ്കിൽനിന്ന് ലേലം ചെയ്ത് റിയൽ എസ്റ്റേറ്റുകാർ ഇത് വാങ്ങികൊണ്ടുപോയാൽ അവിടെ കശുവണ്ടി ഫാക്ടറിയുണ്ടാവില്ല. കൊല്ലത്ത് ഒരു പൊളിറ്റിക്കൽ പാർട്ടിയുടെ നേതൃത്വത്തിലുള്ള സൊസൈറ്റി ഇത്തരത്തിലുള്ള ഒരു കമ്പനി ലേലത്തിലെടുത്തു. ഞാൻ പാർട്ടിയുടെ പേരൊന്നും പറയുന്നില്ല. അവർ അവിടെ ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയാണ്. റിയൽ എസ്റ്റേറ്റുകാരുടെ കാര്യം പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടലില്ലെങ്കിൽ ഒരിക്കലും തിരിച്ചുവരാൻ കഴിയാത്ത വിധത്തിലേയ്ക്ക്, ഒരു കാലത്ത് രണ്ടര ലക്ഷം പേർക്കുവരെ തൊഴിൽ നൽകിയിരുന്ന ഈ വ്യവസായമേഖല എന്നന്നേയ്ക്കുമായി ഇല്ലാതാകുന്ന ഒരു അവസ്ഥയുണ്ടാം. കശുവണ്ടി തൊഴിലാളി മേഖലയിൽ പട്ടിണി മരണങ്ങൾ ഉണ്ടാകാത്തതിന്റെ

ഏകകാരണം ഡോ. മൻമോഹൻ സിംഗിന്റെ കാലത്ത് ഈ രാജ്യത്ത് ആരംഭിച്ച മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുണ്ടായതുകൊണ്ടാണ്. ആ പദ്ധതിയാണ് ഈ മേഖലയിൽ പട്ടിണിമരണങ്ങളുണ്ടാകുന്നത് തടയുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയൊക്കെ വാ തോരാതെ സംസാരിക്കുന്ന ആളുകളുണ്ട്. കശുവണ്ടി മേഖലയിൽ കൂലി പുതുക്കി നിശ്ചയിച്ചിട്ട് ആറേഴ് വർഷമായി.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങ് പറയുന്ന എല്ലാ നല്ലകാര്യങ്ങളും ഞാൻ അംഗീകരിക്കുന്നു. എന്നാൽ ചില ഭേദഗതികൾ അതിനകത്തുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴാണ് കേരളത്തിലെ പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നത്. ഒരു മത്സരത്തിനുവേണ്ടി ഞാൻ പറയുകയല്ല. ഇ. കെ. നയനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ അടച്ചിട്ടിരുന്ന പല കശുവണ്ടി ഫാക്ടറികളും മുതലാളിമാരുടെ കയ്യിൽനിന്നും ഗവൺമെന്റ് പിടിച്ചെടുത്ത് പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷനെ ഏൽപ്പിച്ചു. ഒരു വർഷത്തിൽ 225 ദിവസം അന്നത്തെ ഗവൺമെന്റ് അവർക്ക് ജോലി നൽകി.

അതിനുശേഷം പല മുതലാളിമാരും ഏറ്റെടുത്ത ഫാക്ടറികൾ അവർക്കുതന്നെ തിരിച്ചു ലഭിക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി. അങ്ങനെ കുറച്ച് ഫാക്ടറികൾ അവർ തിരിച്ചെടുത്തു. അങ്ങനെ കോടതിയിൽ പോയ മുതലാളിമാർ ഇപ്പോഴും ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. ഒരുവർഷം 76 ഹാജരുണ്ടെങ്കിൽ മാത്രമെ അവർക്ക് ESI ആനുകൂല്യം ലഭിക്കുകയുള്ളൂ. അതിപ്പോൾ കിട്ടുന്നില്ലെന്നുള്ളത് പൊതുവേയുള്ള സ്ഥിതി വിശേഷമാണ്. കശുവണ്ടി വികസന കോർപ്പറേഷൻ നടത്തുന്ന മുപ്പത് ഫാക്ടറികളും, കാപെക്സിന്റെ പത്ത് ഫാക്ടറികളും ഇന്ന് സുതാര്യമായി നടക്കുന്നുണ്ട്. അവർക്ക് തൊഴിൽ ലഭിക്കുന്നുമുണ്ട്. എന്നാൽ കുറച്ച് മുതലാളിമാർ സർക്കാരിനെ വെല്ലുവിളിക്കുന്നതിനുവേണ്ടി രംഗത്തുവന്നിട്ടുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അങ്ങ് പറഞ്ഞതിനകത്തുള്ള ഒരു ഭേദഗതി, വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടി പ്രകാരം, 61 തൊഴിൽ ദിനങ്ങളാണ് പൊതുമേഖല സ്ഥാപനങ്ങളിൽ ഉള്ളതെങ്കിൽ, ആറുമാസത്തിനിടയിൽ 78 ഹാജരുണ്ടെങ്കിൽ മാത്രമെ ESI ആനുകൂല്യം

ലഭിക്കുകയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം ശരിയാണ്. സ്വകാര്യ മേഖലയിൽ മറ്റൊരു ചൂഷണവും നടക്കുന്നുണ്ട്. തൊഴിലാളികളുടെ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിൽ കുറവുവരുത്തുന്നതിനുവേണ്ടി അഞ്ച് ദിവസം ജോലി ചെയ്താൽ മൂന്ന് ദിവസത്തെ ഹാജർ മാത്രമെ പല കമ്പനികളും കാണിക്കുകയുള്ളൂ. അതുപോലെ 180 തൊഴിലാളികൾ ജോലി ചെയ്യുകയാണെങ്കിൽ കാർഡുള്ളത് 60 ശതമാനം പേർക്ക് മാത്രമായിരിക്കും. ബാക്കിയുള്ളവർക്ക് കാർഡ് കാണില്ല. അതുകൊണ്ട് അവർക്ക് യാതൊരു വിധ ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുകയില്ല. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഷിബു ബേബി ജോൺ തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് അവസാനമായി കശുവണ്ടിത്തൊഴിലാളി മേഖലയിൽ കൂലി വർദ്ധനവ് നടപ്പാക്കിയത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അഞ്ചുവർഷവും രണ്ടാം സർക്കാർ രണ്ട് വർഷത്തിലേയ്ക്ക് കടക്കുന്ന ഘട്ടമെത്തി. ഏതാണ്ട് ഏഴ് വർഷമാകുന്നു. കശുവണ്ടി ഫാക്ടറികളിൽ പല സെക്ഷനുകളുണ്ട്. അതിൽ ചില സെക്ഷനിൽ ജോലി ചെയ്യുന്നവർക്ക് തൊഴിലുറപ്പ് തൊഴിലാളികളുടെയത്ര പോലും കൂലി ലഭിക്കുന്നില്ല. ഇത്രയും കുറഞ്ഞ കൂലിയിൽ ജോലി ചെയ്യുന്ന

ഏതെങ്കിലും വിഭാഗമുണ്ടെങ്കിൽ അത് കേരളത്തിലെ പാവപ്പെട്ട പട്ടികജാതിക്കാരും സാധാരണക്കാരുമായ ആളുകൾ പണിയെടുക്കുന്ന കശുവണ്ടിമേഖല മാത്രമാണ്. തൊഴിലുറപ്പ് തൊഴിലാളികളെക്കാൾ കുറഞ്ഞ വേതനത്തിന് ജോലി ചെയ്യേണ്ടി വരുന്ന നിസ്സഹായാവസ്ഥയാണ് അവർക്ക് നേരിടേണ്ടി വരുന്നത്. വേറെ മാർഗ്ഗമില്ലാത്തതുകൊണ്ട് അതിൽ അവർ ജോലി ചെയ്യുകയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് അവർക്ക് മൂന്ന് പെൻഷനുവരെ അർഹതയുണ്ടായിരുന്നു. 60 വയസ്സ് കഴിഞ്ഞ ഒരു കശുവണ്ടിത്തൊഴിലാളിക്ക് വാർദ്ധക്യകാല പെൻഷനും ക്ഷേമനിധി പെൻഷനും ലഭിക്കുമായിരുന്നു. ഭർത്താവ് മരിച്ചവർക്കാണെങ്കിൽ വിധവാ പെൻഷനും കിട്ടുമായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഡോ. ടി.എം. തോമസ് ഐസക് 2017-ൽ ഒരു ഉത്തരവിറക്കി. രണ്ടാമത്തെ പെൻഷൻ 600 രൂപയായി വെട്ടിക്കുറച്ചു. 2019-ൽ രണ്ടാമതൊരു ഉത്തരവിറക്കി. അത് ഒറ്റ പെൻഷനാക്കി. മൂന്ന് പെൻഷനുവരെ അർഹതയുണ്ടായിരുന്നവർക്ക് ഇപ്പോൾ 1600 രൂപ മാത്രമെയുള്ളൂ. ഇവിടെ പശുത്തൊഴുത്ത് നിർമ്മിക്കാൻ 40 ലക്ഷം രൂപ ചെലവാക്കുന്ന സംസ്ഥാനത്ത്..........

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, അന്ന് പെൻഷൻ 600 രൂപയായിരുന്നു ഉണ്ടായിരുന്നത്. 18 മാസക്കാലം കുടിശ്ശികയുമുണ്ടായിരുന്നു. പിന്നീട് നിയമം വന്ന് രണ്ട് പെൻഷനുള്ളതിൽ ഒരു പെൻഷൻ 600 രൂപയായി ലിമിറ്റ് ചെയ്തു. അതോടൊപ്പം 1600 രൂപയുമായി. ഇതാണല്ലോ ഇപ്പോഴത്തെ നിയമം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, കശുവണ്ടി തൊഴിലാളികളുടേയും കയർ തൊഴിലാളികളുടേയും നിർമ്മാണ തൊഴിലാളികളുടേയും കാര്യത്തിൽ മാത്രം ജീവിത ചെലവ് വർദ്ധിക്കുന്നതിനനുസരിച്ച് വർദ്ധിക്കുന്നില്ല. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും വർദ്ധിപ്പിച്ചു കൊടുത്തിട്ടില്ലേ? അതിന്റെ ഭാഗമായി 600 രൂപയെന്നത് 1600 രൂപയാക്കിയിട്ടുണ്ടെന്നത് അത്രയും മഹത്വവൽക്കരിച്ച് പറയേണ്ട കാര്യമില്ല. വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് എത്ര രൂപ പെൻഷനുണ്ടായിരുന്നു? 300 രൂപയല്ലേ ഉണ്ടായിരുന്നുള്ളൂ. അതിനെയാണ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ആദ്യം 600 രൂപയാക്കി, ചില സ്കീമുകൾക്ക് 800 രൂപയാക്കി, പ്രായപരിധിവച്ച് 1200 രൂപ വരെയാക്കി.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് വളരെ താഴ്ന്ന തുകയിൽ നിന്ന് വർദ്ധിപ്പിച്ചുവന്ന് 500 രൂപയാക്കിയതാണ്. 100 രൂപയ്ക്ക് താഴെയായിരുന്നു. അതുമാത്രമല്ല നെല്ലിന്റെ വില എനിക്ക് ഓർമ്മയുണ്ട്. അതിന് തൊട്ടുമുമ്പത്തെ ഘട്ടത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. കെ. പി. രാജേന്ദ്രൻ എന്നിവരുൾപ്പെടെ നെല്ലിന് താങ്ങുവില നൽകണമെന്നാവശ്യപ്പെട്ട് ഇവിടെ നിരാഹാരമനുഷ്ഠിച്ചിരുന്നു. ആ ഗവൺമെന്റ് വന്നതിനുശേഷമാണ് താങ്ങുവില വർദ്ധിപ്പിക്കാൻ തുടങ്ങിയത്. പത്തോ-ഇരുപതോ വർഷത്തിനിടയിൽ ധാരാളം ഡെവലപ്മെന്റ് വന്നിട്ടുണ്ട്. പക്ഷേ, പെൻഷൻ 600 രൂപയായി നിശ്ചയിച്ചതിനുശേഷം 18 മാസക്കാലം നൽകിയിട്ടില്ലെന്ന് അന്നത്തെ മുഖ്യമന്ത്രിതന്നെ നിയമസഭയിൽ മറുപടി നൽകിയിട്ടുണ്ട്. വർഷങ്ങൾക്കുശേഷമിത് പറയുമ്പോൾ കറക്ട് ചെയ്യണം. ആ പെൻഷൻ ഇവിടെ ഏറെ ചർച്ച ചെയ്തു. അന്നത്തെ നിയമസഭയിൽ ഇവിടെ ഇരിക്കുന്നവരിൽ പലരുമില്ലായിരുന്നു. അന്ന് ഏറെ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഒരു പെൻഷൻ 600 രൂപയാക്കിയത്. അതേസമയം 1600 രൂപയുടെ പെൻഷനും നൽകുന്നുണ്ട്.

ഇത് രണ്ടും കൃത്യമായി നൽകുന്നുണ്ടെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അത് വീട്ടിൽകൊണ്ട് എത്തിക്കുന്നുണ്ട്. നമുക്കിനിയും ധാരാളം നൽകണമെന്ന് ആഗ്രഹത്തിൽ പറയാം. പക്ഷേ, പെൻഷൻ കൃത്യമായി നൽകുന്നുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എനിക്കതിൽ വ്യത്യസ്തമായ വിയോജിപ്പുണ്ട്. കാരണം, നിങ്ങൾക്ക് കാറ് വാങ്ങുന്നതിൽ കുറവില്ല; മറ്റ് ധൂർത്തുകൾക്കും കുറവില്ല. പാവപ്പെട്ട തൊഴിലാളികൾക്ക് 1500 രൂപയോ, 1600 രൂപയോയാണ് കിട്ടിക്കൊണ്ടിരുന്നത്. ജീവിതച്ചെലവെല്ലാം വർദ്ധിപ്പിക്കുമ്പോൾ അവർക്ക് മുമ്പ് ലഭിച്ചുകൊണ്ടിരുന്നത് വെട്ടിക്കുറയ്ക്കുന്നതിനോട് ഒരു തരത്തിലും യോജിക്കാനാകില്ല. സ്ഥിരമായി നൽകുന്നുവെന്ന് പറയുന്നത് വലിയൊരു ഔദാര്യമല്ല. അത് അവരുടെ അവകാശമാണ്. മുമ്പത്തെ ഗവൺമെന്റ് നൽകാനുള്ള 18 മാസത്തെ കണക്ക് അങ്ങയുടെ ബജറ്റിലും സൂചിപ്പിച്ചിട്ടുണ്ട്. 18 മാസത്തെ കുടിശ്ശിക ഉണ്ടായിരുന്നില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് തന്നെ നിയമസഭയിൽ പറഞ്ഞ മറുപടിയും ഞങ്ങളുടെ കയ്യിലുണ്ട്. അത് സംശയമുള്ള കാര്യമാണ്, പരിഹരിക്കേണ്ടതാണ്. അങ്ങനെ 18 മാസത്തെ

കുടിശ്ശിക ഉണ്ടായിരിക്കാം. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നതിന്റെ 100 ശതമാനം വർദ്ധനവ്..., 600 രൂപ മാത്രമല്ല, അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയാണ്. എന്നേക്കാൾ കൂടുതൽ ഫയൽ വിളിച്ചു വരുത്താനും സൂക്ഷ്മമായി പരിശോധിക്കാനും ബഹു. മന്ത്രിക്ക് അധികാരമുണ്ട്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 600 രൂപയായിരുന്നോ പെൻഷൻ; ഞാൻ ചോദിക്കുകയാണ്? ഇപ്പോൾ വേണമെങ്കിലും അങ്ങ് കുറിപ്പ് നൽകിയാൽ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ കുറിച്ചു നൽകും. ഞാൻ കൃത്യമായി ചോദിക്കുന്നു; ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത്, 2016-ൽ ആ ഗവൺമെന്റ് ഇറങ്ങിപ്പോകുമ്പോൾ പെൻഷനായി ഉണ്ടായിരുന്നത് 600 രൂപ ആയിരുന്നോ; അതോ 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നോ? അങ്ങ് മറുപടി നൽകിയാൽ മതി. കുടിശ്ശിക എല്ലാ കാലത്തുമുണ്ടായിട്ടുണ്ട്. ഇപ്പോൾ മൂന്ന് മാസത്തെ കുടിശ്ശിക വന്നിട്ടുണ്ട്. നിങ്ങളുടെ കാലത്തും കുടിശ്ശിക വന്നല്ലോ.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം സമയം...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കുടിശ്ശിക വരുന്നത് പിന്നീട് കൊടുക്കും. എല്ലാകാലത്തും കുടിശ്ശിക വരുമ്പോൾ കൊടുക്കും. ഇപ്പോൾ മൂന്ന്

മാസം കുടിശ്ശിക വന്നിട്ടില്ലേ? ഞാൻ ചോദിക്കുന്ന സ്പെസിഫിക്കായ ചോദ്യം ചെയറിന്റെ അനുമതിയോടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിലേക്ക് ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 600 രൂപയായിരുന്നോ അവസാനത്തെ പെൻഷൻ? ഇവരെല്ലാം ഇപ്പോൾ അതാണല്ലോ പറയുന്നത്, അങ്ങും അതാണല്ലോ പറയുന്നത്. ഞാൻ പറയുന്ന അല്ല. അതിനേക്കാൾ ഉയർന്ന താരിഫിൽ പെൻഷൻ നൽകിയിട്ടുണ്ടായിരുന്നു. അങ്ങ് പരിശോധിക്കു. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയല്ലേ? അതിൽ ഒരു കാര്യം കൂടി പറയാം. കശുവണ്ടി തൊഴിലാളി അംശദായം കൊടുക്കുന്നതല്ലേ ക്ഷേമനിധി പെൻഷൻ. അംശദായം നൽകുന്ന ക്ഷേമനിധി പെൻഷൻ വാങ്ങുന്നുവെന്ന പേരിൽ അവർക്കർഹതപ്പെട്ട സാമൂഹിക പെൻഷൻ നിഷേധിക്കുന്നത് മനുഷ്യത്വവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമല്ലേ? ഇതെല്ലാം ചെയ്തതിനുശേഷവും ഞങ്ങളെല്ലാം മഹത്തായ കാര്യങ്ങൾ ചെയ്യുന്നുവെന്ന പ്രചരണങ്ങൾ കൂടി നടത്താതിരിക്കു. രണ്ടുംകൂടി വേണ്ട. ഒന്നുകിൽ ദ്രോഹിക്കാതിരിക്കണം. ദ്രോഹം ഒരു വഴിയിൽക്കൂടി നടത്തുകയും ചെയ്യും. ഞങ്ങൾ മഹത്തായ കാര്യങ്ങൾ ചെയ്യുന്നുവെന്ന് വ്യാജ പ്രചരണം നടത്തുകയും ചെയ്യും. അതുവേണ്ട. അതിന്റെ ആവശ്യമില്ല. നിങ്ങൾക്ക്

ആത്മാഭിമാനത്തോടുകൂടി തൊഴിലാളികളോടുള്ള സമീപനമുണ്ടെങ്കിൽ മൂന്ന് പെൻഷനും നൽകാൻ തയ്യാറാകണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, പാവങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷനിൽ അവരുടെ വരുമാനത്തിന്റെ പരിധി വീണ്ടും താഴ്ത്തിയില്ലേ? ഓരോ വാർഡിലും എത്ര ആൾക്കാർക്കാണ് ലഭിച്ചുകൊണ്ടിരുന്ന സാമൂഹിക പെൻഷൻ ഇല്ലാതാകാൻ പോകുന്നത്. വരുമാന പരിധി നിങ്ങൾ കുറച്ചു. ആളുകളെ കൂടുതൽ സഹായിക്കാനാണെങ്കിൽ വരുമാന പരിധി കുറയ്ക്കുമോ? ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തേക്കാൾ വരുമാനപരിധി ഉയർത്തി. ഓരോ വാർഡിലും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വരുമാന പരിധി കുറയ്ക്കുമ്പോൾ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം കുറയും. അത് മഹത്തായ കാര്യമാണോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വരുമാന പരിധി കുറച്ചുവെന്ന ധാരണ ബഹുമാനപ്പെട്ട അംഗത്തിന് എവിടെനിന്നാണ് ലഭിച്ചത്? എനിക്കറിയാം ഇങ്ങനെയൊരു കാര്യത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വേറൊരു സമയത്ത് വേണമെങ്കിൽ

എനിക്കും ബജറ്റിന്റെയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട സമയത്ത് പറയാം. പക്ഷേ, ഇങ്ങനെയൊരു കാര്യം റെക്കോർഡിൽ വരികയാണ്. ഏതിലാണ് വരുമാന പരിധി കുറച്ചത്? വരുമാന പരിധി കൂട്ടാനായി കഴിഞ്ഞ ലോക്സഭ ഇലക്ഷന് മുമ്പ് യു.ഡി.എഫ് ആയിരുന്ന സമയത്ത് കൂട്ടുകയും ആ സമയത്തുതന്നെ കുറയ്ക്കുകയും ചെയ്തു. കഴിഞ്ഞ യു.ഡി.എഫ്-ന്റെ സമയത്തുണ്ടായിരുന്നതിന്റെ ഇരട്ടിയിലധികം ആളുകൾ ഇപ്പോൾ പെൻഷൻ വാങ്ങുന്നുണ്ട്. 64 ലക്ഷത്തോളം ആളുകളാണ് പെൻഷൻ വാങ്ങുന്നത്. കുടിശ്ശികയുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ഒരു വർഷം നാല് മാസം ക്ലബ്ബ് ചെയ്ത് മൂന്ന് തവണയായിട്ടാണ് പെൻഷൻ നൽകിയിരുന്നത്. ഓണം, ക്രിസ്തുമസ് സമയത്ത് നമ്മളത് ക്ലബ്ബ് ചെയ്തു കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. വാസ്തവത്തിൽ കുടിശ്ശികയല്ല ക്രിസ്തുമസ് കൂടി ചേർത്ത് കൊടുക്കുന്നതാണ്. മാസംതോറും നൽകുന്ന തരത്തിലേക്ക് എത്തിക്കാനാണ് ശ്രമിക്കുന്നത്. കൊടുക്കുന്ന തുക വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. തീരെ നൽകാതിരുന്നത് സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടായിരിക്കും. കൊടുക്കാതിരുന്ന സ്ഥിതിയുണ്ടായിരുന്നു. 18 മാസത്തിന്റെ കാര്യം അതുകൊണ്ടാണ് പറഞ്ഞത്, നമ്മളത് കൊടുക്കുന്നുണ്ട്. അന്നും 600 രൂപ

തന്നെയായിരുന്നു പെൻഷൻ. കർഷക തൊഴിലാളി പെൻഷൻ 300 കോടി രൂപയായിരുന്നു കുടിശ്ശിക. ഇപ്പോഴത്തെ കുടിശ്ശിക പലതും വന്നത് ആ സമയത്തേതാണ്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കശുവണ്ടി തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക പത്ത് വർഷത്തേതുണ്ടായിരുന്നു. അഞ്ച് വർഷത്തെ കുടിശ്ശിക ആ സർക്കാരിന്റെ കാലത്ത് കൊടുത്തു. ഈ കഴിഞ്ഞ വർഷം ബാക്കി അഞ്ച് വർഷത്തെയും കൊടുത്തു. ഇപ്പോൾ കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശികയില്ല. ഞാൻ പറഞ്ഞത് ഇങ്ങനെയൊരു ബില്ലിനിടയിൽക്കൂടി അങ്ങ് ഇത്തരം കാര്യങ്ങൾ പറയുമ്പോൾ ഇത് പുറത്തേക്ക് വരുമല്ലോ? കശുവണ്ടി മേഖല വളരെ പ്രതിസന്ധിയിലാണ്. അക്കാര്യം നമ്മൾ ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ലോണിന്റെ കാര്യമെല്ലാം വകുപ്പുമന്ത്രി പറയും. പക്ഷേ, ഇതുപോലുള്ള കാര്യങ്ങൾ പറയുമ്പോൾ....., ഈ പറയുന്ന 600 രൂപയും പെൻഷനും എന്ന നിലയിൽ പൊതുവിൽ എല്ലാ മേഖലയിലും അക്സപ്റ്റ് ചെയ്ത് വന്നതാണ്. കൂടുതൽ വരുമാനം വരുമ്പോൾ നമുക്ക് ഇനിയും കൂട്ടാം. പക്ഷേ, അതുതന്നെ നിലനിർത്തി മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമത്തിനുതന്നെ വിലങ്ങുതടിയാകുന്ന തരത്തിലേക്ക് ഇതൊന്നുമെടുക്കാൻ

പാടില്ല. സോപ്പുകൾ നൽകാൻ പാടില്ല. എല്ലാ ആനുകൂല്യങ്ങളും നിർത്തണം. ഇത്തരം ആനുകൂല്യങ്ങൾ നൽകരുതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനും ബഹുമാനപ്പെട്ട കോടതിയും വരെ പറയുന്ന തരത്തിലേക്ക്, നമ്മുടെ ബോറോയിംഗ് കൺട്രോൾ ചെയ്യുന്ന തരത്തിലേക്ക് കാര്യങ്ങൾ വരികയാണ്. അതുകൊണ്ട് നമ്മളിത് കൊടുക്കുന്നുണ്ട്. ഇ.എസ്.ഐ.- യുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. ഞാനും മെമ്പറും കൊല്ലം ജില്ലയിൽ നിന്നുള്ള പ്രതിനിധികളായതുകൊണ്ടാണ് പറയുന്നത്. അവിടെയാണ് ഏറ്റവും കൂടുതൽ കശുവണ്ടിത്തൊഴിലാളികളുള്ളത്. ഞാൻ മനസ്സിലാക്കുന്നത് ഡൽഹിയിലും ഇവിടെയുമുള്ള ട്രേഡ് യൂണിയനുകളും എല്ലാം ശക്തമായും സംയുക്തമായും ഇ.പി.എഫ്.- ന്റെയും ഇ.എസ്.ഐ.-യുടേയും കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിനകത്ത് നമുക്ക് വിയോജിപ്പില്ല, പക്ഷേ ഇക്കാര്യത്തിൽ വസ്തുതാപരമായി കുറവുകളുള്ളതുകൊണ്ടാണ് പറഞ്ഞത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഇത് മന:പൂർവ്വം പറഞ്ഞതാണ്.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട മെമ്പർ ചുരുക്കണം

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഈ പറയുന്ന പോയിന്റിൽ

നിർത്തുകയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പെൻഷൻ ആർക്കും കൊടുത്തിട്ടില്ല, അതെല്ലാം കുടിശ്ശികയായിരുന്നു, അത് വളരെ കുറവാണ്, കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോഡി വന്നതിനുശേഷമാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതെന്ന് പറയുന്നതുപോലെ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രി ആയതിനുശേഷമാണ് കേരളത്തിൽ ഇത്തരം സാമൂഹിക പരിപാടികൾ ആരംഭിച്ചതെന്നുള്ള ആവർത്തിച്ച പ്രചരണമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അതും പുറത്തേക്ക് പോകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വരുമാന പരിധി ഉയർത്തിയത് കുറയ്ക്കില്ലെന്നുപറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അങ്ങനെ ഒരു തീരുമാനമെടുത്തിട്ടില്ലെന്നുണ്ടെങ്കിൽ സന്തോഷമുള്ള കാര്യമാണ്. അദ്ദേഹം വീണ്ടും അതിനോടൊപ്പം ഒരു കാര്യം പറഞ്ഞു; മുമ്പത്തെ ഗവൺമെന്റിനെക്കാൾ കൂടുതൽ ആളുകൾക്ക് ഇപ്പോൾ പെൻഷൻ നൽകുന്നുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തെക്കാൾ കൂടുതൽ പേർ സാമൂഹ്യ പെൻഷൻ ഇപ്പോൾ വാങ്ങുന്നുണ്ട്. വസ്തുതാപരമായി ശരിയാണ്. അതുപറയുമ്പോൾ വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിരുന്ന ആളുകളേക്കാൾ കൂടുതൽ ആളുകൾക്ക് ഉമ്മൻ

ചാണ്ടി സർക്കാർ പെൻഷൻ നൽകിയിട്ടുണ്ട്. അതിനെ നമ്മൾ അങ്ങനെയെ കാണാവൂ. അതാണ് അതിന്റെ ആരോഗ്യകരമായൊരു സംവാദത്തിന്റെ രീതി. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിരുന്നവരേക്കാൾ കൂടുതൽ ആളുകൾക്ക് ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് കൊടുത്തു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് കൊടുത്തതിനേക്കാൾ കൂടുതൽ ആളുകൾക്ക് ശ്രീ. പിണറായി വിജയൻ പെൻഷൻ കൊടുത്തു. ഈ സഭയിൽ ഭരണപക്ഷ അംഗങ്ങളിൽ പലരും തെറ്റിദ്ധരിച്ചിരിക്കുന്നതുപോലത്തന്നെ നമ്മൾ കഴിക്കുന്ന കാപ്സ്യൂൾ സ്ഥിരമായി കഴിച്ചാൽ അത് കാപ്സ്യൂൾ അല്ല ഒറിജിനലാണെന്ന് വിശ്വസിച്ചുപോകുന്നൊരവസ്ഥയുണ്ട്. അത് മനശാസ്ത്രപരമായൊരു പ്രശ്നമാണ്. ഉമ്മൻ ചാണ്ടിയുടെ സർക്കാർ അവസാനമായി നൽകിയത് 600 രൂപയാണെന്ന് പറയുന്നത് വസ്തുതാപരമായി ശരിയല്ലെന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിച്ചിട്ട് പറഞ്ഞാൽ മതി. ഞാൻ പറയുന്ന 600 രൂപയല്ല. 600

രൂപയേക്കാൾ ഉയർന്ന തുക പെൻഷനായി ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തുതന്നെ കൊടുത്തിട്ടുണ്ടായിരുന്നു. ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022 -ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

രാജ്യമാകെ ബി.ജെ.പി.-യുടെ പടയോട്ടം ആഘോഷിക്കപ്പെടുമ്പോൾ ഹിമാചൽപ്രദേശ് നടത്തിയ കരുത്തുറ്റ പ്രതിരോധത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തെങ്കിലും കാവി മാഞ്ഞു എന്നത് ആശ്വാസകരവും പ്രതീക്ഷ ഉളവാക്കാവുന്നതുമാണ്. ഒരു കാവി പ്രാതിനിത്യവുമില്ലാത്തവിധം ഈ സഭയെ സംരക്ഷിച്ച കേരളീയരുടെ രാഷ്ട്രീയ പ്രബുദ്ധതയെ നമുക്ക് ഒരിക്കൽക്കൂടി ഓർമ്മിക്കാം. അതുകൊണ്ട് ഇന്നത്തെ സന്തോഷം നമുക്കെല്ലാവർക്കും ഒരുമിച്ച് ആഘോഷിക്കാം. ഈ സന്തോഷം പങ്കുവച്ച് ഞാൻ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുകയാണ്. സഭയിലെ അംഗങ്ങളായ ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. പി. സി. വിഷ്ണുനാഥും അവരുടെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി

സംസാരിക്കുകയുണ്ടായി. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ മണ്ഡലത്തിൽ അറുപത്തിയൊന്നോളം കശുവണ്ടി ഫാക്ടറികളുണ്ട്. തൊഴിലാളികളുടെ ധാരാളം വിഷയങ്ങളാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടത്. ഞാനത് ആവർത്തിക്കുന്നില്ല. കശുവണ്ടി മേഖലയിലെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ചെറിയൊരു ഭേദഗതിയാണ് ഈ ബില്ലിലുള്ളത്. സർക്കാർ നടത്തുന്ന കശുവണ്ടിഫാക്ടറികൾ വർഷങ്ങളായി നഷ്ടത്തിലാണ്. സങ്കീർണ്ണമായൊരു ബിസിനസ്സാണിത്. ബിസിനസ്സ് നടത്തിക്കൊണ്ടുപോകാൻ ഒരു ദശാബ്ദകാലത്തെ പരിചയം പോലും പര്യാപ്തമല്ല. റവന്യൂവിന്റെ ഒന്നോ രണ്ടോ ശതമാനമായിരിക്കും മാർജിൻ. പ്രൊഡക്ഷൻ കപ്പാസിറ്റിയുടെ ചെറിയ പിശക് വലിയ നഷ്ടം വരുത്തിവയ്ക്കും. യഥാർത്ഥ ഫാക്ടറി ഉടമയ്ക്ക് മാത്രമേ നല്ലൊരു മാനേജ്മെന്റ് ഉറപ്പുവരുത്താൻ കഴിയൂ. ഇന്ത്യയിൽ കഴിഞ്ഞ 7 വർഷത്തിനിടയിൽ 1500 -ഓളം ഫാക്ടറികൾ പൂട്ടിയിട്ടുണ്ട്. കേരളത്തിൽ മാത്രം കാണുന്ന പ്രവണതയല്ലിത്. വിയറ്റ്നാമിൽ നിന്നും ആഫ്രിക്കയിൽ നിന്നുമുള്ള മത്സരത്തിന്റെ ദുരന്തഫലമാണിത്. അസംസ്കൃത കശുവണ്ടി സാധാരണ കമ്മോഡിറ്റിയല്ല. Nut count, ഈർപ്പം, place of origin, harvest, Method of storage എന്നിവ കശുവണ്ടി ഉല്പാദനവുമായി ബന്ധപ്പെട്ട പ്രധാന ഘടകങ്ങളാണ്. വ്യക്തിപരമായി ആർജിച്ച പരിചയവും

അനുഭവസമ്പത്തും മാത്രമാണ് ലാഭകരമായതും ഗുണമേന്മയുള്ളതുമായ കശുവണ്ടി തെരഞ്ഞെടുക്കാനുള്ള മാർഗം. ശാസ്ത്രീയമായ രീതി ഇല്ലെന്നതാണ് വാസ്തവം. കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-യെന്ന നിലയിലാണ് പ്രസ്തുത വിഷയം സഭയിൽ അവതരിപ്പിക്കുന്നത്. കാസർഗോഡ് ജില്ലക്കാർക്ക് കശുവണ്ടിയെന്ന് കേൾക്കുമ്പോൾ ഭയമാണ്. നിരവധി കുഞ്ഞുങ്ങളുടെ തല വീർത്ത ദൃശ്യത്തോടൊപ്പം ഇന്നും മരിച്ചുകൊണ്ടിരിക്കുന്ന ഓർമ്മകളാണ് ഞങ്ങളുടെ മനസ്സിലുള്ളത്. 1960 -കളിലാണ് 12000 ഹെക്ടറോളം സ്ഥലത്ത് കേരള പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവിൻ തോട്ടത്തിലേയ്ക്ക് ഹെലികോപ്റ്ററിലൂടെ വിഷമഴ പെയ്യിച്ചതിന്റെ ഫലമായി വലിയ ദുരന്തവും ദുരിതവുമാണ് അവർ ഏറ്റുവാങ്ങിയത്. ആ മേഖലയിൽ വർഷങ്ങളായി ഒരുപാട് ആളുകൾ മരണപ്പെട്ടു. മരണാവസ്ഥയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന അനവധിപ്പേർ ഇപ്പോഴുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ധാരാളം ഇടപെടലുകളും അവരുടെ സമരത്തിന്റെ ഭാഗമായി ധാരാളം ഉറപ്പുകളും നൽകിയെങ്കിലും കേരളത്തിലെ ചില യുവജന സംഘടനകൾ സുപ്രീംകോടതിവരെ സമീപിച്ച് അവർക്ക് സാമ്പത്തിക നഷ്ടം വാഗ്ദാനം നല്കിയെങ്കിലും അതൊക്കെ പരിഹരിപ്പെടാത്ത അവസ്ഥ ഇപ്പോഴും നില്ക്കുകയാണ്. കശുവണ്ടിയുമായി ബന്ധപ്പെട്ട് കേരള

നിയമസഭയിൽ ചർച്ച നടക്കുമ്പോൾ, എൻഡോസൾഫാൻ ദുരിതവുമായി ബന്ധപ്പെട്ടുകൊണ്ട് തലസ്ഥാനത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ അതിശക്തമായ ഒരു സമരം നടത്തി. സർക്കാരിന്റെ രണ്ട് മന്ത്രിമാർ അവരുമായി ചർച്ച നടത്തിയതുകാരണമാണ് സമരം പിൻവലിച്ചത്. 1960 -കൾക്കുശേഷം 5 തലമുറകളോളം ഈ ദുരിതം അനുഭവിക്കുമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ പറയുന്നത്. കാസർഗോഡ് ജില്ലയിൽ എന്റെ മണ്ഡലത്തിന്റെ അതിർത്തിയിൽ മഹാഭൂരിപക്ഷം കന്നട, തുളു, മറാട്ടി ഭാഷകൾ സംസാരിക്കുന്ന ആളുകളുടെ പഞ്ചായത്താണ് എൻമകജെ. ഡോ. അംബികാസുതൻ മാങ്ങാട് എഴുതിയ എൻമകജെ എന്ന പേരിലുള്ള നോവൽ മലയാളികളുടെ ഓർമ്മയിൽ എപ്പോഴുമുണ്ടാകും. കാസർഗോഡിലെ കശുമാവിൻ തോട്ടത്തിലെ ദുരന്തവും ദുരിതവും വിവരിച്ചുകൊണ്ടുള്ള നോവലാണത്. കണ്ണുനനയാതെ ആർക്കുമത് വായിച്ചുപൂർത്തീകരിക്കാൻ കഴിയില്ല. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, പ്രസ്തുത നോവൽ ഉയർത്തിക്കാണിച്ച് അതിലെ വേദനിപ്പിക്കുന്ന സംഗതികൾ വിവരിച്ചുകൊണ്ട് ഈ വിഷയത്തിൽ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചത് ഞാനീ അവസരത്തിൽ ഓർക്കുകയാണ്. എൻഡോസൾഫാൻ ദുരിതം ബാധിച്ച കേരളത്തിലെ ഒരു

ജില്ലയിലെ ജനതയെ ചേർത്തുനിർത്തി, ആരോഗ്യരംഗത്തെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പകരം ഇപ്പോഴും എന്റെ ജില്ലയിൽ സമരം ആളിക്കത്തിക്കൊണ്ടിരിക്കുകയാണ്. ദയാബായി സെക്രട്ടേറിയറ്റിനുമുന്നിൽ പോലും സമരം നടത്തിയത് AIIMS -നുവേണ്ടിയായിരുന്നു. AIIMS -ന് വേണ്ടിയുള്ള കേരളത്തിന്റെ പ്രൊപ്പോസലിൽ, കാസർഗോഡുകാർ AIIMS വേണമെന്നല്ല ആവശ്യപ്പെട്ടത്. AIIMS-ന്റെ ലിസ്റ്റ് കേന്ദ്രഗവൺമെന്റിൽ സമർപ്പിക്കുമ്പോൾ കാസർഗോഡ് എന്ന പേര് അതിനുതാഴെ ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ചപ്പോൾ, ഗവൺമെന്റ് അതിനുതയ്യാറായില്ലെന്നത് വേദനാജനകമായ കാര്യമാണ്. ഒരു പേര് ഉൾപ്പെടുത്താനാണ് ഇപ്പോഴും ജില്ലയിലെ ജനത സമരം നടത്തുന്നത്. ഇത്തരം സാഹചര്യങ്ങൾക്കിടയിലാണ് കോവിഡ് തരംഗമുണ്ടായത്. കോവിഡ് ബാധിച്ച് ഒരാൾ കേരളത്തിൽ മരിക്കുന്നതിനേക്കാളും മുമ്പേ എന്റെ ജില്ലയുടെ അതിർത്തിയിൽ 22 പേരാണ് മരണപ്പെട്ടത്. കർണ്ണാടക മനുഷ്യത്വ രഹിതമായി അതിർത്തി അടച്ചപ്പോൾ ഡയാലിസിസ് കിട്ടാതെയും ഹൃദ്രോഗത്തിന് ചികിത്സ കിട്ടാതെയും അവർ മരണത്തിന് കീഴടങ്ങി. ആ ദുരിതത്തിന്റേയും ദുരന്തത്തിന്റേയും ഓർമ്മ ഇപ്പോഴും മനസ്സിലുണ്ട്. ആ ഘട്ടത്തിലാണ് പ്രതീക്ഷ

പകരുന്നവിധം ടാറ്റ ഹോസ്പിറ്റൽ, സി.എസ്.ആർ. ഫണ്ടിലൂടെ കാസർഗോഡിന് അനുവദിച്ചത്. ഇതേ വിഷയം ഉദുമ എം.എൽ.എ. ശ്രീ. സി. എച്ച്. കുഞ്ഞമ്പു സബ്മിഷനായി സഭയിൽ കൊണ്ടുവന്നിരുന്നു. ഉമ്മൻ ചാണ്ടി സർക്കാർ പ്രഖ്യാപിച്ച മെഡിക്കൽ കോളേജ് പത്തനംതിട്ടയിലും വയനാട്ടും ഇടുക്കിയിലും അഡ്മിഷൻ തുടങ്ങി വളരെ നന്നായി മുന്നോട്ടുപോയി 10 വർഷം പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ഇപ്പോഴും ഞങ്ങളുടെ ജില്ലയിൽ ഒ.പി. പോലും തുടങ്ങാതെ ഇഴഞ്ഞുനീങ്ങുന്ന ദയനീയമായ അവസ്ഥ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടാറ്റ ഹോസ്പിറ്റൽ വന്നു. അന്ന് ടാറ്റ ഹോസ്പിറ്റലിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട വിഷയം സംസാരിച്ചപ്പോൾ ജില്ലാ കളക്ടർ വളരെ കൃത്യമായി കാസർഗോഡ് ജനതയോട് പറഞ്ഞു, ഇത് container -ലാണ്, ഒരു പ്രത്യേക രീതിയിൽ വരുന്ന ഹോസ്പിറ്റലാണ്. 25 വർഷത്തേയ്ക്ക് ജില്ലയുടെ ആരോഗ്യരംഗത്തെ പ്രശ്നം പരിഹരിക്കപ്പെടുമെന്നുള്ള ശുഭകരമായ ഒന്നായിരുന്നു ടാറ്റ ഹോസ്പിറ്റലിന്റെ ചട്ടഞ്ചാലിലുള്ള വരവ്. ആദ്യം 178 പേരെ അവിടെ നിയമിച്ചു. ഇപ്പോൾ അവിടെ 3 പേരാണുള്ളത്. ആ ഹോസ്പിറ്റൽ തകരുന്നുണ്ട്, തകർച്ചയിലേയ്ക്ക് പോകുന്നുണ്ടെന്നതിന് തെളിവാണിത്. മെഡിക്കൽ കോളേജ് ലഭ്യമാകാത്ത ഒരു ജില്ലയിൽ ടാറ്റ ഹോസ്പിറ്റലിന്റെ തകർച്ച ആരോഗ്യരംഗത്തെ

പ്രയാസത്തിലേയ്ക്കും പ്രതിസന്ധിയിലേക്കും കൊണ്ടുപോകുന്ന ദയനീയമായ അവസ്ഥയ ജില്ല അനുഭവിക്കുകയാണ്. ഇന്ന് വൈകുന്നേരം ടാറ്റ ഹോസ്പിറ്റലിന്റെ മുന്നിൽ ഉദുമ നിയോജകമണ്ഡലം മുസ്ലീം യൂത്ത് ലീഗ് കമ്മിറ്റി സമരം നടത്തുകയാണ്. യുവജന സംഘടന സമരം ദയാബായിയാണ് ഉദ്ഘാടനം ചെയ്യുന്നത്. കാസർഗോഡ് ജില്ലയിൽ നിന്നും AIIMS-ൽ പേരു ചേർക്കണമെന്ന ആവശ്യത്തിന്മേലുള്ള സമരവും ടാറ്റ ഹോസ്പിറ്റൽ നഷ്ടപ്പെടുന്നതിന്റെ സമരവുമൊക്കെ നടക്കുമ്പോൾ കാസർഗോഡ് ജില്ലക്കാർക്ക് ആശ്വാസമുള്ളത് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ കണ്ട് രണ്ട് ദിവസം കാൽനടയായി അദ്ദേഹം ജില്ലയിൽ യാത്ര നടത്തിയെന്നതാണ്. ഞങ്ങളുടെ ജില്ലയിൽ നിന്ന് മത്സരിച്ചിട്ടുള്ള ആളല്ല അദ്ദേഹം. ഞങ്ങളുടെ ജില്ലയിൽ നിന്ന് കേരള രാഷ്ട്രീയത്തിലേക്കോ ഇന്ത്യൻ രാഷ്ട്രീയത്തിലേക്കോ സമർപ്പിക്കപ്പെട്ട വ്യക്തിത്വവുമല്ല. യാത്രയിൽ അദ്ദേഹം കാസർഗോഡിന്റെ വിദ്യാഭ്യാസ, സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പിന്നോക്കാവസ്ഥ കൃത്യമായി പഠിച്ച് ഒരു പ്രോജക്ടുണ്ടാക്കി ഉമ്മൻ ചാണ്ടി സർക്കാരിന് മുന്നിൽ സമർപ്പിച്ചു. ആ പ്രോജക്ടിന്റെ പേരാണ് കാസർഗോഡ് വികസന പദ്ധതി. ഇന്ന് ജില്ലയിലെ

5 എം.എൽ.എ.-മാർക്ക് വികസനപ്രവർത്തനങ്ങളായ പാലങ്ങളും റോഡുകളും സ്കൂളുകളും നിർമ്മിക്കാൻ കഴിയുന്ന പദ്ധതി ലഭ്യമായതുതന്നെ ശ്രീ. രമേശ് ചെന്നിത്തലയുടെ ഇടപെടലിന്റെ ഭാഗമായാണ്. കാസർഗോഡ് ജനതയ്ക്കുവേണ്ടി ഈ അവസരത്തിൽ ഞാൻ അദ്ദേഹത്തെ നന്ദിയോടെ ഓർക്കുകയാണ്. കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും ഇവിടെ സൂചിപ്പിച്ചതുപോലെയാണ് ഞങ്ങളുടെ ജില്ലയിലെ ആരോഗ്യരംഗത്തെ പ്രശ്നവും. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

സംസ്ഥാന സ്കൂൾ കായികോത്സവം നടന്നത് തലസ്ഥാന നഗരിയിലെ നിയമസഭയ്ക്ക് തൊട്ടടുത്തുള്ള സ്റ്റേഡിയത്തിലാണ്. പോൾ വാൾട്ടിൽ മത്സരിക്കുന്ന കാസർഗോഡ് ജില്ലയിലെ മൂന്ന് കുട്ടികളും അവരുടെ ടീച്ചേഴ്സും മഞ്ചേശ്വരം എം.എൽ.എ. എന്ന നിലയ്ക്ക് സഭയിലേയ്ക്ക് വരുന്നതിനുമുമ്പ് എന്നെ ഫോണിൽ വിളിച്ച് സംസാരിച്ചു. കാസർഗോഡ് ജില്ലയിലെ കായികോത്സവത്തിൽ പോൾ വാൾട്ടിൽ മത്സരിച്ച് ഒന്നാം സ്ഥാനം കിട്ടിയവരാണെന്നും അവർക്ക് തിരുവനന്തപുരത്ത് നടക്കുന്ന സ്റ്റേറ്റ് ലെവൽ മത്സരത്തിൽ പങ്കെടുക്കണമെന്നും പറഞ്ഞു. ജില്ലാതല മത്സരത്തിൽ

മുളകൊണ്ടുള്ള സംവിധാനത്തിലാണ് അവർ പങ്കെടുത്തത്. എന്നാൽ സ്റ്റേറ്റ് ലെവലിൽ ഫൈബർ സംവിധാനമാണെന്നും ആയതിനാൽ അവർക്ക് മത്സരിക്കാൻ സാധിക്കില്ലെന്നുമുള്ള ഉത്തരവ് ലഭിച്ച സങ്കടം എന്നോട് പങ്കുവച്ചു. അതുപ്രകാരം ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും വിദ്യാഭ്യാസ ഡയറക്ടറെയും ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് കാസർഗോഡ് ജില്ലയിൽനിന്ന് മുളകൊണ്ടുവന്ന് മത്സരിക്കാൻ സാധിച്ചു. എങ്കിലും എല്ലാ മേഖലയിലും ഞങ്ങളുടെ പിന്നോക്കാവസ്ഥ ഇപ്പോഴും തുടരുന്നുവെന്നുള്ളത് അതീവ സങ്കടകരമായി സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കശുവണ്ടി മേഖലയിലെ ചർച്ച നടക്കുമ്പോൾ, അങ്ങ് കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ഇരകളെ ഓർമ്മിച്ചത് വളരെ നല്ലൊരു കാര്യമാണ്. കാൽനൂറ്റാണ്ട് പെയ്ത വിഷമഴയിൽ കുതിർന്നുനിൽക്കുന്ന കാസർഗോഡുള്ള ഗ്രാമങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി ഇന്നത്തെ സർക്കാർ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതം

എങ്ങനെയുണ്ടായി എന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കണം. കാസർഗോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചത് കേരള പ്ലാന്റേഷൻ കോർപ്പറേഷനാണ്. അവരിൽനിന്ന് നഷ്ടം ഈടാക്കേണ്ടതല്ലേ; ആ നഷ്ടം ഈടാക്കി ഇരകൾക്ക് നൽകേണ്ടതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വളരെ ഗൗരവത്തോടുകൂടി ചർച്ചചെയ്ത് പരിഹരിക്കേണ്ട വിഷയമാണ് ബഹുമാനപ്പെട്ട കാസർഗോഡ് എം.എൽ.എ. സൂചിപ്പിച്ചത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തേണ്ട പലകാര്യങ്ങളും ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. പി. സി. വിഷ്ണുനാഥും വളരെ വിശദമായി ചൂണ്ടിക്കാണിച്ചു. ഇക്കാര്യങ്ങളെല്ലാം ആ രീതിയിൽത്തന്നെ പരിഗണിക്കണമെന്നുള്ള അഭ്യർത്ഥന അങ്ങയുടെ മുന്നിൽ സമർപ്പിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ ആരോഗ്യരംഗത്തെ പ്രത്യേകം പരിഗണിച്ച് വിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ ഒരു പ്രത്യേക പാക്കേജ് നൽകി ആ ജില്ലയെ ചേർത്തുനിർത്തിക്കൊണ്ട് ടാറ്റാ ഹോസ്പിറ്റൽ നഷ്ടപ്പെടുത്താതെ എയിംസിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് നൽകുന്ന

പ്രൊപ്പോസലിൽ കാസർഗോഡിന്റെ പേര് നിർബന്ധമായും ഉൾപ്പെടുത്തണമെന്ന ആവശ്യം സഭയിൽ ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ട് ഈ ബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതനുസരിച്ച് <u>ശ്രീ. വി. ജോയി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് കശുവണ്ടി വ്യവസായം. തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ചെറിയ ഭേദഗതിയാണ് വരുത്തിയിരിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മേഖലകളിൽ സ്ത്രീകളാണ് കൂടുതലായി ജോലിചെയ്യുന്നത്. കശുവണ്ടി മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്.

കേരളത്തിൽ പരമ്പരാഗത മേഖലയെ എൽ.ഡി.എഫ്. ഗവൺമെന്റുകൾ സംരക്ഷിച്ചതുപോലെ മറ്റൊരു ഗവൺമെന്റും സംരക്ഷിച്ചിട്ടില്ല. ഒരു വാഗ്വാദത്തിനോ വാദപ്രതിവാദത്തിനോ വേണ്ടിയല്ല ഞാനിത് പറയുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് പരമ്പരാഗത മേഖലയ്ക്ക് ചെയ്യുന്ന ഏറ്റവും ശ്ലാഘനീയമായിട്ടുള്ള നിരവധി പ്രവർത്തനങ്ങളുണ്ട്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി കയർ മേഖലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സഭയിൽ പറഞ്ഞിരുന്നു. കശുവണ്ടി തൊഴിലാളികളുടെ ദയനീയമായ കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ സൂചിപ്പിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അഞ്ചുവർഷം ഇവിടെ ഭരിച്ചു. അവർ ഭരണമൊഴിയുമ്പോൾ അഞ്ച് വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. അടുത്തുവന്ന എൽ.ഡി.എഫ്. ഗവൺമെന്റ് ആ അഞ്ചുവർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തുവെന്ന് മാത്രമല്ല, കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ കുടിശ്ശികയും പിന്നെ ഒരു വർഷത്തെ കുടിശ്ശികയും ചേർത്ത് ആകെ പതിനൊന്ന് വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശികയാണ് കൊടുത്തുതീർത്തത്. ഗ്രാറ്റുവിറ്റി കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തുവെന്നതും ഇന്ന് ഒരു കുടിശ്ശികയുമില്ല എന്നതും

ഇതുവരെയുള്ള കശുവണ്ടി വ്യവസായ മേഖലയിലെ ചരിത്രമാണ്. ഒരു തൊഴിലാളി വിരമിച്ചാൽ വർഷങ്ങളോളം ഗ്രാറ്റുവിറ്റിക്കുവേണ്ടി വിവിധ ഓഫീസുകളിൽ കയറിയിറങ്ങിയ ചരിത്രമാണുണ്ടായിരുന്നത്. ആ ചരിത്രം മാറ്റിയെഴുതിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കൊല്ലം ജില്ലാക്കാരനായതുകൊണ്ട് കേരളത്തിലെ കശുവണ്ടി വ്യവസായത്തിന്റെ സിംഹഭാഗവും കൈകാര്യം ചെയ്യുന്ന ഒരു ജില്ലയെന്നുള്ള നിലയിൽ, അദ്ദേഹത്തിന് അതിന്റെ എല്ലാ അർത്ഥത്തിലുള്ള കാര്യങ്ങളും അറിയാവുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ളിലും കശുവണ്ടി വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കാൻവേണ്ടി അദ്ദേഹം പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വിദഗ്ദ്ധമായ നിലയിൽ പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കുന്ന കാര്യത്തിൽ കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയും പ്രത്യേക താൽപ്പര്യമെടുത്തിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത് ഗ്രാറ്റുവിറ്റി കുടിശ്ശിക ഇന്നില്ലെന്ന വസ്തുത നമ്മൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ചരിത്രത്തിലാദ്യമായി ഒരുകാര്യം സംഭവിക്കാൻ പോകുകയാണ്. ഈ ഡിസംബർ മാസത്തിൽ വിരമിക്കുന്ന

തൊഴിലാളികൾക്ക് വിരമിക്കുന്ന ദിവസം ഗ്രാറ്റുവിറ്റി കൊടുക്കുന്ന സ്ഥിതിവിശേഷം വരികയാണ്. ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. പരമ്പരാഗത മേഖലയിലെ തൊഴിലാളികളോട് ഒരു സർക്കാർ എങ്ങനെ പെരുമാറുന്നുവെന്നും എന്ത് നിലപാടുകളാണ് എടുക്കുന്നതെന്നും ഇവിടെ വ്യക്തമാവുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ എന്താണ് പറഞ്ഞത്? തൊഴിലാളികൾക്ക് രണ്ട് പെൻഷൻ വാങ്ങാൻ കഴിയുമായിരുന്നത് ഈ സർക്കാർ ഇല്ലാതാക്കിയെന്നാണ്. രണ്ട് പെൻഷൻ വാങ്ങുന്നവരെല്ലാം ഇപ്പോഴും അത് വാങ്ങുന്നുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതാണ്. അടിസ്ഥാന പെൻഷനായ 600 രൂപ വാങ്ങുന്നതിന് നിലവിൽ തടസ്സമില്ല. മറ്റുള്ള പെൻഷന് 1600 രൂപയാണ് കൊടുക്കുന്നത്. ഈ തുക ബാക്കിയുള്ള ആളുകൾക്കും ലഭിക്കുന്നുണ്ടെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. എൽ.ഡി.എഫ്. സർക്കാരാണ് പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തത്. ഇപ്പോൾ 10 ആണോ 18 ആണോ എന്നുള്ളതാണ് തർക്കം. ആ തർക്കത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ പെൻഷൻ കുടിശ്ശികയടക്കം പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡിസംബറോടുകൂടി

ഇതുവരെയുള്ള എല്ലാ കുടിശ്ശികയും രണ്ടുംമൂന്നും മാസം കൂടുമ്പോൾ സർക്കാർ കൊടുത്തുതീർക്കുകയാണ്. അത് സാധാരണക്കാരെ സംബന്ധിച്ച് സഹായകരമായ നിലപാടാണെന്ന് നമുക്കറിയാം.

ഈ മേഖലയിൽ തൊഴിൽ ദിനങ്ങൾ വളരെ കുറവാണെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. തൊഴിൽ ദിനങ്ങൾ കുറവായതിന് രണ്ടുമൂന്ന് പ്രധാനപ്പെട്ട വസ്തുതകളുണ്ട്. അത് കോവിഡിന്റെ പ്രത്യേകമായ സാഹചര്യവും പ്രകൃതിക്ഷോഭവുമാണ്. ഇതിന്റെ ഭാഗമായി ആഭ്യന്തരമായി നമുക്ക് ലഭിച്ചുകൊണ്ടിരുന്ന തോട്ടണ്ടിയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. സാധാരണ നിലയിൽ ആഭ്യന്തരമായി ലഭിക്കുന്ന ഏതാണ്ട് 3500-ഓളം ടൺ തോട്ടണ്ടി ഇപ്പോൾ നമുക്ക് ലഭിക്കുന്നില്ല. ഏതാണ്ട് 300-ൽ താഴെ ടൺ തോട്ടണ്ടിയാണ് ഇപ്പോൾ ലഭിക്കുന്നത്. ആഫ്രിക്കൻ രാജ്യങ്ങളെയാണ് തോട്ടണ്ടി വാങ്ങുന്നതിന് നമ്മൾ സമീപിക്കുന്നത്. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായി ഈ മേഖലയിൽ നിലനിൽക്കുന്നുണ്ടെന്നുള്ളത് മനസ്സിലാക്കേണ്ടതുണ്ട്. 450-ഓളം ഫാക്ടറികൾ പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇപ്പോൾ ഏതാണ്ട് നൂറോളം ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. നേരത്തെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ തോട്ടണ്ടിയുടെ കുത്തക

കേരളത്തിനായിരുന്നു. പക്ഷേ അത് നമ്മളിൽനിന്ന് നഷ്ടമായി, ഇപ്പോൾ വിയറ്റ്നാമിനാണ് ആ കുത്തക ലഭിച്ചിട്ടുള്ളത്. ഇന്ന് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന രാജ്യം വിയറ്റ്നാമാണ്. കയറ്റുമതിയുടെ 75 ശതമാനവും വിയറ്റ്നാമിൽ നിന്നുമാണ്. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നുവെന്ന് ചോദിച്ചാൽ ആധുനിക കാലഘട്ടത്തിൽ യന്ത്രവൽക്കരണം ധ്രുതഗതിയിൽ നടത്തിയ ഒരു രാജ്യമാണ് വിയറ്റ്നാം. യന്ത്രവൽക്കരണത്തിലേയ്ക്ക് പൂർണ്ണമായി പോകാൻ നമുക്ക് സാധിച്ചിട്ടില്ല. യന്ത്രവൽക്കരണം ക്രമേണ നടന്നുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിന്റെ ഭാഗമായി ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും ആവശ്യമായ ഫണ്ട് സർക്കാർ വകയിരുത്തുന്നുണ്ട്. പൂർണ്ണയന്ത്രവൽക്കരണത്തിലാണ് വിയറ്റ്നാമിൽ തോട്ടണ്ടി സംസ്കരിക്കുന്നത്. അവരുടെ കൂലിയുടെ കാര്യം സംബന്ധിച്ച് പരിശോധിച്ചാൽ 80 കിലോഗ്രാമിന്റെ പായ്ക്കറ്റാണ് അടിസ്ഥാനമായെടുക്കുന്നത്. കേരളത്തിൽ അതിന്റെ ഉല്പാദന ചെലവ് 4,200 രൂപയാണ്. വിയറ്റ്നാമിൽ അത് 800 രൂപ മാത്രമാണ്. കേരളത്തിൽ ഉല്പാദന ചെലവ് വളരെ കൂടുതലാണ്. വിയറ്റ്നാമിന്റെ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഉല്പാദന ചെലവ് കുറയുന്നുവെന്നത് ഒരു

പ്രധാനപ്പെട്ട കാര്യമാണ്. കമ്പോളത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. തൊഴിലാളികളുടെ ഇ.എസ്.ഐ.-യുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രധാന പ്രശ്നമുണ്ട്. തൊഴിലാളികൾ ആറ് മാസം ജോലി ചെയ്താൽ മിനിമം 78 ദിവസമുണ്ടെങ്കിലേ അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുകയുള്ളൂ. അതുതന്നെയാണ് അവരുടെ മക്കളുടെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങളെയും സംബന്ധിച്ച് കാണുന്നത്. ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകാതെപോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് നമ്മൾ മനസ്സിലാക്കി, ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഈ ദിവസത്തിന്റെ എണ്ണം കുറച്ചെടുക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തണം. മറ്റൊന്ന്, കോവിഡ് കഴിഞ്ഞ ഉടൻതന്നെ അതിന്റെ ടാക്സ് ഒൻപതര ശതമാനമായി വർദ്ധിപ്പിച്ചു, ഇപ്പോൾ അത് കുറച്ചിട്ടുണ്ട്. പക്ഷെ, ടാക്സ് കൂട്ടിയത് ഉല്പന്നത്തിന്റെ വില ഉയരുന്ന സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽവരുന്നത് കാഷ്യൂ കോർപ്പറേഷനും കാപെക്സുമാണ്. ഈ രണ്ട് സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ തോട്ടണ്ടി നൽകി അവിടെ 1000

ആളുകൾക്കെങ്കിലും പുതിയതായി ജോലി നൽകാൻ സാധിക്കത്തക്കവിധത്തിലുള്ള കാര്യങ്ങൾ വ്യവസായ വകുപ്പ് ഇടപെട്ട് ചെയ്തുവരുന്നുണ്ട്. കശുവണ്ടി മേഖലയിൽ അടച്ചുപൂട്ടപ്പെടുന്ന ധാരാളം സ്വകാര്യ കമ്പനികളുണ്ട്. ആ സ്വകാര്യ കമ്പനികളാണ് സർക്കാരിന് ഇന്ന് ഏറ്റവും വലിയ പ്രശ്നമായി നിൽക്കുന്നത്. അവർ കോടിക്കണക്കിന് രൂപ (ഏതാണ്ട് 500 കോടി രൂപയോളം) ബാങ്കുകളിൽനിന്ന് ലോണെടുത്ത് സാമ്പത്തിക ബുദ്ധിമുട്ടിലേയ്ക്ക് പോകുന്നുണ്ട്. അതുകൊണ്ട് നാഷണലൈസ്ഡ് ബാങ്കുകളുമായി സംസാരിച്ച് ഏതെങ്കിലും രൂപത്തിൽ കുറവ് ചെയ്തുനൽകാനും അവരെ സഹായിക്കാനും സാധിക്കുമോയെന്നുള്ളതിനെ സംബന്ധിച്ച് വളരെ വിദഗ്ധമായ ഒരു പാക്കേജ് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഏതൊരു ഗവൺമെന്റ് ചെയ്യുന്നതിനേക്കാൾ കൂടുതൽ സ്വകാര്യ മുതലാളിമാരുടെ കടത്തിന്റെ പലിശയെങ്കിലും നൽകി അവരെ വ്യവസായത്തിലേയ്ക്ക് തിരികെ കൊണ്ടുവന്ന് സാധാരണ തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിയുമോയെന്നതിനെ സംബന്ധിച്ച പാക്കേജും പരിശോധിക്കുന്നുണ്ട്. രണ്ട് കോടി രൂപ വരെ വായ്പയെടുത്തിട്ടുള്ള ആളുകൾക്ക് മുതലിന്റെ 50 ശതമാനം അടച്ച് വ്യവസായത്തിലേയ്ക്ക് കടക്കാൻ

സാധിക്കുമോ; രണ്ട് കോടി രൂപ മുതൽ പത്ത് കോടി രൂപ വരെ വായ്പയെടുത്ത ആളുകളുടെ 60 ശതമാനം തുക അടച്ച് അവരെ റെഗുലറൈസ് ചെയ്ത് ഈ വ്യവസായത്തിലേയ്ക്ക് തിരികെക്കൊണ്ടുവരാൻ സാധിക്കുമോ മുതലായ കാര്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് പ്രധാനമായും നോക്കുന്നുണ്ടെന്ന കാര്യം നമ്മൾ മനസിലാക്കണം. കേരളത്തിന് കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കാനുള്ള 23,000 കോടി രൂപപോലും ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് ഇന്ന് പത്രങ്ങളിലെല്ലാം വാർത്തയുണ്ട്. ആ സാഹചര്യത്തിലും ഇവിടെ കാഷ്യൂ ബോർഡിന് തോട്ടണ്ടി ഇറക്കുമതിക്കുവേണ്ടി 40.85 കോടി രൂപയും ബാങ്കിന്റെ കുടിശ്ശികയുമായി ബന്ധപ്പെട്ട് 30 കോടി രൂപയും നൽകിയിട്ടുള്ളതായാണ് അറിയുന്നത്. പൊതുവെ ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് മനസ്സിലാക്കുമ്പോൾ ഒരു പരമ്പരാഗത വ്യവസായത്തെ നിലനിർത്തിക്കൊണ്ടുപോകുന്നത് ഇന്നത്തെ സാഹചര്യത്തിൽ വളരെയധികം ബുദ്ധിമുട്ടാണ്. ആ ബുദ്ധിമുട്ടുകൾ സഹിച്ച്, പരമാവധി സഹായം നൽകി ഗവൺമെന്റ് ഇക്കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളത് മനസ്സിലാക്കണം. കാഷ്യൂ കോർപ്പറേഷനും കാപെക്സിനും കൂടി ആകെ 40 ഫാക്ടറികളാണുള്ളത്. ബാക്കി

ബഹുഭൂരിപക്ഷവും സ്വകാര്യ മേഖലയിലുള്ള ഫാക്ടറികളാണ്. അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചും ലാഭനഷ്ടങ്ങൾക്കനുസരിച്ചുമാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ ചൂഷണം സംബന്ധിച്ച കാര്യംകൂടിയുണ്ട്. സ്വകാര്യ മേഖലയിൽ അത് വളരെ രൂക്ഷമായിവരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതുണ്ട്. കൊല്ലം ജില്ലയോട് ചേർന്നുകിടക്കുന്നതാണ് എന്റെ നിയോജകമണ്ഡലമായ വർക്കല. കൊല്ലം ജില്ലയിലുള്ളയത്ര ഫാക്ടറികൾ വർക്കലയിലില്ലെങ്കിലും 17 ഫാക്ടറികളുണ്ട്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി അവരെ സഹായിക്കാനും പാക്കേജുകൾ പ്രഖ്യാപിക്കാനും അവരുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാനും മുതലാളിമാരുടെ പലിശയടക്കം ഏതെങ്കിലും രൂപത്തിൽ എഴുതിത്തള്ളുന്നതോ അല്ലെങ്കിൽ സർക്കാർ കൊടുത്തുതീർക്കുന്നതടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യം ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത

പ്രകാരമുള്ള 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായാണ് ഖാദി പ്രസ്ഥാനം രാജ്യത്താരംഭിച്ച് ശക്തി പ്രാപിച്ചതെന്ന് നമുക്കറിയാം. വിദേശ വസ്ത്രം ബഹിഷ്കരിക്കുന്നതോടൊപ്പംതന്നെ സ്വന്തമായി നൂൽ നൂൽക്കുകയും വസ്ത്രം നിർമ്മിച്ച് ധരിക്കുകയും ചെയ്യണമെന്ന് രാഷ്ട്രപിതാവുതന്നെ ആഹ്വാനം ചെയ്തു. ജനങ്ങൾ അതിനെ വളരെയേറെ മനസ്സിൽത്തട്ടി സ്വീകരിച്ചു. അതിന്റെ ഭാഗമായാണ് ഖാദി പ്രസ്ഥാനം ശക്തിപ്പെട്ടത്. ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ ഖാദി പ്രചരണം ഒരു ഔദ്യോഗികമായുള്ള അല്ലെങ്കിൽ സംഘടനാപരമായ ദൗത്യംതന്നെയായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. ഇന്ന് ഖാദി പ്രസ്ഥാനത്തെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അവഗണിക്കുകയാണ്. അതിനെ ശാക്തീകരിക്കുന്നതിനുപകരം അതിന്റെ പ്രവർത്തനങ്ങളെ ദൗർബല്യപ്പെടുത്തുകയാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പല പ്രശ്നങ്ങളാണ് ആ മേഖല നേരിടുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു

വിഷയം പരുത്തിയുടെ ദൗർലഭ്യമാണ്. നമ്മുടെ ആവശ്യത്തിനനുസരിച്ചോ, സാദ്ധ്യതയ്ക്കനുസരിച്ചോ പരുത്തിയുടെ ഉല്പാദനത്തോത് വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല. പരുത്തിയുടെ വിളവെടുപ്പുകാലത്ത് അത് സംഭരിക്കാനും സൂക്ഷിച്ചുവയ്ക്കാനും സാധിച്ചാൽ എല്ലാ സീസണിലും ഉല്പാദനം നടത്താൻ സാധിക്കും. ഉല്പാദനം വർദ്ധിപ്പിച്ചാൽ കേരളത്തിൽത്തന്നെ ഉല്പാദിപ്പിക്കുന്ന നല്ലയിനം തുണികൾ വാങ്ങുന്നതിന് ആളുകളുണ്ടാകും. അതേസമയം, ഒരുപക്ഷെ നമ്മൾ കള്ളഖാദിയെന്നുപോലും വിളിക്കുന്ന ഉല്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വ്യാപകമായി വരുന്നുണ്ട്. കേരളത്തിൽ ഗുണനിലവാരമുള്ള മെച്ചപ്പെട്ട ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും അതുവഴി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം നൽകുകയും ചെയ്താൽ അതിനെ തടയാൻ സാധിക്കുന്നതാണ്. ഖാദി കമ്മീഷന്റെ സബ്സിഡിയില്ലെന്നത് ഈ മേഖല അനുഭവിക്കുന്ന വലിയ ഒരു പ്രശ്നം തന്നെയാണ്. ഇതിനായി സർക്കാർ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി സബ്സിഡി പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാന സർക്കാരുതന്നെ റിബേറ്റിനത്തിൽ കുടിശ്ശികയായി ഏതാണ്ട് 60 കോടിയിലധികം രൂപ നൽകാനുണ്ട്. ഖാദി

മേഖലയെ പിടിച്ചുനിർത്താൻ ആവശ്യമായ പ്രൊഡക്ഷൻ ഇൻസെന്റീവ് കുറെക്കാലമായി നൽകുന്നില്ല. ഖാദി ബോർഡിലെ തൊഴിലാളികൾക്ക് ഒൻപത് മാസത്തെയും ബോർഡിതര തൊഴിലാളികൾക്ക് ഒരു വർഷത്തെയും സർക്കാരിന്റെ ഇൻകം സപ്പോർട്ട് സ്കീമിൽനിന്ന് നൽകാനുള്ള വേതനവും കുടിശ്ശികയായി നിലവിലുണ്ട്. ഖാദി മേഖല നിരവധി പ്രതിസന്ധികളും പ്രശ്നങ്ങളും നേരിടുകയാണ്. സാധാരണ തൊഴിലാളികളാണിവരെന്ന് നമുക്കെല്ലാവർക്കുമറിയാം. ചെറിയ വേതനത്തിനാണ് ഇവർ പണിയെടുക്കുന്നത്. ആ തൊഴിലുപോലും ചെയ്യാൻ സാധിക്കാതെ, ചെയ്ത തൊഴിലിനുപോലും വേതനം ലഭിക്കുന്നില്ലെന്ന അവസ്ഥവരുന്നു. ഈ മേഖല അർദ്ധപ്പട്ടിണിയിലാണെന്നതാണ് യാഥാർത്ഥ്യം. അതിന് പരിഹാരമുണ്ടാക്കാനും കുടിശ്ശികയില്ലാതെ റിബേറ്റ് നൽകാനും സാധിക്കണം. കൃത്യസമയത്ത് ശമ്പളവും ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിച്ചുനൽകാനും സബ്സിഡി നിലനിർത്താനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. സദുദ്ദേശത്തോടുകൂടിയാണ് ഈ ബില്ല് ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളത്. കാരണം, 1957-ലെ കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ആക്റ്റിന്റെ 6-ാം വകുപ്പ് 1(ബി)-യിൽ

കുഷ്ഠരോഗം ബാധിച്ചവർക്കും ചെവികേൾക്കാനും സംസാരിക്കാനും കഴിയാത്തവർക്കും ബോർഡിൽ അംഗമാകുന്നതിനുള്ള അയോഗ്യതയുണ്ടായിരുന്നു. സുപ്രീംകോടതിയുടെ വിധിയെത്തുടർന്നും നിയമ പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും അത്തരത്തിലുള്ള വ്യവസ്ഥകൾ മാറ്റുന്നതിനായാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അതിനെ പിന്തുണയ്ക്കുമ്പോൾത്തന്നെ ഖാദി പ്രസ്ഥാനം നേരിടുന്ന, പ്രത്യേകിച്ച് തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കണം. അക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കേണ്ടതായുണ്ട്. തൊഴിലാളികളുടെ പ്രസ്ഥാനമാണ് ഖാദി പ്രസ്ഥാനം. ഇതിലെ മാനേജ്മെന്റ് പലപ്പോഴും തൊഴിലാളിദ്രോഹ നടപടികളാണ് സ്വീകരിക്കുന്നത്. പയ്യന്നൂരിലെ ഖാദി ബോർഡ് ജീവനക്കാരി ശ്രീമതി നിഷ കെ. കെ.-യുടെ വേദനിക്കുന്ന കഥ അടുത്തകാലത്ത് പത്രമാധ്യമങ്ങളിലും ചാനലുകളിലുമൊക്കെ വന്നതാണ്. കൊല്ലം ചവറയിലെ നിഷയുടെ കഥ ഇന്നും സഭയിൽ പറയുകയും ഇതിനുമുമ്പ് ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയമായി അവതരിപ്പിക്കുകയും ഇന്നത്തെ മാധ്യമങ്ങളിൽ നമ്മളത് വായിക്കുകയും ചെയ്തതാണ്. ആ

യുവതിക്ക് ലഭിക്കുമായിരുന്ന ജോലി മനഃപൂർവ്വം വൈകിപ്പിച്ച്, 12 മണിക്കൂറെങ്കിലും കൊടുക്കേണ്ട അറിയിപ്പ് 4 സെക്കന്റ് വൈകി നൽകിയ കാര്യം ഇന്ന് ശ്രീ. ഷാഫി പറമ്പിലും ചോദ്യോത്തരവേളയിൽ ഞാനും പറഞ്ഞതാണ്. അക്കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ മറുപടിയില്ല. ഇതാണ് കൊല്ലം ചവറയിലെ നിഷയുടെ അനുഭവമെങ്കിൽ പയ്യന്നൂരിലെ ശ്രീമതി നിഷ കെ. കെ. 07-05-2013 മുതൽ ഖാദി ബോർഡിൽ സെയിൽസ് അസിസ്റ്റന്റായി ജോലി ചെയ്തിരുന്നു. 15-04-2017 മുതൽ അവരുടെ ജോലി നിഷേധിച്ചു. ഗവൺമെന്റ് മാറിയതാകാം. ജോലി നിഷേധത്തെത്തുടർന്ന് ശ്രീമതി നിഷ കെ. കെ. കണ്ണൂർ ലേബർ കോടതിയിൽ കേസ് കൊടുത്തു. ലേബർ കോടതി ഇരുഭാഗത്തെയും വാദങ്ങൾ കേട്ടിട്ട് 24-06-2017-ൽ അവർക്കുള്ള ആനുകൂല്യവും ജോലിയും കൊടുക്കാനുള്ള കോടതിയുടെ ഉത്തരവുണ്ടായി. സാധാരണഗതിയിൽ എന്താണ് ചെയ്യുന്നത്; തൊഴിലാളികളുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി സമരം ചെയ്തിട്ടുള്ള പ്രസ്ഥാനം നിലപാട് സ്വീകരിക്കുന്നു, എന്നുപറയുന്ന ആളുകളുടെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് സർക്കാരും ഖാദി ബോർഡും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോൾ, ലേബർ കോടതിയുടെ

ഉത്തരവ് അംഗീകരിച്ച് ആ തൊഴിലാളിക്ക് ആനുകൂല്യം കൊടുക്കുന്നതിനുപകരം അതിനെ ചലഞ്ച് ചെയ്ത് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ലേബർ കോടതിയുടെ ഉത്തരവിനെതിരെ ബോർഡ് കൊടുത്തിട്ടുള്ള അപ്പീൽ നിയമപരമായും വസ്തുതാപരമായും നിലനിൽക്കുന്നതല്ലെന്നുപറഞ്ഞ് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള ഉത്തരവായതുകൊണ്ട് അത് വായിക്കേണ്ട ആവശ്യമില്ല. ആ ഉത്തരവ് നടപ്പിലാക്കുന്നതിനും ഖാദി ബോർഡ് തയ്യാറായിട്ടില്ല. 07-07-2022-ലാണ് ഹൈക്കോടതി ഉത്തരവ് വന്നത്. ആ ജീവനക്കാരി മുട്ടാത്ത വാതിലുകളില്ല. അതുകൊണ്ടാണ് അവർ ഈ കഥ മാധ്യമങ്ങളുടെ മുമ്പിൽ പറഞ്ഞിട്ടുള്ളത്. ഞങ്ങളുടെയെല്ലാം സുഹൃത്തും ഖാദി ബോർഡ് വൈസ് ചെയർമാനുമായ ശ്രീ. പി. ജയരാജനോടും ആ ജീവനക്കാരി സംസാരിച്ചപ്പോൾ പണമില്ലെന്ന് പറഞ്ഞു. അദ്ദേഹവുമായി സംസാരിച്ച കാര്യവും രാഷ്ട്രീയം ഉൾപ്പെടെ പറഞ്ഞുകൊണ്ട് ആ യുവതി പ്രതികരിച്ചതും മാധ്യമങ്ങളോട് തുറന്നുപറഞ്ഞതും ചാനലിലൂടെ ഞാൻ കാണാനിടയായി. നിന്നെ എനിക്കറിയാം എന്നുപറഞ്ഞുകൊണ്ടാണ് അവർ പ്രതികരിച്ചത്.

മാധ്യമങ്ങളും വൈസ് ചെയർമാനോട് ചോദിച്ചു. അദ്ദേഹം, പുതിയ കാറിന്റെ താക്കോൽ വാങ്ങുന്ന ഫോട്ടോ ഇന്നത്തെ പത്രത്തിലുണ്ട്. കാർ വാങ്ങരുതെന്ന് പറയുന്നില്ല; പക്ഷെ, ലേബർ കോടതിയുടെ വിധിയുണ്ടായിട്ടും ആ വിധിക്കെതിരെ ഖാദി ബോർഡ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് പരാജയപ്പെട്ടിട്ടും അവരുടെ ആനുകൂല്യം കൊടുക്കാനും കോടതി ഉത്തരവ് നടപ്പിലാക്കാനും വൈമനസ്യം കാണിക്കുകയും അവരോട് മോശമായ രീതിയിൽ വെല്ലുവിളിയുടെ ഭാഷയിൽ സംസാരിക്കുകയും ചെയ്യുകയാണ്. മാധ്യമങ്ങൾ വൈസ് ചെയർമാനോട് ചോദിച്ചപ്പോൾ, ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ സെക്കന്റ് അപ്പീലുമായി പോകുമെന്നാണ് പറഞ്ഞിട്ടുള്ളത്. നിയമവ്യവസ്ഥയനുസരിച്ച് സുപ്രീംകോടതിയിൽ പോകാം. കാരണം, ഖാദി ബോർഡിനില്ലാത്ത പണമാണ് മുടക്കുന്നത്. ആ ജീവനക്കാരിക്ക് കേവലം മൂന്നര ലക്ഷം രൂപ മാത്രമാണ് കൊടുക്കാനുള്ളത്. സാധാരണക്കാരുടെ അവകാശങ്ങളും നിയമവാഴ്ചയും ഇല്ലാതാക്കുന്നതിനും കേസുകൾ നടത്തുന്നതിനുമായി സുപ്രീംകോടതിയിലെ വക്കീലന്മാർക്ക് കോടിക്കണക്കിന് രൂപ കൊടുത്താണ് ചില കേസുകൾക്കുവേണ്ടി സർക്കാർ അവരെ

കൊണ്ടുപോകുന്നത്. കേരളത്തിൽ എത്രയോ പ്രഗത്ഭരായ വക്കീലന്മാരും അഡ്വക്കേറ്റ് ജനറലും ഗവൺമെന്റ് പ്ലീഡർമാരുമെല്ലാമുള്ളപ്പോഴും സുപ്രീംകോടതിയിലെ വക്കീലന്മാരെ കൊണ്ടുവന്ന് കേസ് നടത്തുന്ന ഗവൺമെന്റാണിത്. അത്തരത്തിലുള്ള ദുർവാശി ഉപേക്ഷിച്ചുകൊണ്ട് സാധാരണ ഒരു സ്ത്രീത്തൊഴിലാളിയുടെ ആവശ്യവും അവകാശവും ന്യായയുക്തമാണെന്ന കോടതിയുടെ കണ്ടെത്തൽ അംഗീകരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. 'He'-യോടൊപ്പം 'She'-കൂടി ഉൾപ്പെടുത്തിയതിന്റെ എല്ലാ മഹത്വവും അംഗീകരിച്ചുകൊണ്ടും എല്ലാ നന്ദിയും അറിയിച്ചുകൊണ്ടും പ്രസ്തുത പ്രശ്നത്തിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷയിൽ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ വിഷയത്തിലേയ്ക്ക് വരുന്നതിനുമുമ്പ് എന്റെയൊരു സംശയം

ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. 15-ാം കേരള നിയമസഭയുടെ 7-ാം സമ്മേളനം ശ്രദ്ധിക്കപ്പെടുന്നത്, പാനൽ ഓഫ് ചെയർമാന്മാരെല്ലാം അങ്ങ് (ശ്രീമതി സി. കെ. ആശ) ഉൾപ്പെടെ വനിതകളാണ് എന്നുള്ളതാണ്. കാലങ്ങളായി ഇവിടെ 'സർ' എന്ന് ചെയറിനെ അഭിസംബോധന ചെയ്താണ് പ്രസംഗിക്കുക. സ്വാഭാവികമായും ചെയറിൽ വനിതകൾ വരുമ്പോൾ 'മാഡം' എന്ന് അഭിസംബോധന ചെയ്ത് സംസാരിക്കണ്ടേ എന്നാണ് എന്റെ സംശയം. അതിനെക്കുറിച്ച് ആധികാരികമായി ആർക്കെങ്കിലും അറിയാമെങ്കിൽ വ്യക്തത വരുത്തിയാൽ നന്നായിരുന്നു. ഇല്ലെങ്കിൽ ഞാൻ എന്റെ പരിജ്ഞാനം വച്ച് 'മാഡം' എന്ന് അഭിസംബോധന ചെയ്ത് സംസാരിക്കാനാഗ്രഹിക്കുകയാണ്. അതിൽ തെറ്റില്ലെന്ന് കരുതുന്നു.

<u>ചെയർപേഴ്സൺ</u>: 'ചെയർ' എന്ന് അഭിസംബോധന ചെയ്യാം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഭാവിയിൽ 'ചെയർ' അതിനൊരു റൂളിംഗ് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരികയാണ്.\

<u>ശ്രീമതി കെ. കെ. രമ</u>: 'സർ', 'മാഡം' എന്നീ രണ്ട് വാക്കുകളും ഒഴിവാക്കി 'ബഹുമാനപ്പെട്ട സ്പീക്കർ' അല്ലെങ്കിൽ 'ചെയർ' എന്ന്

അഭിസംബോധന ചെയ്ത് സംസാരിക്കുന്നതാണ് നല്ലത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ചെയറിനെയാണ് അഡ്രസ് ചെയ്യേണ്ടത്. 'സർ' എന്നുള്ളത് പുല്ലിംഗമാണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

<u>ചെയർപേഴ്സൺ</u>: അതിലൊരു തർക്കം വേണ്ട. അതിന് പിന്നീടൊരു റൂളിംഗുണ്ടാകും. ഇപ്പോൾ 'ചെയർ' എന്ന് അഡ്രസ് ചെയ്യുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ബഹുമാനപ്പെട്ട ചെയർ, പ്രസ്തുത ഭേദഗതിയെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ നാട്ടിലെ വളരെ പ്രധാനപ്പെട്ട മേഖലയായ ഖാദിക്ക് ഇന്ത്യൻ ദേശീയതയുമായി ഏറെ ബന്ധമുണ്ട്. അതിന്റെ വിശദാംശങ്ങളൊക്കെ അറിയാവുന്നതുകൊണ്ട് അതിലേയ്ക്കൊന്നും പോകാൻ ഞാൻ ഈ സമയം വിനിയോഗിക്കുന്നില്ല. ഇവിടെ ചർച്ച ചെയ്യുമ്പോൾ പ്രസക്തമായ ചില കാര്യങ്ങളുണ്ട്. ഭേദഗതിക്കുള്ള സാധ്യത വളരെ ചെറിയ കാര്യമാണ്. ഇവിടെ പരാമർശിച്ചതുപോലെ കുഷ്ഠരോഗികൾക്കും ബധിരർക്കും ഇതിന്റെ ബോർഡിലേയ്ക്ക് വരുന്നതിനുള്ള നിയമതടസ്സം നീക്കുക എന്നുള്ളത് സ്വാഗതാർഹവും സാമൂഹ്യനീതി മുൻനിർത്തിയുള്ളതുമായ ഒരു

ഭേദഗതിയാണ്. അതിന് ഉപോദ്ബലകമായി സുപ്രീംകോടതി വിധിയടക്കമുള്ള കാര്യങ്ങളുണ്ട്. അത് സ്വാഗതാർഹമാണ്. പരമ്പരാഗത വ്യവസായ മേഖലയോടും പരമ്പരാഗത തൊഴിൽ മേഖലയോടുമുള്ള ഒരു സമീപനംകൂടി ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടേണ്ടതല്ലേ എന്നൊരു ന്യായമായ സംശയം ഞാൻ ഉന്നയിക്കുകയാണ്. ഈ മേഖലയിൽ വളരെ പ്രതിബദ്ധതാപൂർവ്വമായ നിലപാടുകളും നയങ്ങളും പ്രവർത്തനപരിപാടികളും ഈ ഗവൺമെന്റ് നടപ്പിലാക്കുന്നതിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതിന്റെ ഒരു ഉണർവ് ഖാദി-ഗ്രാമ വ്യവസായ മേഖലകളിലെല്ലാമുണ്ടായിട്ടുണ്ട്. അതവരുടെ വില്പന വർദ്ധനവടക്കമുള്ള അല്ലെങ്കിൽ പ്രവർത്തന വിപുലതയടക്കമുള്ള കാര്യങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയും. ചുരുക്കം ചില പ്രത്യേക കാര്യങ്ങളെടുത്തുകാണിച്ച് അതിന്റെ മെരിറ്റും ഡി-മെരിറ്റും ഇവിടെ ചർച്ച ചെയ്യപ്പെടാതെ ഈ മേഖലയാകെ കുഴപ്പമാണ് അല്ലെങ്കിൽ അവഗണിക്കപ്പെടുന്നുവെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം തെറ്റാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തുനിന്നും സംസാരിച്ച പല അംഗങ്ങളും നമ്മുടെ വളർച്ചയെ

കാണാതെ തെറ്റായി ചിത്രീകരിക്കുന്ന സമീപനം കാണുകയുണ്ടായി. ചുരുങ്ങിയ കാലംകൊണ്ട് വ്യാവസായിക മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും ആധുനിക വ്യവസായ മേഖലയിലും വലിയ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഒരു സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ പുതുതായി ആരംഭിക്കാനുള്ള വലിയ ചലഞ്ചിംഗായ കാര്യം ഏറ്റെടുക്കാൻ, വ്യവസായ വകുപ്പ് മുന്നോട്ടുവന്നു. കഴിഞ്ഞ ഏഴോ എട്ടോ മാസംകൊണ്ട് അതിൽ 90 ശതമാനത്തോളം ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി അതിന്റെ മാനദണ്ഡങ്ങൾപ്രകാരം കേരളം ഒട്ടേറെ മുന്നോട്ടുവരികയും വ്യവസായ സൗഹൃദമാണെന്ന് പരക്കെ അംഗീകരിക്കപ്പെടുകയും ചെയ്ത സാഹചര്യമുണ്ട്. ഖാദി, കയർ, തഴപ്പായ, മൺപാത്രം തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നയം സ്വീകരിക്കുന്ന ഒരു ഗവൺമെന്റ് ഈ സംസ്ഥാനം ഭരിക്കുന്നുണ്ടെന്നുള്ളത് പ്രതീക്ഷയോടെയും വലിയൊരു ശുഭാപ്തി വിശ്വാസത്തോടെയും കാണാൻ കഴിയുന്ന കാര്യമാണ്. കേന്ദ്ര

സർക്കാർ കുത്തകവൽക്കരണത്തെ എല്ലാ അർത്ഥത്തിലും ഏറ്റെടുക്കുകയും പരമ്പരാഗത വ്യവസായങ്ങൾ അടക്കമുള്ളവയെ തള്ളികളയുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. പ്രത്യേകിച്ച് കൃഷിയുമായികൂടി ഒരു ബന്ധം വരുന്നുണ്ടെന്നുള്ളത് എടുത്ത് കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാർഷിക മേഖല കനത്ത തകർച്ചയിലാണ്. ഞാൻ രാവിലെ ഇവിടെ റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിലും ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ കാർഷിക മേഖലയിലും വലിയ തളർച്ചയാണുണ്ടാകുന്നത്. അതായത്, ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച, പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്നതും അല്ലാത്തതുമായ വിളനാശങ്ങൾ, കാലാവസ്ഥാ വ്യതിയാനം, അമിതമായ ഉൽപ്പാദന ചെലവ്, വളത്തിന്റെയും മറ്റ് ബന്ധപ്പെട്ട ഉൽപ്പാദന ഉപാധികളുടെയും അമിതമായ വിലക്കയറ്റം ഉൾപ്പെടെ കാർഷിക മേഖല വലിയ തകർച്ച നേരിടുകയാണ്. പരുത്തി കൃഷി കേരളത്തിൽ വളരെ കുറവാണെങ്കിലും ഖാദി മേഖലയിലൂടെ കാർഷിക മേഖലയ്ക്ക് ആശ്വാസകരമായ നടപടികളെടുത്ത് മുന്നോട്ടുപോകാൻ കഴിയുന്നതാണ്. അതുപോലെ തന്നെ ഖാദി ബോർഡിനുകീഴിൽ തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നത് തീർച്ചയായും കർഷകർക്ക്

ആശ്വാസകരമായ കാര്യമാണ്, പ്രത്യേകിച്ച് ഞാൻ പ്രതിനിധികരിക്കുന്ന റബ്ബർ മേഖലയിൽ. റബ്ബറിന്റെ ഇടവിളയായി തേനീച്ച കൃഷി വ്യാപകമായി നടന്നുവരുന്നുണ്ട്. ഒരുപരിധിവരെ നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയുന്ന ഒന്നാണത്. തേൻ ഗ്രാമം പദ്ധതി പോലെ ഖാദി ബോർഡിന്റെ നേതൃത്വത്തിൽ വ്യാപകമായി തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. അതെല്ലാമടക്കം ഖാദി മേഖലയിൽ വലിയ ഉണർവ് ഈ ഗവൺമെന്റിന്റെ നയങ്ങൾക്കനുസൃതമായി ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

ഇപ്പോൾ കേരള ഖാദി എന്ന പേരിൽ ഹാൻഡ്‌ലൂമിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിലും വിൽപ്പനയിലും വലിയ ഉണർവ് സൃഷ്ടിക്കുന്ന രീതിയിലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ ഖാദി പഴയ ഖാദിയല്ല എന്ന പേരിൽ വസ്ത്ര വിപണന രംഗത്ത്, വസ്ത്ര ഉൽപ്പാദന രംഗത്ത് ആധുനികവൽക്കരണത്തിന്റെ എല്ലാ നല്ല വശങ്ങളും ഈ ഇൻഡസ്ട്രിയോട് കൂട്ടിചേർക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടെന്നുള്ളതും എടുത്ത് പറയാനാഗ്രഹിക്കുകയാണ്. ഏറ്റവും ഒടുവിലായി, ഡോക്ടർമാർ ഉപയോഗിക്കുന്ന കോട്ട് ഖാദിയാക്കണമെന്നുള്ള നിർദ്ദേശവുമായി ബന്ധപ്പെട്ട

നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ പോലീസുകാരുടെ യൂണിഫോമുൾപ്പെടെ ഖാദിയാക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുൻപാകെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിനൊക്കെ സാധിക്കുന്ന രീതിയിൽ ഖാദി വസ്ത്രങ്ങൾ ഇന്ന് ഉൽപ്പാദിപ്പിക്കാനായി കഴിയുന്നുണ്ട്. ആ നിലയിലുള്ള നവീനവൽക്കരണം ഖാദി രംഗത്ത് നടപ്പിലാക്കാൻ സംസ്ഥാന ഖാദി ബോർഡിന്റെ നേതൃത്വത്തിലും സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലും നടപടികൾ നടക്കുന്നുണ്ടെന്നുള്ളത് മാതൃകാപരവും ശ്ലാഘനീയവുമാണെന്ന് എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണ്. അത്തരം നല്ല പ്രവർത്തനങ്ങൾക്കെല്ലാം ഊർജ്ജം പകരുന്നതാണ് ഈ ഭേദഗതി. കാരണം ഒരു സാമൂഹ്യ പ്രതിബദ്ധതയുടെ ഏറ്റവും നല്ല ഉദാത്ത മാതൃക സൃഷ്ടിക്കാൻ പര്യാപ്തമായ വിധത്തിൽ ഈ ഭേദഗതി കൊണ്ടുവരുന്നത് ഖാദി വ്യവസായത്തിന്റെ കൂടുതൽ വിപുലമായ പ്രവർത്തനത്തിന് ഉപകരിക്കും എന്നതുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നല്ല നിലയിൽ ഈ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന സാഹചര്യത്തെ കൂടുതൽ ഉദ്ദീപിപ്പിക്കാൻ ഈ ഭേദഗതി ഉപകരിക്കട്ടെയെന്ന് സൂചിപ്പിക്കുന്നു. കാർഷിക മേഖലയ്ക്കുകൂടി പ്രത്യേകിച്ച്

അനുബന്ധ കാർഷിക പ്രവർത്തനങ്ങൾക്കുകൂടി കൂടുതൽ ഊന്നൽ നൽകാനും അതുവഴി അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും കർഷകർക്കുമൊക്കെ കൂടുതൽ പ്രയോജനം സിദ്ധിക്കാനും ഈ ഭേദഗതി ഉപകരിക്കും. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ പരമ്പരാഗത തൊഴിൽ മേഖലകൾ, പരമ്പരാഗത നിർമ്മാണ മേഖലകളെയെല്ലാം ആകെ പരിരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കാഴ്ചപ്പാടുകൂടി ഇതിൽ പ്രതിഫലിക്കുന്നുണ്ട്, നിഴലിക്കുന്നുണ്ടെന്നുള്ളതുകൂടി എടുത്ത് സൂചിപ്പിച്ചുകൊണ്ട് എല്ലാ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ; ഇവിടെ രണ്ട് ബില്ലുകളെക്കുറിച്ചും നല്ല രീതിയിലുള്ള ചർച്ചയ്ക്കാണ് സഭ സാക്ഷ്യം വഹിച്ചത്. കഴിഞ്ഞ ദിവസത്തെപ്പോലെ വളരെ എളുപ്പത്തിൽ ചർച്ച കഴിയുമെന്നാണ് പ്രതീക്ഷിച്ചത്. ശ്രീ. എ. കെ. എം. അഷ്റഫ് സംസാരിച്ച കൂട്ടത്തിൽ കാസർഗോഡ് കശുവണ്ടി പ്ലാന്റേഷനെ സംബന്ധിച്ച് പറഞ്ഞതുമാത്രമാണ് എന്റെ വകുപ്പുമായി ബന്ധപ്പെട്ടത്. ബാക്കിയെല്ലാം ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. പിന്നെ

ഹിമാചൽപ്രദേശിന്റെ കാര്യമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അവിടെ ബി.ജെ.പി. പരാജയപ്പെടുകയും കോൺഗ്രസിന് കൂടുതൽ സീറ്റ് ലഭിക്കുകയും ചെയ്തു. കൂടുതലായി ലഭിച്ച സീറ്റുകൾ ഉറപ്പിച്ചുനിർത്താനുള്ള പണി നോക്കണം. മറ്റ് സംസ്ഥാനങ്ങളെപ്പോലെ ആകാതിരിക്കാൻ ആരെങ്കിലും ഇവിടെനിന്ന് ചാർജ്ജെടുത്ത് അങ്ങോട്ടുപോകുന്നത് നന്നായിരിക്കും, അതാണ് ശ്രീ. എ. കെ എം. അഷ്റഫ് പറഞ്ഞത്. ഗുജറാത്തിന്റെ ചാർജ്ജ് കൊടുത്ത ആളിനെ ഇവിടെ കാണാനുമില്ല.

ബഹുമാന്യനായ ശ്രീ. സണ്ണി ജോസഫ് നിഷയുടെ കാര്യം പറഞ്ഞു. അങ്ങ് ഇക്കാര്യത്തിന്റെ രണ്ട് വശവും കാണാൻ ശ്രമിക്കണം. ഒന്ന്, നിഷയെ നിയമിക്കുന്നതിനുമുൻപ് അവിടെ ഉണ്ടായിരുന്നയാളിനെ നിങ്ങൾ പിരിച്ചുവിട്ടു, പകരം നിഷയെ നിയമിച്ചു. കുറെ നാൾ കഴിഞ്ഞ് ഗവൺമെന്റ് മാറിയപ്പോൾ നിഷയെ പിരിച്ചുവിട്ട് മറ്റൊരാളെ നിയമിച്ചു. പക്ഷേ ഒരു കാര്യം ശ്രദ്ധിക്കണം, ചരിത്രം ഒരുഘട്ടത്തിൽനിന്ന് ആരംഭിക്കുയല്ല ചെയ്യുന്നത്. അത് ശരിയാണോ; അത് വേണമോയെന്ന് നമുക്ക് കൂട്ടായി തീരുമാനിക്കാം. അവർക്ക് തുക കൊടുക്കുന്ന കാര്യം സംബന്ധിച്ച് അങ്ങ് നേരിട്ട് കണ്ട് പറഞ്ഞിരുന്നുവെങ്കിൽ ആ വസ്തുത നേരത്തെതന്നെ പറയാമായിരുന്നു. ആ

സമയം നമുക്ക് മറ്റുകാര്യങ്ങൾ പറയാൻ വിനിയോഗിക്കാമായിരുന്നു. 3,37,147/- രൂപയുടെ ഡി.ഡി. എടുത്തിട്ടുണ്ട്. അത് കോടതിവഴി തന്നെ കൊടുക്കുന്നതായിരിക്കും. ഒരു കോടി വിധിവന്നാൽ അക്കാര്യത്തിൽ ഗവൺമെന്റിന് വ്യത്യസ്ത അഭിപ്രായമില്ല. കോടതി മുഖേന നൽകാം, അതിനൊരു നടപടിക്രമമുണ്ടല്ലോ, ആ നടപടിക്രമം പ്രകാരം മാത്രമേ നൽകാൻ പാടുള്ളൂ, അല്ലെങ്കിൽ ഇവിടെ വച്ചുതന്നെ എം.എൽ.എ.-യെയുംകൂടി ഉൾപ്പെടുത്തി ഒരു ഫോട്ടോയെടുത്ത് തുക കൈമാറാമായിരുന്നു. അത് സാധിക്കാത്തതിനാലാണ് ഇങ്ങനെ ചെയ്യുന്നത്.

ഖാദി മേഖലയിൽ അദ്ദേഹം പറഞ്ഞ കുറെ കാര്യങ്ങൾ വളരെ പ്രസക്തമാണ്. കോൺഗ്രസ് ഖാദിയെ നന്നായി പ്രോത്സഹിപ്പിക്കുന്നവരാണ്. പക്ഷേ ചെറുപ്പാരായ എം.എൽ.എ.-മാർ ഖാദി വസ്ത്രം ധരിക്കുന്നില്ലെന്ന പ്രശ്നം അങ്ങ് ശ്രദ്ധിക്കണം. അവരെയെല്ലാം ഖാദി ധരിപ്പിക്കുന്നതിന് പ്രത്യേകമായ സ്കീം ബഹുമാന്യരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും എന്റെ സുഹൃത്ത് ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ)-യും നേതൃത്വം നൽകി തയ്യാറാക്കണം. അവർ എപ്പോഴും ഖാദി ധരിക്കുന്നവരാണ്. ഡോ. ശശി തരൂർ ഖാദി വസ്ത്രം ധരിക്കുന്നത് അധികം കണ്ടിട്ടില്ല,

അദ്ദേഹത്തിന്റെ അനുയായികൾ ആയതുകൊണ്ടാണോ ചെറുപ്പക്കാർ ഖാദി ധരിക്കാത്തതെന്ന് എനിക്കറിയില്ല. എന്തായാലും ഗവൺമെന്റിന്റെ തീരുമാനം എല്ലാ ബുധനാഴ്ചകളിലും സർക്കാർ ഉദ്യോഗസ്ഥരും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും ഖാദി ധരിക്കണമെന്നുള്ളതാണ്. ഖാദി മേഖലയിൽ പോസിറ്റീവായ മാറ്റം വന്നിട്ടുണ്ട്. ഖാദി മേഖലയിൽ ഈ വർഷത്തെ വിറ്റുവരവ് വളരെ മികവാർന്ന രീതിയിൽ തന്നെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ കുറെ പ്രതിസന്ധിയുണ്ടായിരുന്നു. കഴിഞ്ഞ വർഷങ്ങളായി ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും ഈ വർഷം ഒക്ടോബർ 31 വരെ 41.50 കോടി രൂപയുടെ വിൽപ്പനയുണ്ടായിട്ടുണ്ട്. 100 കോടി രൂപയുടെ റെക്കോർഡ് വിൽപ്പനയിലേയ്ക്ക് എത്തിക്കാൻ കഴിയുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. അതിനുള്ള മികച്ച പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. അങ്ങ് പറഞ്ഞതിൽ കുറച്ച് പ്രശ്നങ്ങളുണ്ട്. അസംസ്കൃത വസ്തുവിന്റെ വിലക്കയറ്റം ഒരു പ്രശ്നമാണ്. അതുകുറച്ച് ഗൗരവതരമായി തന്നെ നേരിടുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നുള്ള സഹായത്തിന്റെ കാര്യം അങ്ങ് പറഞ്ഞത് ശരിയാണ്, ചില തെറ്റായ സമീപനം വരുന്നുണ്ട്. ഇൻകം

സപ്പോർട്ട് സ്കീമിനത്തിൽ തുകയൊന്നും കൊടുത്തിട്ടില്ലെന്ന് സൂചിപ്പിച്ചത് അങ്ങയ്ക്ക് ലഭിച്ചിട്ടുള്ള തെറ്റായ വിവരമാണ്. ഇതുവരെ 15 കോടി രൂപ അനുവദിച്ചത് പൂർണ്ണമായും കൊടുത്തുകഴിഞ്ഞു, എന്നാൽ പ്രൊഡക്ഷൻ വർദ്ധിക്കുന്നതിനുസരിച്ച് കൊടുക്കാൻ ബാക്കിയുണ്ട്. ഒന്നും കൊടുത്തിട്ടില്ലെന്ന് പറയുന്നത് ശരിയല്ല, എന്നാൽ കൊടുക്കാൻ ബാക്കിയുണ്ടെന്ന് അദ്ദേഹം പറഞ്ഞ ഭാഗം ശരിയാണ്. ഖാദി മേഖലയുടെ നവീകരണമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ഐ.ഐ.ടി. ഒരു പഠനം നടത്തിയിട്ടുണ്ട്. ഖാദിയുടെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ വൈദ്യുതി ഉപയോഗിക്കാതെ ആയാസം കുറച്ച് ഖാദി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നൊരു സംവിധാനം 'ഹരിത ഖാദി' എന്ന പേരിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ സംസ്ഥാനത്തും പ്രായോഗികമാക്കി ഖാദി മേഖലയെ എങ്ങനെ നവീകരിക്കാൻ സാധിക്കുമെന്ന് ആലോചിക്കണം. ഖാദി വാങ്ങുമ്പോഴുള്ള പ്രശ്നങ്ങൾ നിരവധിയാണ്. തയ്ക്കുന്നതിന്റെ പരിമിതി, അലക്കാനുള്ള ബുദ്ധിമുട്ട്, ഇടയ്ക്ക് ചുരുങ്ങുമ്പോൾ ആൾട്ടർ ചെയ്യേണ്ടിവരും എന്നിവയാണ്. അതിനായി പല സ്ഥലങ്ങളിൽ പോകാൻ സാധിക്കുകയില്ല. ഇപ്പോൾ ഖാദി

ഷോപ്പിനോട് ചേർന്ന് ഡിസൈനർമാരുടെ സേവനം ലഭ്യമാണ്. കല്യാണാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന ഖാദി സിൽക്ക് സാരികളുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള നല്ല ഖാദി ഉൽപ്പന്നങ്ങളുണ്ട്. വസ്ത്രങ്ങൾ ഡിസൈൻ ചെയ്യുന്നതിനായി പരിചയസമ്പന്നരായവരെയും ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും പാസ്സായ വിദ്യാർത്ഥികളെ ഇന്റേൺഷിപ്പായും ട്രെയിനികളായും നിയമിക്കുന്നുണ്ട്. കൂടാതെ ഖാദി വസ്ത്രങ്ങൾ കഴുകാനുള്ള സൗകര്യവും ഷോപ്പിനോട് ചേർന്നുതന്നെ ഒരുക്കി കൊടുക്കുന്നുണ്ട്. അവർ വസ്ത്രങ്ങൾ കളക്ട് ചെയ്ത് കഴുകി വൃത്തിയാക്കി നൽകും. അതുപോലെ തന്നെ ചുരുങ്ങുമ്പോൾ ആൾട്ടർ ചെയ്യാനുള്ള സംവിധാനവും ഇപ്പോൾ ഖാദി ഷോപ്പിനോട് ചേർന്ന് ഒരുക്കിയിട്ടുണ്ട്. എല്ലാം ഒറ്റ കേന്ദ്രത്തിലൂടെ ലഭ്യമാകും എന്ന നിലയിലേയ്ക്ക് മാറിയിട്ടുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഖാദി രംഗത്തെ കാര്യങ്ങൾ പറയുമ്പോൾ പ്രത്യേകമായി ശ്രദ്ധിക്കാനുള്ള ഒരു കാര്യത്തെക്കുറിച്ച് ഞാൻ നേരത്തെ തന്നെ ഒരു കത്ത് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പയ്യന്നൂർ

ഖാദി മേഖലയുടെ കീഴിൽ സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന നിരവധി നൂൽനൂൽപ്പ് കേന്ദ്രങ്ങളുണ്ട്. ആ കേന്ദ്രങ്ങൾ പലതും മേൽക്കൂരയടക്കം തകർന്ന് ജോലി ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണ് നിലനിൽക്കുന്നത്. അത്തരം കേന്ദ്രങ്ങളെ പുനരുദ്ധരിക്കാനും ആവശ്യമായ മെയിന്റനൻസ് നടത്താനുമുള്ള സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, എല്ലാ ഖാദി ഉൽപ്പന്നങ്ങൾക്കും റിബേറ്റ് നൽകാത്ത സാഹചര്യം നിലനിൽക്കുകയാണ്. മുൻപ് എല്ലാ കടകളിലും ഏത് തുണിയെടുത്താലും റിബേറ്റ് ലഭിക്കുമായിരുന്നു. പക്ഷെ കുറേ നാളുകളായി ചില ഖാദി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് ലഭിക്കുന്നില്ല. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും റിബേറ്റ് നൽകുന്നുണ്ട്. ഇതിൽ ഇടപെട്ട് എല്ലാ ഖാദി ഉൽപ്പന്നങ്ങൾക്കും റിബേറ്റ് നൽകുന്ന വിഷയം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് ആലോചിക്കണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഖാദി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കാൻ കേന്ദ്രസർക്കാർ വൈമുഖ്യം കാണിക്കുന്നുണ്ട്. യഥാർത്ഥ ഖാദിയിൽ ദേശീയപതാക നിർമ്മിച്ച് നൽകാമെന്ന് കേരള ഖാദി ബോർഡ് പറഞ്ഞുവെങ്കിലും കേന്ദ്രസർക്കാർ അത് സ്വീകരിച്ചില്ല. ഖാദി

ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഏറ്റവും വ്യാപകമായിട്ടുള്ളതാണ്. അതിനെ പ്രോൽസാഹിപ്പിക്കേണ്ടവരും സഹായിക്കേണ്ടവരും കാണിക്കുന്ന വിമുഖതമൂലം ആധുനികവൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള സഞ്ചാരം പല തടസ്സങ്ങളും നേരിടുകയാണ്. ഖാദിയെ ജീവനതുല്യം സ്നേഹിക്കുന്ന ഒരുപാട് വ്യക്തികളുണ്ട്. ഈയടുത്ത കാലത്ത് പ്രഖ്യാപിച്ചൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽവന്നിട്ടുണ്ടാകും. ഗവൺമെന്റ് മെഡിക്കൽ ഓഫീസർമാർക്ക് ഖാദിയുടെ വെള്ള കോട്ട് വിതരണം ചെയ്യാൻ തീരുമാനിച്ചു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പലരും അത് സ്വീകരിച്ചിട്ടുണ്ട്. അതിനെ പ്രോൽസാഹിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണം. കണ്ണൂർ ജില്ലയിലെ ഖാദി തൊഴിലാളി പ്രസ്ഥാനത്തിന്റെ നിവേദനങ്ങൾ ഈയടുത്ത കാലത്ത് അങ്ങേയ്ക്ക് ലഭിച്ചിട്ടുണ്ടാകും. സ്വാതന്ത്ര്യസമരത്തിന്റെ ഐതിഹാസിക കർമ്മഭൂമിയാണ് പയ്യന്നൂർ. ഗാന്ധിജിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും നേരിട്ട് സമരരംഗത്തുവരികയും ഖാദി പ്രസ്ഥാനത്തിന്റെ പ്രത്യേക സിരാബിന്ദുവായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടി പരിഗണിച്ചുകൊണ്ട് പയ്യന്നൂർ ഖാദി തൊഴിലാളികൾക്ക് ആധുനിക സൗകര്യം ഒരുക്കണമെന്ന്

ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ. കേരള ഖാദി ബോർഡ് ദേശീയപതാക നിർമ്മിച്ചുനൽകാമെന്ന് പറഞ്ഞിട്ട് കേന്ദ്രസർക്കാർ അത് സ്വീകരിച്ചില്ലെന്ന് പറഞ്ഞു. ഹുബ്ലിയിലെ ഒരു ഖാദി സെന്ററായിരുന്നു കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് ദേശീയപതാക നിർമ്മിച്ചു നൽകിക്കൊണ്ടിരുന്നത്. ഇപ്പോൾ ദേശീയപതാക കോട്ടൺ അല്ലാത്ത തുണിയിലും പോളീസ്റ്റർ തുണിയിലും നിർമ്മിക്കാമെന്ന് ഫ്ലാഗ് കോഡ് അമെന്റ് ചെയ്യുകയും ഹുബ്ലിയിൽ നിന്നുള്ള യൂണിറ്റിൽനിന്നും പതാകകൾ എടുക്കുന്നത് നിർത്തുകയും ചെയ്യുന്നൊരു സമീപനം കേന്ദ്രസർക്കാർ സ്വീകരിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായൊരു കാര്യമാണ്. ബഹുമാന്യനായ രാമചന്ദ്രൻ കടന്നപ്പള്ളിയും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ഫ്ലാഗ് കോഡ് അമെന്റ് ചെയ്ത് പോളീസ്റ്റർ ഉൾപ്പെടെയുള്ള തുണിയിലാണ് ഇപ്പോഴത്തെ ദേശീയപതാക നിർമ്മിക്കുന്നത്. അത് നമ്മുടെ രാജ്യത്തുനിന്നല്ല, പലയിടങ്ങളിൽ നിന്നും

ഇറക്കുമതി ചെയ്താണ് ദേശീയപതാക എല്ലാവീടുകളിലും ഉയർത്തേണ്ട സ്ഥിതി വന്നത്. അതാണ് ദേശസ്നേഹത്തിന്റെ ആധുനിക മാതൃക. നമ്മൾ ഒരുമിച്ച് എതിർക്കേണ്ടൊരു കാര്യമാണത്. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞൊരു കാര്യം ശരിയാണ്. കേരളത്തിലെ പല മെഡിക്കൽ കോളേജുകളിലും ഡോക്ടേഴ്സ്, നഴ്സസ്, മറ്റു പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ളവരുടെ യൂണിഫോം ഖാദിയാക്കി മാറ്റി. ചിലയിടങ്ങളിൽ കൈത്തറി യൂണിഫോം നടപ്പിലാക്കി. സിയാലിൽ ഒരു ദിവസം കൈത്തറി യൂണിഫോം ആക്കിയിട്ടുണ്ട്. മറ്റ് പല മേഖലയിലും ഖാദി യൂണിഫോം ആക്കിയിട്ടുണ്ട്. നമ്മൾ പല ഓർഡറുകളും പുറപ്പെടുവിച്ചിട്ടുണ്ടാകും. ആ ഓർഡറുകൾ കുറച്ചുനാൾ കഴിയുമ്പോൾ സ്വാഭാവിക മരണമടഞ്ഞ് നമ്മളെല്ലാവരും മറന്നുപോകുകയല്ലേ പതിവ്; ഖാദി ബോർഡ് വൈസ് ചെയർമാൻ ശ്രീ. പി. ജയരാജനും സെക്രട്ടറി ശ്രീ. രതീഷും ടീമും എല്ലാ സർക്കാർ ഓഫീസുകളിലെയും ട്രേഡ് യൂണിയനുകൾ, സർവ്വീസ് സംഘടനകൾ, കക്ഷി രാഷ്ട്രീയത്തിനനതീതമായി എല്ലാവരുടെയും പിന്തുണയോടുകൂടി വലിയൊരു ക്യാമ്പയിനായി ഖാദി വസ്ത്രം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ ഉൽപ്പന്നങ്ങൾ

വന്നിട്ടുണ്ട്. ബഹുമാന്യനായ സണ്ണി ജോസഫ് പ്രസംഗത്തിനിടയ്ക്ക് വൈസ്ചെയർമാന് നൽകിയ കാറിന്റെ കാര്യം സൂചിപ്പിച്ചു. എന്തെല്ലാം കഥയാണ് ഇറക്കിയത്. പുതിയ പരിഭാഷ തന്നെ കണ്ടെത്തിയില്ലേ; അതീവ സുരക്ഷ എന്നതിന് ഇംഗ്ലീഷിൽ ബുള്ളറ്റ് പ്രൂഫാണ് എന്നതുൾപ്പെടെ കണ്ടെത്തിയല്ലോ; നമ്മുടെയെല്ലാം സുഹൃത്തായ ശ്രീമതി ശോഭനാ ജോർജ്ജ് ഖാദി ബോർഡിൽ (വൈസ്ചെയർപേഴ്സൺ) നിന്നും ഔഷധിയിലേയ്ക്ക് മാറിയല്ലോ; ഔഷധിയുടെ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ പോയപ്പോൾ കാറിന്റെ നടുക്കനിന്ന് മരകഷ്ണം എടുത്തു കാണിച്ച് അതാണ് എന്റെ കാറിന്റെ ഹാൻഡ് റെസ്റ്റ് എന്നുപറഞ്ഞു. അങ്ങനെയുള്ള കാറായിരുന്നു കുറേക്കാലമായി അവർ ഉപയോഗിച്ചുകൊണ്ടിരുന്നത്. അതുമാറി ഇപ്പോൾ ഈ കാറിലേയ്ക്ക് വന്നു എന്നേയുള്ളൂ. അദ്ദേഹം പറഞ്ഞുപറഞ്ഞ് ഇങ്ങനെ കയറിപ്പോയി എന്നേയുള്ളൂ. അങ്ങനെ പറഞ്ഞതുകൊണ്ട് മറുപടി പറയാതെ പോകുന്നത് ശരിയല്ലെന്ന് കരുതി പറഞ്ഞതാണ്. ഖാദി ബോർഡ് ചെയർമാൻ മന്ത്രിയെന്ന നിലയിൽ ഞാനാണെങ്കിലും വൈസ് ചെയർമാനും ടീമും വളരെ നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവച്ച് മുന്നോട്ടുപോകുന്നുണ്ട്. ഈ പ്രവർത്തനത്തെ

നമ്മളെല്ലാവരും ഒന്നിച്ച് ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോകണം.

തേൻ സംസ്കരണം ഉൾപ്പെടെ ഗ്രാമീണ വില്ലേജ് ഇൻഡസ്ട്രികളുടെ പ്രവർത്തനവും ഏറ്റെടുക്കുന്നുണ്ട്. ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം. പഞ്ചായത്തുകൾക്ക് ഖാദിയുടെ തൊഴിലിടങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ ഫണ്ട് നൽകാനുള്ള വകുപ്പുണ്ട്. ഇപ്പോൾ എം.എൽ.എ.-മാരിൽ ചിലർ അത് ആവശ്യപ്പെടുന്നുണ്ട്. ഖാദിയുടെ തൊഴിലിടങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ ഫണ്ട് നൽകാൻ എം.എൽ.എ.-മാർക്ക് സാധിക്കുമോയെന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിക്കാം.

ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ചില ഗൗരവമായ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ രണ്ടുഭാഗവും ഞാൻ പറയാം. ഞാൻ കംപാരിസൺ നടത്തണമെന്ന് കരുതിയല്ല, കാരണം ആ മേഖലയ്ക്ക് ചില അടിസ്ഥാന പ്രശ്നങ്ങളുണ്ട്. അത് അഭിസംബോധന ചെയ്തില്ലെങ്കിൽ തലവേദനയ്ക്ക് അമൃതാഞ്ചൻ പുരട്ടുന്നതുപോലെ എല്ലാവർക്കും കയ്യടി കിട്ടാൻ ചില കാര്യങ്ങൾ ചെയ്യാമെന്ന് മാത്രമേയുള്ളൂ. അങ്ങ് കുറച്ചുകാര്യങ്ങൾ പറഞ്ഞതുകൊണ്ട് അത് പറയേണ്ടിവരുന്നതാണ്. എൽ.ഡി.എഫ്.

വന്നതിനുശേഷം ചെയ്ത ചില കാര്യങ്ങളുണ്ട്. 2021-22 കാലഘട്ടത്തിൽ എത്ര തൊഴിൽ ദിനങ്ങളുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ എന്ന ചോദ്യത്തിന് ഞാൻ നൽകിയ മറുപടി അങ്ങ് ഡൈവേർട്ട് ചെയ്താണ് ഇവിടെ പറഞ്ഞത്. 2021-22 കാലഘട്ടത്തിൽ ആറ് പൊതുമേഖലാ ഫാക്ടറികളിലായി പരമാവധി 101-ഉം സ്വകാര്യമേഖലകളിലെ ഫാക്ടറികളിലായി പരമാവധി 182-ഉം തൊഴിൽ ദിനങ്ങളുണ്ടായിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ പൊതുമേഖലാ ഫാക്ടറികളിൽ പരമാവധി 61-ഉം സ്വകാര്യമേഖലാ ഫാക്ടറികളിൽ പരമാവധി 143-ഉം തൊഴിൽ ദിനങ്ങളുണ്ടായിരുന്നു എന്നതാണ് അതിന്റെ വസ്തുത.

ബഹുമാന്യനായ അംഗം വി. ജോയി കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ കാലത്ത് അഞ്ച് വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാനുണ്ടായിരുന്നു. ആ ഗ്രാറ്റുവിറ്റി കുടിശ്ശിക കഴിഞ്ഞ ഗവൺമെന്റ് കൊടുത്തുതീർത്തു. അതിനുശേഷമുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക ഇപ്പോൾ പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. യു.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ അഞ്ച് വർഷമായിട്ടും ഒരു ഗ്രാറ്റുവിറ്റിയും കൊടുത്തിരുന്നില്ല. അത് നൽകിയത്

കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ്. അതോടൊപ്പംതന്നെ അതിനുശേഷമുള്ളതും ഇപ്പോൾ കൃത്യമായി കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. 20 കോടി രൂപയാണ് അതിന് മുമ്പുള്ളത്, ഇപ്പോൾ 11 വർഷമായി, രണ്ട് ഗവൺമെന്റിന്റെ കാലത്തായി 84 കോടി രൂപ ഗ്രാറ്റുവിറ്റിക്കായി നൽകിയിട്ടുണ്ട്. കൂലി വർദ്ധിപ്പിച്ചു എന്നത് ശരിയാണ്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കശുവണ്ടി കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളെല്ലാം അടഞ്ഞു കിടക്കുകയായിരുന്നുവെന്ന് അങ്ങേയ്ക്കറിയാമല്ലോ? കൂലി കൂട്ടിയതുകൊണ്ടാണെന്നല്ല ഞാൻ പറഞ്ഞത്. ഗവൺമെന്റിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളെല്ലാം അടഞ്ഞുകിടക്കുകയായിരുന്നു. അതുകൊണ്ട് കൂലി വർദ്ധന നടപ്പിലാക്കേണ്ടി വന്നില്ല. പിന്നെ കഴിഞ്ഞ ഗവൺമെന്റ് വന്നു. ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിച്ചു. ഇവിടെ ചില അംഗങ്ങളും ബഹുമാന്യനായ കോവൂർ കുഞ്ഞുമോനും ചൂണ്ടിക്കാണിച്ചതുപോലെ വിപ്ലവകരമായ തീരുമാനത്തിലൂടെ, അടച്ചുപൂട്ടപ്പെട്ട ഫാക്ടറികൾ നിയമനിർമ്മാണത്തിലൂടെ ഏറ്റെടുക്കുന്ന സമീപനം എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ മറ്റൊരു

കാര്യം, ഇങ്ങനെയൊരു ഓർഡറിന് ഗവൺമെന്റ് വില കൽപ്പിക്കുന്നുണ്ടോയെന്നാണ്. ഇതേ ചോദ്യം അവരും ചോദിക്കാറുണ്ട്. ബാങ്കിന്റെ പ്രതിനിധികളുമായി യോഗം ചേർന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ? കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 10-20 സിറ്റിംഗ് നടത്തിയിരുന്നു. ഞാൻ ചുമതലയെടുത്തശേഷവും അതിന്റെ തുടർച്ചയായി സിറ്റിംഗ് നടത്തി. 40 ശതമാനം കൊടുക്കാമെന്ന് വ്യവസായികൾ പറഞ്ഞുവെന്ന് പറയുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത് അത് മൊത്തം ബാങ്കിന് കൊടുക്കാനുള്ളതിന്റെയല്ല, പ്രിൻസിപ്പൽ എമൗണ്ട് രണ്ട് കോടി രൂപയാണെങ്കിൽ അതിന്റെ 60 ശതമാനം തുകയാണ് അടയ്ക്കേണ്ടത്. അതിന്മേലുള്ള പലിശ എഴുതിത്തള്ളുകയാണ്. കൺകറന്റ് ലിസ്റ്റിൽപോലും നമുക്ക് അധികാരമില്ലെന്നാണ് ഇന്നലെ ഇവിടെ ചർച്ച ചെയ്തത്. ബാങ്കുകൾക്കുമേൽ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ? നമുക്കൊരധികാരവുമില്ല. പക്ഷേ നമ്മൾ State Level Bankers' Committee (SLBC)-യുമായി യോഗം ചേർന്നു, കാനറാ ബാങ്കുൾപ്പെടെ എല്ലാ ബാങ്കുകളും പൊതുവേ നല്ല സമീപനമാണ് സ്വീകരിച്ചത്. 2 കോടി രൂപ വരെയുള്ളതിന്റെ പലിശ പൂർണ്ണമായി എഴുതിത്തള്ളിക്കൊണ്ട് പ്രിൻസിപ്പൽ എമൗണ്ടിന്റെ 50

ശതമാനം തുക അടയ്ക്കണം. അതായത് പ്രിൻസിപ്പൽ എമൗണ്ട് രണ്ട് കോടിരൂപയാണെങ്കിൽ ഒരു കോടിരൂപ അടയ്ക്കണം. രണ്ട് കോടി രൂപയ്ക്ക് മുകളിൽ 10 കോടിരൂപയാണെങ്കിൽ 60 ശതമാനം തുക അടയ്ക്കണം. 10 കോടിരൂപയ്ക്ക് മുകളിലുള്ള തുക എഴുതിത്തള്ളണമെങ്കിൽ സി.വി.സി. (സെൻട്രൽ വിജിലൻസ് കമ്മീഷൻ)-യുടെ ഗൈഡ്‌ലൈനുണ്ട്. അക്കാര്യത്തിൽ ബാങ്കിന് തീരുമാനമെടുക്കാൻ സാധിക്കില്ല. തയ്യാറുള്ളവർ റെസല്യൂഷൻ കൊടുത്ത്, പത്ത് ശതമാനം തുക ആദ്യം അടയ്ക്കണം. 6 മാസത്തിനുള്ളിൽ ബാക്കിത്തുക അടയ്ക്കണം. ഇതാണ് തയ്യാറാക്കിയ ധാരണ. അതിന്റെ അടിസ്ഥാനത്തിൽ ജി.ഒ. ഇറക്കി. എന്നാൽ ജി.ഒ പുറപ്പെടുവിക്കുമ്പോഴും സർക്കാരിന് നല്ല ഉറപ്പുണ്ടായിരുന്നു അത് ബൈന്റിംഗ് അല്ലായെന്ന്. ഉത്തരവനുസരിച്ച് ബാങ്ക് ചെയ്യണമെന്നത് ബൈന്റിംഗ് അല്ല. എന്നാൽ പറഞ്ഞിട്ടും മനസ്സിലാകാതെ, ഓർഡർ നിലനിന്നിട്ടും ബാങ്ക് ഇത് ചെയ്യുന്നില്ലെന്ന് പറഞ്ഞ് ചിലർ കോടതിയിൽ പോയി. ബാങ്ക് കേന്ദ്ര സബ്ജക്ട് അല്ലേ; അപ്പോൾ ഇതെങ്ങനെ ബൈന്റിംഗാകും എന്നാണ് കോടതി ചോദിച്ചത്. കോടതിയിൽ പോകരുതെന്നും ഇത് ധാരണയുണ്ടാക്കേണ്ട വിഷയമാണെന്നും ഞങ്ങൾ

വ്യവസായികളോട് പറഞ്ഞതാണ്. പക്ഷേ അങ്ങ് പറഞ്ഞതുപോലെയല്ല ബാങ്കുകളുടെ സ്ഥിതി. ഞാൻ ഓരോ ബാങ്കിന്റെയും കണക്കുകളെടുത്ത് പരിശോധിച്ചപ്പോൾ മൊത്തം 332.83 കോടി രൂപയുടെ കുടിശ്ശിക സെറ്റിൽ ചെയ്തിട്ടുണ്ടെന്ന് മനസ്സിലായി. പ്രിൻസിപ്പൽ എമൗണ്ടിനത്തിൽ 176.13 കോടിരൂപയാണ് അടയ്ക്കേണ്ടിവന്നത്, ബാക്കി തുക എഴുതിത്തള്ളിയിട്ടുണ്ട്. ഇതിൽ 66 കേസ്സുകൾ സെറ്റിൽ ചെയ്തിട്ടുണ്ട്. കാനറാ ബാങ്ക് - 38, കാത്തലിക് സിറിയൻ ബാങ്ക് - 9, സൗത്ത് ഇന്ത്യൻ ബാങ്ക് -6, കേരള ഗ്രാമീൺ ബാങ്ക് -3, ഫെഡറൽ ബാങ്ക് -3, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ -2, ഐ.ഡി.ബി.ഐ -5 അങ്ങനെ 66 കേസ്സുകൾ സെറ്റിൽ ചെയ്തിട്ടുണ്ട്. അവർ നമ്മളോട് ഒന്നും തീർന്നില്ലെന്നാണ് പറയുന്നത്, എന്നാൽ വസ്തുത ഇതാണ്. ഈ പറഞ്ഞ 10 ശതമാനം തുകപോലും അടയ്ക്കാൻ സാധിക്കാത്തവരുമുണ്ട്. എങ്ങനെയാണ് ഇത് ഡൈവേർട്ട് ചെയ്തുപോയതെന്ന് ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞല്ലോ; എനിക്ക് അങ്ങയോടും അതുവഴി കശുവണ്ടി മേഖലയിലെ entrepreneurs-നോടും അഭ്യർത്ഥിക്കാനുള്ളത് ഡിസംബർ 30 വരെ ഇപ്പോൾ വീണ്ടും കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട് എന്നതാണ്. ഡിസംബർ 30-നുള്ളിൽ

സെറ്റിൽമെന്റിനനുസരിച്ച് റെസല്യൂഷൻ കൊടുത്ത് 10 ശതമാനം പണമടച്ചാൽ ഇത് ബാധകമായിരിക്കും. ഡിസംബർ 31 കഴിഞ്ഞാൽ പിന്നെ നമുക്കൊന്നും ചെയ്യാൻ സാധിക്കില്ല. ഇനിയും തുക കുറയ്ക്കും, എഴുതിത്തള്ളും എന്നുള്ള ധാരണയിൽ നിൽക്കരുത്. ഈ രീതിയിൽ ചെയ്യാനാണ് തയ്യാറാകേണ്ടത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബാങ്കുകളുടെ കാര്യം അങ്ങിവിടെ സൂചിപ്പിച്ചു. ചില ബാങ്കുകൾ ഇതിന് തയ്യാറാകുന്നില്ലെന്ന ആക്ഷേപമുണ്ട്. അങ്ങ് അത് ശരിയാണോയെന്ന് പരിശോധിച്ചാൽ മതി.

ശ്രീ. പി. രാജീവ്: സർ, അത്തരം നിലപാട് ചില ബാങ്കുകൾ സ്വീകരിക്കുന്നുണ്ട്. ഒരു മന്ത്രിയുടെ ഓഫീസിന്റെ ജോലിയല്ലെങ്കിലും വരുന്നവരുടെ കണ്ണുനീർ കണ്ടിട്ട് എന്റെ ഓഫീസിൽനിന്നുതന്നെ ഓരോ ബാങ്കിന്റെയും ആളുകളെ വിളിച്ചുവരുത്തി സംസാരിക്കുന്നുണ്ട്. ആ ബാങ്കുകളെല്ലാം തയ്യാറായിട്ടുണ്ട്. ചിലർക്ക് ബാങ്ക് പറയുന്ന തുക അടയ്ക്കാൻ സാധിക്കില്ല. ഞങ്ങളിത് സമ്മതിക്കാം പക്ഷേ തുകയടക്കാൻ രണ്ടുവർഷം സമയംവേണം എന്ന് ചിലർ പറയും. ബാങ്കുകളോട് എങ്ങനെയാണ് അത്തരത്തിൽ പറയാൻ സാധിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി മീറ്റിംഗ് കൂടി. ഞാൻതന്നെ അഞ്ചോ ആറോ മീറ്റിംഗ് കൂടിയിട്ടുണ്ട്. പ്രത്യേകംപ്രത്യേകം കേസ്സുകളിൽ ഇടപെടുന്നുണ്ട്. ഇനി പ്രത്യേകിച്ച് ഏതെങ്കിലും കേസ്സുണ്ടെങ്കിൽ അതിലും ഇടപെടാം. അങ്ങയുടെ ശ്രദ്ധയിലുള്ള കേസ്സിൽ ഡിസംബർ 30-നുള്ളിൽതന്നെ ബന്ധപ്പെട്ട ഡോക്യുമെന്റ്സ് എത്തിക്കാൻ പറയേണ്ടതുണ്ട്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷന്റെ കടം തീർക്കാൻ 80 കോടിരൂപ ഒറ്റത്തവണയായി നൽകി. ആധുനികവൽക്കരണത്തിനും ഭാഗീക മോഡണൈസേഷനുംവേണ്ടി 40 കോടി രൂപയും തുടർച്ചയായ പ്രവർത്തനങ്ങൾക്ക് തൊഴിലാളികൾക്കായി 65 കോടിരൂപയും ഫാക്ടറികളുടെ നവീകരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി വീണ്ടും 40 കോടിരൂപയും നൽകി. കാഷ്യൂ ബോർഡിന് ഷെയർ കാപ്പിറ്റൽ ഇൻവെസ്റ്റുമെന്റായി 15 കോടിരൂപയും വർക്കിംഗ് ക്യാപ്പിറ്റലായി 7.5 കോടി രൂപയും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ 64 കോടിരൂപയും മോഡേണൈസേഷന് 13.5 കോടിരൂപയും നൽകി. ഇങ്ങനെ 325.75 കോടി രൂപ കഴിഞ്ഞ കാലഘട്ടത്തിൽ നൽകി. ഈ ഗവൺമെന്റിന്റെ

കാലഘട്ടത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ച തുക നൽകികൊണ്ടിരിക്കുന്നുണ്ട്.

പെൻഷന്റെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കൊല്ലം ജില്ലക്കാരനായ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കശുവണ്ടി മേഖലകളിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്ന ആളാണ്. എന്താണ് ഈ മേഖലയിലെ അടിസ്ഥാന പ്രശ്നം? ഒരു ബാഗ് തോട്ടണ്ടിയെന്നാൽ 50 കിലോഗ്രാം ആണ്. 4.2 കിലോഗ്രാം തോട്ടണ്ടി പ്രോസസ് ചെയ്താൽ ഒരു കിലോ പരിപ്പ് കിട്ടും. ഒരു കിലോ തോട്ടണ്ടിയുടെ വില ശരാശരി 110-120 രൂപയാണ്. ഒരു ബാഗ് തോട്ടണ്ടിക്ക് 9,000/- രൂപയാണ് വില. ഒരു കിലോ തോട്ടണ്ടി പ്രോസസ് ചെയ്യാൻ 55/- രൂപയാണ്. കൂലി കുറവാണ്, പ്രൊഡക്ടിവിറ്റിയും വളരെ കുറവാണ്. 80 കിലോയുടെ ഒരു ബാഗ് കൊല്ലത്ത് പ്രോസസ് ചെയ്യണമെങ്കിൽ പ്രോസസ്സിംഗ് ചാർജ്ജ് 4,200/- രൂപയാണ്, തോട്ടണ്ടിയുടെ വില വേറെയാണ്. മോഡേണൈസേഷനുള്ള സ്ഥലങ്ങളിൽ ഇത് 800/- രൂപയേയുള്ളൂ. തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും 2,000/- രൂപയേയുള്ളൂ. ഇവിടെയത് 4,200/-

രൂപയാണ്. 110/- രൂപയ്ക്ക് ഒരു കിലോ തോട്ടണ്ടി വാങ്ങുന്നു, 55/- രൂപ പ്രോസസ്സിംഗ് ചാർജ്ജ് കൊടുക്കുന്നു. അപ്പോൾതന്നെ ആകെ 165/- രൂപയായി. ഒരു കിലോ തോട്ടണ്ടിയിൽനിന്നും പ്രോസസ് ചെയ്തെടുക്കുന്ന പരിപ്പ് വിൽക്കുന്നത് 125/- രൂപയ്ക്കാണ്. എത്ര നാൾ ഇത്തരമൊരു സംവിധാനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും? കയ്യടിക്കുവേണ്ടി പലതും പ്രഖ്യാപിക്കാം. ഇത്ര കോടി രൂപ കൊടുക്കാം, ധനകാര്യ വകുപ്പുമന്ത്രി കൊല്ലത്തുള്ള ആളായതുകൊണ്ട് ഈ ആവശ്യത്തിന് കുറച്ച് തുക തരാൻ പറയാം. അപ്പുറവും ഇപ്പുറവുമുള്ളവർക്ക് കൊടുക്കാം, പിന്നെ സന്തോഷമായി പിരിയാം. പക്ഷേ ഇതിനെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഈ സാഹചര്യത്തിൽ തൊഴിലാളിയുടെ അവസ്ഥയെന്താണ്; കശുവണ്ടിക്കറ പുരണ്ട കൈകൾ കണ്ടാൽ നമുക്ക് സങ്കടം വരും. വളരെ ദയനീയമായ അവസ്ഥയാണത്. ഞാൻ നേരിട്ട് പോയി കണ്ടിട്ടുള്ളതാണ്. ഇത്രയും പണം നമ്മൾ കൊടുത്തില്ലേ; 400 കോടി രൂപ കൊടുത്തു. ഈ തുക നേരിട്ട് തൊഴിലാളിക്ക് കൊടുത്തിരുന്നെങ്കിൽ ഇതിനെക്കാൾ സന്തോഷം അവരുടെ മുഖത്ത് കാണുമായിരുന്നു. അതുകൊണ്ടുതന്നെ അടിസ്ഥാനപ്രശ്നം പരിഹരിക്കണമെങ്കിൽ ഉല്പാദന ചെലവ് കുറയ്ക്കണം. ശമ്പളം കുറഞ്ഞിട്ടും

ഉല്പാദന ചെലവ് കൂടുന്നെങ്കിൽ അതിന് കാരണം പ്രോസസ്സിംഗ് പ്രാകൃതമായ രീതിയിൽ നടത്തുന്നതുകൊണ്ടാണ്. പ്രോസസ്സിംഗിന്റെ നാല് ഘട്ടങ്ങളിൽ ഒരു ഘട്ടം അതീവ പ്രാകൃതമാണ്. ഇത് മോഡണൈസ് ചെയ്യണം. തൊഴിൽ നഷ്ടപ്പെടാതെ ആധുനികവൽക്കരിക്കണം. അതിനുമാത്രമേ കഴിയുകയുള്ളൂ. അല്ലാത്ത തരത്തിൽ ചെയ്തുകൊടുത്ത് കയ്യടി വാങ്ങാം. അത്രയേയുള്ളൂ. ഇങ്ങനെയൊരു സ്ഥാപനത്തിൽ ഇപ്പോൾ കൂലി വർദ്ധനവിന്റെ ആവശ്യമുന്നയിക്കാമോ? തൊഴിലാളിയൂണിയനുകൾ ചർച്ച ചെയ്യട്ടെ; INTUC, CITU, AITUC തുടങ്ങിയ സംഘടനകളെല്ലാംതന്നെ പൊതുധാരണയിലാണ്. കാരണം ബോർഡിലെല്ലാം അവരാണ് ഇരിക്കുന്നത്. ഇപ്പോൾ ഞാൻ ഒരു കാര്യം കൂടി ചെയ്തു, രണ്ട് പ്രൊഫഷണലുകളെ ബോർഡിൽ ഉൾപ്പെടുത്തി. ഇതുവരെ INTUC, CITU, AITUC, UTUC ഇത്രയുമാണ് ബോർഡ് അംഗങ്ങൾ. ഇപ്പോൾ രണ്ട് പ്രൊഫഷണലുകളെ കൊടുത്തു. ഓരോ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വയ്ക്കണമെന്നുപറഞ്ഞു. ആ ബോർഡ് പ്രൊഫഷണലൈസ് ചെയ്യുകയാണ്. കാപ്പെക്സും കാഷ്യൂ ബോർഡും സംയോജിപ്പിക്കാൻ സാധിക്കുമോയെന്ന് ഞാൻ പരിശോധിച്ചു. രണ്ടും രണ്ട് ഘടനയായതുകൊണ്ട് അതിൽ തൊടാൻ

സാധിക്കാതെ പോകുന്നു. ഇത് ശാസ്ത്രീയമായി പഠിക്കാൻ ഇപ്പോൾ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അതിൽ കാലിക്കറ്റ് ഐ.ഐ.എം.-ൽനിന്നുമുള്ള ഒരാളുണ്ട്. സി.എസ്.ഇ.എസ്. (Centre for Socio-Economic and Environmental Studies)-ന്റെ ഡയറക്ടറായിരുന്ന ഡോ. എൻ. അജിത് കുമാർ, പ്ലാനിംഗ് ബോർഡിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജോയി എന്നിവരുണ്ട്. അവർ ആ കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത കമ്മിറ്റി സ്റ്റേക് ഹോൾഡേഴ്സുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് നമുക്ക് എം.എൽ.എ.-മാരുമായി പ്രത്യേകം ചർച്ച ചെയ്യാം. 30 കോടിരൂപ കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരുന്നു. സ്വകാര്യമേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. വൺ ടൈം സെറ്റിൽമെന്റ് കഴിഞ്ഞാൽ എത്ര രൂപ തിരിച്ചുതരുമെന്ന് അങ്ങേയ്ക്ക് ഉറപ്പുണ്ടെങ്കിലും എനിക്ക് അത്ര ഉറപ്പില്ല. ഇപ്പോൾ നിലവിലുള്ളതിനെ എങ്ങനെ സംരക്ഷിക്കാം. 30 കോടി രൂപയുടെ പ്രൊപ്പോസൽ ഈ മാസംതന്നെ പ്രത്യേകം കൊടുത്ത് അതിനാവശ്യമായ സഹായംകൂടി നൽകുമെന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കശുമാവിന്റെ കൾട്ടിവേഷൻ നടക്കുന്നില്ലെന്നതാണ് ഈ മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നം. ഞാൻ പൊതുവായി ഒരു കാര്യം പറയുകയാണ്, കശുവണ്ടിയുടെ 90 ശതമാനവും ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും വിയറ്റ്നാം പോലുള്ള നിരവധി രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഇതിന്റെ ഉല്പാദന ചെലവും മൊത്തച്ചെലവും നമ്മുടെ നിയന്ത്രണത്തിലല്ല വരുന്നത്. കശുമാവിന്റെ കൾട്ടിവേഷനുവേണ്ടി കൃഷി വകുപ്പുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിച്ചാൽ നന്നായിരിക്കുമെന്ന ഒരാശയം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഇപ്പോൾ ഈ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക്, ഒരാൾക്ക് അഞ്ച് തൈവച്ച് വിതരണം ചെയ്യുകയും അത് വീട്ടുപറമ്പിലും പൊതുസ്ഥലങ്ങളിലും നട്ടുവളർത്താൻ നിർദ്ദേശം നൽകുകയും ചെയ്യണം. എല്ലാ വർഷവും ബഡ്ജറ്റ് സ്കൂട്ടിണി വരുമ്പോൾ കാപ്പെക്സിനും കോർപ്പറേഷനുമൊക്കെ 5-ഉം 10-ഉം കോടിരൂപ വച്ച് കശുമാവ് തൈകൾ വച്ചുപിടിപ്പിക്കാൻ കൊടുക്കാറുണ്ട്, കുറേ വർഷങ്ങളായി ഈ തുക നൽകിക്കൊണ്ടിരിക്കുകയാണ്. ഈ തൈകളെല്ലാം എവിടെയാണ് വളർന്ന്

കശുമാവായി നിൽക്കുന്നതെന്ന് കണ്ടുപിടിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് ഒരു കണക്കെടുപ്പ് നടത്തണം.

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ഞാൻ അവരുടെ റിവ്യൂ നടത്തുകയുണ്ടായി. അവർ പറഞ്ഞതിൽ കുറേ വർഷങ്ങളുടെ കണക്കുണ്ട്. ഏത് ഗവൺമെന്റിന്റെ കാലമെന്നത് പ്രസക്തമല്ല. അവർ തന്ന കണക്കനുസരിച്ച് 43000 മെട്രിക് ടൺ തോട്ടണ്ടി തൈ വച്ച് മൂന്നാമത്തെ വർഷം ഉത്പാദിപ്പിക്കുമെന്നാണ്. 43000 മെട്രിക് ടൺ തോട്ടണ്ടി ഉല്പാദിപ്പിച്ചാൽ ഒരു കശുവണ്ടിപോലും പുറത്തുനിന്നും ഇറക്കുമതി ചെയ്യാതെ 200 ദിവസം ഈ കമ്പനികളെല്ലാം പ്രവർത്തിപ്പിക്കാമല്ലോയെന്നും ഇതെവിടെ പോയിയെന്നും അപ്പോൾ ഞാൻ അവരോട് ചോദിച്ചു. കശുമാവ് മുഴുവൻ അത് ചിതറിക്കിടക്കുന്നതുകൊണ്ടാണെന്നാണ് അവരുടെ മറുപടി. ചിതറി കിടന്നാലും കശുവണ്ടി സംഭരിക്കാമല്ലോ; നല്ല കാലത്തുപോലും പരമാവധി 1000 ടൺ കശുവണ്ടിയാണ് സംഭരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ നമ്മൾ പ്രത്യേകം റിവ്യൂ ചെയ്യും. പിന്നെ എങ്ങനെ കേന്ദ്രീകരിച്ച് ........

മി. സ്പീക്കർ: ഇനിയും കുറച്ചധികം സമയം വേണ്ടിവരുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ചർച്ച വളരെ നീണ്ടുപോയതുകൊണ്ടും ഇത് വളരെ സെൻസിറ്റീവായ വിഷയമായതിനാലും കുറച്ചുസമയം കൂടി വേണം. ഇത് ഇത്രയും ചർച്ച ചെയ്യുന്നതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് സബ്മിഷനുകൾ വേണമെങ്കിൽ ഒഴിവാക്കാം.

<u>മി. സ്പീക്കർ</u>: ഇനിയും കുറച്ചധികം സമയം വേണ്ടിവരുമോ? ഇനിയും കുറേ ബില്ലുകളെടുക്കാനുണ്ട്.

<u>ശ്രീ. പി. രാജീവ്</u>: കുറച്ച് കാര്യങ്ങൾകൂടി എനിക്ക് പറയാനുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച വിഷയങ്ങൾക്കുകൂടി മറുപടി പറയേണ്ടതുണ്ട്. രണ്ട് ബില്ലുകൾ ഒരുമിച്ചാണ് ചർച്ച ചെയ്യുന്നത്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, സ്വകാര്യ മുതലാളിമാർ adamant ആയി പല ഫാക്ടറികളും അടച്ചിട്ടിരിക്കുകയാണ്. അത്തരം ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? എന്നാൽ ഗവൺമെന്റ് അവരെ സഹായിക്കുന്നുണ്ട്, പക്ഷേ അവർ തുറക്കുന്നില്ല. സർക്കാരിനെപോലും വെല്ലുവിളിക്കുന്ന ചില മുതലാളിമാരുണ്ട്. അത്തരം ഫാക്ടറികൾ നോട്ടിഫൈ ചെയ്തുകൊണ്ട് കശുവണ്ടി വികസന കോർപ്പറേഷനിലേക്ക് ആഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, എന്റെ വ്യക്തിപരമായ അഭിപ്രായം അത്തരം ഏറ്റെടുക്കലൊന്നും പ്രായോഗികമല്ലെന്നതാണ്. പക്ഷേ നമുക്ക് അന്നത്തെ ഘട്ടത്തിൽ ആവശ്യമായിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരു ചോദ്യം, ഏറ്റെടുത്ത കമ്പനികളിൽ ചിലത് മുതലാളിമാർ തിരികെ ആവശ്യപ്പെടുന്നുണ്ടല്ലോ; അങ്ങനെയും ചില കേസുകളുണ്ട്.

ശ്രീ. പി. രാജീവ്: സർ, സ്പീക്കർ തന്നെ ചോദ്യം ചോദിക്കുകയെന്നുള്ളത് അസാധാരണമായ കാര്യമാണ്. ഉത്തരം പറയാൻ അവസരം കിട്ടിയാൽ.... അങ്ങ് ഇവിടെ ഇരുന്നതിന്റെ സൗകര്യം ഇപ്പോൾ ലഭിക്കുന്നില്ല. സ്പീക്കർ ചോദിച്ചാൽ വളരെ ഗൗരവകരമായ ചോദ്യമായി പരിഗണിക്കേണ്ടതുണ്ട്. നിലവിലുള്ള നിയമ പ്രകാരം അതിന് വകുപ്പില്ലായെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. നമ്മൾ ഒരു ഫാക്ടറി തുടങ്ങുന്നുണ്ടെങ്കിൽ, ഒന്ന്, അസംസ്കൃത വസ്തുവിന്റെ വില കുറഞ്ഞ സ്ഥലത്ത് തുടങ്ങണം. അസംസ്കൃത വസ്തു പുറത്തുനിന്ന് കൊണ്ടുവരുന്നുണ്ടെങ്കിൽ പ്രോസസ്സിംഗ് ചാർജ് കുറഞ്ഞ സ്ഥലത്തുനിന്ന് കൊണ്ടുവരണം. ഇതുരണ്ടും

ഉണ്ടെങ്കിൽ നല്ല മാർക്കറ്റിംഗുള്ള സ്ഥലത്ത് കമ്പനി തുടങ്ങണം. തോട്ടണ്ടി കിട്ടാനില്ല. ഉയർന്ന വിലയ്ക്ക് നമ്മൾ ആഫ്രിക്കയിൽനിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ലോകത്ത് 800 രൂപ വിലയുള്ളപ്പോൾ 4,200 രൂപ പ്രോസസ്സിംഗ് ചാർജ് ഇവിടെ കൊടുക്കണം. അതിനുശേഷം വിപണിയിലേക്ക് നൽകും. ഇത്തവണ വിപണി ഉറപ്പുവരുത്താൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായത്തോടെ ഓണക്കിറ്റിൽ കശുവണ്ടികൂടി ഉൾപ്പെടുത്തി. 32 കോടി രൂപ അങ്ങനെ ലഭിച്ചു. എന്നാൽ ഈ മേഖലയെ ആശ്രയിച്ചുകഴിയുന്ന സ്ത്രീ തൊഴിലാളികൾ വളരെ ദരിദ്രമായ അവസ്ഥയിലാണ്. അവരെ സംരക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ്. അതിന് അവർക്ക് ആത്മാഭിമാനത്തോടുകൂടി ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. അതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിനുകഴിയുന്ന രൂപത്തിൽ ഈ വ്യവസായത്തെ ആധുനികവൽകരിക്കും. അതിന് കമ്മിറ്റിയുടെ ശിപാർശകൾ കിട്ടികഴിഞ്ഞാൽ നമുക്ക് കൂട്ടായി ചർച്ച ചെയ്യാം. യോജിപ്പോടുകൂടി ഈ മേഖലയെ നവീകരിക്കാൻ ശ്രമിക്കാമെന്നാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുന്നത് റബ്ബറിനെക്കാളും

ഇപ്പോൾ വരുമാനം കശുവണ്ടിക്ക് ഉണ്ടെന്നാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന കണ്ണൂർ ജില്ലയിലെ ഇരിട്ടി, പേരാവൂർ, ഇരിക്കൂർ പ്രദേശത്ത് കശുവണ്ടി കൃഷിയെ പ്രോത്സാഹിപ്പിക്കാനും സീസണിൽ സംഭരിക്കാനും ഗവൺമെന്റ് ഡിപ്പോകൾ തുടങ്ങുന്നില്ല. സ്വകാര്യ കച്ചവടക്കാരെമാത്രം ആശ്രയിച്ചാണ് കശുവണ്ടി ഉൽപ്പാദകർ വിപണി തേടുന്നത്. അതുകൊണ്ട് ഉൽപ്പാദനത്തെ പ്രോൽസാഹിപ്പിക്കാനും സംഭരണം പൊതുമേഖലയിൽ ശക്തിപ്പെടുത്താനും കഴിയണം.

ശ്രീ. പി. രാജീവ്: സർ, തോട്ടണ്ടി സംഭരണത്തിന്റെ ഉദ്ഘാടനത്തിന് ശ്രീ. എം. രാജഗോപാലൻ എം.എൽ.എ.-യോടൊപ്പം ഞാൻതന്നെ പോയിരുന്നു. കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കാപെക്സിന്റെ ആളുകളും അവിടെ പോയിരുന്നു. സൊസൈറ്റികൾ വഴിയും സംഭരിക്കാൻ നോക്കി. പൊതുവെ സീസൺ മോശമായതിനാൽ ഇത്തവണ നമുക്ക് കിട്ടിയില്ല. ആറളം ഫാമിൽനിന്നുമാണ് എക്സ്പോർട്ടിന് ഉപയോഗിക്കുന്ന നല്ല കശുവണ്ടി ലഭിക്കുന്നത്. ഇപ്പോൾ കശുവണ്ടി ബ്രാൻഡ് ചെയ്തിട്ടുണ്ട്. അസംസ്കൃതവസ്തുക്കൾ ലഭിക്കുന്നില്ല, ഉൽപ്പാദനചെലവും കൂടുതലാണ്.

മാർക്കറ്റിലും പ്രശ്നങ്ങളുണ്ട്. കേരളത്തിലെ കശുവണ്ടിക്ക് ലോകത്തൊരു ബ്രാൻഡുണ്ടെന്നതാണ് ആകെയുള്ള പോസിറ്റീവ് വശം. കേരള കാഷ്യൂ എന്ന ബ്രാൻഡ് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പരിമിതികളുണ്ടെങ്കിലും നമുക്ക് കൂട്ടായി പരിശ്രമിക്കാം. ശ്രീ. മഞ്ഞളാംകുഴി അലി അദ്ദേഹം ഇവിടെ ഇല്ലെങ്കിലും വ്യവസായത്തെകുറിച്ച് അദ്ദേഹം ആറുവർഷം മുമ്പുള്ള അഭിപ്രായമാണ് പറഞ്ഞത്. ഇപ്പോഴത്തെ മാറ്റങ്ങൾ അദ്ദേഹം കണ്ടതായി നടിക്കുന്നില്ല. സഭയെ ചില വിവരങ്ങൾ അറിയിക്കാനുള്ള സന്ദർഭം ഒരുക്കിതന്നതിൽ ഞാൻ അദ്ദേഹത്തിന് സന്തോഷപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ഒരുലക്ഷം സംരംഭങ്ങൾ തുടങ്ങിയിട്ട് ഇന്ന് എട്ടുമാസവും ഏഴാമത്തെ ദിവസവുമാണ്. കേരളം ഈ ചരിത്രനേട്ടം കൈവരിച്ച കാര്യം ഞാൻ സന്തോഷത്തോടുകൂടി സഭയെ അറിയിക്കുകയാണ്. ഒരുവർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങളെന്നാണ് കണക്കുകൂട്ടിയിരുന്നത്. ഇപ്പോൾ 1,01,764 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 6,302.26 കോടിയുടെ ഇൻവെസ്റ്റ്മെന്റിൽ 2,21,358 തൊഴിലവസരങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കുകയുണ്ടായി. ഓരോ ജില്ലയിലും പെർഫോമൻസുണ്ട്. അതിൽ ജില്ല നോക്കുമ്പോൾ

അച്ചീവ്മെന്റിൽ എറണാകുളം 10,070, മലപ്പുറം 10,019 എന്നീ ജില്ലകളാണ് പതിനായിരം കഴിഞ്ഞിട്ടുള്ളത്. ടാർജറ്റ് ഫിക്സ് ചെയ്തിട്ടും വയനാട് 82.81% നേടി ഒന്നാം സ്ഥാനത്ത് എത്തിയെന്നുള്ളതാണ് ഏറ്റവും ആവേശകരമായിട്ടുള്ള കാര്യം. കൊല്ലം 82.18%, ആലപ്പുഴ 80.14% ആണ്. 4,257 എസ്.സി. കാറ്റഗറിയിൽപ്പെട്ടവർ, 403 എസ്.ടി., 57,516 ഒ.ബി.സി. സംരംഭകർ, 8,724 മൈനോറിറ്റി സംരംഭകരാണ് ഉള്ളത്. പാനലിൽ മൂന്ന് സ്ത്രീകളെ ഉൾപ്പെടുത്തി അങ്ങ് വളരെ ശ്രദ്ധേയമായ തീരുമാനമെടുത്തിരുന്നല്ലോ; നിയമത്തിൽ ഇപ്പോൾ ഒരു ഭേദഗതി വരുത്തുകയും ചെയ്തു. സ്ത്രീ സംരംഭകർ 31.37 ശതമാനമാണ്. 0.02% ട്രാൻസ്ജെൻഡർമാരാണ് സംരംഭകരായിട്ടുള്ളത്. മേഖല തിരിച്ച് അദ്ദേഹം ചോദിക്കുകയുണ്ടായി. മേഖല തിരിച്ചുള്ളതിൽ ട്രേഡ് കഴിഞ്ഞാൽ പ്രധാനമായും ഫുഡ് പ്രോസസ്സിംഗ് 18,077 യൂണിറ്റുകൾ, ഗാർമെന്റ്സ് 11,689 എന്നിങ്ങനെ ഓരോന്നിനെയും പ്രത്യേകം കാറ്റഗറിയായി തിരിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്കുമുണ്ട്. അതുപോലെ ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ വകുപ്പിന്റെ പിന്തുണ ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ട്. പത്തു പഞ്ചായത്തുകൾ നൂറ്

ശതമാനത്തിലധികം നേടിയിരിക്കുന്നു. അതിൽ വൈത്തിരി പഞ്ചായത്ത് 124.1%, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലമായ പട്ടാഴി-വടക്കേക്കര 122.06%, പെരളശ്ശേരി 116.79%, അഞ്ചൽ 113.22%, വെള്ളമുണ്ട 112.57, റാന്നി-പഴവങ്ങാടി, രണ്ട് പഞ്ചായത്തുകളും 108.18%, വെച്ചൂച്ചിറ 108.16%, തുമ്പമൺ 105.88%, ചെറുകര 105.56%. മുനിസിപ്പാലിറ്റികളിൽ കരുനാഗപ്പള്ളി 150% ടാർജറ്റിന് അപ്പുറത്തേക്ക് പോയിരിക്കുന്നു, ശ്രീ. സി. ആർ. മഹേഷിന്റെ മണ്ഡലമാണ്. ശ്രീമതി സി. കെ. ആശ എം.എൽ.എ.-യുടെ മണ്ഡലമായ വൈക്കം 149.52%, ഗുരുവായൂർ 149% ടാർജറ്റിന്റെ അപ്പുറത്തേയ്ക്ക് പോയിരിക്കുന്നു, പാലാ 145.5%, ആലുവ 115%, കൽപ്പറ്റ 113.38%, പുനലൂർ 113.33%, തൃക്കാക്കര 111%, സുൽത്താൻ ബത്തേരി 109%, തൊടുപുഴ 108%. കോർപ്പറേഷനിൽ കണ്ണൂർ 71.68%, തൃശ്ശൂർ 71.02%, കൊച്ചി 66.74% ഈ കോർപ്പറേഷനുകളൊന്നുംതന്നെ 100 ശതമാനത്തിലേയ്ക്ക് എത്തിയിട്ടില്ല. വളരെ നല്ല രീതിയിലുള്ള മുന്നേറ്റം നമുക്ക് എം.എസ്.എം.ഇ.-യുടെ കാര്യത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞു. മണ്ഡലം തിരിച്ചുള്ള കണക്കുകൾ എല്ലാ എം.എൽ.എ.-മാർക്കും നൽകുന്നതാണ്. എല്ലാ എം.എൽ.എ-മാരും കക്ഷി രാഷ്ട്രീയത്തിനും മുന്നണികൾക്കും അതീതമായി

ഇതുവിജയിപ്പിക്കുന്നതിന് നന്നായി ശ്രമിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: എല്ലാ എം.എൽ.എ.-മാരും ഖാദി ഉൽപ്പന്നം വാങ്ങണ്ടേ?

ശ്രീ. പി. രാജീവ്: സർ, ഖാദി ഉൽപ്പന്നം വാങ്ങണം. അപ്പോൾ നല്ല രീതിയിൽ വിപണി ഉറപ്പുവരുത്താൻ കഴിയും.

ശ്രീ. ഷാഫി പറമ്പിൽ: സർ, സംരംഭങ്ങൾ ഉണ്ടാകേണ്ടതിന്റെ അനിവാര്യത നമുക്കെല്ലാവർക്കും നല്ല ബോധ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിൽ നടത്തിയ റിവ്യൂ മീറ്റിംഗിൽ ഞാൻ പങ്കെടുത്തിരുന്നു. അതിൽ പുതിയ പ്രോജക്ടുകളുടെ എണ്ണം കേട്ടപ്പോൾ സന്തോഷം തോന്നി. യൂണിറ്റ്‌വൈസ് അറിയാനായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച രണ്ടുമൂന്നു യൂണിറ്റിന്റെ കാര്യം പറയാൻ ആവശ്യപ്പെടുകയും അവർ പറയുകയും ചെയ്തു. അവയെല്ലാം പുതിയ യൂണിറ്റുകളാണോയെന്ന് ചോദിച്ചപ്പോൾ നിലവിലുള്ള യൂണിറ്റുകൾ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പുതിയ യൂണിറ്റുകളുടെ കണക്കിൽ ഉൾപ്പെടുത്തിയതാണെന്ന് പറഞ്ഞു. ഞാൻ നെഗറ്റീവായി പറയുന്നതല്ല. മുപ്പത്

സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ഗാർമെന്റ് യൂണിറ്റ് തുടങ്ങിയെന്ന് പറഞ്ഞപ്പോൾ ഞാൻ അതിന്റെ ലൊക്കേഷൻ ചോദിച്ചു. അത് എന്റെ നിയോജകമണ്ഡലത്തിലാണ് പ്രവർത്തിക്കുന്നതെന്ന് മനസിലായി. ആ സ്ഥാപനം ഇന്ന കെട്ടിടത്തിലല്ലേ പ്രവർത്തിക്കുന്നതെന്ന് ഞാൻ ചോദിച്ചു. ഇലക്ഷന് നിന്നപ്പോൾ അവിടെയുള്ള മുപ്പതുപേരോടൊപ്പംനിന്ന് സെൽഫിയെടുത്ത ഓർമ്മയുണ്ടായിരുന്നു. അപ്പോൾ ആ കെട്ടിടത്തിൽനിന്ന് മാറി എതിർവശത്തുള്ള സ്ഥാപനമെന്നാണ് അവർ പറഞ്ഞത്. നിങ്ങൾ മുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള കണക്കുകൾ ഇത്തരത്തിലുണ്ടാക്കരുത്, ഇതെല്ലാം വലിയ ലക്ഷ്യങ്ങളോടുകൂടി ആരംഭിക്കുന്ന പ്രോജക്ടുകളാണെന്ന് ഞാൻ പറഞ്ഞു. ഓരോ സെക്ടറിലും എത്ര യൂണിറ്റുകൾക്ക് സഹായം ചെയ്തുകൊടുത്തുവെന്ന് വിശദമായി ചോദിച്ചപ്പോൾ..., രജിസ്ട്രേഷന് നൽകിയതുമാത്രമാണ് പല ഘട്ടത്തിലും സഹായം കൊടുത്തിട്ടുള്ളതായി മാറിയിട്ടുള്ളയത്. സ്വയം തുടങ്ങിയ യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്തുനൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഒരു സംരംഭം തുടങ്ങാൻ ഇത്തരത്തിൽ backup കൊടുക്കുന്നതും നിലവിലുള്ളതല്ലാത്ത സംരംഭങ്ങൾ... കെട്ടിടങ്ങൾ മാറുന്നതും ഷിഫ്റ്റ് ചെയ്യുന്നതും വികസനമാണെങ്കിൽ ശരി, പുതിയ സംരംഭം

തുടങ്ങുന്നതും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുമായിട്ടുള്ള കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. രാജീവ്</u>: സർ, അത് ഏതെങ്കിലും ഒറ്റപ്പെട്ട സംരംഭമായിരിക്കും. പൊതുവെ അങ്ങനെ ഉണ്ടാകില്ല. കാരണം ഇത്രയും സംരംഭങ്ങൾ കേരളത്തിലുണ്ടെങ്കിൽ നമ്മളാരും കേരളം വ്യാവസായികമായി പുറകിൽ നിൽക്കുന്നുവെന്ന് പറയുകയില്ലല്ലോ; അവർക്ക് ആത്മവിശ്വാസം പകരാനായി ഞാൻ ഓരോ ജില്ലകളിലെയും 5-6 സംരംഭങ്ങൾ നേരിട്ട് പോയി കാണാറുണ്ട്. മൊബൈൽ ആപ് വഴി ജിയോ ലൊക്കേഷൻ വച്ചാണ് രജിസ്റ്റർ ചെയ്യുന്നത്. പഴയ എം.എസ്.എം.ഇ.-കളെല്ലാം.... ഇപ്പോൾ കുടുംബശ്രീക്കാരെ പ്രത്യേകം ചുമതലപ്പെടുത്തി, എന്യൂമറേറ്റർമാരെ വച്ച് ജിയോ ടാഗുൾപ്പെടെ പഴയതും ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. അതിലേതെങ്കിലും രജിസ്റ്റർ ചെയ്യാതെ ഒറ്റപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ഇതിന്റെ കൂട്ടത്തിൽ രജിസ്റ്റർ ചെയ്ത് പോയിട്ടുണ്ടാകാം. പൊതുവെ ആ രൂപത്തിലല്ല പോകുന്നത്. എം.എൽ.എ.-മാർ എല്ലാവരും അത് ഫോളോ അപ് ചെയ്യുന്നുണ്ട്. ഞാൻ നേരത്തേ ഇരിക്കൂർ, കല്യാശ്ശേരി, തൃത്താല

എന്നിവിടങ്ങളിൽ പോയ അനുഭവം പറഞ്ഞല്ലോ; എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ എം.എൽ.എ.-മാർ ഇടപെട്ട് അതെല്ലാം പരിഹരിച്ച് ശക്തിപ്പെടുത്തി നിലനിർത്തി മുന്നോട്ടുകൊണ്ടുപോകാം. എന്തായാലും കേരളത്തെ സംബന്ധിച്ച് വളരെ അഭിമാനകരമായ ഒരു നേട്ടം കൈവരിക്കാൻ കഴിഞ്ഞതിൽ ഞാൻ ഈ സഭയിലെ എല്ലാ എം.എൽ.എ.-മാരോടും പ്രത്യേകം നന്ദിരേഖപ്പെടുത്തുന്നു. ഈ രണ്ട് ബില്ലുകളും പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. എ.കെ.എം. അഷ്റഫ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ.കെ.എം. അഷ്റഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................................

പ്രതികൂലിക്കുന്നവർ .................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

**2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ**

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

106. In clause 2(ii) after the words "after the words", the symbol and words ", symbols and figure" may be added.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

"ബില്ലിന്റെ തത്വപ്രഖ്യാപന വാക്യത്തിൽ "Seventy third" എന്ന വാക്കുകൾക്കിടയിൽ "-" എന്ന ചിഹ്നം ചേർക്കേണ്ടതാണ്."

ഡോ. എൻ. ജയരാജ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

105. In clause 1(1) for the word 'Amendment' the symbol and word " (Amendment)" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഡോ. എൻ. ജയരാജ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

105. In the Enacting Formula the symbol “ -” occuring after the word “ Seventy” shall be deleted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## 2022-ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇന്നലെ സഭയിൽ അവതരിപ്പിച്ച 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്മേൽ ഇന്ന് ചർച്ച നടത്തുവാൻ തീരുമാനിച്ചിരുന്നു. ചർച്ച ആരംഭിക്കുകയാണ്.

**ചർച്ച**

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഒരുപാട് സംസാരിക്കുന്നില്ല. പക്ഷേ ഈ സമീപനം അംഗീകരിക്കാൻ കഴിയാത്തതാണ്. ഇവിടെ ഇന്ത്യൻ

നിർമ്മിത വിദേശ മദ്യത്തിന് വില വർദ്ധിപ്പിക്കണമെന്നുള്ളത് മദ്യം നിർമ്മിക്കുന്ന കമ്പനികളുടെ ദീർഘകാലമായ ആവശ്യമായിരുന്നു. ഇതിനുമുമ്പ് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ കാലം മുതൽ ഈ ആവശ്യം ഉണ്ടായിരുന്നതാണ്. എന്നാൽ ആ സമയത്ത് അതംഗീകരിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ മദ്യം നിർമ്മിക്കുന്ന കമ്പനികളുടെ ടേൺ ഓവർ ടാക്സ് ഒഴിവാക്കിക്കൊടുക്കാൻ സർക്കാർ തീരുമാനിക്കുകയാണ്. അതുവഴി അവർക്ക് 170 കോടി രൂപയുടെ ലാഭമുണ്ടാകുകയാണ്. അവർക്ക് 170 കോടി രൂപയുടെ ലാഭമുണ്ടാകുമ്പോൾ അത് മാനേജ് ചെയ്യുന്നതിനുവേണ്ടി ഉപഭോക്താവിന് വിലകൂട്ടുകയാണ്. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയുന്നൊരു കാര്യമല്ല. മദ്യപാനശീലം എന്നുപറയുന്നത് ഒരു നല്ല ശീലമല്ല. പക്ഷേ ഇത് നിയമവിധേയമായ ഒരു കാര്യമാണ്. ഗവൺമെന്റ് ലഹരിയോട് വലിയ പോരാട്ടമൊക്കെ നടത്തുന്നെങ്കിലും മദ്യഷാപ്പുകൾ അനുവദിക്കുന്ന കാര്യത്തിൽ ഒരു കുറവും വരുത്തുന്നില്ല. ഈ വർഷം തന്നെ 23 പുതിയ ബാറുകൾക്ക് അനുവാദം കൊടുത്തിട്ടുണ്ട്. ശീലം നല്ലതല്ലെങ്കിൽപ്പോലും നിയമവിധേയകാര്യമാണെന്ന് ഞാൻ പറഞ്ഞല്ലോ; വ്യാപകമായി വിദേശ മദ്യഷാപ്പുകൾ എല്ലായിടത്തും അനുവദിക്കുന്ന

സർക്കാർ... സാധാരണക്കാരായവർ കൂലിപ്പണിയെടുത്ത് കിട്ടുന്ന വരുമാനത്തിൽ നിന്നാണ് മദ്യം വാങ്ങുന്നത്. നിത്യോപയോഗ സാധനങ്ങൾക്ക് വലിയ വിലയാണ്. അതിന്റെ പ്രയാസം; പാലിന് വില കൂട്ടി, അതിന്റെ പ്രയാസം; അതിന്റെകൂട്ടത്തിൽ.....

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കൂടുതൽ മദ്യഷാപ്പുകൾ/ബാറുകൾ അനുവദിച്ചതുകൊണ്ട് മദ്യവിൽപ്പന കൂടിയിട്ടില്ല എന്നതാണ് കണക്കുകൾ കാണിക്കുന്നത്. അത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 2011-12 മുതൽ 2015-16 വരെ മദ്യ വിൽപ്പന യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1706.32 ലക്ഷം കെയ്സാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1610.91 ലക്ഷം കെയ്സായി കുറയുകയാണ് ചെയ്തത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2018-ലെ പ്രളയം, 2019-ലെ പ്രളയം, 2020-ൽ കോവിഡ് കാലത്ത് കൂടുതൽ സമയം മദ്യഷാപ്പുകൾ അടച്ചിട്ടത് എന്നിവ വിൽപ്പന കുറയുന്നതിന് കാരണമായിട്ടുണ്ട്.

മി. സ്പീക്കർ: യെസ്...യെസ്....ഒരു ഡിബേറ്റിലേക്ക് പോകേണ്ട.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു ചെറിയ കാര്യം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വാദം ജയിക്കാൻ വേണ്ടിയായിരിക്കും പറഞ്ഞത്. ഞാൻ വളരെ honest ആയി പറയുന്നു.

മി. സ്പീക്കർ: Through the chair to the Government ആണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതൊരിക്കലും ഒരു ഹെൽത്തിയായിട്ടുള്ള ട്രെൻഡാണെന്ന് വിചാരിക്കേണ്ട. സമൂഹം സംസ്കാര സമ്പന്നമായ രീതിയിൽ നിന്നും അകന്നുപോകുന്ന സാഹചര്യത്തിൽ മദ്യ ഉപയോഗം കുറയുക എന്നുപറഞ്ഞാൽ അത് അർത്ഥമാക്കുന്നത്..... But this is a very dangerous trend. വെറുതെ കാണേണ്ട; കാരണം ഇന്ന് മദ്യോപയോഗം കുറഞ്ഞത് വലിയ നേട്ടമായി നിങ്ങൾ കരുതുന്നുണ്ടെങ്കിൽ on the otherside മയക്കുമരുന്നിന്റെ ഉപയോഗം അതിവ്യാപകമായി വർദ്ധിച്ചു. മാത്രമല്ല, ഓരോ തവണയും ചോദിക്കാനും പറയാനും ആളില്ല എന്നതുപോലെ മദ്യത്തിന് തുടരെത്തുടരെ വില കൂട്ടുമ്പോൾ മദ്യപന്മാർക്കുവേണ്ടി സംസാരിക്കാൻ ആരുമില്ലല്ലോ; ചോദിക്കാനും പറയാനും ആളില്ലാത്തതുകൊണ്ട് നിങ്ങൾ വില കൂട്ടുമ്പോൾ ഉണ്ടാകുന്നത് affordable ആയിട്ടുള്ള ഒരു ഡ്രിങ്ക് അവയിലബിൾ അല്ലാതാകുകയാണ്.

അതിന്റെ റിവേഴ് എഫക്റ്റാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഞാൻ ഒരു കാര്യം കൂടി പറയാം.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, ഡിസ്കഷനിൽ പങ്കെടുക്കുന്നത് നിങ്ങളുടെ പാർട്ടിയിലെ ശ്രീ. പി. സി. വിഷ്ണുനാഥാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു കാര്യം മനസ്സിലാകാൻ വേണ്ടിയാണ് പറയുന്നത്. ഞാൻ ഒരു ബിൽ കൊണ്ടുവന്നിട്ടുണ്ട്. രണ്ട് ഡ്രിങ്ക് കഴിച്ച ഒരാളിന്റെ അവസ്ഥയാണ്. അതായത്, ആ ഡ്രിങ്കിന്റെ വില എന്നുപറയുന്നത് 2734 രൂപയാണ്. ടാക്സ് ഇനത്തിൽ സർക്കാർ വാങ്ങിയത് 4322 രൂപ. ഇങ്ങനെയാണ് മദ്യപന്മാരുടെ കയ്യിൽ നിന്നും പൈസ വാങ്ങുന്നത്. ഇനിയും നാലുശതമാനം വർദ്ധിപ്പിക്കുകയായെന്നുപറയുന്നത് ശരിയല്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതിന് സാമൂഹികമായൊരു അപകടംകൂടിയുണ്ട്. ഗവൺമെന്റ്, രാഷ്ട്രീയപാർട്ടികൾ, സാമാജികർ, സാമൂഹിക സംഘടനകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെല്ലാം ലഹരിക്കെതിരായ വലിയ പ്രവർത്തനങ്ങൾ നടന്നുവരുന്ന ഈ ഘട്ടത്തിൽ... ലഹരി നിരുത്സാഹപ്പെടുത്തേണ്ട ഒന്നാണ്, മദ്യത്തിന് വലിയ തോതിൽ

വില വർദ്ധിപ്പിക്കുമ്പോൾ അതുപയോഗിക്കുന്ന ആളുകൾ വിലകുറഞ്ഞതും അപകടകരവുമായ മയക്കുമരുന്നിലേയ്ക്കും മറ്റ് മാർഗ്ഗങ്ങളിലേയ്ക്കും തിരിയുന്ന ഒരു സാഹചര്യം വർദ്ധിച്ചുവരുന്നുണ്ട്. ഇതൊരു നല്ല സമീപനമല്ല, ഇന്ത്യൻ നിർമ്മിത വിദേശ മദ്യ നിർമ്മാതാക്കൾക്ക് 170 കോടി രൂപ ലാഭമുണ്ടാക്കി കൊടുക്കുന്നതിനായി അവരുടെ ആവശ്യത്തിന് വഴങ്ങി, നാല് ശതമാനം നികുതി വർദ്ധിപ്പിച്ച്, ആ ഉൽപ്പന്നം പാവപ്പെട്ടവരും സാധാരാണക്കാരുമായ ഈ ശീലത്തിന് അടിപ്പെട്ടവരുടെമേൽ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല, ആ സമീപനത്തെ ഞങ്ങൾ എതിർക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, മദ്യം കഴിക്കുന്ന ആളുകളെ എത്ര ബോധവൽക്കരിച്ചാലും, കുറെ ആളുകൾ മദ്യമുപയോഗിക്കും അതൊരു യാഥാർത്ഥ്യമാണ്. പക്ഷെ മദ്യത്തിന് വിലക്കൂട്ടുമ്പോഴുള്ള പ്രശ്നം, ആ കുടുംബത്തിന്റെ വരുമാനത്തിൽ വലിയ പ്രശ്നങ്ങളുണ്ടാകും. കാരണം മദ്യം കഴിക്കുന്നവർ സാധാരണയായി വീടുകളിൽ പൈസ കൊടുക്കില്ലെന്ന ചില ആക്ഷേപങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്. ഈ പറഞ്ഞ ആൾ എന്തായാലും മദ്യം കഴിക്കും. അങ്ങനെ വരുമ്പോൾ അവരുടെ വീടുകളിൽ ചെലവാക്കുന്ന പണത്തിൽനിന്നും ഇത്രയും തുക ഈ സർക്കാർ തട്ടിയെടുക്കുകയാണ്

ചെയ്യുന്നത്. ഈ സമീപനം പിച്ചച്ചട്ടിയിൽനിന്നും കൈയിട്ടുവാരുന്നതിന് തുല്യമാണെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ഈ വിഷയം നേരത്തെ സഭയിൽ അവതരിപ്പിച്ചതാണ്...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതുതന്നെയാണ് പറയുന്നത്, അങ്ങ് പറഞ്ഞതുപോലെ 200 രൂപ വീട്ടിൽ കൊടുത്തിരുന്ന ഒരാൾ അതിൽനിന്നും നൂറു രൂപ മദ്യഷോപ്പിൽ കൊടുക്കുമ്പോൾ അത്രയും തുകയുടെ കുറവ് വീട്ടിൽ കൊടുക്കുന്നതിലുണ്ടാകും, വീണ്ടും ആളുകളെ ബുദ്ധിമുട്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ, നിരന്തരം എന്നോട് സംസാരം അവസാനിപ്പിക്കാൻ ആവശ്യപ്പെടുന്നതുകൊണ്ട്...... ഞാൻ ഗവൺമെന്റിനെതിരെ ആരോപണമൊന്നും ഉന്നയിക്കുന്നില്ല, ആരോപണം എഴുതിക്കൊടുത്താണ് ഉന്നയിക്കേണ്ടത്. പക്ഷെ ഇത് ഒരു നല്ല സമീപനമല്ല, ഇതിനകത്ത് എവിടെയൊക്കെയോ എന്തൊക്കെയോ ചീഞ്ഞ് നാറുന്നുണ്ട്. അത്രമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു. നാറുന്ന... ചീയുന്ന... സാധനങ്ങൾ ഏതാണെന്ന് അവർ സഭയിൽ വ്യക്തമാക്കേണ്ടതല്ലേ; ഒരു പുകമറ സൃഷ്ടിച്ച് പോകുകയാണ്.

യഥാർത്ഥത്തിൽ TOT-യിൽ നിലനിൽക്കുന്ന അസമത്വം ഒഴിവാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുതന്നെ വിദേശ നിർമ്മിത മദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾക്ക് ടേൺ ഓവർ ടാക്സ് ഈടാക്കുകയും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിൽപ്പനയ്ക്കായി ഇവിടെയെത്തുന്ന മദ്യത്തിന് ടേൺ ഓവർ ടാക്സ് ഈടാക്കാതിരിക്കുകയും ചെയ്യുന്നത് എന്തൊരു അനീതിയാണ്. അതൊന്നും വിദേശ മദ്യത്തിൽപ്പെടുന്നതല്ലേ; വിദേശ മദ്യം ഇവിടെതന്നെ ഉൽപ്പാദിപ്പിക്കുമ്പോൾ.... അതിന്റെ ഭാഗമായി ചെറുകിട വ്യവസായങ്ങളെന്ന നിലയിലുള്ള ഡിസ്റ്റിലറികളിൽ പണിയെടുക്കാൻ സാധിക്കുന്ന ആളുകളിൽ അറുപത് എഴുപത് ശതമാനവും സ്ത്രീ തൊഴിലാളികളാണ്. ആ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ നഷ്ടം, അവർക്കുണ്ടാകുന്ന വരുമാന നഷ്ടം, കമ്പനികൾ അടച്ചുപൂട്ടുന്ന സാഹചര്യം എന്നിവ ഒഴിവാക്കാൻ സാധിക്കുമെന്നുമാത്രമല്ല നമ്മുടെ സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഏക ഡിസ്റ്റിലറിയാണ് ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്. അതുൾപ്പെടെ 23 സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിലേയ്ക്കാവശ്യമായ സ്പിരിറ്റ് ആന്ധ്രാ പ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, പഞ്ചാബ് തുടങ്ങിയ

സംസ്ഥാനങ്ങളിൽനിന്നുമാണ് വരുന്നത്. അങ്ങനെ വരുന്ന സ്പിരിറ്റിൽ ഈ അടുത്ത കാലത്തുണ്ടായ വർദ്ധന ഒരു ലിറ്ററിന് 20 രൂപ മാത്രമാണ്. സ്പിരിറ്റ് കൊണ്ടുവരുന്ന വാഹനത്തിലുപയോഗിക്കുന്ന ഇന്ധനത്തിന്റെ വില അതിനേക്കാൾ കൂടുതലാണ്. സ്വാഭാവികമായി അത്തരമൊരു വർദ്ധനവാണ് കേരളത്തിലെ ഡിസ്റ്റിലറികളിൽ ഉണ്ടായിട്ടുള്ളത്. അങ്ങനെയുണ്ടായപ്പോൾ ആ ഡിസ്റ്റിലറി സ്ഥാപനങ്ങളുടെ ഉടമസ്ഥന്മാർ വിലയിൽ നേരിയ വർദ്ധനവ് വരുത്തണമെന്ന് പറഞ്ഞ് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയാണ്. അങ്ങനെ വില വർദ്ധിപ്പിക്കാനുണ്ടായ മറ്റൊരു സാഹചര്യംകൂടിയുണ്ട്, ഇതിനുപയോഗിക്കുന്ന പാക്കിംഗ് മെറ്റീരിയലുകളിൽ ബോട്ടിൽ, ബോട്ടിൽ ലേബൽ, കോർക്ക്, ഗം തുടങ്ങിയ സാധനങ്ങളും ആവശ്യമാണ്. കൂടാതെ ഇതിന്റെ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഉൾപ്പെടെ വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇങ്ങനെയുള്ള എല്ലാ വർദ്ധനവുംകൂടി ഈടാക്കുന്നതിനായി ഇവർ സ്പിരിറ്റുണ്ടാക്കുന്നത് ഇങ്ങനെയാണ്..., 4.5 ലിറ്റർ സ്പിരിറ്റിൽ മറ്റ് സാധനങ്ങളെല്ലാംകൂടി ചേർത്ത് നിർമ്മിച്ചാൽ ഒൻപത് ലിറ്റർ വിദേശ നിർമ്മിത മദ്യമാണ് കിട്ടുന്നത്. ഇത്രയും അളവ് മദ്യം പതിനെട്ട് കുപ്പികളിലാക്കി ഒരു കെയ്സ് ഉടമസ്ഥന് കൊടുക്കുമ്പോൾ, ബ്രാന്റഡ്

സാധനത്തിനുൾപ്പെടെ 400 രൂപ മുതൽ 800 രൂപ വരെയാണ് കിട്ടുന്നത്. ഈ രീതിയിൽ ഞങ്ങൾക്ക് ഉൽപ്പാദനം നടത്താൻ കഴിയില്ലെന്നും അതിനാൽ ഞങ്ങളുടെ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടാൻ പോകുകയാണെന്നും അവർ പറഞ്ഞു. എന്നുമാത്രമല്ല ഈ ഒക്ടോബർ-നവംബറിലായി പല സ്ഥാപനങ്ങളും lay off പ്രഖ്യാപിച്ചു, വലിയ തൊഴിൽ നഷ്ടമുണ്ടായി ഇതൊന്നും ഇവർ മനസ്സിലാക്കുന്നില്ല. അങ്ങനെയുള്ളൊരു സാഹചര്യമാണ് ഇവിടെ ഉണ്ടായത്. അവരുടെ നിർദ്ദേശാനുസരണം വലിയ തോതിൽ മദ്യത്തിന് വില വർദ്ധിപ്പിച്ചുകൊടുക്കുകയല്ല ഈ സർക്കാർ ചെയ്തത്. സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ സർക്കാരിനുണ്ടായ നഷ്ടം 70 കോടി രൂപയല്ല, 150 കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. 150 കോടി രൂപ നഷ്ടമുണ്ടാകുമ്പോൾ ചെറിയൊരു ലാഭമുണ്ടാകണം. മദ്യപാനം അധികരിച്ചുനിൽക്കുന്നവർ മദ്യത്തിന്റെ  വില വർദ്ധിപ്പിക്കുമ്പോൾ അതിൽനിന്നും വിട്ടുനിൽക്കുമെന്നാണ് ധാരണ. അതിനുവേണ്ടി നാല് ശതമാനത്തിന്റെ ചെറിയൊരു വർദ്ധനവാണ് വരുത്തുന്നത്. നാല് ശതമാനം വർദ്ധന വരുത്തുമെന്ന് പറയുമ്പോൾ, ഒരു ബോട്ടിൽ മദ്യത്തിനുണ്ടാകുന്നത് പത്തോ ഇരുപതോ രൂപയുടെ വർദ്ധനവ്

മാത്രമാണ്. ഇതൊരു കൊള്ളയടിക്കലൊന്നുമല്ല.

<u>ശ്രീ. ടി. സിദ്ദിഖ്</u>: അങ്ങ് സംസാരിച്ചപ്പോൾ, മദ്യം കുടിക്കുന്നവരുടെ എണ്ണം കൂടിവരുന്നുണ്ടെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ചോദിക്കുകയാണ്. മദ്യവർജ്ജനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയമെന്നുള്ളത്. മദ്യവ്യാപനം വർദ്ധിക്കുകയും മദ്യം കുടിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നത് നിങ്ങളുടെ നയവുമായി പൊരുത്തപ്പെടുന്ന ഒന്നാണോ? 2016-ൽ സംസ്ഥാനത്തെ Narcotic Drugs and Psychotropic Substances Act (NDPA) കേസ്സുകളുടെ എണ്ണം 5678-ഉം 2022 ജൂൺ വരെയുള്ള ആദ്യത്തെ ആറുമാസം കേരളത്തിലെ NDPA കേസ്സുകളുടെ എണ്ണം 11,728-ഉം ആണ്. നാർക്കോട്ടിക് കേസ്സുകളുടെ എണ്ണം ഇത്രയധികം കൂടിയതുകൊണ്ടാണ് മദ്യപന്മാരുടെ എണ്ണം കുറയാനുണ്ടായ പ്രധാനപ്പെട്ട കാരണം. നാർക്കോട്ടിക് കേസ്സുകളുടെ എണ്ണത്തോടൊപ്പം മദ്യപന്മാരുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുകയാണ്. ഇത് രണ്ടും ഗുരുതരമായ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഞങ്ങളുടേത് മദ്യ വർജ്ജനമാണ്. മദ്യ നിരോധനമല്ല. ഗാന്ധിയൻ ശിഷ്യൻമാരായി മദ്യ

നിരോധനത്തിനുവേണ്ടി സമരം ചെയ്ത പലരേയും ഇപ്പോൾ പത്രങ്ങളിലൊക്കെ കാണുന്നുണ്ടല്ലോ. ഞങ്ങൾ മദ്യാസക്തിയെ എതിർക്കുന്നവരാണ്. ശുദ്ധമായ വിദേശ മദ്യം ലഭിക്കുന്നതുകൊണ്ടാണ് ആളുകൾ മറ്റ് ലഹരികൾക്ക് അടിപ്പെട്ടുപോകാത്ത സാഹചര്യമുള്ളത്. ഇപ്പോൾ വരുന്ന അവസ്ഥ വളരെ രൂക്ഷമാണ്. ബോധവൽക്കരണത്തിലൂടെ, ജനങ്ങൾ മദ്യപിക്കരുതെന്നാണ് ഞങ്ങൾ പറയുന്നത്. വിലവർദ്ധനവിന്റെ പേരിൽ, ഇനി ഞാൻ മദ്യപിക്കില്ല, വീട്ടിൽ പട്ടിണിയാകും എന്നുള്ള ധാരണയുടെ പുറത്ത് ആരെങ്കിലുമൊരാൾ മദ്യപിക്കുന്നത് നിർത്തിയാൽ അതിൽ സന്തോഷിക്കുന്നവരാണ് ഞങ്ങൾ. മദ്യപാനം നിർത്തണമെന്ന് പറയുന്നവരാണ് ഞങ്ങൾ. അതിലൊന്നും യാതൊരു സംശയവുമില്ല. വില കൂട്ടിക്കൂട്ടി, മദ്യപിക്കുന്ന ഒരൊറ്റയാളും ഇനിമുതൽ ഒരു തുള്ളിപോലും മദ്യം കഴിക്കില്ല എന്ന അവസ്ഥയിലേയ്ക്ക് കൊണ്ടുവരണം.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, മദ്യ ഉൽപ്പാദനത്തിന്റെ ചെലവ് അങ്ങ് നേരത്തെ സൂചിപ്പിച്ച കാരണങ്ങൾകൊണ്ട് വർദ്ധിച്ചുവരികയാണ്. ഇപ്പോൾ നിലവിൽ കേരളത്തിന് പുറത്ത് ഉൽപ്പാദിപ്പിക്കുന്ന വിദേശ മദ്യങ്ങൾക്ക് ടേണോവർ ടാക്സില്ല. കേരളത്തിലുണ്ടുതാനും. അതൊരു ഡിസ്പാരിറ്റിയാണ്.

അതിന്റെ ഭാഗമായി കേരളത്തിലെ ഡിസ്റ്റിലറികൾ പലതും അടച്ചുപൂട്ടുകയാണ്. അതുമൂലം ധാരാളം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, തീർച്ചയായും. ഞാൻ അക്കാര്യം ആമുഖമായി പറഞ്ഞിട്ടുണ്ട്. 23 ഡിസ്റ്റിലറികളാണുള്ളത്. ഒരു കെയ്സിന് 42 രൂപ വച്ചാണ് Travancore Sugars And Chemicals ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. നഷ്ടത്തിലാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അത് അടച്ചുപൂട്ടാനുള്ള സാഹചര്യമാണുള്ളത്. ഇതിൽ എം.ആർ.പി.-യിൽ 2% വർദ്ധനവ് വരുമ്പോൾ ബോട്ടിലിന് പത്തും ഇരുപതും രൂപ കൂടുന്നു. സ്വാഭാവികമായും Travancore Sugars And Chemicals-നെയും മറ്റ് ഡിസ്റ്റിലറികളെയും നമുക്ക് രക്ഷിക്കാൻ സാധിക്കും.

ശ്രീ. പി. നന്ദകുമാർ: സർ, ഡിസ്റ്റിലറികളിലുള്ള പ്രതിസന്ധിയുമായി ബന്ധപ്പെട്ടുകൊണ്ട് സംയുക്ത ട്രേഡ് യൂണിയനുകൾ ഇവ സംരക്ഷിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു ഡിമാന്റ് ഉന്നയിച്ചിട്ടുണ്ടല്ലോ; അപകടത്തിൽപ്പെട്ട ഡിസ്റ്റിലറികൾ പൂട്ടാതിരിക്കാനാവശ്യമായ സംരക്ഷണം നൽകണമെന്ന് പറഞ്ഞുകൊണ്ട് INTUC അടക്കമുള്ള യൂണിയനുകൾ

അത്തരമൊരു ആവശ്യം ഉന്നയിച്ചിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഡിസ്റ്റിലറികളും ഔട്ട്‌ലെറ്റുകളും അടച്ചുപൂട്ടരുതെന്നും അതിന്റെ ഭാഗമായി തൊഴിൽ നഷ്ടമുണ്ടാകരുതെന്നും ആവശ്യപ്പെട്ടുകൊണ്ട് STU, കോൺഗ്രസ്സിന്റെ ട്രേഡ് യൂണിയനായ INTUC ഉൾപ്പെടെയുള്ള എല്ലാ ട്രേഡ് യൂണിയനുകളും സംയുക്തമായാണ് പ്രചരണം നടത്തുന്നത്. അതിനെ അംഗീകരിക്കുന്നവരാണ് ഞങ്ങൾ.

ഒരു കെയ്സ് മദ്യത്തിന് 42 രൂപ നഷ്ടംവരുന്ന Travancore Sugars And Chemicals അടച്ചുപൂട്ടണമെന്നാണോ ഇവർ ആലോചിക്കുന്നത്; ഡിസ്റ്റിലറികളെ സംരക്ഷിക്കുമെന്നതിലൂടെ തൊഴിലവസരങ്ങൾ ഇന്നത്തെ അവസ്ഥയിൽത്തന്നെ നിലനിർത്തിക്കൊണ്ട് പോകാനുള്ള ഗവൺമെന്റിന്റെ ശ്രമത്തിനെ പിന്തുണയ്ക്കേണ്ടതിനുപകരം അതിനെ എതിർക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? എന്നിട്ടൊരു പുകമറ സൃഷ്ടിക്കാൻ 'ഇതിന്റെ പിറകിൽ എന്താണ്' എന്ന് പറയുന്നു. അതിന്റെ പിറകിൽ ഒന്നുമില്ല. ശ്രീ. പി. സി. വിഷ്ണുനാഥ്, നിങ്ങൾ ധൈര്യമുണ്ടെങ്കിൽ എഴുതിക്കൊടുക്കണം. ഈ മേശപ്പുറത്ത് വയ്ക്കണം. ഞങ്ങൾ

വെല്ലുവിളിക്കുകയാണ്. INTUC ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടതാണ് ഗവൺമെന്റ് അംഗീകരിച്ചുകൊടുക്കുന്നത്. അതുകൊണ്ട് നിങ്ങൾക്ക് പത്രത്തിലൂടെയൊക്കെ പുകമറ സൃഷ്ടിക്കാൻ കഴിയും. യാഥാർത്ഥ്യമെന്താണെന്ന് മനസ്സിലാക്കണം. വിദേശ മദ്യ ഉൽപ്പാദനവും വിൽപ്പനയും നടത്തുന്ന ഈ മേഖലയിലെ TOT (Turnover Tax)-യിലെ അസമത്വം ഒഴിവാക്കുകയെന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. അതുകൊണ്ട് ഗവൺമെന്റ് ചില ആളുകളെ സഹായിക്കുന്നു എന്ന ധാരണ വേണ്ട. ചില ആളുകളെ സഹായിക്കുന്നുണ്ട്. അത് മഹാഭൂരിപക്ഷംവരുന്ന തൊഴിലാളികളെയാണ്. അവർക്കുവേണ്ടിയാണ് TOT ഒഴിവാക്കുന്ന രൂപത്തിലേയ്ക്ക് വരുന്നത്. അതിനെ അംഗീകരിക്കണം. ഡിസ്റ്റിലറി ഉടമകൾ ആവശ്യപ്പെടുന്നതിനനുസരിച്ച് വിദേശ മദ്യത്തിന് വില വർദ്ധിപ്പിച്ചുകൊടുത്തില്ലല്ലോ; അവർ വർദ്ധിപ്പിക്കാനാണ് പറഞ്ഞത്. അതിന് ഇവിടെ തയ്യാറായിട്ടില്ല. ഡിസ്റ്റിലറി വ്യവസായമാകെ അടച്ചുപൂട്ടേണ്ടിവരും. എന്റെ നാട്ടിലുള്ളൊരു ഡിസ്റ്റിലറിതന്നെ എടുത്തുനോക്കാം. ഒക്ടോബർ, നവംബർ മാസത്തിൽ ലേ ഓഫ് ആയിരുന്നു. എത്ര തൊഴിലാളികൾക്കാണ് അതിന്റെ ഭാഗമായി തൊഴിൽ നഷ്ടമുണ്ടായത്. അങ്ങനെ

വരാതിരിക്കണമെങ്കിൽ സ്വാഭാവികമായും ഗവൺമെന്റ് ചെറിയ നഷ്ടം സഹിച്ചിട്ടാണെങ്കിലും ഇത്തരമൊരു തീരുമാനമെടുത്തതിനെ അംഗീകരിക്കുകയാണ് വേണ്ടത്. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. ഇത്തരത്തിലൊരു സാഹചര്യം സൃഷ്ടിച്ച് അമിതവിലകൊടുത്ത് മദ്യപിക്കാതിരിക്കുന്നൊരു സാഹചര്യം കേരളത്തിൽ വരണം. അല്ലെങ്കിൽ ഇപ്പോൾ എന്താണുണ്ടാകുക; സ്വാഭാവികമായും വ്യാജ വാറ്റിലേയ്ക്ക് വരും. ചില ആളുകൾ ധരിക്കുന്നത് ശുദ്ധമായ വിദേശമദ്യം ഒഴിവാക്കി കള്ളവാറ്റും വ്യാജമദ്യവും കേരളത്തിൽ ഒഴുകണം, അതിന്റെ ഭാഗമായി ഒരു ദുരന്തമുണ്ടാകണം, അതിലൊക്കെ മുതലക്കണ്ണീരൊഴുക്കണം, ഈ ഗവൺമെന്റിനെതിരായി ജനങ്ങളെ തിരിച്ചുവിടണമെന്നാണ്. അത് സ്വപ്നം കണ്ടവിടെ ഇരുന്നാൽമതി. അത് നടക്കാൻ പോകുന്നില്ല. അതുകൊണ്ടുതന്നെയാണ് നിലനിൽക്കുന്ന TOT-യിലെ അസമത്വം ഒഴിവാക്കാൻ വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന നമ്മുടെ സംസ്ഥാനത്തെ ഡിസ്റ്റിലറിക്കാർക്ക് 5% TOT ഒഴിവാക്കുന്നതിനും മദ്യവിൽപ്പന നികുതിയിലെ 4% വില വർദ്ധിപ്പിച്ച് ശുദ്ധമായ വിദേശമദ്യം ഒരൽപ്പം വില വർദ്ധിപ്പിച്ചിട്ടാണെങ്കിലും വിൽപ്പന നടത്തുന്നതിനുള്ള ഈ ബില്ലിനെ ഞാൻ

അംഗീകരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വിശദമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയും. ഇവിടെ പരാമർശിച്ച ഒന്നുരണ്ട് കാര്യങ്ങളെ കുറിച്ചുമാത്രം പറയാൻ ആഗ്രഹിക്കുകയാണ്. ചർച്ചയിൽ ഇടപെട്ടുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ കാര്യം ശരിയാണ്. മദ്യ വിൽപ്പന കുറയുന്നു എന്നതിനൊപ്പം NDPS (The Narcotic Drugs and Psychotropic Substances Act) പ്രകാരമുള്ള കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയാണ്. അതുതന്നെയാണ് പ്രശ്നം. യു.ഡി.എഫ്. അധികാരത്തിൽ വരുന്ന സമയത്ത് കേരളത്തിൽ 720 ബാറുകളുണ്ടായിരുന്നു. അന്ന് NDPS കേസുകളുടെ എണ്ണം താരതമ്യേന കുറവായിരുന്നു. പിന്നീട് യു.ഡി.എഫ്.-ന്റെ മദ്യനയത്തിന്റെ ഭാഗമായി ബാറുകളുടെ എണ്ണം കുറഞ്ഞപ്പോൾ ആദ്യ വർഷങ്ങളിൽ NDPS കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നതാണ് നാം കാണുന്നത്. ഇങ്ങനെയൊരു പ്രവണത നമുക്ക് കാണാൻ കഴിയുന്നുണ്ട്. അതുകൊണ്ടാണല്ലോ ഇപ്പോൾ മയക്കുമരുന്നിനെതിരായുള്ള യോജിച്ച പോരാട്ടത്തിൽ നമ്മളെല്ലാം

ഏർപ്പെട്ടിട്ടുള്ളത്.

വില വർദ്ധനവുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യം, യഥാർത്ഥത്തിൽ TOT പിൻവലിക്കുന്നതോടുകൂടി മദ്യത്തിന്റെ കാര്യത്തിൽ വലിയ വില വർദ്ധനവുണ്ടാകുന്നില്ല. ഭൂരിഭാഗം മദ്യത്തിനും വില കൂടുന്നില്ല. പ്രത്യേകിച്ച് വില കുറഞ്ഞയിനം മദ്യത്തിന് വില കൂടുന്നതേയില്ല. പരമാവധി കൂടുന്നത് 20 രൂപയാണ്. ഗണ്യമായ വിലവർദ്ധവുണ്ടാകുന്നുവെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് ശരിയല്ല.

ഡോ. മാത്യു കുഴൽനാടൻ: (........മൈക്ക് ഓഫ്..........)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ചെയറിൽ ഇരിക്കാതെ കമന്റ് ചെയ്യാൻ പാടില്ല. അങ്ങ് ചെയർ മാറിയിരുന്നാണ് പ്രതികരിക്കുന്നത്.

ശ്രീ. എം. ബി. രാജേഷ്: സർ, നാമമാത്രമായ വിലവർദ്ധനവാണ് ഉണ്ടാകുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ മുഖാന്തരം ഞാൻ പ്രതിപക്ഷത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നത്, പരമാവധി 20 രൂപയാണ് വർദ്ധിക്കുക. കുറച്ചധികം ബ്രാന്റ് മദ്യങ്ങൾക്ക് വില വർദ്ധിക്കുന്ന സാഹചര്യമുണ്ടാകില്ലെന്നതാണ് വസ്തുത. 4 ശതമാനമാണ് കെ.ജി.എസ്.റ്റി. (Kerala General Sales Tax) ഏർപ്പെടുത്തുന്നത്. 5 ശതമാനമുണ്ടായിരുന്ന

TOT പിൻവലിച്ച് 4% കെ.ജി.എസ്.റ്റി. ഏർപ്പെടുത്തുമ്പോൾ നാമമാത്രമായ വർദ്ധനവ് മാത്രമാണ് ചില ബ്രാന്റുകൾക്കുണ്ടാകുന്നത്. സർക്കാർ വിശദമായ പരിശോധനകൾക്കും അവധാനതയോടുംകൂടി എടുത്തൊരു തീരുമാനമാണ്. ഒറ്റയടിക്ക് എടുത്തൊരു തീരുമാനമല്ല.

സ്പിരിറ്റിന്റെ വിലയിലുണ്ടായ വർദ്ധനവുകൂടി അങ്ങയിലൂടെ ഈ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 2017-ൽ സ്പിരിറ്റിന്റെ വില 50.84 രൂപയും 2018-ൽ 48.50 രൂപയും 2019-ൽ 67.40 രൂപയും 2020-ൽ 58.19 രൂപയും 2022 ജനുവരിയിൽ 67 രൂപയും 2022 നവംബറിൽ 72 രൂപയും ആയിരുന്നു. ഈ അഞ്ച് വർഷത്തിനിടയിൽ 50 രൂപയിൽനിന്നും 72 രൂപയിലേയ്ക്കാണ് വർദ്ധനവുണ്ടായിട്ടുള്ളത്. ഗണ്യമായ വർദ്ധനവുണ്ടായി. ആ സാഹചര്യം വന്നപ്പോഴാണ് കേരളത്തിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾ ഉൽപ്പാദനം നിർത്തിവയ്ക്കുന്ന സ്ഥിതിയുണ്ടായത്. ആ ദിവസങ്ങളിൽ വലിയ വാർത്തകൾ വന്നത് നമുക്കെല്ലാമറിയാം. വലിയൊരു പ്രതിസന്ധിയിലേയ്ക്കുതന്നെ പോയി. മദ്യം കിട്ടാനില്ലാത്ത സ്ഥിതിവിശേഷം വന്നു. മദ്യം ഉപയോഗിക്കുന്ന ആളുകൾ തുടർച്ചയായി മന്ത്രിയെ നേരിട്ട് വിളിക്കുന്ന സ്ഥിതിവിശേഷം വരെയുണ്ടായി.

ബിവറേജസിന്റെ ഔട്ട്‌ലെറ്റിൽ പോയി നേരിട്ട് എന്നെ വിളിച്ച് പ്രതിഷേധം അറിയിക്കുന്ന സ്ഥിതിയുണ്ടായി. ഞാൻ സത്യസന്ധമായിട്ട് ഈ സഭയിൽ പറയുകയാണ്. രോഷാകുലരായിട്ടൊക്കെയാണ് ചിലർ വിളിച്ചത്. അത്തരമൊരു സാഹചര്യമുണ്ടായി. പത്രങ്ങളിൽ മുഴുവൻ വാർത്ത വന്നു. ഒരു ക്രൈസിസ് രൂപപ്പെട്ടുവരുന്ന സ്ഥിതിവിശേഷമുണ്ടായി. അത് വ്യാജമദ്യം വരുന്നതിനും മറ്റ് അപകടങ്ങളിലേയ്ക്കുമൊക്കെ നയിക്കുമെന്ന സ്ഥിതിവിശേഷം വന്നു. അപ്പോഴും സർക്കാർ ധൃതിപിടിച്ചൊരു തീരുമാനമെടുത്തിട്ടില്ല. വേണ്ടത്ര ഗൃഹപാഠം ചെയ്ത്, ആലോചനകൾ നടത്തി, വളരെ അവധാനതയോടുകൂടി എടുത്തിട്ടുള്ള തീരുമാനമാണ്. അത് ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും ഉചിതമായ തീരുമാനമാണ്.

TOT ഒഴിവാക്കരുതെന്ന വേറൊരു വാദമുണ്ടായിരുന്നു. കേരളത്തിന് പുറത്തുള്ള ഉൽപ്പാദകരാണ് അത്തരമൊരു വാദം ഉന്നയിച്ചത്. കാരണം, അതിന്റെ ഗുണഭോക്താക്കൾ അവരാണ്. അവർക്ക് TOT ഇല്ല. കേരളത്തിലെ ഉൽപ്പാദകർക്ക് മാത്രമേയുള്ളൂ. ആ നിലയ്ക്ക് നോക്കുമ്പോൾ അതൊരു വിവേചനപരമായ നികുതി കൂടിയാണ്. ആ വശംകൂടിയുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിലെ

ഉൽപ്പാദകരെ പ്രോത്സാഹിപ്പിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. കാരണം, പുറത്തുനിന്നുള്ള ആളുകൾക്ക് TOT ഇല്ല. കേരളത്തിലെ ഉൽപ്പാദകർക്ക് TOT വേണം. കേരളത്തിലെ ഉൽപ്പാദകർ ഇത് എക്സ്പോർട്ട് ചെയ്താൽ അവരിൽനിന്നും എക്സ്പോർട്ട് ഡ്യൂട്ടി വാങ്ങുന്നുണ്ട്. അത് എന്തിന്റെ അടിസ്ഥാനത്തിലാണ്? മറ്റ് പല സംസ്ഥാനങ്ങളിലും എക്സ്പോർട്ട് ഡ്യൂട്ടിയില്ല. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് എന്തിനാണ് സംസ്ഥാന ഗവൺമെന്റ് എക്സ്പോർട്ട് ഡ്യൂട്ടി വാങ്ങുന്നത്? മറ്റുപല സംസ്ഥാനങ്ങളിലും അതില്ല.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, കേരളത്തിലെ ഉൽപ്പാദകരെ പ്രോത്സാഹിപ്പിക്കാനാണെന്നല്ല ഞാൻ പറഞ്ഞത്. അവർ ഒരു വിവേചനം നേരിടുന്നുണ്ടെന്നാണ് ചൂണ്ടിക്കാണിച്ചത്. സ്പിരിറ്റിന്റെ വിലവർദ്ധനവുകൂടി വന്നപ്പോഴാണ് ആ വിവേചനം രൂക്ഷമായി വന്നത്. അവർ ഉൽപ്പാദനം നിർത്തി. ഇവിടെ മദ്യത്തിന്റെ ലഭ്യതയില്ലാതായി. ആളുകൾക്ക് പണിയില്ലാതായി. അത്തരമൊരു സാഹചര്യം വന്നപ്പോഴാണ് സർക്കാർ ആലോചിച്ച് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നാണ് ഇവിടെ പറഞ്ഞത്. ഇത്രമാത്രമേ ഇക്കാര്യത്തിൽ പറയുവാനുള്ളൂ. ബാക്കി കാര്യങ്ങൾ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇവിടെ നടന്ന ചർച്ചകളും നേരത്തേ വാർത്തകളിൽവന്ന കാര്യങ്ങളുമെല്ലാം വളരെ വിശദമായി കേൾക്കുകയും വായിക്കുകയും ചെയ്തതാണ്. ഇതുസംബന്ധിച്ച് വളരെ കൃത്യമായി ഇപ്പോൾ പ്രതിപക്ഷത്തുനിന്നും ഇടപെട്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളുൾപ്പെടെ പറഞ്ഞകാര്യവും ട്രഷറി ബെഞ്ചിൽനിന്നും അറിയിച്ചതും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും കൃത്യമായി കാര്യങ്ങളിലേയ്ക്ക് എത്തിക്കുന്നതാണ്. കേരളത്തിലെ ആകെ മദ്യത്തിന്റെ എൺപത് ശതമാനം പ്രത്യേകിച്ച് വിലകുറഞ്ഞ മദ്യത്തിന്റെ എൺപത് ശതമാനം കേരളത്തിനകത്തെ ഡിസ്റ്റിലറികൾ ഉത്പാദിപ്പിക്കുന്നതാണ്. പക്ഷേ ENA (Extra Neutral Alcohol) അതായത് ആൽക്കഹോൾ കേരളത്തിനത്ത് ഉത്പാദിപ്പിക്കുന്നില്ല, അത് പുറത്തുനിന്നും വരുന്നതാണ്. അങ്ങനെ കൊണ്ടുവരുന്ന ആൽക്കഹോൾ ഉപയോഗിച്ചുണ്ടാക്കുന്ന മദ്യത്തിന് വളരെ മുമ്പുതന്നെ TOT കേരളത്തിനകത്ത് മാത്രമുണ്ടാകുന്ന അവസ്ഥയുണ്ടായിരുന്നു. ഇവിടെ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞതുപോലെ, ഈയടുത്തകാലത്തായി സെൻട്രൽ ഗവൺമെന്റിന്റെ ഒരു പോളിസി

അനുസരിച്ച്, ബയോഫ്യൂവൽ നയത്തിന്റെ ഭാഗമായി, ഉത്പാദിപ്പിക്കുന്ന സ്പിരിറ്റിന്റെ, ENA-യുടെ നല്ലൊരു ശതമാനം പെട്രോളിനകത്ത്, ബയോഫ്യൂവലിനകത്ത് ചേർക്കണമെന്നുണ്ട്. കൃഷിക്കാർക്കും ഉത്പാദകർക്കും ലാഭമുള്ള ഒരു കാര്യമാണിത്. കൃഷിക്കാർക്കും ഉത്പാദകർക്കും സ്പിരിറ്റായി വിൽക്കുമ്പോൾ ലഭിക്കുന്ന 58 രൂപയിൽനിന്നും പെട്രോളിനകത്തും പെട്രോളിയം ഉത്പന്നത്തിനകത്തും ചേർക്കുമ്പോൾ വില കൂടുതൽ ലഭിക്കും. അതുകൊണ്ടുതന്നെ ഇതിന്റെ വലിയൊരു ഭാഗം അങ്ങോട്ടുപോകുന്നുണ്ട്. ഇതുകാരണം നമ്മുടെ മാർക്കറ്റിൽ 58 രൂപയിൽനിന്നും വന്ന വർദ്ധനയുടെ കണക്കുകൾ ഇവിടെ പറഞ്ഞു. ഈ വിലവർദ്ധന വന്നുകഴിഞ്ഞപ്പോൾ നമ്മുടെ നാട്ടിലെ കമ്പനികൾക്ക് ഇതുപയോഗിച്ച് മദ്യം നിർമ്മിക്കുന്നത് നഷ്ടമായി, നഷ്ടമായതിനെപ്പറ്റി നേരത്തേ പറഞ്ഞതാണ്. എന്തുകൊണ്ടോ ഹിസ്റ്റോറിക്കലി സംസ്ഥാനത്തിന് പുറത്തുനിന്നുവരുന്ന മദ്യത്തിന് ടേണോവർ ടാക്സ് ഇല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞൊരു പ്രശ്നമുണ്ട്, ഇവിടെനിന്നും എക്സ്പോർട്ട് ചെയ്യുന്ന മദ്യത്തിനും ഈ ടാക്സ് വരുന്നുവെന്നത് പ്രശ്നമാണ്. ഞാൻ ആദ്യമേ പറയാം, അത്തരമൊരു കാര്യം തുടർന്നുവരുന്ന

ദിവസങ്ങളിൽ ബഡ്ജറ്റ് വരുന്ന സമയത്ത് പരിശോധിക്കാം. കേരളത്തിനകത്തെ ഉത്പന്നങ്ങളെ പുറത്തേയ്ക്കയയ്ക്കുമ്പോൾ ടാക്സ് എന്തിനാണെന്ന പ്രശ്നങ്ങളൊക്കെ എക്സൈസ് വകുപ്പിൽനിന്നും നേരത്തെതന്നെ ഉന്നയിച്ചിട്ടുണ്ട്, അത് നമുക്ക് തുടർന്നും പരിശോധിക്കാം. എന്തായാലും പുറത്തുനിന്നും വരുന്നവയ്ക്ക് ടേണോവർ ടാക്സ് ഇല്ല, കേരളത്തിനകത്ത് ടേണോവർ ടാക്സുണ്ട്. ഒരുപക്ഷേ മദ്യ ഉത്പാദനവുംമറ്റും അതല്ലെങ്കിൽ മദ്യനയത്തിന്റെ ഭാഗമായി അധികം പ്രോത്സാഹിപ്പിക്കാതിരിക്കാനായി കൊണ്ടുവന്നതായിരിക്കണം. പക്ഷേ ഇത്രയുംവലിയ വ്യത്യാസം വന്നതോടുകൂടി, മദ്യകമ്പനികൾ ഒരുവർഷത്തോളമായി ഈ പ്രശ്നങ്ങൾ പറയുന്നത് ഇവിടെ ഇരിക്കുന്നവർക്കെല്ലാം അറിയാമായിരിക്കുമെന്ന് ഞാൻ കരുതുന്നു. എന്തായാലും ബഡ്ജറ്റ് കഴിഞ്ഞ സമയത്തുതന്നെ അല്ലെങ്കിൽ ഫിനാൻസ് ബിൽ വരുന്ന സമയത്തുതന്നെ ഇവർ പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നു, ബഡ്ജറ്റ് കഴിഞ്ഞ സമയമാണ് പിന്നീടേ പരിശോധിക്കാൻ പറ്റൂവെന്ന അഭിപ്രായം പറഞ്ഞിരുന്നു. പലതവണ അവരുടെ നിവേദനങ്ങൾ ആ സമയത്തുതന്നെ വന്നിരുന്നു. എക്സൈസ് വകുപ്പിൽനിന്നും ടാക്സ് സംബന്ധിച്ച ചർച്ചകൾ

വന്നപ്പോൾ ഇങ്ങനെയുള്ള പ്രശ്നങ്ങൾ പറഞ്ഞിരുന്നു. പിന്നീട് അവരുടെ പെറ്റീഷൻ വന്നശേഷം പലപരിശോധനനടത്തി. ഇപ്പോൾ പരിശോധന നടത്തുന്ന ഘട്ടത്തിൽത്തന്നെ സംഗതി വളരെ രൂക്ഷമായി. ഇവിടെ പറഞ്ഞ വിലവർദ്ധന വലിയതോതിൽ വന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ രണ്ടുമാസം മുമ്പ് ഇവർ ഉത്പാദനം നിർത്തി. ഉത്പാദനം നിർത്തിയതിന്റെ ഭാഗമായുണ്ടായ ഒരു കണക്ക് ഇവിടെ എടുത്തിട്ടുണ്ട്. 15 ദിവസത്തെ സെയിൽസിന്റെ കുറവ് വന്നപ്പോൾ ഏകദേശം 80 കോടി രൂപയിലധികമാണ് കുറവുണ്ടായത്. പതിനഞ്ച് ദിവസത്തെ സെയിൽസിലുണ്ടായ കുറവിന്റെ ഭാഗമായി നമ്മുടെ ഖജനാവിലേയ്ക്ക് വന്ന ടാക്സിൽ 80 കോടി രൂപയുടെ കുറവുവന്നു. മദ്യത്തിന്റെ പ്രത്യേകത വലിയ ശതമാനം നികുതിയുണ്ടെന്നുള്ളതാണ്. പലതരത്തിലുള്ള നികുതികളുണ്ട്, നമുക്കത് പുതിയ നികുതിയൊന്നുമല്ല. 80 കോടി രൂപ ആ സമയത്ത് സെയിൽസിന്റെ ഭാഗമായുണ്ടാകുന്നത് നമ്മുടെ ഖജനാവിലേയ്ക്ക് വരുന്നതിനകത്ത് കുറവുവന്നു. അങ്ങനെ ഒരു വർഷം കൂട്ടിയാൽ എത്ര വലിയ തുകയാകും വരിക? അത് ഒരുവശം. മറുവശത്ത്, വ്യവസായം ഇവിടെ നിന്നുകഴിഞ്ഞാൽ മദ്യം ലഭിക്കുന്നതിന്റെ പ്രശ്നംവരും. വിലകുറഞ്ഞ മദ്യം

ലഭിക്കുന്നില്ലെന്ന് മാത്രമല്ല, മദ്യത്തിന്റെ വലിയ ഷോർട്ടേജ് വരുമ്പോൾ അതിന്റെ ഭാഗമായി മയക്കുമരുന്ന് കൂടും, മറ്റ് കാര്യങ്ങൾ വരും, വ്യാജവാറ്റ് വരും, ഇതെല്ലാം നമുക്കറിയാം. അങ്ങനെയൊരു പ്രശ്നം വന്നപ്പോഴാണ് ഇത് വീണ്ടും സജീവമായി വന്നത്. അങ്ങനെ ഇത് സെക്രട്ടറി തലത്തിൽ, എക്സൈസ് സെക്രട്ടറി, നമ്മുടെ ജി.എസ്.ടി. കമ്മീഷണർ, ടാക്സ് സെക്രട്ടറി ഉൾപ്പെടെയുള്ള ആളുകളുടെ ഒരു സബ്കമ്മിറ്റിയുണ്ടാക്കി അവർ പരിശോധിച്ചു. പലതവണ ഇതിന്റെ വിവിധ ആസ്പെക്ടുകൾ ക്യാബിനറ്റിലേയ്ക്ക് പോയി, ക്യാബിനറ്റ് വീണ്ടും ചിലകാര്യത്തിൽ ക്ലാരിഫിക്കേഷൻ വരുത്തി. മൂന്നുനാല് പ്രാവശ്യം ക്യാബിനറ്റിൽ ചർച്ചചെയ്ത് പലതവണ ക്ലാരിഫൈ ചെയ്തശേഷമാണ് ഇങ്ങനെയൊരു കാര്യത്തിലേയ്ക്ക് വന്നത്. നാല് ശതമാനമാണ് ഇതിനകത്ത് ടാക്സ് വർദ്ധിപ്പിക്കുന്നത്. എന്നാൽ നാല് ശതമാനം ഇഫക്ടിൽ വരില്ല. രണ്ട് ശതമാനമേ ഫലത്തിൽ വിലയിൽ വ്യത്യാസം വരികയുള്ളൂ. 150 കോടിരൂപ മുതൽ 170 കോടിരൂപ വരെയാണ് ടേണോവർ ടാക്സ് ഈയിനത്തിൽ വരുന്നത്. പക്ഷേ അത് തിരിച്ചുകിട്ടത്തക്കവിധത്തിൽ ഒരു ടാക്സ് റേറ്റാണ് അവർ സ്റ്റഡി ചെയ്തുതന്നിട്ടുള്ളത്. അതുപറയുമ്പോൾ ഒരു കാര്യം ഞാൻ പറയാൻ

ആഗ്രഹിക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷത്തിലധികമായി, അതായത് രണ്ടരവർഷമായി നേരത്തേ ഇതിന്റെ നികുതി വർദ്ധിപ്പിച്ചിട്ട്. രണ്ടുവർഷത്തിലധികമായി അടിസ്ഥാന വിലയും കൂട്ടിയിട്ടില്ല. മദ്യത്തിന് രണ്ടുവർഷമായി വില കൂട്ടിയിട്ടില്ലെന്നതിൽ, ഒരു അവശ്യ സാധനമെന്ന നിലയിൽ വില കൂട്ടിയിട്ടില്ലെന്നല്ല ഞാൻ പറയുന്നത്. എന്നാൽപ്പോലും രണ്ട് വർഷമായി ബാക്കി പല സാധനങ്ങൾക്കും വിലക്കയറ്റമുണ്ടാകുമ്പോൾ, ആ വിലക്കയറ്റം മദ്യത്തിന് വന്നിട്ടില്ലെന്നതാണ്. അതൊരു റെസ്ട്രിക്ടഡായ പ്രൈസിംഗ് ഫോർമുലയാണ്. കാരണം ഗവൺമെന്റ് തീരുമാനിച്ചാലേ മദ്യത്തിന് വിലകൂട്ടുകയുള്ളൂ. അതുകൊണ്ട് ആ മദ്യത്തിന്റെ വില നേരത്തേ കൂട്ടിയതല്ലാതെ പിന്നീട് കൂട്ടിയിട്ടില്ല. ടാക്സും രണ്ടര വർഷത്തിനുമുമ്പ് വന്നിട്ടേയുള്ളൂ, ഇവിടെ ഇങ്ങനെയൊരു കാര്യംകൊണ്ടാണ്. ഇത് നമ്മൾ ചെയ്തില്ലെങ്കിൽ എന്താണുണ്ടാവുക, ഞാൻ ഈ പറഞ്ഞ അപകടം അതിലുണ്ട്. പുറത്തുനിന്നും വരുന്ന മദ്യംമാത്രമേ വരൂ, അതും ആവശ്യത്തിന് കിട്ടില്ല. അതുകൊണ്ട് യാതൊരു സംശയവുമില്ല, ഇങ്ങനെയൊരു കാര്യം നിയമസഭയിൽ കൊണ്ടുവന്നു, ക്യാബിനറ്റിൽ പലപ്രാവശ്യം ചർച്ചചെയ്തു, സെക്രട്ടറിതല കമ്മിറ്റി പരിശോധിച്ചു, നിയമസഭയിൽ വന്നു. എന്നിട്ടും

എന്തോ ചീഞ്ഞുനാറുന്നുവെന്ന് തോന്നുന്നതരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ട കാര്യമുണ്ടായിരുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഇത്രയും കാര്യങ്ങൾ സുതാര്യമായി നമ്മുടെ മുമ്പിലുള്ളതാണ്.

വിലയുടെ കാര്യത്തിൽ നോക്കിക്കഴിഞ്ഞാൽ മഹാഭൂരിപക്ഷം ഉത്പന്നങ്ങൾക്കുംവില 10 രൂപവച്ചാണ് വരുന്നതെന്നാണ് എക്സൈസിന്റെ ബിവറേജസിലെ സ്റ്റഡീസ് പറയുന്നത്. ഏറ്റവും കൂടുതൽ വിലയുള്ള ഒൻപത് ഇനങ്ങൾ തന്നിട്ടുണ്ട്. ഈ ഒൻപത് ഇനങ്ങൾക്ക് 10 രൂപ വച്ചാണ് എട്ടെണ്ണത്തിനും വരുന്നത്. ഒരെണ്ണത്തിനുമാത്രമാണ് 20 രൂപ കൂടുന്നതെന്നാണ് തന്നകണക്ക്.

<u>മി. സ്പീക്കർ</u>: ഇനം വായിക്കുന്നുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇനം ഞാൻ പറയുന്നില്ല, വേണമെങ്കിൽ അതൊക്കെ പുറത്ത് പറയട്ടെ, ഇവിടെ ആർക്കും ആവശ്യമില്ലെങ്കിൽപ്പോലും കണക്ക് പറയുകയാണ്. മക്ഡോവലിന്റെ (McDowell) ഒരു പ്രത്യേക ഇന്ത്യൻ ബ്രാന്റിനുമാത്രമാണ് 20 രൂപ ഒരു യൂണിറ്റിന് കൂടുന്നത്. ബ്രാന്റിന്റെ പേരൊന്നും പറയുന്നില്ല, ആർക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ ലിസ്റ്റ് തരാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കമ്പനിയിൽനിന്ന്, ഡിസ്റ്റിലറിയിൽനിന്നും വാങ്ങിക്കുന്ന ബോട്ടിലിന്റെ വിലയുടെ 251 ശതമാനമാണ് ഇപ്പോഴുള്ളത്. നേരത്തേതന്നെ 247 ശതമാനമുണ്ട്. ഈ വിലയുടെ എത്രയോ ഇരട്ടിയാണ് ടാക്സ് വാങ്ങിക്കുന്നത്. ലോകത്ത് ഇതുപോലെ ടാക്സ് വാങ്ങുന്ന ഏതെങ്കിലും ഐറ്റമുണ്ടോ? ഇവരുടെ കാര്യങ്ങൾ മന്ത്രി പറഞ്ഞു, ഇന്നയിന്ന കാരണങ്ങൾ കൊണ്ടാണ് ഞങ്ങൾ ടേണോവർ ടാക്സ് വിത്ഡ്രോ ചെയ്തതെന്ന് പറഞ്ഞു. ടേണോവർ ടാക്സ് വിത്ഡ്രോ ചെയ്ത് അവരെ സഹായിച്ചപ്പോൾ അതെടുത്ത് ആരുടെ തലയിലാണ് വച്ചിരിക്കുന്നത്? കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾതന്നെയല്ലേ, അരിയും പച്ചക്കറിയും വാങ്ങുന്ന ആളുകൾ തന്നെയാണ് മദ്യവും വാങ്ങിക്കുന്നത്. അവരുടെ തലയിലേയ്ക്കാണ് വച്ചിരിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞകാര്യം, ഞാൻ ഇന്നലെ സൂചിപ്പിച്ചതുപോലെ ഇതൊക്കെ കുടുംബങ്ങളെയാണ് ബാധിക്കുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പറഞ്ഞത്, നാല് ശതമാനമെന്നത് ഇഫക്ടിലേയ്ക്ക് വരില്ലെന്നാണ്. മദ്യത്തിന് ഇത്രയും ടാക്സ് വരുന്ന നമ്മുടെ സംസ്ഥാനം പോലെ കുറേ സ്റ്റേറ്റുകളുണ്ട്. ഇന്ത്യയിൽ

മദ്യത്തിന്റെ കാര്യത്തിൽ നമ്മുടേത് ഏറ്റവുംകൂടുതൽ ടാക്സ് വാങ്ങിക്കുന്ന സംസ്ഥാനമല്ല, പക്ഷേ മദ്യത്തിന് നല്ല ടാക്സുണ്ട്. മദ്യ കമ്പനികൾ ആവശ്യപ്പെട്ടത് 10-18% വിലകൂട്ടണമെന്നാണ്. വിലകൂട്ടുന്നതിന്റെ സ്പയറലിംഗ് ഇഫക്ട് വളരെ കൂടുതൽവരും. അതുകൊണ്ടാണ് ഇങ്ങനെയൊരു കാര്യം തീരുമാനിച്ചത്. ഇതിനകത്ത് ജനറലി പത്ത് രൂപയാണ് വരുന്നത്. ഇവിടെ കേരളാ ഗവൺമെന്റിന്റെ സ്ഥാപനമാണ് ജവാൻ എന്നുപറയുന്ന മദ്യം ഉത്പാദിപ്പിക്കുന്നത്. അവർക്ക് നഷ്ടം വന്നു. അവർ പ്രൊഡക്ഷൻ നിർത്തി. ബിവറേജസ് കോർപ്പറേഷനിൽനിന്നും ക്രോസ് സബ്സിഡി ചെയ്തതുകൊണ്ടാണ് ഉത്പാദനം വന്നത്. ബാക്കി പത്തുപതിനാറ് കമ്പനികൾ നിർത്തി. അതുകാരണമാണ് ഇപ്പോൾ തീരുമാനിക്കേണ്ടിവന്നത്. ഇത് ഞാൻ പറയാൻ കാരണം ഭാവിയിൽ വിലകൂട്ടേണ്ടി വരും, ടാക്സ് കൂട്ടേണ്ടിവരും. പക്ഷേ ഇപ്പോൾ അങ്ങനെയൊരു കൂടുതൽ വന്നിട്ടില്ലെന്നതുകൊണ്ടാണ് ഞാൻ ഇത്രയും വിശദീകരിച്ചത്. ടാക്സ് ഭാവിയിൽ കൂട്ടേണ്ടി വന്നേക്കാം, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ പാലിന്റെ വില ഉത്പാദകർക്കുൾപ്പെടെ കൂട്ടി. നമ്മൾ ഈ രംഗത്തും കൂട്ടാതിരിക്കുന്നില്ല. എന്നാൽ അങ്ങനെ കൂട്ടുന്നില്ല. രണ്ടോമൂന്നോ വർഷം

കൂടുമ്പോഴുള്ള പ്രൈസ് ഫിക്സേഷനല്ലാതെ വേറൊന്നും വന്നിട്ടില്ല. പക്ഷേ ആൽക്കഹോൾ/സ്പിരിറ്റ് പെട്രോളിനകത്ത് ചേർക്കാൻ പോയപ്പോഴുണ്ടായ വലിയ വിലവർദ്ധനവ് നമ്മളെ ബാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഇങ്ങനെയൊരു കാര്യം വന്നത്. അസംബ്ലിയിൽത്തന്നെ വച്ചുകൊണ്ട് ഇക്കാര്യം തീരുമാനിക്കുകയാണ്. തീരുമാനിച്ച് ആ പ്രൈസ് വാങ്ങിയില്ലെങ്കിലാണ് നഷ്ടം വരികയെന്നതിനാലാണ് ഈ സെഷനിൽത്തന്നെ ഇത് പാസ്സാക്കണമെന്ന ആവശ്യം പറഞ്ഞത്, പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2022-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ്

(റദ്ദാക്കൽ) ബിൽ അവതരണത്തിന് ശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(ii) <u>2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ അവതരണത്തിന് ശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിന്റെ 2-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും,-

(എ) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്റ്റിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

(ബി) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ തോട്ടം ഭൂമി നികുതിയിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ സ്വീകരിക്കുന്നതിനും തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം,

ഏതെങ്കിലും ആളിൽനിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(iii) 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ അവതരണത്തിന് ശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, കേരളത്തിലെ തോട്ടം മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി 27-11-2015-ലെ സർക്കാർ ഉത്തരവുപ്രകാരം നിയമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി 1991-ലെ

കേരള കാർഷികാദായ നികുതി ആക്ട് റദ്ദാക്കാനും സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് തീരുമാനിച്ചു. അതിന്റെ ഭാഗമായാണ് ഈ ബിൽ വന്നിരിക്കുന്നത്. ഇത് പാസ്സാക്കുകയെന്നുള്ളത് പൊതുവിലുള്ള ആവശ്യമാണ്. അതുകൊണ്ട് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ മാസം 09-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.)

********